
www.malankaralibrary.com

# പൗലോസ് മാർ പീലക്സിനോസ്

## സഭൈക്യത്തിന്റെ അപ്പസ്തോലൻ



ഫാ. ഡോ. ഐസക് പറപ്പള്ളിൽ
(എഡിറ്റർ)

www.malankaralibrary.com

# പൗലോസ് മാർ ഫീലക്സിനോസ്

സഭൈക്യത്തിന്റെ അപ്പസ്തോലൻ

(രണ്ടാം പതിപ്പ്)

ഫാ. ഡോ. ഐസക് പറപ്പള്ളിൽ

എഡിറ്റർ

www.malankaralibrary.com

**Poulose Mar Philexinos**
**Sabhaikyathinte Apostholan**
(Biography - Malayalam)


| | | |
|---|---|---|
| Edited | : | Fr. Dr. Isaac Parappallil |
| First Published | : | 21 September 2006 |
| Republished | : | 03 November 2021 |
| Copyright | : | Editor |
| Printed | : | St. Joseph`s Orphanage Press<br>Changanacherry |

www.malankaralibrary.com

# ഉള്ളടക്കം

**അവതാരിക (ഒന്നാം പതിപ്പ്)** ........ 07
സിറിൽ ബസേലിയോസ് കാതോലിക്കാബാവാ

**അവതാരിക (രണ്ടാം പതിപ്പ്)** ........ 09
കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ

**ആമുഖം** ........ 11
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്

**ആശംസ (ഒന്നാം പതിപ്പ്)** ........ 16
മോസ്റ്റ് റവ. ഗീവറുഗീസ് മാർ തിമോത്തിയോസ്

**പ്രസാധകക്കുറിപ്പ്** ........ 18
ഫാ. ഡോ. ഐസക് പറപ്പള്ളിൽ

**ഹ്രസ്വ ജീവചരിത്രം** ........ 23
എം.വി. തോമസ്

**എന്റെ ഗുരുവും മാർഗദർശിയും** ........ 25
മോസ്റ്റ് റവ. ജോസഫ് മാർ കൂറിലോസ്

**എന്റെ ഓർമ്മയിൽ** ........ 29
മോസ്റ്റ് റവ. ഡോ. മാർ അപ്രേം മെത്രാപ്പോലീത്താ

**ധന്യമായ ജീവിതം** ........ 31
മോസ്റ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്

www.malankaralibrary.com

**ഓർമ്മകളും ഓർമ്മപ്പെടുത്തലുകളും** ........ 35
മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്

**സഭൈക്യത്തിന്റെ ധീരസാക്ഷി** ........ 39
മോസ്റ്റ് റവ. ഡോ. എബ്രഹാം മാർ ജൂലിയോസ്

**കാട്ടുമങ്ങാട്ട് ബാവാമാരും തൊഴിയൂർ സഭയുടെ ഉത്ഭവവും** ........ 44
കെ.ജെ. പീറ്റർ കീയ്യാലിൽ

**"കൊച്ചുകുഞ്ഞൻ" എന്ന പീലക്സിനോസ് പിതാവ്** ........ 56
ജോബ് അയ്യംകുളങ്ങര

**തുറന്ന പുസ്തകംപോലെ ഒരു ജീവിതം** ........ 69
ഫാ. ഡോ. ഐസക് പറപ്പള്ളിൽ

**സ്നേഹത്തിലധിഷ്ഠിതമായ സത്യാന്വേഷണം** ........ 96
ഫാദർ വർഗീസ് വാലിക്കോടത്ത്

**തിളക്കമാർന്ന സ്മരണകളിലൂടെ** ........ 102
ഫാദർ ജോർജ് വടക്കൻ

**സാഹിത്യാസ്വാദകനായ തിരുമേനി** ........ 106
പീറ്റർ ചെറുവത്തൂർ

**പീലക്സിനോസ് പിതാവും മങ്ങാട് സ്കൂളും** ........ 114
റവ. സിസ്റ്റർ ആനി എസ്.ഐ.സി.

**വിനയാന്വിതനായ തിരുമേനി** ........ 119
ഫാ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി.

**എന്റെ സ്നേഹസ്മരണകൾ** ........ 125
ഫാദർ മാത്യു ചെരിപ്പുറത്ത്

**അന്ത്യോക്യൻ ആരാധനക്രമവും തിരുമേനിയും** ........ 128
ഫാദർ മാത്യു കളരിക്കാലായിൽ

**അന്ത്യനാളുകൾ** ........ 132
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ് മാർ സ്തേഫാനോസ്

**ഫോട്ടോ ഗാലറി** ........ 148

www.malankaralibrary.com

**മൃത്യുസ്ഥാനികൻ** ........ 165
പീറ്റർ സി. എബ്രഹാം

**എന്നെ ഏറെ സ്വാധീനിച്ച വ്യക്തിത്വം** ........ 166
ഡോ. എം. സി. മാത്തുക്കുട്ടി

**പുനരൈക്യപ്പെടുവാൻ എനിക്ക് ലഭിച്ച പ്രചോദനം** ........ 171
ഫാദർ ജോബ് കുഴുപ്പള്ളി

**പീലക്സിനോസ് പിതാവും അഞ്ഞൂർ പള്ളിയും** ........ 176
ഫാദർ റോബിൻസ് പുത്തൻപുരയ്ക്കൽ


**ഒരിക്കലും മായാത്ത സ്മരണകളോടെ** ........ 179
സണ്ണി ലോനപ്പൻ ചിറ്റിലപ്പള്ളി

**പോൾ ആറാമൻ മാർപാപ്പായുടെ ബൂളാ** ........ 181


**മാർ പീലക്സിനോസ് തിരുമേനിയുടെ തിരഞ്ഞെടുക്കപ്പെട്ട ലേഖനങ്ങളും കവിതകളും**

**നമ്മുടെ ആരാധനക്രമം വിദേശീയമോ?** ........ 184
**കൂദാശകളുടെ ദൈവശാസ്ത്രം** ........ 189
**പുനരൈക്യം എന്തുകൊണ്ട്?** ........ 195
**സപ്തതി കൃതജ്ഞതാപ്രകടനം** ........ 211
**സ്മരണാഞ്ജലി** ........ 213
**സ്നേഹപൂർവം കോച്ചേരിൽ കത്തനാർക്ക്** ........ 215
**ആയിരമായിരം സ്നേഹാശംസകൾ** ........ 218

www.malankaralibrary.com



www.malankaralibrary.com



# അവതാരിക

*(ഒന്നാം പതിപ്പ്)*

മലങ്കര കത്തോലിക്കാസഭയിലെ ചായൽ ഭദ്രാസന സ്ഥാനിക മെത്രാനും തിരുവനന്തപുരം അതിഭദ്രാസന എപ്പിസ്കോപ്പൽ വികാരിയുമായിരുന്ന അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെപ്പറ്റി ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ വളരെ സന്തോഷമുണ്ട്. കാലത്തിനും സഭയ്ക്കും പ്രത്യേകിച്ച് പുനരൈക്യപ്രസ്ഥാനത്തിനും ഒരിക്കലും മറക്കാവുന്ന വ്യക്തിയല്ല മാർ പീലക്സിനോസ് തിരുമേനി. മഹനീയമായ ഒരു ജീവിതത്തിന്റെ ഉടമയും ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ട് സഭാസ്നേഹത്തിൽ വളർന്ന് സനാതന സത്യത്തിൽ അടിയുറച്ച ജീവിതം നയിച്ച പുണ്യശ്ലോകനുമാണ് അദ്ദേഹം. അന്വേഷിച്ചറിഞ്ഞ സത്യത്തിനുവേണ്ടി തന്റെ ജീവിതംതന്നെ ബലിയർപ്പിക്കുവാൻ അഭിവന്ദ്യ തിരുമേനി തയ്യാറായി. അതുകൊണ്ടുതന്നെ ആ ജീവിതം ചരിത്രത്തിനും സഭയ്ക്കും ഒരു വലിയ സാക്ഷ്യമായി. സാർവ്വത്രിക സഭാ കൂട്ടായ്മയിൽ ഉൾപ്പെട്ടുകൊണ്ടു മാത്രമേ തന്റെ സഭാജീവിതം പൂർണമാക്കാനാവു എന്ന് തിരുമേനി വിശ്വസിച്ചു. ഭൗതിക നേട്ടങ്ങളല്ല, സാർവത്രികസഭയുടെ കൂട്ടായ്മയാണ് യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന്റെ അടിത്തറയെന്ന് മനസ്സിലാക്കി ആ കൂട്ടായ്മയിലേക്ക് പ്രവേശിക്കുവാൻ അദ്ദേഹം തയ്യാറായി.

അനാരോഗ്യംമൂലം വേദനയുടെയും സഹനത്തിന്റെയും ഒരു ജീവിതമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. എങ്കിലും സാർവത്രിക

www.malankaralibrary.com

സഭാ കൂട്ടായ്മയുടെ പ്രസക്തിയും ആവശ്യകതയും വിളിച്ചറിയിക്കുന്ന വിളക്കായി തിളങ്ങിക്കൊണ്ട് മലങ്കര കത്തോലിക്കാസഭയുടെ ശ്രേയസ് അഭിവന്ദ്യ തിരുമേനി ഉയർത്തി. സുറിയാനിഭാഷയിൽ അഗാധ പാണ്ഡിത്യവും അന്ത്യോക്യൻ ആരാധനക്രമത്തിൽ പ്രാഗല്ഭ്യവും ഉണ്ടായിരുന്ന തിരുമേനി, മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വം കാത്തു സൂക്ഷിക്കുന്നതിൽ ഏറെ തത്പരനായിരുന്നു.

അധികാരങ്ങളും അവകാശങ്ങളും വെടിഞ്ഞുകൊണ്ട് സാർവത്രിക സഭയുമായി കൂട്ടായ്മ നേടുന്നതിന് അഭിവന്ദ്യ തിരുമേനി നടത്തിയ ശ്രമം പില്ക്കാലത്ത് ഏവർക്കും പ്രചോദനവും മാതൃകയുമായി ത്തീർന്നു. എല്ലാവർക്കും നന്മ ആഗ്രഹിച്ചുകൊണ്ട്, എല്ലാറ്റിലും നന്മ കണ്ടുകൊണ്ട് അഭിവന്ദ്യ തിരുമേനി തന്റെ ധന്യ ജീവിതം നയിച്ചു. സഭൈക്യത്തിന്റെ പാതയിൽ ശക്തമായ ചുവടുവയ്പു നടത്തി, ആഗോള സഭാകൂട്ടായ്മയിലേക്ക് പ്രവേശിക്കുകയും തുടർന്നുള്ള കാലഘട്ടമത്രയും മലങ്കരസഭയെ സ്നേഹിച്ചും സേവിച്ചും കടന്നു പോവുകയും ചെയ്ത ആ വന്ദ്യ താതനെ നന്ദിയോടെ സ്മരിക്കുന്നു. അഭിവന്ദ്യ തിരുമേനിയെ ഇന്നുള്ളവർക്കും വരുംതലമുറകൾക്കും പരിചയപ്പെടുത്തുകയും അദ്ദേഹത്തിന്റെ ദർശനങ്ങളെയും സഭാ സ്നേഹത്തെയും വെളിപ്പെടുത്തുകയും ചെയ്യുവാനാഗ്രഹിച്ച്. നടത്തുന്ന ഈ പുസ്തക രചനയിൽ പങ്കുചേർന്ന എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നതോടൊപ്പം, ഈ മഹനീയ കൃത്യത്തിന് മുന്നിട്ടിറങ്ങിയ ഫാദർ ഐസക് പറപ്പള്ളിയെയും മറ്റെല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. തിരുമേനി യുടെ ജീവിതത്തെ സമഗ്രമായി വരച്ചു കാട്ടുന്ന 'പൗലോസ് മാർ പീലക്സിനോസ് – സഭൈക്യത്തിന്റെ അപ്പസ്തോലൻ' എന്ന പുസ്തകം അനേകർക്ക് പ്രചോദനവും പുനരൈക്യ-സഭൈക്യ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് കൂടുതൽ ആവേശവുമാകട്ടെ എന്ന് ആശംസി ക്കുന്നു.

**മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ**
*മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മുൻ മേജർ ആർച്ചുബിഷപ്പ്*

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
20.08.2006

www.malankaralibrary.com



# അവതാരിക

ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ജീവചരിത്രവും ദർശനങ്ങളും സാക്ഷ്യവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 'പൗലോസ് മാർ പീലക്സിനോസ് - സഭൈക്യത്തിന്റെ അപ്പസ്തോലൻ' എന്ന ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുകയാണ്. 2006 ൽ പ്രസിദ്ധീകരിച്ച ഒന്നാം പതിപ്പിലെ ലേഖനങ്ങളോടൊപ്പം കൂടുതൽ ചരിത്രരേഖകളും ലേഖനങ്ങളും ഉൾപ്പെടുത്തിയാണ് ഇപ്പോൾ രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുന്നത്. അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയെ ഏറ്റം അടുത്തു പരിചയമുള്ളവരും, അദ്ദേഹത്തിന്റെ ജീവിതവുമായി ഏറെ ചേർന്നു നിന്നവരുമാണ് ലേഖനകർത്താക്കളെല്ലാം. അതുകൊണ്ട് പീലക്സിനോസ് പിതാവിന്റെ ജീവിതത്തെക്കുറിച്ചുള്ള ചരിത്ര പരവും സമഗ്രവുമായ പഠനം കൂടിയാണ് ഈ പുസ്തകം. സഭയെ ക്കുറിച്ചും അഭിവന്ദ്യ മാർ പീലക്സിനോസ് തിരുമേനിയെക്കുറിച്ചു മുള്ള ചരിത്രപരമായ വസ്തുതകൾ മനസ്സിലാക്കുവാനും അവ കൈമുതലായി സൂക്ഷിക്കുവാനുമുള്ള ഉദ്യമമാണ് ഈ ഗ്രന്ഥ ത്തിന്റെ പ്രസിദ്ധീകരണം.

അഭിവന്ദ്യ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത സഭാജീവിത ത്തിലും വ്യക്തിജീവിതത്തിലും ശ്രദ്ധേയവും ശ്രേഷ്ഠവുമായ നിഷ്ഠകൾ പുലർത്തിയ ജീവിതത്തിനുടമയാണ്. താൻ അംഗമാ യിരുന്ന മലബാർ സ്വതന്ത്ര സുറിയാനിസഭയോടുള്ള പ്രതിബദ്ധ തയും, സുറിയാനിഭാഷയോടുള്ള അനന്യമായ മമതയും, അന്ത്യോ ക്യൻ ആരാധനക്രമത്തോടുള്ള ഹൃദയപൂർവമായ താത്പര്യവും ജീവിതത്തിലുടനീളം കാത്തുസൂക്ഷിക്കുകയും പ്രകടമാക്കുകയും

www.malankaralibrary.com


അതുവഴി സഭാജീവിതത്തിലും സാമൂഹ്യജീവിതത്തിലും അനേകർക്ക് പ്രചോദനമേകുകയും ചെയ്ത ശ്രേഷ്ഠാചാര്യനാണ് അഭിവന്ദ്യ തിരുമേനി.

പ്രാർത്ഥനയിലൂടെയും പഠനത്തിലൂടെയും പരിശുദ്ധ കത്തോലിക്കാസഭയുമായുള്ള പൂർണ്ണ ഐക്യത്തെക്കുറിച്ച് അഭിവന്ദ്യ തിരുമേനി മനസ്സിലാക്കുകയും അപ്രകാരം അനുയോജ്യമായ തീരുമാനം എടുക്കുകയും ചെയ്തു. സഭാപരമായ പൂർണ്ണതയ്ക്ക് വി. പത്രോസിന്റെ പിൻഗാമിയാൽ നയിക്കപ്പെടുന്ന സാർവത്രിക സഭയിൽ, മലങ്കരയുടെ അപ്പസ്തോലികത കാത്തുസൂക്ഷിച്ച് പ്രവേശിക്കുവാൻ ആഗ്രഹിച്ച തിരുമേനി മലങ്കര സുറിയാനി കത്തോലിക്കാസഭയിലൂടെ സാർവത്രികസഭയുമായുള്ള പൂർണ ഐക്യത്തിലേക്ക് പ്രവേശിക്കുകയും താൻ ആഗ്രഹിച്ച സഭാപാരമ്പര്യത്തിൽതന്നെ ജീവിതം പൂർത്തിയാക്കുകയും ചെയ്തു. കത്തോലിക്കാ പുനരൈക്യത്തിനുശേഷം പൗരസ്ത്യസഭയുടെ ജീവിതസമീപനത്തെ അതിന്റെ ആധികാരികതയിൽ പ്രകടിപ്പിക്കുവാൻ വന്ദ്യ തിരുമേനി നടത്തിയ ശ്രമങ്ങളെ മലങ്കര സുറിയാനി കത്തോലിക്കാസഭയും സാർവത്രിക സഭയും ഏറെ ശ്ലാഘിക്കുകയും വിലമതിക്കുകയും ചെയ്തു. സത്യാന്വേഷിയായ അഭിവന്ദ്യ മാർ പീലക്സിനോസ് തിരുമേനി തന്റെ മാതൃസഭയെ മലങ്കര സുറിയാനി കത്തോലിക്കാസഭയിലൂടെ സാർവത്രിക സഭയിൽ അവതരിപ്പിക്കുന്നതിൽ പ്രകടിപ്പിച്ച ധീരതയും, വിശ്വാസസ്ഥിരതയും ദൈവപരിപാലനയിലെ ബോധ്യവും അഭിനന്ദനീയവും ശ്രദ്ധേയവുമാണ്. വന്ദ്യ തിരുമേനിയുടെ അപ്പസ്തോലിക ശുശ്രൂഷാനേതൃത്വം മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് നിരവധി അനുഗ്രഹങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്. വന്ദ്യ തിരുമേനിയുടെ ജീവിതം മാന്യ വായനക്കാർക്ക് പ്രചോദനമാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ ഗ്രന്ഥം സഹൃദയസമക്ഷം അവതരിപ്പിക്കുന്നു. ഗ്രന്ഥസംയോജകൻ വെരി റവ. ഡോ. ഐസക് പറപ്പള്ളിലച്ചന് പ്രത്യേക അഭിനന്ദനങ്ങൾ നേരുന്നു. ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിക്കുന്നു.

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**
*മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ*
*മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്*

*കാതോലിക്കേറ്റ് സെന്റർ, പട്ടം, തിരുവനന്തപുരം*
*25-10-2021*

www.malankaralibrary.com




# ആമുഖം

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ അത്തനാസിയോസ് പിതാവ് കാലം ചെയ്തപ്പോഴാണ്, ഞാൻ പീലക്സിനോസ് പിതാവിനെ ആദ്യമായി കാണുന്നത്. അന്ന് മൈനർ സെമിനാരി വിദ്യാർത്ഥിയായിരുന്ന എന്നെ അഭിവന്ദ്യ പീലക്സിനോസ് പിതാവിന്റെ സ്വരമാധുര്യം വളരെയേറെ ആകർഷിച്ചു. വളരെ താഴ്ന്ന സ്വരമായിരുന്നെങ്കിലും ഇമ്പകരമായിരുന്നു അത്. നന്നായി സുറിയാനി ചൊല്ലുമായിരുന്നു. പുനരൈക്യത്തിനുശേഷം മിക്കപ്പോഴും പുഷ്പഗിരി ആശുപത്രിയിലും തിരുവല്ലാ അരമനയിലും വരുമായിരുന്ന പിതാവിനെ അങ്ങനെ കൂടുതൽ അടുത്തറിയുവാൻ എനിക്ക് സാധിച്ചു. ഹൈറേഞ്ചിന്റെ മലമടക്കുകളിൽ നിത്യസന്ദർശകനായിരുന്ന പിതാവ് ആ മേഖലയിൽ ജോലി ചെയ്യുന്ന വൈദികരായ ഞങ്ങൾക്ക് വലിയ പ്രചോദനമായിരുന്നു.

ഏറെ നാളത്തെ കാത്തിരിപ്പിനുശേഷം 1987-ൽ ഹൈറേഞ്ചു മേഖലയിൽ പഴയരിക്കണ്ടത്ത് പുതുതായി നിർമ്മിക്കപ്പെട്ട സെന്റ് തോമസ് ദൈവാലയത്തിന്റെ കൂദാശ നിർവഹിക്കുവാൻ അഭിവന്ദ്യ തിരുമേനി കടന്നുവന്നു. അന്ന് ആ പള്ളിയുടെ സഹവികാരിയായിരുന്ന എനിക്ക് പിതാവിന്റെ പിതൃസഹജമായ വാത്സല്യം അനുഭവിക്കുവാൻ ഭാഗ്യം ലഭിച്ചു. പിന്നീട് അതേ വർഷംതന്നെ ഏപ്രിൽ

www.malankaralibrary.com





മാസത്തിൽ എന്റെ മാതൃഇടവകയായ മാന്നാർ വെസ്റ്റിൽ അഭിവന്ദ്യ പിതാവ് തിരുനാൾ കുർബാനയ്ക്ക് വന്നു. വി. കത്രീനാ പുണ്യവതിയുടെ നാമത്തിലുള്ളതായിരുന്നു ആ പള്ളി. വി. കുർബാനമദ്ധ്യേ കുക്കിലിയോന്റെ സമയത്ത്, 'നിന്നെ വരിച്ചൊരു താതനും മാർത്താ കത്രീനാ' എന്ന് ഞങ്ങൾ പാടി. വി. കുർബാനയ്ക്കുശേഷം പിതാവ് ഞങ്ങളോടു ചോദിച്ചു. 'ഇത് ആരാണ് മാർത്താ കത്രീനാ എന്ന് പഠിപ്പിച്ചത്?' മാർത്താ എന്നാൽ ബൈബിളിലെ ഒരു പേരാണ്. സുറിയാനി ഭാഷയിൽ 'മാർ' എന്നുള്ളതിന്റെ എതിർരൂപം 'മർത്ത്' എന്നാണ്. ഇത് സുറിയാനി ഭാഷയിലുള്ള പിതാവിന്റെ പാണ്ഡിത്യത്തിന്റെയും അത് മറ്റുള്ളവരെ പഠിപ്പിക്കുന്നതിൽ തിരുമേനിക്കുള്ള ശ്രദ്ധയുടെയും തെളിവായിരുന്നു. പിന്നീട് എപ്പോൾ കണ്ടാലും പിതാവ് എന്നോട് ചോദിക്കുമായിരുന്നു, ഇപ്പോഴും 'മാർത്താ കത്രീന' തന്നെയാണോ എന്ന്.

ഞാൻ ബിഷപ്പ് ആയപ്പോൾ പിതാവിന്റെ സ്നേഹവും വാത്സല്യവും കൂടുതൽ അടുത്തറിയുവാൻ എനിക്ക് സാധിച്ചു. ആരോഗ്യം മോശമായിരുന്നുവെങ്കിലും എന്റെ മെത്രാഭിഷേക ശുശ്രൂഷയിൽ അദ്ദേഹം ആദ്യവസാനം സംബന്ധിച്ച് എന്നെ അനുഗ്രഹിച്ചു. കവിതാ രചനയിൽ ഏറെ തത്പരനായിരുന്ന പിതാവ്, എന്റെ മെത്രാഭിഷേകത്തിന് ഒരു കവിത രചിച്ച് ആശംസയായി നല്കിയത് ഞാൻ നന്ദിയോടെ ഓർക്കുന്നു. (ആ ആശംസാഗീതം ഈ പുസ്തകത്തിന്റെ അവസാനഭാഗത്ത് ചേർത്തിട്ടുണ്ട്). അഞ്ചൂരുള്ള പിതാവിന്റെ അരമനയിൽ അനേക പ്രാവശ്യം ഞാൻ പോയിട്ടുണ്ട്. രോഗഗ്രസ്തനായി പലപ്പോഴും പിതാവ് ആശുപത്രിയിൽ വരുമ്പോൾ അദ്ദേഹത്തെ കാണുന്നതിനും വേദന പങ്കുവയ്ക്കുന്നതിനും എനിക്ക് അവസരം ലഭിച്ചു. 1998 നവംബർ 3-ാം തീയതി പിതാവിന്റെ ആരോഗ്യനില ഗുരുതരമായപ്പോൾ പുഷ്പഗിരിയിൽനിന്നും എന്നെ വിളിച്ചു. ഞാൻ ചെന്ന

www.malankaralibrary.com



പ്പോൾ മെഡിക്കൽ ഐ.സി.യു.വിൽ ഡോക്ടർമാർ പിതാവിന്റെ ജീവൻ നിലനിർത്തുന്നതിനുള്ള തീവ്ര പരിശ്രമത്തിലായിരുന്നു. അവസാന ആശീർവാദം നല്കുന്നതിനായി എന്നെ അനുവദിച്ചു. അങ്ങനെ ഞാൻ പിതാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് അദ്ദേഹം സ്വർഗീയ സൗഭാഗ്യം ഏറ്റുവാങ്ങുവാൻ, തന്റെ സ്വർഗീയ പിതാവിന്റെ അടുക്കലേക്ക് കടന്നുപോയത്. ഉടൻതന്നെ ഞാൻ പീലക്സിനോസ് പിതാവിന്റെ കുടുംബാംഗങ്ങളെ വിവരം അറിയിക്കുകയും ചെയ്തു. അഭിവന്ദ്യ തിമോത്തിയോസ് തിരുമേനി വിദേശത്തായിരുന്നതിനാൽ കബറടക്കത്തിനാവശ്യമായ കാര്യങ്ങൾ ബഹു. മോൺ. പയ്യംപള്ളിലച്ചന്റെ സഹകരണത്തോടെ ഞാൻ നിർവഹിക്കുകയുണ്ടായി. പിതാവ് കാലം ചെയ്ത നിമിഷം മുതൽ അനേകം ആളുകൾ പിതാവിന്റെ പൂജ്യശരീരം ദർശിച്ച് ആദരാഞ്ജലികൾ അർപ്പിക്കുവാൻ എത്തിക്കൊണ്ടിരുന്നു. അതിൽ തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭയുടെ അദ്ധ്യക്ഷനായ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനിയുടെ സാന്നിദ്ധ്യം പ്രത്യേകം എടുത്തു പറയേണ്ടതാണ്. അഭിവന്ദ്യ പീലക്സിനോസ് പിതാവ് കൈവയ്പ്പു നല്കി പട്ടം നല്കിയ ആളായിരുന്നു അഭിവന്ദ്യ കൂറിലോസ് തിരുമേനി. അതിനാൽ ഞാൻ നേരിട്ട് അദ്ദേഹത്തെ വിവരം അറിയിക്കുകയും കബറടക്കശുശ്രൂഷയിൽ പങ്കെടുക്കുവാൻ ക്ഷണിക്കുകയും ചെയ്തു. നവംബർ 5 -ാം തീയതി അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിലും മറ്റു പിതാക്കന്മാരുടെ മഹനീയ സാന്നിദ്ധ്യത്തിലും നടത്തിയ കബറടക്കശുശ്രൂഷയിൽ അനേകം വൈദികരും സന്യസ്തരും രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക നേതാക്കളും, ആയിരക്കണക്കിന് വിശ്വാസികളും നിറകണ്ണുകളോടെ സംബന്ധിച്ചു.

അഭിവന്ദ്യ പീലക്സിനോസ് പിതാവിനെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ മനസ്സിൽ ഓടിയെത്തുന്ന ചില ചിന്തകളിൽ ഒന്നാമത്തേത്, അദ്ദേഹം ഒരു സുറിയാനി പണ്ഡിതനും, അന്ത്യോക്യൻ പാരമ്പര്യത്തെ നിറഞ്ഞ ഹൃദയത്തോടെ സ്നേഹിച്ച ആത്മീയാചാര്യനുമായിരുന്നു എന്നതാണ്. വൈദികരും വൈദിക വിദ്യാർത്ഥികളും നിർബന്ധമായി സുറിയാനി പഠിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. നമ്മുടെ കർത്താവ് സംസാരിച്ച ഭാഷ എന്ന നിലയിൽ സുറിയാനി ഭാഷയുടെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്നതിന് അദ്ദേഹം അത്യധികം ആഗ്രഹിച്ചു. രണ്ടാമതായി, അദ്ദേഹത്തിന്റെ സ്വരമാധുര്യം.

www.malankaralibrary.com



ആരെയും ആകർഷിക്കാൻ തക്ക ഇമ്പകരമായ സ്വരമായിരുന്നു അദ്ദേഹത്തിന്റേത്. എത്ര ശാരീരിക അസ്വാസ്ഥ്യമുള്ള അവസരങ്ങളിൽപോലും സുദീർഘമായ ശുശ്രൂഷകൾ ചെയ്യുന്നതിന് പിതാവ് മടി കാണിച്ചിരുന്നില്ല.

സഹനത്തിന്റെ ഒരു അപ്പസ്തോലനായിരുന്നു മാർ പീലക്സിനോസ് പിതാവ്. ഏതാണ്ട് 5 വയസ്സു പ്രായമുള്ളപ്പോൾ മുതൽ ആസ്തമാരോഗം പിതാവിനെ ബാധിച്ചിരുന്നു. അന്നുമുതൽ ഏറെ സഹനങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു, പ്രത്യേകിച്ച് ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ. പിതാവിന്റെ പ്രത്യേക ആഗ്രഹപ്രകാരം ബഥനി സിസ്റ്റേഴ്സ് വാങ്ങിയ പോർട്ടബിൾ ഓക്സിജൻ സിലണ്ടർ ജർമ്മനിയിൽനിന്ന് പിതാവിനു കൊണ്ടുവന്നു കൊടുക്കുവാൻ എനിക്ക് സാധിച്ചു. രോഗശയ്യയിൽ പലപ്പോഴും അദ്ദേഹം ദീർഘ നേരം സഭയെക്കുറിച്ചും സഭാമക്കളെക്കുറിച്ചും സംസാരിച്ചിരുന്നു. സഹനങ്ങളിൽപോലും വളരെ പ്രത്യാശയോടുകൂടിയാണ് അദ്ദേഹം കാണപ്പെട്ടത്. പിതാവിനെക്കുറിച്ചോർക്കുമ്പോൾ എന്റെ മനസ്സിലേക്ക് ഓടിയെത്തുന്നത് പൗലോസ് അപ്പസ്തോലന്റെ ഫിലിപ്പിയർക്കെഴുതിയ വചനമാണ് 'ക്രിസ്തുവിൽ വിശ്വസിക്കുവാൻ മാത്രമല്ല, അവനുവേണ്ടി സഹിക്കുവാൻ കൂടിയുള്ള അനുഗ്രഹം അവനെപ്രതി നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു' (1:29). കർത്താവിനുവേണ്ടി ശരീരത്തിൽ പീഡകൾ സഹിച്ച ഈ മഹിതാചാര്യന്റെ ഓർമ്മ നമുക്കെല്ലാവർക്കും ശക്തി പകരട്ടെയെന്നു പ്രാർത്ഥിക്കുന്നു.

പീലക്സിനോസ് പിതാവിന്റെ വിൽപ്പത്രപ്രകാരം അദ്ദേഹത്തിന്റെ സർവസമ്പത്തും തിരുവല്ലാ അതിരൂപതയുടെ അദ്ധ്യക്ഷന്റെ പേരിൽ എഴുതിവെച്ചിരുന്നു. അതിൽ പിതാവ് ഉപയോഗിച്ചിരുന്ന മാരുതി എസ്റ്റീം കാർ, ഏകദേശം രണ്ടു വർഷത്തോളം ഞാൻതന്നെയാണ് ഉപയോഗിച്ചതെന്ന് നന്ദിയോടെ ഈ അവസരത്തിൽ ഓർക്കുന്നു.

2003-ലെ മൂവാറ്റുപുഴ രൂപതാസ്ഥാപനത്തിനുശേഷം പിതാവിന്റെ അഞ്ചൂരുള്ള അരമനയും കെട്ടിടങ്ങളും രൂപതയുടെ ആദ്യത്തെ മൈനർ സെമിനാരിയായി ക്രമീകരിക്കുവാൻ കഴിഞ്ഞത് അനുഗ്രഹമായി ഞാൻ കരുതുന്നു. ആരാധനയുടെയും പ്രാർത്ഥനാ മൊഴികളുടെയും പരിശുദ്ധി നിറഞ്ഞ പുണ്യഭൂമിയായിരുന്നു ആ പ്രദേശം. സെമിനാരി പിന്നീട് അവിടെനിന്നും മാറ്റിയപ്പോൾ ആതുരസേവനത്തിനായി ആ സ്ഥലം ഒരു സന്യാസ സമൂഹത്തെ (Disciples of the

www.malankaralibrary.com




Divine Saviour) ഭരമേല്പിച്ചു. രോഗികളും വൃദ്ധരുമായ നിരവധി അന്തേവാസികൾക്ക് അഭയം നല്കികൊണ്ട് അത് ഇന്നും പിതാവിന്റെ സ്മരണ സജീവമായി നിലനിർത്തുന്നു. അതുപോലെതന്നെ, അഭിവന്ദ്യ തിരുമേനിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന വെസ്റ്റ് മങ്ങാടുള്ള വിദ്യാലയം 1500 ഓളം വരുന്ന പാവപ്പെട്ട വിദ്യാർത്ഥി കൾക്ക് അക്ഷരജ്ഞാനവും വെളിച്ചവും നല്കുന്ന വിദ്യാലയമായി വളർന്നിരിക്കുന്നു. ഉന്നത വിജയശതമാനവും മികച്ച പരിശീലനവും ചിട്ടയായ ജീവിതക്രമവും കാത്തുസുക്ഷിക്കുന്നതിന് ഇവിടുത്തെ അദ്ധ്യാപകരും വിദ്യാർത്ഥികളും വളരെയധികം ശ്രദ്ധിക്കുന്നു.

അഭിവന്ദ്യ പിതാവ് വിവിധ മേഖലകളിൽ നല്കിയ മഹത്തായ സംഭാവനകൾ ഒരിക്കലും വിസ്മരിക്കാവുന്നതല്ല. ആദ്ധ്യാത്മിക-ആതുര-വിദ്യാഭ്യാസ മേഖലകളിൽ പിതാവിന്റെ കാല്പാടുകൾ പിന്തുടരുന്നതിന് ഭാഗ്യം സിദ്ധിച്ച രൂപതയാണ് മൂവാറ്റുപുഴ. പിതാ വിന്റെ ത്യാഗപൂർണമായ ജീവിതവും സ്നേഹപൂർണമായ പെരു മാറ്റവും സഭാസ്നേഹവും ആരാധനാജീവിതത്തോടുള്ള പ്രതിപ ത്തിയും ഞങ്ങൾക്കെന്നും പ്രചോദനമാണ്. സഭാമക്കൾ വിശ്വാസ ത്തോടെ ഏറ്റുപാടുന്നു:

*"ഏലിയാപോൽ ഉജ്ജ്വലനെ*
*യൂഹാനോൻപോൽ വ്രതവരനെ*
*നിന്നെ വരിച്ചൊരു സഭ ധന്യ*
*നിന്നെ വരിച്ചൊരു സഭ ധന്യ"*

**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**
*തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ*

www.malankaralibrary.com



# ആശംസ

*(ഒന്നാം പതിപ്പ്)*

സത്യത്തിന്റെ പാത തിരഞ്ഞെടുത്ത ഒരു സത്യാന്വേഷകൻ കാലയവനികയ്ക്കുള്ളിൽ മറഞ്ഞെങ്കിലും പൗലോസ് മാർ പീലക്സിനോസ് എന്ന നാമം ഇന്നും സഭാചരിത്രത്തിന്റെ താളുകളിൽ പച്ചപിടിച്ചു നില്ക്കുന്നു. തൊഴിയൂർസഭയുടെ പരമാദ്ധ്യക്ഷനായിരിക്കുമ്പോഴും അദ്ദേഹത്തിന്റെ അസ്വസ്ഥമായ മനസ്സ് സത്യത്തിന്റെ വഴി തിരയുകയായിരുന്നു. തനിക്ക് ബോദ്ധ്യപ്പെട്ട വഴി മനസ്സിലാക്കിയ തിരുമേനി അതിന്റെ ഭവിഷ്യത്തുകളെപ്പറ്റി ചിന്തിക്കാനോ, തന്റെ ആദർശവും ബോദ്ധ്യവും നിസ്സാരമായവയ്ക്കുവേണ്ടി ബലി കഴിക്കാനോ തയ്യാറായില്ല. സാർവത്രികസഭാ കൂട്ടായ്മയിലൂടെ മാത്രമേ പൂർണ സമാധാനവും ശാന്തിയും കരഗതമാകുകയുള്ളുവെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം നീണ്ട വർഷങ്ങളിലെ പഠനങ്ങളുടെയും പ്രാർത്ഥനയുടെയും പശ്ചാത്തലത്തിൽ ശരിയായ തീരുമാനത്തിലേക്കു വരികയായിരുന്നു. അബ്രഹാമിനെപ്പോലെ ഉറച്ച വിശ്വാസവും പൗലോസിനെപ്പോലെ തീക്ഷ്ണതയും തന്റെ തീരുമാനം പ്രവൃത്തിപഥത്തിൽ വരുത്തുവാൻ അദ്ദേഹത്തെ ഏറെ സഹായിച്ചു. പുനരൈക്യത്തിനുശേഷമുള്ള നീണ്ട ഇരുപത്തൊന്ന് വർഷക്കാലം മലങ്കരസഭയുടെ അവിഭാജ്യഘടകമായിനിന്ന് സഭയെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു.

www.malankaralibrary.com

മറ്റുള്ളവരെ സ്നേഹിച്ചും കരുതിയും ശുശ്രൂഷിച്ചും ജീവിച്ച പിതാവ് തന്റെ നിഷ്കളങ്കമായ പുഞ്ചിരിയിലൂടെ അനേക ഹൃദയങ്ങളെ കീഴടക്കി. സൗമ്യമായ പെരുമാറ്റം, ലളിത ജീവിതം, മിത ഭാഷണം ഇവ അദ്ദേഹത്തിന്റെ സുകൃതങ്ങളായിരുന്നു. തന്റെ വേദനകളിലും സഹനങ്ങളിലുംപോലും സഭാശുശ്രൂഷയിൽ തിരുമേനി സജീവ ഭാഗഭാക്കായി. ആരാധനക്രമത്തിലും സുറിയാനിഭാഷയിലും വലിയ അവഗാഹമുണ്ടായിരുന്ന പിതാവ് അവ അഭംഗുരം കാത്തുസൂക്ഷിക്കുന്നതിൽ വലിയ നിഷ്ക്കർഷ പുലർത്തി. പുണ്യശ്ലോകനായ തിരുമേനിയുടെ ഓർമ്മ നിലനിർത്തുവാൻ 'പൗലോസ് മാർ പീലക്സിനോസ് - സഭൈക്യത്തിന്റെ അപ്പസ്തോലൻ' എന്ന ഈ ഗ്രന്ഥം ഉപകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച ഏവരെയും അഭിനന്ദിക്കുന്നതോടൊപ്പം ഗ്രന്ഥത്തിനും അനുവാചകർക്കും എല്ലാവിധ ആശംസകളും ഹൃദയപൂർവം നേരുന്നു.

**മോസ്റ്റ് റവ. ഗീവറുഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ**
തിരുവല്ല അതിഭദ്രാസനത്തിന്റെ മുൻ അദ്ധ്യക്ഷൻ

തിരുവല്ലാ
**28.08.2006**

www.malankaralibrary.com



# പ്രസാധകക്കുറിപ്പ്

പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ – പുനരൈക്യ പ്രസ്ഥാനത്തിന് ഓജസ്സും തേജസും പകർന്ന ആ മഹാനുഭാവൻ കാല യവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് 2021 –ൽ 23 വർഷങ്ങൾ പിന്നിടുന്നു. ഒരു തേജോഗോളംപോലെ വിളങ്ങി സഭയിലും സമൂഹത്തിലും പ്രകാശം പരത്തിയ ആ പുണ്യശ്ലോകൻ ഇന്ന് വിശ്വാസികൾക്ക് കേവലം ഒരു സ്മരണ മാത്രമല്ല ആവേശവും പ്രചോദനവുമാണ്. മലങ്കരസഭയുടെയും പുനരൈക്യ പ്രസ്ഥാനത്തിന്റെയും ചരിത്ര താളുകളിൽ അദ്ദേഹത്തിന്റെ നാമവും എഴുതിച്ചേർക്കപ്പെട്ടിരിക്കുന്നു. മാർ പീലക്സിനോസ് തിരുമേനി വിസ്മരിക്കപ്പെട്ടു പോവുക എന്നത് മഹാ അപരാധമാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കും പുനരൈക്യപ്രസ്ഥാനത്തിനും സമൂഹത്തിനും അത്രമാത്രം ചൈതന്യം പകർന്ന ആ വലിയ ജീവിതത്തിന് അർഹിക്കുന്ന ആദരവും സ്മരണയും കൊടുത്തേ മതിയാകൂ. മാർ പീലക്സിനോസ് തിരുമേനി എന്ന ആദ്ധ്യാത്മികപ്രഭ പുതിയ തലമുറയ്ക്ക് അജ്ഞാതമാകരുത് എന്ന സദുദ്ദേശ്യത്തോടെയാണ് ഈ ഗ്രന്ഥരചന നിർവഹിക്കുന്നത്.

മഹത്വമാർന്ന ജീവിതത്തിന് ഉടമയായിരുന്ന അഭിവന്ദ്യ പീലക്സിനോസ് തിരുമേനി പുനരൈക്യമെന്ന സ്വപ്നം വർഷങ്ങളോളം നെഞ്ചിലേറ്റി താലോലിച്ച് അതിനുവേണ്ടി മാനസികമായും ബൗദ്ധികമായും തയ്യാറെടുത്ത പുണ്യപ്രഭാവനാണ്. അധികാരത്തിനും സ്ഥാനത്തിനും വേണ്ടിയായിരുന്നെങ്കിൽ താൻ നടുനായകത്വം വഹിച്ച

www.malankaralibrary.com

തൊഴിയൂർസഭയുടെ പരമാദ്ധ്യക്ഷനായി തുടരാമായിരുന്നു. കത്തോലിക്കാസഭയിൽ ചേർന്നത് അധികാരത്തിനും സ്ഥാനത്തിനുമല്ലായെന്ന് ജീവിതത്തിലൂടെ തെളിയിച്ച മഹാനാണ് അദ്ദേഹം. അധികാരത്തെക്കാളേറെ സത്യത്തെ സ്നേഹിക്കുകയും ആ സത്യം വിളിച്ചു പറയുകയും, ആ സത്യത്തിലേക്ക് അനേകരെ ക്ഷണിക്കുകയുമാണ് അഭിവന്ദ്യ തിരുമേനി ചെയ്തത്. ഒരു സഭയിൽനിന്ന് മറ്റൊരു സഭയിലേക്കുള്ള ഒളിച്ചോട്ടമായിരുന്നില്ല തിരുമേനിയുടെ പുനരൈക്യം. സത്യസഭയെ അറിഞ്ഞപ്പോൾ അതിനോട് ഇഴുകിച്ചേർന്ന് അനുഭവിച്ചറിയുവാനുള്ള തീക്ഷ്ണത മാത്രമാണ് അദ്ദേഹത്തെ നയിച്ചത്.

പുനരൈക്യപ്പെടുന്നതിനുമുമ്പ് തന്റെ അധികാരസീമയിൽപ്പെട്ട ഏവരെയും തന്റെ തീരുമാനം അറിയിച്ചും, അത് അവരെ ബോദ്ധ്യപ്പെടുത്തിയും അതിലേക്ക് ഏവരെയും ക്ഷണിച്ചുകൊണ്ടുമുള്ള ഇടയലേഖനത്തിലൂടെ തന്റെ തീരുമാനം വ്യക്തമാക്കിയെങ്കിലും അവരുടെ താത്പര്യമില്ലായ്മ അദ്ദേഹത്തെ പിന്തിരിപ്പിച്ചില്ല. ലോത്തിന്റെ ഭാര്യയെപ്പോലെ പുറകോട്ട് നോക്കാനായിരുന്നില്ല അദ്ദേഹത്തിനു താത്പര്യം. മറിച്ച് പാലും തേനും ഒഴുകുന്ന സുന്ദരമായ കനാൻദേശത്തേക്ക് മുന്നോട്ട് നോക്കി പോകുവാനുള്ള പടപ്പുറപ്പാടായിരുന്നു അത്. സത്യമെന്തെന്ന് ബോദ്ധ്യപ്പെട്ട തിരുമേനി ആ സത്യമെന്തെന്ന് ബോദ്ധ്യപ്പെടുവാൻ അനേകരെ ക്ഷണിച്ചുവെങ്കിലും ആരെയും നിർബന്ധിച്ചില്ല. നിർബന്ധത്തിനു വഴങ്ങി മനസ്സില്ലാമനസ്സോടെ പുനരൈക്യപ്പെടുന്നതിനേക്കാൾ എത്രയോ അഭികാമ്യമാണ് പൂർണ മനസ്സോടും ബോദ്ധ്യത്തോടുംകൂടെ അതിലേക്ക് പ്രവേശിക്കുകയെന്നത് അനേകർക്ക് അദ്ദേഹം കാണിച്ചുകൊടുത്തു. സത്യമെന്തെന്ന് ബോദ്ധ്യപ്പെട്ടാൽ അത് ഏറ്റെടുക്കുന്നതിന്റെ പിന്നിലുള്ള വെല്ലുവിളികളും വൈതരണികളും ഒരു പ്രശ്നമല്ലായെന്ന് അദ്ദേഹം കരുതി. ബോദ്ധ്യത്തിലധിഷ്ഠിതമായ ഒരു തീരുമാനം എടുത്താൽ അതിൽ ഉറച്ചു നില്ക്കുക, പ്രവൃത്തിപഥത്തിൽ വരുത്തുക – അത് മഹാന്മാർക്ക് മാത്രമേ സാധിക്കൂ. നഷ്ടപ്പെടുന്നതിന്റെ വേദനയെക്കാൾ നേടുന്നതിന്റെ സുഖം ബോദ്ധ്യപ്പെട്ട ആളാണ് തിരുമേനി. സ്വീകരിച്ചതെല്ലാം ഉപേക്ഷിക്കുക, വെറുംകയ്യോടെ ഇറങ്ങിത്തിരിക്കുക. താൻ ഉപയോഗിച്ചുവന്ന മോതിരവും മാലയും കുരിശും ഉൾപ്പെടെ എല്ലാം തിരികെ നല്കുവാൻ അദ്ദേഹം മടി കാണിച്ചില്ല. 'ആരെങ്കിലും തന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് പിന്നാലെ വരട്ടെ'യെന്നു പറഞ്ഞ യേശുനാഥനെ

www.malankaralibrary.com

പിൻചെന്ന തിരുമേനി, ആരെല്ലാം ഉപേക്ഷിച്ചാലും, എന്തെല്ലാം ഉപേക്ഷിക്കേണ്ടി വന്നാലും, ദൈവം തന്നെ ഉപേക്ഷിക്കില്ലായെന്ന് ഉറച്ചു വിശ്വസിച്ചു. താത്കാലികമായി എന്തെല്ലാം നഷ്ടപ്പെട്ടാലും നേടാനാവുന്നത് നിത്യമായ സന്തോഷവും ശാശ്വതമായ സമാധാനവും ആണെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടു. അല്ല, അതുതന്നെയല്ലേ മാർ ഈവാനിയോസും ചിന്തിച്ചത്. ആരെങ്കിലും തന്റെ കൂടെയുണ്ടോ എന്നു ചിന്തിച്ചതിനേക്കാൾ ദൈവം തന്റെ കൂടെയുണ്ടോ എന്നു മാത്രമാണ് അദ്ദേഹം ചിന്തിച്ചത്. എല്ലാം നഷ്ടപ്പെട്ടുവെന്നു തോന്നി പിന്നീടൊരിക്കലും വിലപിക്കേണ്ടി വന്നിട്ടില്ലാത്ത മഹത് വ്യക്തിയായിരുന്നു മാർ പീലക്സിനോസ്.

വ്യവഹാരങ്ങൾകൊണ്ടും അധികാര വടംവലികൊണ്ടും ഇന്നും കോളിളക്കം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സഭാവിഭാഗങ്ങളുടെ മുമ്പിൽ സമാധാനസ്നേഹിയും സത്യാന്വേഷിയും സൗമ്യനുമായി നിലകൊള്ളുന്നു മാർ പീലക്സിനോസ് തിരുമേനി. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്ന കുറേ ലേഖനങ്ങളിലൂടെ യാഥാർത്ഥ്യത്തെ വസ്തുനിഷ്ഠമായി ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നു. ആ വ്യക്തിത്വത്തെ സമഗ്രമായി വരച്ചു കാട്ടുക, അതാണ് ഈ ഉദ്യമത്തിന്റെ ഉദ്ദേശ്യം. സത്യവും മിഥ്യയും തിരിച്ചറിയേണ്ടവന് ഉത്തമ വഴികാട്ടി, അധികാരമോ ശുശ്രൂഷയോ ക്രിസ്തീയതയുടെ അന്ത:സത്ത എന്നു ചോദിക്കുന്നവന് വ്യക്തമായ ഉത്തരം, അന്ധകാരത്തിലോ പ്രകാശത്തിലോ ജീവിക്കേണ്ടത് എന്ന് ചിന്തിക്കുന്നവന് മാർഗദർശി, പുനരൈക്യത്തിലൂടെ കത്തോലിക്കാസഭയിലേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്നവന് നിത്യപ്രചോദകൻ, സമാധാനം കാംക്ഷിക്കുന്നവർക്ക് നേർവെളിച്ചം. ഇതത്രേ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ.

സത്യാന്വേഷകനായ പീലക്സിനോസ് തിരുമേനി സത്യം കണ്ടെത്തി സത്യത്തിലേക്ക് തീർത്ഥയാത്ര നടത്താൻ പരിശ്രമിച്ചതിന്റെ ഫലമാണ് അദ്ദേഹത്തിന്റെ പുനരൈക്യം. ഇന്നും അദ്ദേഹത്തിന്റെ ജീവിതം ഒരു വിസ്മയമായി നമ്മുടെ മുൻപിൽ നിലകൊള്ളുന്നു. പലരും ജന്മനാ കത്തോലിക്കരാകുന്നു. എന്നാൽ പുനരൈക്യപ്പെട്ടവർ കത്തോലിക്കരാകുവാൻ പലതും സഹിച്ചവരും, പ്രതികൂല സാഹചര്യങ്ങളെ നിശ്ചയദാർഢ്യത്തോടെ നേരിട്ടവരും കത്തോലിക്കാസഭയുടെ മഹത്വം പൂർണ്ണമായി ഉൾക്കൊണ്ടവരുമാണ്. അതിന് ഉദാഹരണമാണ് പീലക്സിനോസ് മെത്രാപ്പോലീത്താ.

www.malankaralibrary.com

ഇന്നോ നാളെയോ മറ്റന്നാളോ മാർ പീലക്സീനോസിനെപ്പറ്റി ആരെങ്കിലും അറിയണമെന്ന് ആഗ്രഹിച്ചാൽ ഈ പുസ്തകം അതിന് വഴിയൊരുക്കും. പിതാവുമായി അഭേദ്യ ബന്ധം പുലർത്തിയിരുന്നവരാണ് ലേഖകരിൽ ഭൂരിഭാഗവും. അവർക്കേവർക്കും മാർ പീലക്സിനോസ് തിരുമേനി ഒരു വികാരവും കൂടിയാണ്. അവരിൽ പലർക്കും തിരുമേനിയെക്കുറിച്ച് പറയാനുള്ളത് സമാനമായ അനുഭവങ്ങളാകാം. അതിനാൽ ആവർത്തനങ്ങളുണ്ടാകാം. എങ്കിലും അവ പരമാവധി ഒഴിവാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഒന്നേ ഞങ്ങൾക്ക് ലക്ഷ്യമുള്ളു, പൗലോസ് മാർ പീലക്സിനോസ് എന്ന മഹാനുഭാവനെ വരുംതലമുറയ്ക്ക് പരിചയപ്പെടുത്തുക. ഈ തലമുറയ്ക്കും വരുംതലമുറയ്ക്കും അദ്ദേഹത്തിന്റെ ജീവിതം ഒരു പാഠപുസ്തകമാണ്. അതിലെ ഓരോ അധ്യായവും ഓരോ പേജും നമുക്ക് വിലപ്പെട്ട പാഠങ്ങളാണ്.

മനോഹരവും ഈടുറ്റതുമായ ഒരു അവതാരിക ഒന്നാം പതിപ്പിന് എഴുതി, ഈ ഗ്രന്ഥത്തെ ധന്യമാക്കിയ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പും കാതോലിക്കോസും ആയിരുന്ന സിറിൽ ബസേലിയോസ് പിതാവിന് സ്നേഹാദരവുകളോടെ നന്ദി. ഈ പുസ്തകത്തിന്റെ ഒന്നാം പതിപ്പിന് എനിക്ക് പ്രേരണയും പ്രോത്സാഹനവും നല്കുകയും, രണ്ടാം പതിപ്പിന് അർത്ഥസമ്പുഷ്ടമായ ഒരു അവതാരിക നല്കി അനുഗ്രഹിക്കുകയും ചെയ്ത മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായെ നന്ദിയോടെ സ്മരിക്കുന്നു. ഈ ഗ്രന്ഥത്തിന് ആമുഖം നല്കി അനുഗ്രഹിച്ച തിരുവല്ലാ അതിഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായോടും, മറ്റ് മെത്രാപ്പോലീത്താമാരോടും, വൈദികരോടും, സന്യസ്തരോടും, സഹോദരങ്ങളോടുമുള്ള കടപ്പാട് സ്നേഹപൂർവ്വം അറിയിക്കുന്നു. ഒന്നാം പതിപ്പിലെ ലേഖനങ്ങളെല്ലാം സസൂക്ഷ്മം വായിച്ച് തെറ്റു തിരുത്തി സഹായിച്ച എം.വി. തോമസിനോടുള്ള കൃതജ്ഞത നിസ്സീമമാണ്. ഈ ഗ്രന്ഥരചനയ്ക്ക് സഹായസഹകരണം ചെയ്ത നിരവധി ആളുകൾ ഉണ്ട്. പ്രത്യേകിച്ചും രണ്ടാം പതിപ്പിന്റെ പ്രസിദ്ധീകരണത്തിന് മുൻകൈ എടുത്ത അഭിവന്ദ്യ പീലക്സിനോസ് പിതാവിന്റെ കുടുംബാംഗങ്ങൾ, ശ്രീ. പേൾവി എ. ജോർജ്ജ് അയ്യങ്കുളങ്ങര, ജിയോ ജോർജ്ജ് വടക്കൻ, പ്രമോദ് അയ്യങ്കുളങ്ങര, തൊഴിയൂർസഭയുടെ

www.malankaralibrary.com

മുൻ മെത്രാപ്പോലീത്തയായിരുന്ന ജോസഫ് മാർ കൂറിലോസ്, ഇപ്പോഴത്തെ മെത്രാപ്പോലീത്ത സിറിൽ മാർ ബസേലിയോസ്, ശ്രീ കെ. ജെ. പീറ്റർ കീയ്യാലിൽ, ഫാ. റോബിൻസ് പുത്തൻപുരയ്ക്കൽ, പ്രിന്റിംഗ് ജോലി നിർവ്വഹിച്ച സെന്റ് ജോസഫ് ഓർഫനേജ് പ്രസ് ചങ്ങനാശേരി എന്നിവരോടുള്ള ആത്മാർത്ഥമായ നന്ദിയും രേഖപ്പെടുത്തുന്നു.

**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

*എഡിറ്റർ*

www.malankaralibrary.com

# ഹ്രസ്വ ജീവചരിത്രം

എം. വി. തോമസ്

1928 ഏപ്രിൽ 28-ാം തീയതി തൃശൂർ ജില്ലയിലെ അഞ്ഞൂർ ഗ്രാമത്തിൽ അയ്യംകുളങ്ങര തോമസിന്റെയും താണ്ടക്കുട്ടിയുടെയും ആറു മക്കളിൽ മൂത്ത മകനായി പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ഭൂജാതനായി. പൗലോസ് എന്ന നാമധേയത്തിൽ തൊഴിയൂർസഭയുടെ ഭദ്രാസന ദൈവാലയമായ അഞ്ഞൂർ പള്ളി യിൽ മാമ്മോദീസ സ്വീകരിച്ച അദ്ദേഹത്തിന്റെ ഓമനപ്പേര് 'കൊച്ചു കുഞ്ഞൻ' എന്നായിരുന്നു. അഞ്ചാം വയസ്സിൽ കലശലായ പനി ബാധിച്ച് ടോൺസിലൈറ്റിസ് രോഗം പിടിപെട്ടു. തുടർന്നു നടത്തിയ ശസ്ത്രക്രിയയിൽ ധാരാളം രക്തം വാർന്ന് അവശനായ അദ്ദേഹം അന്നുമുതൽ ആസ്ത്മാ രോഗത്തിന് അടിമയായി. ഒന്നാം ക്ലാസു മുതൽ എട്ടാം ക്ലാസുവരെ തൊഴിയൂർ സി.എം.എച്ച്.ഇ. സ്കൂളിലും തുടർന്ന് പഴഞ്ഞി സർക്കാർ സ്കൂളിലും വിദ്യാഭ്യാസം നടത്തി. കുന്നംകുളം ബോയ്സ് ഹൈസ്കൂളിൽ ചേർന്ന് ഇ.എസ്.എൽ.സി. പഠനം നടത്തിയ അദ്ദേഹം ആ പരീക്ഷ ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി.

മഹാരാഷ്ട്രയിൽ കോലാപ്പൂരിലെ സാംഗ്ലി എന്ന സ്ഥലത്തെ വെല്ലിംഗ്ടൺ കോളേജിൽ ഇന്റർമീഡിയറ്റ് പഠനം തുടർന്ന തോമസ് പോൾ എന്ന തിരുമേനി അവിടെയും ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. ഒരു ഡോക്ടറാകണമെന്ന് ആഗ്രഹിച്ച അദ്ദേഹത്തിന് ശാരീരിക അസ്വ

www.malankaralibrary.com

സ്ഥതകളും രോഗവും വിലങ്ങുതടിയായി. നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം മലബാർ സ്വതന്ത്രസുറിയാനിസഭയിൽ വൈദിക പരിശീലനം ആരംഭിച്ചു. 1961 ഡിസംബർ 24-ാം തീയതി ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു. 1967 ഡിസംബർ 9-ാം തീയതി മാർത്തോമാസഭയിലെ യൂഹാനോൻ മാർത്തോമാ മെത്രാപ്പോലീത്തായിൽനിന്ന് റമ്പാൻ സ്ഥാനവും ഒരാഴ്ച കഴിഞ്ഞ് ഡിസംബർ 16-ാം തീയതി പൗലോസ് മാർ പീലക്സിനോസ് മൂന്നാമൻ എന്ന പേരിൽ മേല്പട്ടസ്ഥാനവും സ്വീകരിച്ചു. 10 വർഷക്കാലം ആ സഭയ്ക്ക് സ്തുത്യർഹമായ നേതൃത്വം കൊടുത്ത അദ്ദേഹം ധാരാളം പള്ളികളും, മാർ കൂറിലോസ് മിഷൻ ആശുപത്രി ഉൾപ്പെടെ ഏതാനും സ്ഥാപനങ്ങളും പടുത്തുയർത്തി. 1977 ഓഗസ്റ്റ് 28-ാം തീയതി കത്തോലിക്കാസഭയുമായി അദ്ദേഹം പുനരൈക്യപ്പെട്ടു. തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ പൗരോഹിത്യത്തിൽ ന്യൂനതകളുണ്ടെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടിരുന്നു. പൂനരൈക്യത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ പൗരോഹിത്യപരമായ ആ ന്യൂനതകൾ പരിഹരിക്കപ്പെടുകയുണ്ടായി. 1977 ഒക്ടോബർ 11 ന് ചായൽ രൂപതയുടെ സ്ഥാനിക മെത്രാനായി പോൾ ആറാമൻ മാർപ്പാപ്പാ അദ്ദേഹത്തെ നിയമിച്ചു. 1979 ഒക്ടോബർ ഏഴാം തീയതി തിരുമേനി വത്തിക്കാനിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുമായി കൂടിക്കാഴ്ച നടത്തി. കത്തോലിക്കാസഭയിൽ നീണ്ട 21 വർഷക്കാലം ശുശ്രൂഷ ചെയ്ത പീലക്സിനോസ് തിരുമേനി 1998 നവംബർ മൂന്നാം തീയതി രാത്രി 10:30 ന് തിരുവല്ലാ പുഷ്പഗിരി ആശുപ്രതിയിൽവച്ച് കാലം ചെയ്തു. അഞ്ചാം തീയതി തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ കബറടക്കം നടത്തുകയും ചെയ്തു.

www.malankaralibrary.com

# എന്റെ ഗുരുവും മാർഗദർശിയും

**മോസ്റ്റ് റവ. ജോസഫ് മാർ കൂറിലോസ്**
(തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭ)


ഭാഗ്യസ്മരണാർഹനും പുണ്യശ്ലോകനുമായ അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയെ അനുസ്മരിക്കുക ഏറ്റവും സന്തോഷപ്രദമാണ്. എനിക്ക് തിരുമേനിയുമായി വളരെ വ്യക്തിപരമായ ഒരു ബന്ധം ഉണ്ടായിരുന്നു. വിദ്യകൊണ്ട് പ്രബുദ്ധനായ തിരുമേനി പഠനകാര്യങ്ങൾക്ക് വലിയ പ്രാധാന്യം നല്കിയിരുന്നു. പതിനഞ്ചാമത്തെ വയസ്സിലാണ് ഞാൻ ഒരു വൈദികവിദ്യാർത്ഥിയായി തിരുമേനിയുടെ കൂടെ വരുന്നത്.

എന്റെ പഠനകാര്യങ്ങളിൽ തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഞാൻ ശെമ്മാശ്ശനാകുന്നതിനുമുമ്പ് തിരുമേനിയുടെ കൂടെനിന്ന് പല കാര്യങ്ങളും പഠിച്ചു. 1972-ൽ ഞാൻ ശെമ്മാശ്ശനായപ്പോൾ ഇന്ന് മലങ്കര കത്തോലിക്കാസഭയിലുള്ള ബഹു. ജോർജ് വടക്കനച്ചൻ പൂർണ ശെമ്മാശ്ശനായിരുന്നു. വായന, പഠനം, പ്രാർത്ഥന ഇക്കാര്യങ്ങളിൽ തിരുമേനിക്ക് യാതൊരു വിട്ടുവീഴ്ചയുമില്ലായിരുന്നു. മലങ്കര അന്ത്യോക്യൻ ആരാധനക്രമത്തിലും സുറിയാനിഭാഷയിലും തിരുമേനിക്ക് വലിയ പാണ്ഡിത്യമുണ്ടായിരുന്നു.

ഞാൻ ശെമ്മാശ്ശനായിരിക്കെ പീലക്സിനോസ് തിരുമേനി സ്വന്തം കൈപ്പടയിൽ എഴുതിത്തന്ന് എന്നെ പഠിപ്പിച്ച സുറിയാനി ഭാഗം താഴെച്ചേർക്കുന്നു. ഓരോരുത്തരുടേയും പഠനത്തിൽ വ്യക്തിപരമായി അദ്ദേഹം എത്ര കരുതലുള്ളവനായിരുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു.

www.malankaralibrary.com





പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ സുറിയാനിഭാഷയിലുള്ള കൈപ്പട

മനുഷ്യന്റെ സമഗ്രമായ വികസനം മുന്നിൽ കണ്ടുകൊണ്ട്, കാലത്തിനു മുമ്പേ സഞ്ചരിച്ച ആ കർമ്മയോഗി 1971 ഫെബ്രുവരി 7 ന് മാർ കൂറിലോസ് ആശുപത്രിയുടെ തറക്കല്ലിട്ട് 1972 മെയ് 28 ന് കൂദാശ ചെയ്തു. തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭയ്ക്ക് സ്വന്ത മായ ഒരു സഭാചരിത്രം രൂപപ്പെടുത്തിയത് അഭിവന്ദ്യ തിരുമേനിയുടെ

www.malankaralibrary.com





*ഗുരുവും ശിഷ്യനും: ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ശെമ്മാശ്ശനായിരുന്നപ്പോൾ മാർ പീലക്സിനോസ് തിരുമേനിയോടൊപ്പം*

കാലത്താണ്. തിരുമേനിയുടെ ഏറ്റവും വലിയ സംഭാവനയായി ഞാൻ ഇതിനെ കാണുന്നു. 1972-ൽ മദ്രാസിലുള്ള പള്ളിയിൽ വി. കുർബാന അർപ്പിക്കാനായി പോകുമ്പോൾ ഞാനും അദ്ദേഹത്തോടൊപ്പം പോയിരുന്നു. യാത്രാവേളകളിൽ അധികം സംസാരിക്കുമായിരുന്നില്ലെങ്കിലും തന്റെ ഹ്രസ്വ സംഭാഷണങ്ങളിൽ സഭയോടുള്ള സ്നേഹവും സഭയുടെ വളർച്ചയിലുള്ള താത്പര്യവും നിഴലിച്ചിരുന്നു. തൊഴിയൂർസഭയുടെ പ്രവർത്തനങ്ങളെ കേരളത്തിനു പുറത്തോട്ട് വ്യാപിപ്പിക്കണമെന്നും തിരുമേനിക്ക് ആഗ്രഹമുണ്ടായിരുന്നു. 1975ൽ മദ്രാസിൽ സ്വന്തമായി ഒരു ദൈവാലയത്തിന് തുടക്കം കുറിക്കുവാനും അദ്ദേഹത്തിന്റെ പ്രവർത്തനത്തിലൂടെ സാധിച്ചു.

ശുശ്രൂഷകൾക്കും തിരുക്കർമ്മങ്ങൾക്കുംമുമ്പ് തിരുമേനി നന്നായി പ്രാർത്ഥിക്കുമായിരുന്നു. ശുശ്രൂഷകൾക്ക് മുമ്പ് തിരുമേനി അധികം സംസാരിക്കാറില്ലായിരുന്നു. തിരുമേനി സ്വന്തം കൈപ്പടയിലെഴുതിയ പ്രാർത്ഥനാപുസ്തകമാണ് ശുശ്രൂഷകൾക്ക് ഉപയോഗിച്ചിരുന്നത്. ആ പുസ്തകങ്ങളോട് എനിക്കും വൈകാരികമായ ഒരു അടുപ്പം ഉണ്ട്. എന്റെ നല്ല ഗുരുവായിരുന്നു തിരുമേനി. ഒരു മല്പാൻ പഠനരീതിയായിരുന്നു അദ്ദേഹത്തിന്റേത്. തിരുമേനിയോടൊപ്പം കഴിഞ്ഞിരുന്ന കാലത്ത് എല്ലാം അപ്പപ്പോൾ പറഞ്ഞു തരുമായിരുന്നു.

പഠനത്തിന്റെയും വായനയുടെയും ഫലമായി കത്തോലിക്കാ സഭയിലേക്ക് പോവുകയാണെന്നുള്ള തിരുമേനിയുടെ തീരുമാനം

www.malankaralibrary.com





*ജോസഫ് മാർ കൂറിലോസ് ശെമ്മാശനായിരുന്നപ്പോൾ മാർ പീലക്സിനോസ് തിരുമേനി പൂർണ ശെമ്മാശ്ശപട്ടം നല്കുന്നു (21.11.1976)*

രഹസ്യമായി അദ്ദേഹം സൂക്ഷിച്ചു. വ്യക്തിപരമായി എന്നെ വളരെയധികം സ്നേഹിച്ചിരുന്നതിനാൽ ഒരിക്കൽ ഒരു യാത്രാവേളയിൽ അദ്ദേഹം എന്നോട് അക്കാര്യം സൂചിപ്പിച്ച് ഇപ്രകാരം പറഞ്ഞു: 'ഞാൻ കത്തോലിക്കാസഭയിലേക്ക് പോവുകയാണ്. ശെമ്മാശ്ശനും വരാം. പക്ഷേ ഞാൻ നിർബന്ധിക്കുന്നില്ല. ഈ വിവരം രഹസ്യമായി സൂക്ഷിക്കണമെന്നും എന്നോട് പറഞ്ഞു. അപ്പോൾ ഞാൻ വികാരാധീനനായി, തിരുമേനിയുടെ കൈയ്യിൽ ആദ്യമായി പിടിച്ചു. അപ്പോൾ എന്നോടു പറഞ്ഞു 'ഞാൻ പോകുമ്പോൾ ഇവിടുത്തെ സഭയുടെ അടുത്ത മെത്രാനാകണം'. ഈ ഉദ്ദേശ്യത്തോടെ തിരുമേനി എനിക്ക് പൂർണ ശെമ്മാശ്ശപട്ടം തന്നു. 1977 ഓഗസ്റ്റ് 20-ന് നടന്ന കൗൺസിൽ മീറ്റിംഗിൽവച്ച് താൻ കത്തോലിക്കാസഭയിലേക്ക് പോകുന്ന കാര്യത്തെപ്പറ്റി തിരുമേനി സൂചിപ്പിച്ചു. തിരുമേനിയുടെ ആഗ്രഹവും സ്വപ്നവുംപോലെ 1986ൽ ഞാൻ തൊഴിയൂർസഭയുടെ മെത്രാനായി നിയമിക്കപ്പെട്ടു.

അഭിവന്ദ്യ തിരുമേനി എനിക്ക് ഗുരുവും മാർഗദർശിയുമായിരുന്നു. എന്റെ ആത്മീയ പൗരോഹിത്യ ജീവിതത്തിൽ തിരുമേനിയുടെ വലിയ സ്വാധീനമുണ്ട്. ആത്മജ്ഞാനംകൊണ്ട് യോഗീന്ദ്രനായ ആ പുണ്യാത്മാവിന്റെ മുമ്പിൽ എന്റെ ഹൃദയംഗമമായ ആദരവും അനുസ്മരണയും ഞാൻ അർപ്പിക്കുന്നു. അഭിവന്ദ്യ തിരുമേനിയുടെ മദ്ധ്യസ്ഥതയും പ്രാർത്ഥനയും നമുക്ക് എന്നും കോട്ടയായിരിക്കട്ടെ.

www.malankaralibrary.com

# പീലക്സിനോസ് തിരുമേനി എന്റെ ഓർമ്മയിൽ

ഡോ. മാർ അപ്രേം മെത്രാപ്പോലീത്താ
(കൽദായ സഭ *(Church of the East),* തൃശ്ശൂർ)

ഞാൻ മെത്രാൻപട്ടം എടുക്കുന്നതിന്റെ തലേ വർഷത്തിലാണ് പൗലോസ് മാർ പീലക്സിനോസ് തിരുമേനി മെത്രാപ്പോലീത്തയാകുന്നത്. അതുകൊണ്ട് ഞാൻ മെത്രാപ്പോലീത്തയായി തൃശ്ശൂർ ചാർജ്ജെടുത്തതു മുതൽ പലപ്പോഴും കണ്ടുമുട്ടുവാനുള്ള അവസരങ്ങളുമുണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേരും തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭയുടെ പല പരിപാടികളിലും, അതുപോലെതന്നെ തൃശ്ശൂരിലെ കൽദായ സുറിയാനിസഭയുടെ പരിപാടികളിലും പങ്കെടുക്കാറുണ്ടായിരുന്നു.

തൊഴിയൂർസഭയുടെ പല പ്രശ്നങ്ങളും പീലക്സിനോസ് തിരുമേനി പങ്കുവെക്കുമ്പോൾ ഞാൻ പറയുമായിരുന്നു, ''ഞാൻ നിങ്ങളുടെ കൗൺസിൽ മീറ്റിംഗിൽ വന്ന് അവിടത്തെ നേതാക്കന്മാരോട് സംസാരിക്കാമായിരുന്നു''. അപ്പോൾ തിരുമേനി പറയും, ''അവിടുത്തെ കള്ള് കുടിയന്മാരോട് എന്ത് പറഞ്ഞാലും കാര്യമില്ല''. തിരുമേനിയുടെ സഭയിലെ പ്രശ്നങ്ങൾ വീണ്ടും വീണ്ടും പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു ''ഏതായാലും സഭ വിട്ട് പോകല്ലേ''.

ഒരിക്കൽ ഞാൻ വിദേശത്ത് പോയപ്പോൾ ആ വാർത്ത കേട്ടു– പീലക്സിനോസ് തിരുമേനി കത്തോലിക്കാസഭയിൽ ചേർന്നു. അത് വിശ്വസിക്കുവാൻ പ്രയാസം തോന്നി. ഞാൻ സംശയിച്ചതുപോലെതന്നെ സംഭവിച്ചു എന്ന് എനിക്ക് മനസ്സിലായി.

www.malankaralibrary.com





*കൽദായ സഭയുടെ മെത്രാപ്പോലീത്ത മാർ അപ്രേമിനോടൊപ്പം*

സ്വന്തം ജനങ്ങളോട് പറഞ്ഞിട്ട് കാര്യമില്ല എന്ന് അദ്ദേഹത്തിന് നന്നായി അറിയാമായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭ ഉണ്ടായത് 1930-ൽ ആയിരുന്നു, അതായത് ഞങ്ങൾ രണ്ടുപേരും ജനിക്കുന്നതിന്മുമ്പ്. ആ സഭയുടെ സ്ഥാപകനായ മാർ ഇവാനിയോസ് തിരുമേനി 1930 സെപ്തംബർ മാസത്തിലാണ് കൊല്ലം ലത്തീൻ അരമനയിൽ ജെറോം ഫെർണാണ്ടസ് തിരുമേനിയുടെ അടുക്കൽ ചെന്ന് കത്തോലിക്കാസഭയിൽ ചേർന്നത്. പൗലോസ് മാർ പീലക്സിനോസ് തിരുമേനി കത്തോലിക്കാസഭയിൽ ചേർന്നത് തൃശ്ശൂർ അരമനയിൽ ചെന്ന് മാർ ജോസഫ് കുണ്ടുകുളം തിരുമേനിയെ കണ്ടിട്ടായിരുന്നു.

വലിയ കൂട്ടം പട്ടക്കാരേയും ജനങ്ങളെയും കൂടെ കൊണ്ടുപോകാൻ പീലക്സിനോസ് തിരുമേനിക്ക് കഴിഞ്ഞില്ല. എങ്കിലും തന്റെ സെക്രട്ടറി ആയിരുന്ന വി.കെ. ജോർജ്ജ് അച്ചൻ കൂട്ടിനുണ്ടായിരുന്നു. അങ്ങനെ തിരുമേനി മലങ്കര കത്തോലിക്കാസഭയുടെ ഭാഗമായി. വലിയ ആൾക്കൂട്ടം തന്റെ കൂടെ ചേരുമെന്ന് തിരുമേനി പ്രതീക്ഷിച്ചിരുന്നില്ല എന്നാണ് എന്റെ ഊഹം. താൻ ചേർന്ന സീറോ മലങ്കര കത്തോലിക്കാസഭയിൽ പീലക്സിനോസ് തിരുമേനി സന്തോഷവാനും സംതൃപ്തനുമായിരുന്നു എന്നാണ് എന്റെ അനുമാനം.

www.malankaralibrary.com

# ധന്യമായ ജീവിതം

മോസ്റ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്
(മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ)

കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് പിതാവ് മലങ്കര കത്തോലിക്കാസഭയ്ക്ക് ദൈവം നല്കിയ ഒരു വലിയ ദാനമായിരുന്നു. പുനരൈക്യാനന്തര മുള്ള അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തനങ്ങളും മലങ്കര സഭാ സമൂഹത്തിൽ ഉജ്ജ്വലമായ സാക്ഷ്യവും ചൈതന്യവുമാണ് പകർന്നു നല്കിയത്. സത്യത്തെ അറിയാനും അതിനെ പുൽകുവാനും അദ്ദേഹം കാട്ടിയ ധീരത ലോകത്തിനു മുഴുവനും വലിയ മാതൃകയാണ്.

തൊഴിയൂർ സഭയിലായിരുന്നപ്പോൾ, തന്റെ പട്ടത്വമുൾപ്പെടെയുള്ള സഭയുടെ കുറവുകൾ അദ്ദേഹം മനസ്സിലാക്കിയിരുന്നു. 'മറ്റുള്ളവർ നമ്മെ കാണുന്നതുപോലെ നാം നമ്മെ കാണണം. പൊള്ളയായ അഭിമാനത്തിലും, മിഥ്യയായ പൊങ്ങച്ചത്തിലും ഊറ്റം കൊള്ളാതെ യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കി തദനുസരണം പ്രവർത്തിക്കണം.' പുനരൈക്യത്തിനു മുമ്പായി അഭിവന്ദ്യ പിതാവ് പുറപ്പെടുവിച്ച ഈ പ്രസ്താവന സത്യത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിപത്തിയെ കാണിക്കുന്നു.

അഭിവന്ദ്യ പിതാവ് ഒരു നല്ല സത്യാന്വേഷകനും സഭാപഠന ത്തിൽ സദാ ജാഗ്രതയുള്ളവനുമായിരുന്നു. മറ്റു സഭകളെക്കുറിച്ചു

www.malankaralibrary.com



പഠിക്കുമ്പോഴാണ് സ്വന്തം സഭയുടെ കുറവുകളും നന്മകളും മനസ്സിലാകുന്നത്. അതിനാൽ മറ്റു സഭകളെപ്പറ്റി പഠിക്കാൻ അദ്ദേഹം ഉത്സാഹം കാട്ടി.

നിഖ്യാ വിശ്വാസപ്രമാണത്തിൽ ചൊല്ലുന്നതുപോലെ, കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിൽ വിശ്വസിക്കുകയെന്നത് കർത്താവിന്റെ ഏകസഭയിൽ വിശ്വസിക്കുകയും ഐക്യപ്പെട്ടിരിക്കുകയും ചെയ്യുകയെന്നത്, തന്റെ കടമയാണെന്ന് അദ്ദേഹം അറിഞ്ഞു. എല്ലാ പ്രാദേശിക സഭകളുടെയും ഐക്യത്തിന് നിദാനമായിരിക്കുന്ന ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെ പിൻഗാമി റീശ് പാത്രിയർക്കീസായ റോമാ മാർപ്പാപ്പായാണെന്നും അദ്ദേഹത്തിന്റെ ഭരണാധികാരം അംഗീകരിക്കാതെ ഈ കടമ നിർവഹിക്കുവാൻ സാദ്ധ്യമല്ലായെന്നും അദ്ദേഹത്തിനുറപ്പായിരുന്നു.

കത്തോലിക്കാസഭയുമായി ഐക്യത്തിൽ പ്രവേശിക്കുന്നതുകൊണ്ട് സ്വാതന്ത്ര്യത്തിനോ വിശ്വാസആചാരങ്ങൾക്കോ കുറവൊന്നും സംഭവിക്കില്ലെന്നു മാത്രമല്ല, അവയെല്ലാം അവയുടെ പൂർണതയിൽ പരിപോഷിക്കപ്പെടുന്നതിനും വളർത്തുന്നതിനുമുള്ള സാദ്ധ്യത വർദ്ധിക്കുകയാണെന്നുകൂടി അദ്ദേഹം കണ്ടെത്തി. ഇപ്രകാരം ആഴമായ പഠനത്തിലൂടെ ലഭിച്ച പൂർണമായ ബോധ്യത്തോടെയാണ് കത്തോ



*മാർ പീലക്സിനോസ് തിരുമേനിയുടെ പുനരൈക്യത്തിനുശേഷം അഭിവന്ദ്യ അത്തനാസിയോസ് മെത്രാപ്പോലീത്തായോടും അഭിവന്ദ്യ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായോടുമൊപ്പം.*

www.malankaralibrary.com



ലിക്കാസഭയുമായി അഭിവന്ദ്യ തിരുമേനി പുനരൈക്യപ്പെട്ടത്.

ആരാധനക്രമത്തിലധിഷ്ഠിതമായ ആഴമായ ഒരു ആദ്ധ്യാത്മിക ജീവിതത്തിനുടമയായിരുന്നു അഭിവന്ദ്യ പീലക്സിനോസ് പിതാവ്. സഹിക്കുന്ന ദൈവദാസന്റെ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ചെറുപ്പം മുതൽ രോഗത്താൽ കഷ്ടപ്പെടാൻ തുടങ്ങി. ആഴമായ വിശ്വാസവും ദൈവാശ്രയവുംമൂലം ദൈവം നല്കുന്നതെന്തും സന്തോഷത്തോടെ സ്വീകരിക്കുവാനും ദൈവഹിതത്തിന് വിധേയപ്പെട്ട് ജീവിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. പൗരോഹിത്യജീവിതത്തിലും മേല്പട്ടക്കാരനടുത്ത ശുശ്രൂഷകളിലും രോഗം അദ്ദേഹത്തിന് ഒരു തടസ്സമായില്ല. തന്റെ രോഗവും വേദനകളും സ്വയം ശുദ്ധീകരണത്തിനും മറ്റുള്ളവരുടെ നന്മയ്ക്കുമായി കാഴ്ചവെയ്ക്കാൻ അദ്ദേഹത്തിന് സാധിച്ചു. അങ്ങനെ തന്റെ ജീവിതത്തെ അഭിവന്ദ്യ പിതാവ് പീഡാസഹനത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും മഹത്വത്തിലേക്ക് പ്രവേശിച്ച കർത്താവായ യേശുവിന് അനുരൂപമാക്കി. നിരന്തരമുള്ള പ്രാർത്ഥനയും പരി. മാതാവിനോടും വിശുദ്ധരോടുമുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും അദ്ദേഹത്തെ വലിയ ദൈവാനുഭവമുള്ളവനാക്കി മാറ്റി. ശരീരസുഖമില്ലാതിരുന്നപ്പോഴും എല്ലാ ദിവസവും വി. കുർബാന അർപ്പിക്കുന്നതിനും തീരെ വയ്യാതായപ്പോൾ വി. കുർബാന സ്വീകരിക്കുന്നതിനും അദ്ദേഹം വളരെ താത്പര്യപ്പെട്ടു. അദ്ദേഹത്തിന്റെ ജീവിതത്തിന് ശക്തിയും ചൈതന്യവും പകർന്നുകൊണ്ടിരുന്നത് വി. കുർബാന തന്നെയാണ്.

വിശാലമായ ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു അഭിവന്ദ്യ പിതാവ്. സഭാ നേതൃത്വത്തോടും വൈദികരോടും സന്യസ്തരോടും അത്മായ സഹോദരങ്ങളോടും വലിയ സ്നേഹാദരവുകളോടെയാണ് പെരുമാറിയിരുന്നത്. പുനരൈക്യപ്പെട്ടതിനുശേഷവും തൊഴിയൂർ സ്വതന്ത്രസുറിയാനിസഭയിലെ സഹോദരങ്ങളെയും നാട്ടുകാരെയും സന്ദർശിക്കുന്നതിനും സൗഹൃദം പുതുക്കുന്നതിനും അദ്ദേഹം എപ്പോഴും ശ്രദ്ധാലുവായിരുന്നു.

ആഗോള കത്തോലിക്കാസഭയുടെ കൂട്ടായ്മയിലേക്ക് കടന്നു വരണമെന്നതിലുപരി മറ്റൊന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. സ്ഥാനമാനങ്ങളോ അധികാരമോ ഒന്നും അദ്ദേഹത്തിന്റെ ലക്ഷ്യങ്ങളായിരുന്നില്ല. സഭയിലേക്ക് പുനരൈക്യപ്പെട്ടപ്പോൾ ലഭിച്ച ആത്മസംതൃപ്തി അവസാനം വരെയും ഒളി മങ്ങാതെ നിലനിന്നിരുന്നു.

www.malankaralibrary.com



അഭിവന്ദ്യ പിതാവ് നല്കിയ സ്നേഹത്തിന്റെയും സഹനത്തിന്റെയും ആരാധനാജീവിതത്തിന്റെയും പൈതൃകം ഈ തലമുറയ്ക്കും വരുംതലമുറയ്ക്കും ഒരു മുതൽക്കൂട്ടായിരിക്കുമെന്നുള്ളതിൽ സംശയമില്ല. ആ ധന്യമായ ജീവിതം ഈ ലോകത്തിലവസാനിച്ചെങ്കിലും നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടെയുള്ള മോക്ഷാനന്ദത്തിൽ എന്നും നമുക്കുവേണ്ടി മദ്ധ്യസ്ഥം വഹിച്ചുകൊണ്ട് നിത്യമായി നിലകൊള്ളുമെന്ന് ഉറപ്പാണ്.

www.malankaralibrary.com

# ഓർമകളും ഓർമപ്പെടുത്തലുകളും

മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്
(മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ)

നിറംമങ്ങാത്ത നിർമ്മലമായ ഓർമകൾ ജീവിതയാത്രയെ പലപ്പോഴും സുന്ദരവും ആവേശഭരിതവുമാക്കും. 1928 –ൽ ചരിത്രപ്രസിദ്ധമായ കുന്നംകുളം പ്രദേശത്ത്, പുരാതനമായ അയ്യൻകുളങ്ങര കുടുംബത്തിൽ ജനിച്ച പോൾ തോമസ്, ദൈവനിയോഗത്താൽ 1967 –ൽ തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭയിൽ പൗലോസ് മാർ പീലക്സീനോസ് എന്ന പേരിൽ മേൽപ്പട്ടക്കാരനായി. താൻ ആയിരുന്ന സഭയുടെ പരിധികളും പരിമിതികളും ഉൾക്കൊണ്ട് സത്യസഭയുടെ കൂട്ടായ്മയായ മലങ്കര സുറിയാനി കത്തോലിക്കാസഭയിലേക്ക്, 1977 –ൽ പൂർണ്ണസമർപ്പണത്തോടെയുള്ള തിരുമേനിയുടെ കടന്നുവരവ്, നിശ്ചയമായും ഒരു സുവിശേഷ സാക്ഷ്യമായിരുന്നു.

കേവലം 18 വയസുള്ള, വൈദിക പരിശീലനത്തിൽ തത്വശാസ്ത്രപഠനം ആരംഭിച്ച എന്നെ സംബന്ധിച്ചിടത്തോളം ചരിത്രഗതിയിലെ പുനരൈക്യ മഹാസംഭവത്തിന്റെ ഒരു നേർകാഴ്ചയായിരുന്നു അത്. ഒറ്റയ്ക്ക് പടവെട്ടി, രാജ്യം കീഴടക്കി, ഒറ്റയാനായി പടിയിറങ്ങി കടന്നുവന്ന തിരുമേനിയെ ശ്ലാഘിച്ച് ഭാഗ്യസ്മരണാർഹനായ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് തിരുമേനി, അവാച്യമായ ആനന്ദത്തോടെ പ്രസംഗിച്ചത് കാതിൽ ഇന്നും പ്രതിധ്വനിക്കുന്നു. എന്റെ മനസ്സിലെ പുനരൈക്യ സാക്ഷ്യത്തിന്റെ ചിന്തകളെയും താത്പര്യത്തേയും അത് തീവ്രമാക്കിയെന്നുള്ളത് പരമാർത്ഥം. കേട്ടുകേൾവിയിലെ പുനരൈക്യ സഭാസാക്ഷ്യം കൺമുമ്പിൽ കാണുവാൻ സാധിച്ചപ്പോൾ അതിനു

www.malankaralibrary.com



ള്ളിലെ ദൈവീക നിയോഗം എനിക്ക് അനായാസം തിരിച്ചറിയാൻ കഴിഞ്ഞു.

താൻ ആയിരുന്ന മാതൃസഭ മുഴുവൻ സത്യസഭയെ പുൽകണമെന്നുള്ള തന്റെ സ്വപ്നം കൂമ്പടയുന്നതു കണ്ടപ്പോൾ, തിരുമേനി അതീവ ദുഃഖിതനായിരുന്നുവെന്നുള്ളതാണ് സത്യം. എന്നാൽ, അതിനെയൊക്കെ മറികടക്കുന്ന ആത്മസംതൃപ്തി, മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ വിവിധ രൂപതകളും ഇതര കത്തോലിക്കാ സഭാവിഭാഗങ്ങളും നൽകിയ ഊഷ്മളമായ വരവേൽപ്പുകൾ അദ്ദേഹത്തിനു സമ്മാനിച്ചു. പത്രമാധ്യമങ്ങൾ അവയൊക്കെ അന്ന് വലിയ വാർത്തകളാക്കിയെന്നതും ശ്രദ്ധേയം തന്നെ. 'ധീരമായ കാൽവെപ്പ്', 'വിവേകിയായ ശ്രേഷ്ഠാചാര്യൻ', 'പുനരൈക്യ സാക്ഷ്യം' എന്നൊക്കെ പത്രങ്ങളും മാസികകളും അതിനെ വാഴ്ത്തുന്നതും ഞാൻ ശ്രദ്ധിച്ചു. പുനരൈക്യം ഒരു തുറന്ന അദ്ധ്യായമാണെന്നുള്ള തിരിച്ചറിവ് എന്നിൽ അങ്ങനെ രൂഢമൂലമായി.

1980–1981 വർഷങ്ങളിൽ, ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽനിന്ന് തത്വശാസ്ത്രപഠനം പൂർത്തിയാക്കി, മാതൃരൂപതയായ തിരുവനന്തപുരത്ത് ഒരു വർഷത്തെ പ്രായോഗിക പരിശീലനത്തിനായി ഞാൻ തിരികെയെത്തി. വൈദികപരിശീലന ഭാഷയിൽ ഈ കാലഘട്ടത്തെ റീജൻസി എന്ന് വിളിക്കും. ഈ കാലഘട്ടത്തിൽ പുണ്യശ്ലോകനായ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് തിരുമേനിയെ ശുശ്രൂഷിക്കുവാനുള്ള നിയോഗം എനിക്ക് ലഭിച്ചിരുന്നു. തദവസരത്തിൽ നിരവധി പ്രാവശ്യം അഭിവന്ദ്യ പീലക്സീനോസ് പിതാവ് അരമനയിൽ കടന്നു വന്നിട്ടുണ്ട്. തൽസമയങ്ങളിൽ പിതാവിന്റെ മുറി ഒരുക്കുവാനും, വിശുദ്ധ കുർബാനയിൽ സഹായിക്കുവാനും എനിക്ക് ഭാഗ്യം ലഭിച്ചു. ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ പാത പുൽകി കടന്നു വന്ന ആ മഹാചാര്യനെ നേരിൽ കാണുവാനും സ്വീകരിക്കാനും നിരവധി അവസരങ്ങൾ അങ്ങനെ വന്നു ചേർന്നു. ധാരാളം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്ന തിരുമേനി പലപ്പോഴും ക്ഷീണിതനായി കാണപ്പെട്ടു. സമയാസമയങ്ങളിൽ മരുന്നു നൽകേണ്ട ചുമതലയും എന്റേതായി. ശക്തമായ ശ്വാസതടസവും ചുമയും പിതാവിനെ ഏറെ ബലഹീനനാക്കിയിരുന്നു. ഓരോ യാത്രയും ക്ലേശകരമായി അദ്ദേഹത്തിനു തോന്നി.

www.malankaralibrary.com



പൊതുവെ ശാന്തനും സൗമ്യനുമായിരുന്നു അഭിവന്ദ്യ തിരുമേനി. വിശ്രമനേരങ്ങളിൽ ഞാൻ മുറിയിൽ എത്തിയാൽ ആരാധനക്രമത്തെക്കുറിച്ചും, സുറിയാനിഭാഷയെക്കുറിച്ചും, സഭയുടെ ഐക്യത്തെ സംബന്ധിച്ചും ആവേശത്തോടെ സംസാരിക്കുക പതിവായിരുന്നു. ചില നിമിഷങ്ങളിൽ, വികാരതീവ്രതയാൽ എന്റെ കയ്യിൽ പിടിച്ച് കരയുന്നത് എന്നെ ഏറെ ആകുലചിത്തനാക്കിയിരുന്നു. അതിനിടയിൽ, ഗദ്ഗദത്തോടെ തന്റെ സഭാപ്രവേശനത്തെക്കുറിച്ചും, പ്രതീക്ഷകളെക്കുറിച്ചും അയവിറക്കുകയും ചെയ്യുക സാധാരണമായിരുന്നു. വന്ദ്യ തിരുമേനിയുടെ ആത്മസംഘർഷങ്ങളും മുറിഞ്ഞ വാക്കുകളിലൂടെയുള്ള സംസാരവും, ഇന്നും എന്റെ ഓർമയിൽ സജീവമാണ്. ജീവിത സംഘർഷങ്ങളുടെ നിർമ്മലമായ തിരയിളക്കങ്ങളായി അവയെ ഓർമിക്കുവാനാണ് എനിക്കിഷ്ടം. തിരുമേനിയുടെ വിശുദ്ധ കുർബാനയർപ്പണവും, അതിലെ സുറിയാനിഭാഷയുടെ അനായാസമായ ഉപയോഗവും എന്നെ ഏറെ ആകർഷിച്ചിരുന്നു. ആരാധനാവിധികളെ സംബന്ധിച്ചുള്ള അറിവും നിഷ്കർഷയും ആ ജീവിതത്തിന്റെ നന്മകളായി ഞാൻ തിരിച്ചറിഞ്ഞു. തിരുമേനിയുടെ വചനപ്രഘോഷണങ്ങൾ ഏറെയും തിരുവചനബന്ധിതമായിരുന്നു. ചുരുക്കത്തിൽ, ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ ദൈവസമ്പാദനം വന്ദ്യ പിതാവിന്റേയും ജീവിത ദർശനമായിരുന്നുവെന്ന് പറയാൻ കഴിയും.

കാലഘട്ടത്തിന്റെ പ്രയാണത്തിൽ, ഒരു നിയോഗമെന്നവണ്ണം, എളിയവനായ ഞാൻ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെട്ടു. വന്ദ്യ പിതാവിന്റെ ജന്മഗൃഹവും, കുടുംബവും, സ്വന്ത ബന്ധങ്ങളുമൊക്കെ എന്റെ ഇടയ ശുശ്രൂഷക്കായി ഭരമേൽപിക്കപ്പെട്ടിരിക്കുന്നുവെന്നത് യാദൃശ്ചികമായ ഒരു കാര്യമായി ഞാൻ കരുതുന്നില്ല. ജീവിതത്തിന്റെ യൗവനത്തിൽ അദ്ദേഹത്തെ കാണുവാനും, കേൾക്കുവാനും ലഭിച്ച സുന്ദര നിമിഷങ്ങൾ എന്റെ ഇടയ ശുശ്രൂഷയെ ശക്തിപ്പെടുത്തുന്നുവെന്നുള്ളത് സത്യം തന്നെ. വന്ദ്യ പിതാവിന്റെ കുടുംബാംഗങ്ങളോടുള്ള ബന്ധം ആഴപ്പെടുത്തുന്നതിനും അത് ഉപകരിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ സഭാസ്നേഹവും മാതൃകയും ഇടയശുശ്രൂഷയുടെ ദർപ്പണങ്ങളായി മനസ്സിൽ സൂക്ഷിക്കുന്നതിൽ എനിക്ക് സന്തോഷവും അഭിമാനവുമുണ്ട്.

www.malankaralibrary.com



ചരിത്രത്തിന്റെ ഗതിവിഗതികളിൽ, മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ നടന്ന ചരിത്ര പുനരൈക്യ സഭാസാക്ഷ്യം അടഞ്ഞ അദ്ധ്യായമായി കരുതുന്നത് മൗഢ്യം തന്നെ. പുനരൈക്യം നിരന്തരം നടക്കേണ്ട ഒരു ദൈവീക ശുശ്രൂഷയാണ്. കൂട്ടായ്മയുടെ കൂട്ടായ്മയായ ത്രിതൈ്വക കൂട്ടായ്മ, മനുഷ്യന്റെ പുനരൈക്യത്തിനായി നിരന്തരം ദാഹിക്കുന്നു. 'ഒരിടയനും ഒരു തൊഴുത്തും' എന്ന ദൈവീക സ്വരത്തിനു മുമ്പിൽ ജീവിതം സമർപ്പിച്ച അഭിവന്ദ്യ പീലക്സീനോസ് തിരുമേനി സമ്മാനിക്കുന്ന ഓർമ്മകളും ഓർമ്മപ്പെടുത്തലുകളും ഇതു തന്നെ: 'സത്യമേവ ജയതേ' – സത്യം ജയിക്കണം, സത്യത്തിനായി പട പൊരുതണം, സത്യത്തിന്റെ സാക്ഷികളാകണം, സത്യസഭയുടെ കാഹളം മുഴങ്ങണം.

www.malankaralibrary.com

# സഭൈക്യത്തിന്റെ ധീരസാക്ഷി

മോസ്റ്റ് റവ. ഡോ. എബ്രഹാം മാർ ജൂലിയോസ്
(ബിഷപ്പ് എമരിത്തൂസ്, മുവാറ്റുപുഴ)

സഭൈക്യത്തിനുവേണ്ടി സർവ്വതും പരിത്യജിച്ച് മുണ്ടൻമല വിട്ടിറങ്ങിയ ആബോ ഗീവറുഗീസിനെപ്പോലെ, ചെറുതെങ്കിലും ഒരു സഭയുടെ പരമാദ്ധ്യക്ഷപദവി വിട്ട് പ്രാർത്ഥനാപുസ്തകങ്ങൾ മാത്രം കയ്യിലേന്തി യാത്ര തിരിച്ച ധീരസാക്ഷിയായിരുന്നു പൗലോസ് മാർ പീലക്സിനോസ്. സത്യാന്വേഷണപാതയിൽ സത്യസഭ കണ്ടെത്തുകയും, ഭാവിയെന്തെന്നറിയാതെ, വിശ്വാസത്തിന്റെ കുതിച്ചുചാട്ടം നടത്തുകയും ചെയ്ത വ്യക്തി. നാട്ടിലും, റോമിലും അദ്ദേഹത്തോട് അടുത്തിട പഴകുവാൻ ഭാഗ്യം സിദ്ധിച്ച ആൾ എന്ന നിലയിൽ ഏതാനും ഓർമ്മകൾ പങ്കുവയ്ക്കുന്നു.

## പൗരോഹിത്യത്തിലേക്കുള്ള വിളിയും സാക്ഷാത്കാരവും

1928 ഏപ്രിൽ 28 ന്, കുന്നംകുളം അയ്യംകുളങ്ങര തോമസിന്റെയും താണ്ടക്കുട്ടിയുടെയും ആദ്യ സന്താനമായി ജനിച്ച പോൾ തോമസ് പഠനത്തിൽ സമർത്ഥനായിരുന്നു. മഹാരാഷ്ട്ര സംസ്ഥാനത്ത് ഇന്റർമീഡിയേറ്റ് പാസ്സായ പോളിന് ഡോക്ടറാവാൻ താല്പര്യമുണ്ടായിരുന്നു. അത് സാധിക്കാതെ വന്നപ്പോൾ, പൂനെയിൽ ഒരു ജോലി നോക്കി വരവെ വൈദികനാവാൻ ആഗ്രഹമുദിച്ചു. ഔപചാരികമായ സെമിനാരി വിദ്യാഭ്യാസം ലഭിക്കാതിരുന്ന പോളിനെ ഒരു "self-taught man' എന്ന് വിശേഷിപ്പിക്കാം. വയോധികനായ ഒരു വൈദികനിൽ നിന്ന് സുറിയാനിയുടെയും ആരാധനക്രമത്തിന്റെയും ബാലപാഠങ്ങൾ പഠിച്ചു. തുടർന്ന് അദ്ദേഹം സുറിയാനി വ്യാകരണപുസ്തകങ്ങളും

www.malankaralibrary.com



നിഘണ്ടുക്കളുമൊക്കെ സ്വായത്തമാക്കി സ്വയം പഠിക്കാൻ തുടങ്ങി. അദ്ദേഹം ഒരു 'പുസ്തകപ്പുഴു' ആയിരുന്നുവെന്ന് പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിയില്ല.

മലബാർ സ്വതന്ത്രസുറിയാനിസഭ ആരംഭിച്ച 1772 മുതലുള്ള പല കയ്യെഴുത്തുപ്രതികളുടെയും ശേഖരം അദ്ദേഹത്തിന്റെ ലൈബ്രറിയിൽ ഉണ്ടായിരുന്നു. അത് വായിച്ചെടുക്കാൻ പരിശ്രമിക്കുകയും സുറിയാനി പണ്ഡിതരുടെ സഹായം തേടുകയും ചെയ്തിട്ടുണ്ട്. ഹോളണ്ടിൽ നെയ്മേഗൻ യൂണിവേഴ്സിറ്റിയിൽ പഴയനിയമ പ്രൊഫസറും സെമിറ്റിക് ഭാഷാവിദഗ്ധനുമായിരുന്ന Johannes P. M. Van der Ploeg എന്ന ഡൊമിനിക്കൻ വൈദികൻ, പാമ്പാക്കുടയും തൊഴിയൂരും സൂക്ഷിക്കപ്പെട്ടിട്ടുള്ള സുറിയാനി കയ്യെഴുത്തുപ്രതികളെപ്പറ്റി ഒരു പഠനം നടത്തി പ്രസിദ്ധീകരിച്ചത് ഓർക്കുന്നു. 1961 –ൽ വൈദികപട്ടം സ്വീകരിച്ച ബ. പോളച്ചൻ, അന്നത്തെ തൊഴിയൂർ സഭാധ്യക്ഷൻ പിൻഗാമിയെ വാഴിക്കാതെ കബറടങ്ങിയപ്പോൾ, 1967 –ൽ മെത്രാനായി വാഴിക്കപ്പെടുകയും ചെയ്തു.

**കത്തോലിക്കാസഭയിലേക്ക്**

വായനയിലും പഠനത്തിലും ഉത്സുകനായിരുന്ന പീലക്സിനോസ് തിരുമേനി സഭാചരിത്രം പഠിക്കുകയും, ഏകവും വിശുദ്ധവും, കാതോലികവും അപ്പസ്തോലികവുമായ സഭ, കത്തോലിക്കാസഭയാണെന്നും, മറ്റു സഭകളും, വിഭാഗങ്ങളും ചരിത്രത്തിന്റെ ഗതിവിഗതികളിൽ മാതൃസഭയിൽനിന്ന് പിരിഞ്ഞുപോയവരാണെന്നും ബോധ്യപ്പെട്ടു. ദീർഘമായ പഠനത്തിനും പരിചിന്തനത്തിനും ശേഷം അദ്ദേഹം കത്തോലിക്കാസഭയിൽ ചേരാൻ തീരുമാനിച്ചു. പുനരൈക്യം തനിയെ ആകാതെ തൊഴിയൂർസഭ മുഴുവനായി ചേരണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. സഭയിൽപ്പെട്ട എല്ലാവരെയും അതേ ബോധ്യത്തിലേക്ക് കൊണ്ടുവരാനായി 'എന്തിന് ഞാൻ കത്തോലിക്കനാകുന്നു' എന്നൊരു ലഘുലേഖ എഴുതി പതിമൂന്ന് പള്ളികളിലേക്കും അയച്ചുകൊടുത്തു. അതിലെ ഒരു വാചകം ഞാൻ ഓർക്കുന്നു: 'തൊഴിയൂർസഭയിലെ മെത്രാപ്പോലീത്താ എന്നതിനേക്കാൾ കത്തോലിക്കാസഭയിലെ ഒരു കപ്യാർ ആയിരിക്കുന്നതാണ് മെച്ചമെന്ന് എനിക്ക് തോന്നുന്നു'. പ്രാരംഭത്തിൽ അധികം ആളുകൾ പിതാവിന്റെ പാത പിന്തുടർന്നില്ല. 1977 ആഗസ്റ്റ് 28ന് പീലക്സിനോസ് പിതാവും ബ. ജോർജ് വടക്കനച്ചനും തൃശൂർ അരമന

www.malankaralibrary.com



യിൽവച്ച് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയു ടെയും, മാർ അത്തനാസ്യോസ് പിതാവിന്റെയും, മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെയും മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ തിരുസഭയെ ആശ്ലേഷിച്ചു.

തിരുവല്ലായിൽ നിന്നിറങ്ങുന്ന 'മലങ്കര സഭാതാരക' എന്ന മാസിക പിതാവിന്റെ പുനരൈക്യത്തെ വിശേഷിപ്പിച്ചത് 'തിമിംഗലം പൂഞ്ഞാനെ വിഴുങ്ങി' എന്ന ശീർഷകത്തോടുകൂടെയാണ്. എന്നാൽ കത്തോലിക്കാസഭ എല്ലാ മത്സ്യങ്ങളെയും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു മഹാസമുദ്രമാണെന്ന് വിശാലമാനസർക്കുമാത്രമേ മനസ്സി ലാക്കാൻ കഴിയുകയുള്ളൂ. ആരും ആരെയും വിഴുങ്ങുന്നില്ല. ഇരു പത്തിനാലു വ്യക്തിഗതസഭകളും അതാതിന്റെ തനിമയും സംസ് കാരവും സംരക്ഷിച്ചുകൊണ്ടും വിശ്വാസത്തിലും സന്മാർഗ്ഗത്തിലും ആവശ്യമായ ഏകത്വവും മറ്റു കാര്യങ്ങളിൽ നാനാത്വവും പുലർത്തി ക്കൊണ്ടും, ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെ പിൻഗാമി യായ റോമിലെ മാർപാപ്പയോട് സഭാപരമായ കൂട്ടായ്മ നിലനിർ ത്തുന്ന 132 കോടി വിശ്വാസികളും അവരുടെ മെത്രാന്മാരുമടങ്ങുന്ന ആഗോളസഭയാണ് കത്തോലിക്കാസഭ.

**മലങ്കര കത്തോലിക്കാസഭയിലെ പ്രവർത്തനം**

തിരുവല്ലാ അതിരൂപത അക്കാലത്ത് കുന്നംകുളം പ്രദേശത്ത് നാല് സ്ഥലത്ത് - അഞ്ഞൂർ, കല്ലുമ്പുറം, ചാലിശ്ശേരി, ചിറയ്ക്കൽ - ഭൂമി വാങ്ങി. അഞ്ഞൂര്, തിരുമേനിയുടെ ആസ്ഥാന മന്ദിരവും ചെറിയ പള്ളിയും പണിതു. തൊഴിയൂർ സഭയിൽനിന്ന് ചേർന്നവർക്കുവേണ്ടി കല്ലുമ്പുറത്തും ഒരു ഇടവക ആരംഭിച്ചു. ചാലിശ്ശേരിയിൽ 2019-ൽ പണി തുടങ്ങി, 2021 ജനുവരിയിൽ ഇടവക ആരംഭിച്ചു. ചിറയ്ക്ക ലുള്ള സ്ഥലത്ത് ബഥനി ആശ്രമം സ്ഥാപിക്കാൻ രൂപത സ്ഥലം വിട്ടു കൊടുത്തു.

തിരുമേനി കത്തോലിക്കാസഭയിൽ ചേർന്ന് കൃത്യം ഒരു മാസം കഴിഞ്ഞപ്പോൾ മാർ അത്തനാസ്യോസ് തിരുമേനി കാലം ചെയ്തു. അത് കഴിഞ്ഞ് ഒന്നേകാൽ വർഷത്തിനു ശേഷമാണ് തിരുവല്ലായ്ക്ക് പുതിയ മെത്രാനെ ലഭിച്ചത്. തിരുവല്ലാ രൂപത "Sede Vacante' ആയി രുന്ന കാലത്ത് രൂപത എക്കോണമൂസ് എന്ന നിലയിൽ, പിതാവിന് കാർ വാങ്ങിയതും, പിതാവിനെ മറ്റു മെത്രാന്മാർക്കു പരിചയപ്പെടു ത്താനായി പല അരമനകളിലും കൊണ്ടുപോയതും ഓർക്കുന്നു.

www.malankaralibrary.com



ചായൽരൂപതയുടെ സ്ഥാനികമെത്രാനും, തിരുവനന്തപുരം അതിരൂപതയുടെ എപ്പിസ്കോപ്പൽ വികാരിയുമായിരുന്നെങ്കിലും, തിരുവല്ലായിൽ മെത്രാനില്ലാതിരുന്ന കാലത്ത്, മെത്രാനടുത്ത എല്ലാ കർമ്മങ്ങളും നിർവഹിച്ചിരുന്നത് പീലക്സിനോസ് തിരുമേനിയാണ്. ആസ്തമാ രോഗിയായിരുന്ന തിരുമേനി പലപ്പോഴും ശ്വാസം കിട്ടാൻ വിഷമിക്കുന്നത് കണ്ടിട്ടുണ്ട്. പുഷ്പഗിരിയിലായിരുന്നു ആദ്ദേഹത്തിന്റെ പ്രധാന ചികിത്സ. അദ്ദേഹത്തിനുവേണ്ടിത്തന്നെ ഒരു 'Bishop's Room' അവിടെ മാറ്റിയിട്ടിരുന്നു. നല്ല കാലാവസ്ഥയെപ്രതി പിതാവ് പലപ്പോഴും കുട്ടിക്കാനത്തുള്ള 'സഹ്യാദ്രി' എന്ന സ്ഥാപനത്തിലും പോയി താമസിക്കുമായിരുന്നു. കാഞ്ഞിരപ്പള്ളി രൂപത അതിന് ചാർജ്ജ് ഈടാക്കുമായിരുന്നില്ല.

**റോമിലെ വാസവും പഠനവും**



1979 ഒക്ടോബർ മുതൽ രണ്ടു സെമസ്റ്റർ, ഇഷ്ടമുള്ള പഠനം നടത്താൻ പൗരസ്ത്യ സഭകളുടെ കോൺഗ്രിഗേഷൻ സ്കോളർഷിപ്പ് നൽകി. റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം നടത്താനുള്ള സൗകര്യത്തിന്, അതിനോട് ചേർന്ന റഷ്യൻ കോളേജിലാണ് താമസം ഒരുക്കിയിരുന്നത്. പീലക്സിനോസ് തിരുമേനി കാര്യമായി ക്ളാസ്സുകളിലൊന്നും പോയില്ല. പല പ്രൊഫസർമാരുടെയും ലക്ച്ചറുകൾ മനസിലാക്കുവാൻ പിതാവിന് ആകുമായിരുന്നില്ല. അതുകാരണം, പിതാവ് ലൈബ്രറിയിൽ പോയി ഇഷ്ടമുള്ള പുസ്തകങ്ങൾ വായിക്കുമായിരുന്നു. 1979 ഒക്ടോബർ മുതൽ 1983 വരെ ഞാനും ബൈബിളിൽ ഉപരിപഠനത്തിനായി റോമിൽ ഉണ്ടായിരുന്നു. ബൈബിൾ പഠിക്കുന്നവർക്ക് ഒഴിവുസമയം വളരെ പരിമിതമാണ്. എങ്കിലും വ്യാഴാഴ്ചദിവസങ്ങളിൽ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതിനും, ബുക്കുഷോപ്പുകളിലുമൊക്കെ പിതാവിനെ കൊണ്ടുപോകുമായിരുന്നു. സുറിയാനി ഭാഷയുടെ വ്യാകരണങ്ങളും നിഘണ്ടുക്കളുമൊക്കെയാണ് പിതാവ്

www.malankaralibrary.com



വാങ്ങിയിരുന്നത്. ഒരിക്കൽ ഓറിയന്റൽ കോൺഗ്രിഗേഷനിലെ മോൺ. ലംസാ തന്റെ സ്വന്തം കാർ പിതാവിനെ സ്ഥലങ്ങൾ കാണിക്കാനായി വിട്ടുതന്നു. ഞാൻ ഡ്രൈവ് ചെയ്ത് 230 km ദൂരമുള്ള നേപ്പിൾസ്, സുബിയാക്കോ (വി. ബനഡിക്ട് സ്ഥാപിച്ച ആശ്രമം) മുതലായ സ്ഥലങ്ങളിൽ പോയത് ഓർക്കുന്നു. അന്ന് റോമിൽ പഠിച്ചു കൊണ്ടിരുന്ന ഫാ. ജോർജ് തോമസ് കല്ലുങ്കൽ O.I.C., ഫാ.അഗസ്റ്റിൻ ചാമക്കാലായിൽ O.I.C. എന്നിവരും കാറിൽ കൂടെയുണ്ടായിരുന്നു.

എട്ടു മാസം റോമിൽ താമസിച്ചിട്ടും പരിശുദ്ധ പിതാവുമായി ഒരു സ്വകാര്യ സന്ദർശനത്തിന് പീലക്സിനോസ് പിതാവിന് അവസരം ലഭിച്ചില്ല. അക്കാരണത്താൽ ഒരു പരാതിയെഴുതി ഞാൻ ഓറിയന്റൽ കോൺഗ്രിഗേഷനിൽ സമർപ്പിച്ചു. പിതാവ് റോം വിടുന്നതിന് രണ്ടാഴ്ച മുമ്പ് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ അദ്ദേഹത്തെ സ്വകാര്യ സന്ദർശനത്തിന് ക്ഷണിച്ചു. അന്ന് പിതാവിനെ അനുഗമിച്ചത് ഞാനും, വൈദികവിദ്യാർത്ഥിയായി റോമിലുണ്ടായിരുന്ന പ്ലാമൂട്ടിൽ ചാണ്ടിയും ആയിരുന്നു.

**രോഗവും മരണവും**

1997-ൽ അദ്ദേഹം പുഷ്പഗിരി ആശുപത്രിയിൽ രോഗിയായി കഴിയുമ്പോൾ അന്ന് തിരുവല്ലാ കത്തീഡ്രൽ വികാരിയായിരുന്ന എന്നെ വിളിപ്പിച്ചു. അദ്ദേഹം ചോദിച്ചു: 'ഞാൻ മരിക്കുമ്പോൾ എന്നെ തിരുവല്ലാ കത്തീഡ്രലിൽ അടക്കുമോ?' ഞാൻ പറഞ്ഞു: അത് രൂപതാദ്ധ്യക്ഷന്റെ തീരുമാനമാണ്. പിതാവുതന്നെ തിമോത്തിയോസ് പിതാവിനോട് ചോദിക്കുകയല്ലേ ശരി. പീലക്സിനോസ് പിതാവ് പറഞ്ഞു: അച്ചൻ ചോദിച്ചിട്ട് എനിക്ക് മറുപടി തന്നാൽ മതി. ഞാൻ തിമോത്തിയോസ് പിതാവിനെ കാണാൻ പോയി. അദ്ദേഹം പറഞ്ഞു: നിയതാർത്ഥത്തിൽ പീലക്സിനോസ് തിരുമേനി തിരുവനന്തപുരം അതിരൂപതയുടെ അംഗമാണ്. എന്നാൽ അദ്ദേഹം നമ്മുടെ രൂപതാതിർത്തിയിൽപ്പെട്ട ആളായതുകൊണ്ടും, പിതാവ് അങ്ങനെ ആഗ്രഹം പ്രകടിപ്പിച്ചതുകൊണ്ടും നമ്മുടെ ഭാഗത്തുനിന്ന് തടസ്സമില്ലായെന്ന് അറിയിക്കുക. ഞാൻ വീണ്ടും ആശുപത്രിയിൽ പോയി പിതാവിനെ അറിയിച്ചപ്പോൾ അദ്ദേഹത്തിന് വലിയ സന്തോഷമായി. ശ്വാസകോശ സംബന്ധമായ അസുഖം വഷളായതിനെത്തുടർന്ന് 1998 നവംബർ മൂന്നാം തീയതി പുഷ്പഗിരി ആശുപത്രിയിൽവച്ച് അദ്ദേഹം പരലോകപ്രാപ്തനായി.

www.malankaralibrary.com

# കാട്ടുമങ്ങാട്ടു ബാവാമാരും മലബാർ (തൊഴിയൂർ) സ്വതന്ത്ര സുറിയാനിസഭയുടെ ഉത്ഭവവും

കെ. ജെ. പീറ്റർ കീയ്യാലിൽ

കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറിലോസ് മെത്രാപ്പോലീത്താ കുന്നംകുളത്തിനടുത്തുള്ള തൊഴിയൂരിൽ വന്ന് 1772-ൽ ഒരു പള്ളി സ്ഥാപിക്കുന്നതോടുകൂടിയാണ് മലബാർ സ്വത്രന്ത്രസുറിയാനി സഭയുടെ ആരംഭം കുറിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ ഒരു ഗ്രാമപ്രദേശമായ തൊഴിയൂരിലുള്ള (അഞ്ഞൂർ), അംഗസംഖ്യയിൽ വളരെ ചെറിയൊരു ക്രൈസ്തവസമൂഹമാണ് മലബാർ (തൊഴിയൂർ) സ്വതന്ത്ര സുറിയാനി സഭ. ഏകദേശം 13 ഇടവകകളിലായി 1750 കുടുംബങ്ങളിലെ 10000 ത്തോളം അംഗങ്ങൾ ഈ സഭയിലുള്ളതായി കണക്കാക്കപ്പെടുന്നു. ഈ സമൂഹം അഞ്ഞൂർ സഭയെന്നും പറയപ്പെടാറുണ്ട്. അന്നത്തെ ചില സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ 1772-ൽ യാക്കോബായ സുറിയാനിസഭയിൽനിന്ന് ഉടലെടുത്ത ഈ സഭ അന്ത്യോക്യൻ സുറിയാനി ആരാധനക്രമം അതിന്റെ തനതായ രൂപത്തിൽ ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തീയവിശ്വാസത്തിലോ ആരാധനക്രമത്തിലോ യാക്കോബായസഭയും തൊഴിയൂർ സഭയും തമ്മിൽ യാതൊരു വ്യത്യാസവുമില്ല.

## അബ്രഹാം മാർ കൂറിലോസ് ഒന്നാമൻ

അബ്രഹാം മാർ കൂറിലോസ് ഒന്നാമൻ കാട്ടുമങ്ങാട്ട് വലിയ ബാവ എന്ന പേരിൽ അറിയപ്പെടുന്നു. മലയാളക്കരയിൽ ഉണ്ടായിട്ടുള്ള നാട്ടുമെത്രാന്മാരിൽ 'ബാവാ' എന്നു ഭക്തിയോടെ ആദരപൂർവ്വം

www.malankaralibrary.com



ജനങ്ങൾ വിളിച്ചിരുന്നത് കാട്ടുമങ്ങാട്ട് വലിയ ബാവായെയും സഹോദരൻ ഇളയബാവായെയുമാണ്. സാധാരണ വിദേശത്തുനിന്നു വരുന്ന (ശീമദേശം) മെത്രാന്മാരെയാണ്, മിശിഹായുടെ ജന്മദേശത്തുനിന്നും എത്തുന്നവർ എന്ന ബഹുമാനത്തോടെ ബാവാ എന്നു വിളിച്ചിരുന്നത്.

അബ്രഹാം മാർ കൂറിലോസ്ബാവ എറണാകുളം ജില്ലയിലെ പുരാതന ക്രൈസ്തവ കേന്ദ്രങ്ങളിലൊന്നായ മുളന്തുരുത്തിയിൽ കാട്ടുമങ്ങാട്ട് കുടുംബത്തിലാണ് ജനിച്ചത്. ഭക്തരായ കാട്ടുമങ്ങാട്ട് ബാവാമാരുടെ പൂർവികർ സിറിയയിൽനിന്നുവന്ന് ആദ്യം പിറവത്തും പിന്നീട് മുളന്തുരുത്തിയിലും കുടിയേറി പാർത്തവരാണെന്ന് കരുതപ്പെടുന്നു. ഇവരിൽ കാട്ടുമങ്ങാട്ടേക്കു മാറിത്താമസിച്ച അബ്രഹാമിന്റെ ആൺമക്കളിൽ അഞ്ചാമനായ അബ്രഹാം 1730 ലും ഏഴാമനായ ഗീവറുഗീസ് 1735 ലും ജനിച്ചു. ഈ ജേഷ്ഠാനുജന്മാരാണ് പിന്നീട് പുണ്യശ്ലോകരായി അറിയപ്പെടുന്ന കാട്ടുമങ്ങാട്ടു ബാവാമാർ.

സ്കൂൾ വിദ്യാഭ്യാസം അത്ര എളുപ്പമല്ലാതിരുന്നതിനാൽ ഗുരുക്കന്മാരുടെ കീഴിൽ നേരിട്ടു വിദ്യ അഭ്യസിക്കുക എന്നതായിരുന്നു (ഗുരുകുല വിദ്യാഭ്യാസം) അന്നത്തെ രീതി. ബാവാമാർ ജനിച്ചു വളർന്ന ഇടവകയായ മുളന്തുരുത്തിപള്ളി വിദേശ ബാവാമാരുടെ കീഴിൽ സുറിയാനിയും മറ്റു അനുബന്ധ വിദ്യാഭ്യാസവും നടത്തിപ്പോന്നിരുന്ന പഠനകേന്ദ്രമായിരുന്നു. അഞ്ചാം മാർത്തോമ്മായുടെ അപേക്ഷയനുസരിച്ച് അദ്ദേഹത്തിന് കൈവെപ്പു നല്കുവാൻവേണ്ട നിർദ്ദേശങ്ങളോടുകൂടി മാർ ഈവാനിയോസ് എന്ന മെത്രാനെ പാത്രിയർക്കീസ്ബാവ മലങ്കരയ്ക്കയച്ചു. എന്നാൽ തനിക്കു പട്ടം കൊടുക്കുവാനായി പ്രത്യേക കല്പന മാർ ഈവാനിയോസ് കൊണ്ടു വന്നിട്ടില്ല എന്നു പറഞ്ഞ് അഞ്ചാം മാർത്തോമ്മാ മാർ ഈവാനിയോസുമായി തെറ്റി. അദ്ദേഹം മുളന്തുരുത്തിയിൽ വന്നു താമസിച്ച് ശെമ്മാശന്മാരെയും മറ്റു കുട്ടികളെയും സുറിയാനിഭാഷ പഠിപ്പിക്കുകയും മറ്റു സഭാശുശ്രൂഷകൾ നിർവഹിക്കുകയും ചെയ്തുപോന്നു. കാട്ടുമങ്ങാട്ടെ അബ്രഹാമും ഗീവറുഗീസും ദിവസേന പള്ളിയിൽ വരുകയും പ്രാർത്ഥനകളിൽ സംബന്ധിക്കുകയും ശെമ്മാശന്മാർ സുറിയാനി ഗീതങ്ങൾ പാടുന്നത് ശ്രദ്ധയോടുകൂടി ശ്രവിക്കുകയും ചെയ്യുക പതിവായിരുന്നു. ഒരിക്കൽ ശെമ്മാശന്മാർ ഒരു സുറിയാനി ഗീതം തെറ്റായ രീതിയിൽ ചൊല്ലുകയും കാട്ടുമങ്ങാട്ടു സഹോദരന്മാർ അതു ശരിയായ രീതിയിൽ പാടുകയും ചെയ്യുന്നത് തന്റെ മുറിയിൽ

www.malankaralibrary.com



ഇരുന്ന് കേട്ടുകൊണ്ടിരുന്ന മാർ ഈവാനിയോസ് വളരെ സന്തോഷ ത്തോടുകൂടി ഈ ബാലന്മാരെ തന്റെ ശിഷ്യഗണത്തിൽ ഉൾപ്പെടുത്തി. പഠനകാര്യങ്ങളിലുള്ള അവരുടെ ഉത്സാഹവും ബുദ്ധിസാമർ ത്ഥ്യവും കണ്ട് സന്തുഷ്ടനായ മാർ ഈവാനിയോസ് ഇവർക്ക് മുള ന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽവച്ചു ശെമ്മാശുപട്ടവും പിന്നീട് വൈദികപട്ടവും നല്കി. കാട്ടുമങ്ങാട്ട് അബ്രഹാം കശ്ശീശായെ തന്റെ ശിഷ്യഗണങ്ങളെ പഠിപ്പിക്കുവാൻ നിയോഗിച്ചുകൊണ്ട് മാർ ഈവാനിയോസ് സ്വദേശത്തേക്കു മടങ്ങി.

അഞ്ചാം മാർത്തോമ്മായുടെ പട്ടത്വം ശരിയാക്കിത്തരുന്നതിന് പാത്രിയർക്കീസ്ബാവായ്ക്ക് വീണ്ടും എഴുതിയതിനാൽ 1751-ൽ അന്ത്യോക്യാ പാത്രിയർക്കീസിന്റെ ആജ്ഞാനുസരണം മലങ്കര യിലെ അഞ്ചാം മാർത്തോമ്മായെ പുനരഭിഷേകം ചെയ്യാൻ പശ്ചി മേഷ്യയിൽനിന്നും ശക്രള്ളാ മാർ ബസ്സേലിയോസ് മഫ്രിയാന (കാതോലിക്കാ) യും മലങ്കരസഭയുടെ കാര്യങ്ങൾക്കായി യരുശ ലേമിന്റെ യൂഹാനോൻ മാർ ഗ്രിഗോറിയോസ് ബാവായെയും ഒരു റമ്പാനെയും രണ്ടു ശെമ്മാശന്മാരെയും മലങ്കരയിലേക്ക് അയച്ചു. 1751 മേടമാസത്തിൽ അവർ കൊച്ചിയിലെത്തി.

കാട്ടുമങ്ങാട്ട് അബ്രഹാം അച്ചന്റെ പരിശ്രമത്തിൽ മട്ടാഞ്ചേ രിയിൽ സ്ഥലം വാങ്ങി അവിടെ ഒരു പള്ളി പണിതു. ആ പള്ളി യാണ് ഏലിശീമാപ്പള്ളിയെന്നു അറിയപ്പെടുന്നത്. ശക്രള്ളാ മാർ ബസ്സേലിയോസ് അവിടെ താമസമാക്കി. കാട്ടുമങ്ങാട്ടു അബ്രഹാം കശ്ശീശയെ ശെമ്മാശന്മാരെ സുറിയാനി പഠിപ്പിക്കുന്നതിനായി ചുമതലപ്പെടുത്തി. ദൈവാശ്രയബോധം, സഭയോടുള്ള കൂറ്, കാര്യ പ്രാപ്തി, ജീവിതലാളിത്യം, മാതൃകാപരമായ പ്രാർത്ഥനാജീവിതം, നിസ്വാർത്ഥത തുടങ്ങി സർവ സത്ഗുണങ്ങളുടെയും മൂർത്തീഭാവ മായ അദ്ദേഹത്തിൽ ഒരു ഉത്തമ ഇടയനെ ദർശിച്ച മാർ ബസ്സേലിയോ സിന് അബ്രഹാം കശ്ശീശായെ ഒരു മെത്രാനായി വാഴിക്കണമെന്ന ആഗ്രഹമുണ്ടായിരുന്നു. അതിനാൽ മാർ ബസ്സേലിയോസ് മഫ്രിയാ നാ ഏലിശീമ പള്ളിയിൽവച്ച് അബ്രഹാം കശ്ശീശയെ റമ്പാനായി ഉയർത്തി.

മുളന്തുരുത്തി, കരിങ്ങാച്ചിറ മുതലായ വടക്കൻ ഇടവകക്കാർ കാട്ടുമങ്ങാട്ടെ അബ്രഹാം മല്പാനെ മെത്രാനാക്കണമെന്ന് കണ്ടനാട്ടു കൂടിയ സഭായോഗത്തിൽവച്ച്, മലങ്കരസഭയുടെ കാര്യങ്ങൾ നിർവ്വ

www.malankaralibrary.com



ഹിക്കുവാൻ വന്നിരുന്ന മാർ ഗ്രിഗോറിയോസിനെ അറിയിച്ചു. കാട്ടുമങ്ങാട്ടുറമ്പാച്ചനു മേൽപ്പട്ടസ്ഥാനം നല്കുന്നതിനു മാർ ബസ്സേലിയോസിനു സമ്മതമായിരുന്നു.

മലങ്കരസഭയിലെ എല്ലാ ക്രൈസ്തവ വിഭാഗങ്ങളിലും ഇന്നും നിലനിന്നുപോരുന്ന വടക്കരെന്നും തെക്കരെന്നുമുള്ള വിഭാഗീയ ചിന്താഗതി പല മെത്രാൻ തെരഞ്ഞെടുപ്പുകളിലും സ്പഷ്ടമായി കാണാവുന്ന ചരിത്ര വസ്തുതയാണ്. അക്കാലത്തെ മലങ്കരസഭയുടെ ആസ്ഥാനങ്ങളായിരുന്ന വടക്കൻ ഇടവകകളുടെ സുസമ്മതനും ജന പ്രീതിയാർജ്ജിച്ചവനുമായ സ്ഥാനാർത്ഥി കാട്ടുമങ്ങാട്ട് അബ്രഹാം കശ്ശീശയായിരുന്നു.

മാർ ഗ്രീഗോറിയോസ്, കാട്ടുമങ്ങാട്ട് അബ്രഹാം റമ്പാനെ മാർ കൂറിലോസ് എന്ന നാമധേയത്തിൽ മട്ടാഞ്ചേരി എലിശീമ പള്ളി യിൽവച്ച് 1767 ൽ മെത്രാനായി വാഴിക്കുകയും അന്ത്യോക്യായിൽനി ന്ന് കൊണ്ടുവന്ന അംശവടിയും സ്ലീബായും മുടിയും വി. മൂറോനും മാർ കൂറിലോസിന് നല്കുകയും ചെയ്തു. ഈ വി. മൂറോനാണ് ഇന്നും തൊഴിയൂർസഭയിൽ ഉപയോഗിക്കപ്പെടുന്നതത്രേ.



*അബ്രഹാം മാർ കൂറിലോസ് ഒന്നാമൻ*

എന്നാൽ പുത്തൻകൂർ വിഭാഗത്തിന്റെ മേലദ്ധ്യക്ഷനാ യിരുന്ന ആറാം മാർത്തോമാ (ദിവന്നാസിയോസ് ഒന്നാമൻ) യുടെ അറിവോ അംഗീകാര മോ കൂടാതെയാണ് മാർ കൂറി ലോസ് മെത്രാനായി അഭിഷി ക്തനായത്. തന്മൂലം ആറാം മാർത്തോമ്മായുടെ അപ്രീതി ക്കും എതിർപ്പിനും ഈ മെത്രാ ഭിഷേകം കാരണമായിത്തീരു കയും ചെയ്തു.

അബ്രഹാം മാർ കൂറിലോ സിന്റെ മെത്രാഭിഷേകത്തിനു ശേഷം അദ്ദേഹത്തിനു പെരു മ്പടപ്പിൽ (കൊച്ചി രാജവംശം)

www.malankaralibrary.com



നിന്നു തീട്ടുരവും (വിളംബരം) പാലിയത്തുനിന്നും നീട്ടും ലന്തകമ്പനിക്കാരിൽ നിന്ന് (ഡച്ച്) കടലാസും ലഭിക്കുകയുണ്ടായി. മാർ കൂറിലോസ് വടക്കു-കൊച്ചി രാജാവിന്റെ അധികാര പരിധിയിലുള്ള ദേശങ്ങളിലെ പള്ളികളുടെയെല്ലാം ആദ്ധ്യാത്മിക മേലദ്ധ്യക്ഷനായിത്തീർന്നു.

മാർ കൂറിലോസിനു മുളന്തുരുത്തിയിലും സമീപ പ്രദേശങ്ങളിലും ജനപിന്തുണയും പ്രീതിയും അനുദിനം വർദ്ധിച്ചു വരുന്നതിൽ അസ്വസ്ഥനായ ആറാം മാർത്തോമാ (ദിവന്നാസിയോസ് ഒന്നാമൻ) അക്കാലത്തു കണ്ടനാട്ടു പ്രബലനായിരുന്ന കരവട്ടു അയ്പോരുതരകന്റെ സഹകരണത്തോടുകൂടി മാർ കൂറിലോസിന്റെ അധികാരത്തെ ചോദ്യം ചെയ്യുകയും മേൽപറഞ്ഞ വിവാദം ഡച്ച് വെസ്റ്റ് ഇൻഡ്യാ കമ്പനിയാൽ നിയോഗിക്കപ്പെട്ട പഞ്ചായത്തിന്റെ (നാട്ടുകോടതി) മുമ്പിൽ വിചാരണക്കു വരികയും ചെയ്തു. 'സ്ഥാനം കൊടുക്കപ്പെട്ടു പോയിട്ടുള്ളതിനാൽ, ആ സ്ഥാനത്തിൽ, ശേഷം മെത്രാപ്പോലീത്താമാരുടെ ആജ്ഞയിൽ കീഴിലിരുന്ന്, ചെലവു വാങ്ങിച്ച് താമസിച്ചുകൊള്ളണമെന്നായിരുന്നു' പഞ്ചായത്തിന്റെ തീർപ്പ്. ഇതിനുപുറമെ തിരുവിതാംകൂർ സർവാധികാര്യക്കാരെയും കൂട്ടിക്കൊണ്ടുവന്ന് കൊച്ചിരാജാവിനെ നിർബന്ധിച്ച് മാർ കൂറിലോസിനു നല്കിയിരുന്ന തീട്ടൂരം ആറാം മാർത്തോമ്മാ പിൻവലിപ്പിച്ചു. കൂടാതെ, അദ്ദേഹത്തിന്റെ ഭരണാധികാരത്തിലിരുന്ന എല്ലാ പള്ളികളും പിടിച്ചെടുക്കുകയും ചെയ്തു. മാർ കൂറിലോസ് ചെലവു പറ്റിക്കൊണ്ട് കരിങ്ങാച്ചിറ പള്ളിയിൽ താമസവുമാക്കി.

ഭരണമൊഴിഞ്ഞ മാർ കൂറിലോസ് കരിങ്ങാച്ചിറയിലും കണ്ടനാട്ടും താമസിച്ചിരുന്നത് ഒരു തടവുകാരന്റെ നിലയിലായിരുന്നു. യാതൊരുവിധ സ്വാതന്ത്ര്യവും അനുവദിക്കാതിരുന്നതിനു പുറമേ അദ്ദേഹത്തിന്റെ ജീവൻ അപായം വരുമോ എന്നുപോലും സംശയിക്കേണ്ടിവന്നു. സാധാരണ ഒരു വൈദികനെപ്പോലെ വി. കുർബാന അർപ്പിക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്ന വിലപിടിപ്പുള്ള വസ്ത്രങ്ങളും സ്വർണോപകരണങ്ങളും കൊടുത്ത് തടവിൽ നിന്ന് മോചനം പ്രാപിച്ചു.

കണ്ടനാട്ടുനിന്നും രക്ഷപെട്ട മാർ കൂറിലോസിന് ശത്രുക്കൾക്ക് പിടികൊടുക്കാതെയിരിക്കാൻ ഒരു ഒളിസങ്കേതം കണ്ടുപിടിക്കേണ്ടിയിരുന്നു. സ്വദേശമായ മുളന്തുരുത്തിക്കടുത്ത് അക്കാലത്ത് ഏറ്റവും

www.malankaralibrary.com



വിജനമായിരുന്ന വെട്ടിക്കൽ കുരിശുപള്ളിയിൽ താമസിച്ചുകൊണ്ട് മാർ കൂറിലോസും അനുജൻ ഗീവറുഗീസ് റമ്പാനും കാറ്റാടി പൗലോസ് റമ്പാനും ചേർന്ന് പൊതുജനങ്ങളുടെ ശല്യമില്ലാത്തതും പ്രാർത്ഥനയ്ക്കും ധ്യാനത്തിനും ഉപവാസത്തിനും ഉതകുന്നതുമായ ഒരു വിജനസ്ഥലം അന്വേഷിച്ചുകൊണ്ടിരുന്നു. വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽനിന്നു ഏകദേശം അഞ്ഞൂറു മീറ്റർ വടക്കു പടിഞ്ഞാറായി നാലുവശവും ഘോരവനമായിരുന്ന തേവനാൽ താഴ്‌വര കണ്ടുപിടിച്ച് അവിടേക്കു താമസം മാറ്റി. കാട്ടുകല്ലുകൾ പെറുക്കിയെടുത്ത് മണ്ണു കുഴച്ച് മാർ ബഹനാൻ സഹദായുടെ നാമത്തിൽ ഒരു താത്കാലിക ദൈവാലയം നിർമ്മിച്ച് ദിവസവും ആരാധന നടത്തിയിരുന്നു. കാട്ടുപഴങ്ങളും കിഴങ്ങുകളും, വല്ലപ്പോഴും സഹോദരങ്ങൾ കൊടുക്കുന്ന ധാന്യവും കഴിച്ചുകൊണ്ട് 1771 വരെ ഈ കാട്ടിൽ അവർ ഒളിച്ചു താമസിച്ചിരുന്നതായി പറയപ്പെടുന്നു.

തേവനാൽ തടത്തിൽ തപോനിഷ്ഠമായ ജീവിതം നയിച്ചുവരവേ, അവരുടെ പ്രാർത്ഥനാജീവിതത്തിന്റെ ചൈതന്യം കാണിക്കുന്ന അത്ഭുതകരമായ ഒരു സംഭവമുണ്ടായി. ആ വനത്തിൽ ഉണ്ടായിരുന്നതും അയൽപ്രദേശങ്ങളിൽ ഉള്ളവർക്ക് ഭീഷണിയുമായിരുന്ന ഒരു മഹാസർപ്പത്തെ ഈ ഭക്തന്മാരുടെ 40 ദിവസത്തെ നിരന്തരമായ പ്രാർത്ഥനമൂലം നിർമ്മൂലമാക്കിയ സംഭവം നാടെങ്ങും പരന്നു. ഭക്തരായ ബാവാമാർ വി. കുർബാന അർപ്പിക്കുമ്പോൾ പന്നിക്കുറവൻ കാവിനടുത്ത് വലിയൊരു പാലമരത്തിലിരുന്ന് ഈ സർപ്പം ചിലച്ച് ഘോരമായ ശബ്ദം ഉണ്ടാക്കി അവരെ ശല്യപ്പെടുത്തിയിരുന്നു. വി. കുർബാനയ്ക്കുശേഷം ഈ മരത്തിനു ചുറ്റും വിശുദ്ധന്മാർ ധൂപം വയ്ക്കുമായിരുന്നു. നാല്പത്തിയൊന്നാം ദിവസം ഈ സർപ്പം ഒരു അഗ്നിഗോളമായി ചിതറി അത് ഇരുന്ന കമ്പോടുകൂടി നിലംപതിച്ചു. തേവനാൽ തടത്തിൽ തപോനിഷ്ഠയോടെ ജീവിച്ചിരുന്ന വിശുദ്ധരുടെ അജ്ഞാതവാസം അതോടെ വെളിപ്പെടുകയും അവിടുത്തെ താമസം സുരക്ഷിതമല്ലാതെ വരികയും ചെയ്തു. ശത്രുക്കൾ എപ്പോഴെങ്കിലും തങ്ങളുടെ സങ്കേതം കണ്ടുപിടിക്കുമെന്നുള്ള ഭയം ഈ വിശുദ്ധരെ അലട്ടിക്കൊണ്ടിരുന്നു. അതിനാൽ ഡച്ചുകാരുടെ അതിർത്തിക്കപ്പുറത്ത് ബ്രിട്ടീഷ് അധികാരത്തിലുള്ള ഒരു സ്ഥലം കണ്ടുപിടിക്കേണ്ടത് അനിവാര്യമാകുകയും തേവനാൽതടം വിട്ട് പോകുവാൻ അവർ നിർബന്ധിതരാകുകയും ചെയ്തു. പൊന്നാനിയിലുള്ള ഒരു പൂർവ സുഹൃത്തിന് വിവരങ്ങൾ കാണിച്ചെഴുതി അന്വേഷി

www.malankaralibrary.com



ച്ചുകൊണ്ടിരുന്നു. മാർ കൂറിലോസിന്റെ പൂർവവിദ്യാർത്ഥിയും പഴയ സെമിനാരി സ്ഥാപകനുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസിന്റെ കാരണവരായിരുന്ന ഇട്ടൂപ്പ് കത്തനാർ ഈ വിവരമറിഞ്ഞ് അവരെ സഹായിക്കുവാൻ തീരുമാനിച്ചു. സഹോദരന്മാർ ഇരുവരും തേവനാൽതടം വിട്ട് വള്ളംവഴി കുന്നംകുളത്തിനു പോകുവാൻ തീരുമാനിച്ചു. ഇട്ടൂപ്പ് കത്തനാരുടെ സംരക്ഷണയിൽ അവർ കുന്നംകുളത്തെത്തി.

പരുമലയിൽ കാലം ചെയ്ത മാർ ഗ്രിഗോറിയോസ് തിരുമേനി (മുളന്തുരുത്തി ചാത്തുരുത്തി തിരുമേനി) റമ്പാച്ചനായിരുന്ന കാലത്ത് താമസിച്ചിരുന്നത് വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽ ആയിരുന്നു. ആ കാലങ്ങളിലൊക്കെയും അദ്ദേഹം കാട്ടുമങ്ങാട്ടു ബാവാമാർ ഭജനമിരുന്ന തേവനാൽതടം സന്ദർശിക്കുകയും അജ്ഞാതവാസ കേന്ദ്രത്തിലെ ദയറാ സന്ദർശിക്കുകയും ദീർഘസമയം അവിടെ ധ്യാനനിരതനായി കഴിച്ചുകൂട്ടുകയും ചെയ്തിരുന്നു. പരിശുദ്ധനായ പരുമല തിരുമേനി മാർ കൂറിലോസ് ബാവായെ ഏറ്റവും ഭക്ത്യാദരവുകളോടെ സ്മരിച്ചിരുന്നു. അവിടെ ഒരു പള്ളിയും പള്ളിമുറിയും ദയറായോടനുബന്ധിച്ച് പുതുക്കിപ്പണിയുന്നതിന് അദ്ദേഹം ആഗ്രഹിച്ചിരുന്നതായി പറയപ്പെടുന്നു.

ദയറാശെമ്മാശൻ എന്ന പേരിൽ ജനങ്ങൾക്ക് സുപരിചിതനും ജീവിതകാലം മുഴുവൻ ദയറായക്കാരനുമായിരുന്ന കൂനപ്പള്ളിൽ കുര്യാക്കോസ് ശെമ്മാശന്റെ പേർക്ക് ആ സ്ഥലം നാമമാത്രമായ പ്രതിഫലം പറ്റിക്കൊണ്ട് കൈവശക്കാരനായിരുന്ന മുരിക്കൻ തീറുകൊടുത്തു. ദയറാശെമ്മാശനും തേവനാൽതടത്തിൽ ഒരു പള്ളിയും മുറിയും പണിയുവാൻ അത്യുത്സാഹം കാണിച്ചുവെങ്കിലും അതിനു സാധിച്ചില്ല. അദ്ദേഹം കെട്ടിടത്തിന്റെ തറ കെട്ടിച്ചെങ്കിലും കാലപ്പഴക്കത്തിൽ അതു നശിച്ചുപോയി.

തേവനാൽതടത്തിൽ ഒരു പള്ളിയും മുറിയും ഭജനകെട്ടിടവും പണിയുവാനുള്ള ശ്രമം പൂവണിഞ്ഞത് കാട്ടുമങ്ങാട്ട് ഓലിയിൽ അബ്രഹാം കശ്ശീശായുടെ കാലത്തായിരുന്നു. കാട്ടുമങ്ങാട്ടു വലിയബാവ കബറടങ്ങിയ തൊഴിയൂർപള്ളിയിൽ ഒരു പട്ടക്കാരനായി വളരെക്കാലം സേവനമനുഷ്ഠിച്ചശേഷം സ്വദേശത്തേക്കു മടങ്ങിയ അദ്ദേഹം കാട്ടുമങ്ങാട്ട് ബാവാമാർ തപസ്സിരുന്ന ദയറായുടെ ഏതാനും വാരമാത്രം അകലെയായി ഒരു കുന്നിൻമുകളിൽ മാർ

www.malankaralibrary.com



ബഹനാൻ സഹദായുടെ നാമത്തിൽ ഒരു ദൈവാലയം പണിതീർത്തു. ഈ ദൈവാലയം തേവനാൽപള്ളിയെന്ന് ഇന്ന് അറിയപ്പെടുന്നു.

**തേവനാൽതടത്തിൽനിന്ന് തൊഴിയൂർക്ക്**

കുന്നംകുളത്തെത്തിയ കാട്ടുമങ്ങാട്ട് ബാവാമാർക്ക് അക്കാലത്തെ ഒരു കുലീന കുടുംബമായ പനയ്ക്കൽ വീട്ടുകാരാണ് അഭയം നല്കിയത്. കിഴക്കേ അങ്ങാടിയുടെ പുറകിലുള്ള ഒരു ഇരുനില കെട്ടിടത്തിൽ കുറച്ചുകാലം അവർ താമസിച്ചു. എന്നാൽ കുന്നംകുളത്തും ആർത്താറ്റും ഉള്ള പള്ളികൾ മാർ ദിവന്നാസിയോസ് ഒന്നാമന്റെ (ആറാം മാർത്തോമ്മാ) അധികാരപരിധിയിലുള്ളവയാകയാൽ കുന്നംകുളത്തെ വാസം സുരക്ഷിതമല്ലെന്ന് അവർ മനസ്സിലാക്കി, മലബാർ പ്രദേശത്തേക്കു കടന്നു. യാത്രക്കിടയിൽ പെങ്ങാമുക്ക്, കാട്ടകമ്പാൽ മുതലായ അയൽപ്രദേശങ്ങൾ സന്ദർശിക്കുവാൻ ഇടയായി. കൃഷിക്കാരായിരുന്ന ഈ ദേശത്തെ ജനങ്ങൾ തങ്ങളെ ഉപ്രദവിക്കുന്ന കീടങ്ങളെക്കുറിച്ച് വിശുദ്ധന്മാരെ അറിയിക്കുകയും അവരുടെ ദുഃഖത്തിൽ മനസ്സലിവു തോന്നിയ പിതാക്കന്മാർ അവർക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. കീടശല്യത്തിൽനിന്നും രക്ഷപ്പെട്ടതിനു കൃതജ്ഞതയായി ആ നാട്ടുകാർ ഇപ്പോഴും ചെറിയബാവായുടെ ഓർമ്മപ്പെരുന്നാൾ ദിവസം തൊഴിയൂർ ഭദ്രാസനപ്പള്ളിയിൽ അന്നദാനം നടത്തിപ്പോരുന്നു.

കാട്ടുമങ്ങാട്ട് തിരുമേനിമാർ കൊച്ചിയും തിരുവിതാംകൂറും വിട്ടുപോകേണ്ടി വന്നപ്പോൾ അവർക്കു അഭയം നല്കിയ ഗ്രാമമാണ് അഞ്ഞൂർ. കുന്നംകുളത്തുനിന്നും നാലു കിലോമീറ്റർ തെക്കു പടിഞ്ഞാറായി മലബാറിൽ പഴയ കൊച്ചിരാജ്യത്തിന്റെ അതിർത്തിക്കടുത്താണ് ഈ സ്ഥലം. വെയിലും മഴയും ഏല്ക്കാതിരിക്കാൻ നാട്ടുകാരുടെ സഹായത്തോടുകൂടി പനമ്പുകൊണ്ടു മറച്ച് മാർ ബഹനാൻ സഹദായുടെ നാമത്തിൽ നിർമ്മിച്ച കുടിലിനകത്ത് രണ്ടു വർഷം അവർ കഴിച്ചുകൂട്ടി. പിന്നീട് അയൽഗ്രാമമായ തൊഴിയൂരിൽ ഒരു ദൈവാലയവും പാർപ്പിട സൗകര്യവും ലഭിച്ചപ്പോൾ ഇത് ഒരു കുരിശടിയായി രൂപാന്തരപ്പെട്ടു.

തിരുമേനിമാർ അഞ്ഞൂരു താമസിക്കുമ്പോൾ അത്ഭുതകരമായ ഒരു സംഭവം ഉണ്ടായി. ആ നാട്ടുകാരനും പ്രമാണിയും പുന്നത്തൂർ രാജാവിന്റെ സൈന്യാധിപനുമായിരുന്ന ഹൈദ്രോസ്കുട്ടി മൂപ്പന്റെ ഏക മകൻ പേപ്പട്ടി വിഷബാധയേറ്റ് പേയിളകി മരണാസന്നനായി

www.malankaralibrary.com





*തൊഴിയൂർ ഭദ്രാസന പള്ളി*

കിടക്കുമ്പോൾ അഞ്ഞൂറിൽ എത്തിയിരിക്കുന്ന മുനിമാരെക്കുറിച്ച് കേട്ടറിഞ്ഞു. തത്ക്ഷണം അവശനായ കുട്ടിയെയുംകൊണ്ട് അയാൾ തിരുമേനിമാരെ സമീപിച്ചു. ദീനദയാലുവായ വലിയബാവാ ദീർഘ നേരം കണ്ണുനീരോടുകൂടി പ്രാർത്ഥിക്കുകയും ധാരധാരയായി ഒഴുകിയ കണ്ണുനീർക്കണങ്ങൾ മേശപ്പുറത്തു വീഴുകയും ആ കണ്ണു നീർകൊണ്ട് മേശപ്പുറത്ത് ഉരുട്ടിയെടുത്ത ഗുളിക ബാലന്റെ വായിൽ ഇടുകയും കുട്ടി അത്ഭുതകരമാംവിധം സുഖം പ്രാപിക്കുകയും ചെയ്തു. സന്തോഷചിത്തനായ ആ പ്രമാണി നന്ദിസൂചകമായി ദാനം ചെയ്ത സ്ഥലമാണ് വി. ഗീവറുഗീസ് സഹദായുടെ തിരുശേഷി പ്പോടുകൂടിയ തൊഴിയൂർ ഭദ്രാസനപ്പള്ളി സ്ഥിതിചെയ്യുന്ന 54 ഏക്ക റോളം വരുന്ന തെങ്ങിൻതോപ്പ്. 1772 മെയ് 28 ന് തൊഴിയൂർ ഭദ്രാസന പ്പള്ളിക്ക് അടിസ്ഥാനമിട്ടു. കാട്ടുമങ്ങാട്ട് വലിയബാവ എന്നറിയപ്പെ ടുന്ന അബ്രഹാം മാർ കൂറിലോസ് മെത്രാപ്പോലീത്താ 1802 ജൂലൈ 10 ന് കാലം ചെയ്യുകയും തൊഴിയൂർ ഭദ്രാസനപ്പള്ളിയിൽ കബറടക്ക പ്പെടുകയും ചെയ്തു.

## ഗീവറുഗീസ് മാർ കൂറിലോസ് രണ്ടാമൻ

1794-ൽ വലിയബാവ തന്റെ അനുജനായ ഗീവറുഗീസ് റമ്പാനെ

www.malankaralibrary.com



കൂറിലോസ് രണ്ടാമൻ എന്ന പേരിൽ മെത്രാനായി വാഴിച്ചു. മാർ കൂറിലോസ് ഒന്നാമന്റെ ദേഹവിയോഗത്തിനുശേഷം മാർ കൂറിലോസ് രണ്ടാമൻ ഭരണം ഏറ്റെടുത്തു. പ്രാർത്ഥനയിലും ധ്യാനത്തിലും ഉപവാസത്തിലും മുഴുകിയിരുന്ന അദ്ദേഹത്തിന് ഭരണത്തിൽ ഒട്ടുംതന്നെ താത്പര്യമുണ്ടായിരുന്നില്ല. നിറകണ്ണുകളോടെയാണ് പലപ്പോഴും അദ്ദേഹം കാണപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ പ്രാർത്ഥനാസമയത്ത് ഒരു വഞ്ചിയുടെ ആകൃതിയിൽ മരം കൊണ്ടുണ്ടാക്കിയ ഒരു പാത്രം കഴുത്തിൽ കെട്ടിത്തൂക്കിയിരുന്നു. കണ്ണുനീർ വീണ് കുപ്പായം നനയുന്നതുകൊണ്ടാണ് ഇങ്ങനെ ചെയ്തിരുന്നതെന്നും ഈ പാത്രം പിൻഗാമികളിൽ 11-ാമത്തെ മെത്രാന്റെ കാലം വരെ തൊഴിയൂരിൽ ഉണ്ടായിരുന്നുവെന്നും ഒരു ദിവ്യവസ്തുവായി ഇതിനെ കണക്കാക്കിയിരുന്നെന്നും കാലപ്പഴക്കത്തിൽ അത് ദ്രവിച്ചുപോയെന്നും പറയപ്പെടുന്നു.

സഹോദരനായിരുന്ന വലിയ തിരുമേനിയുമൊരുമിച്ച് തേവനാൽ തടത്തിൽ താമസിച്ചിരുന്ന കാലത്ത് ചെറിയബാവ സുറിയാനിയിൽ എഴുതിയിട്ടുള്ള പുതിയനിയമ പുസ്തകം ഇന്നും തൊഴിയൂർ അരമന ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ പട്ടംകൊടയുടെ ക്രമങ്ങൾ അടങ്ങിയ പുസ്തകം, ആണ്ടടക്കമുള്ള പെരുന്നാളുകൾക്കും മറ്റു വിശേഷദിവസങ്ങൾക്കും എല്ലാ ഞായറാഴ്ചക്കുമുള്ള പ്രസംഗങ്ങൾ അടങ്ങിയ പുസ്തകം എന്നിവയാണ് ഈ ഗ്രന്ഥശേഖരത്തിൽപ്പെട്ട ചിലത്. ഇവയിൽ പലതും തേവനാൽതടത്തിൽ വച്ച് എഴുതിയവ എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

സഭയുടെ ഭരണഭാരം തന്റെ പിൻഗാമികളെ ഏല്പിച്ചശേഷം മാർ കൂറിലോസ് രണ്ടാമൻ സ്വദേശമായ മുളന്തുരുത്തിയിൽ പോയി താമസമാക്കി. പരിശുദ്ധനായ മാർ കൂറിലോസ് രണ്ടാമന്റെ ഭക്തജീവിതം പരക്കെ അറിയപ്പെട്ടിരുന്നതിനാൽ അദ്ദേഹം മുളന്തുരുത്തിയിലും സമീപപ്രദേശങ്ങളിലും ഉള്ളവരുടെ ബഹുമാനപാത്രമായി ത്തീർന്നു. 1809 മെയ് 29 -ാം തീയതി ചെറിയബാവാ കാലം ചെയ്തു. അദ്ദേഹത്തിന്റെ ഭൗതികശരീരം മുളന്തുരുത്തിയിൽനിന്ന് വെട്ടിക്കൽ ദയറായിൽ കൊണ്ടുവന്നു സംസ്കരിച്ചു. അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ വെട്ടിക്കൽ ദയറായിലും തൊഴിയൂർ പള്ളിയിലും കൊണ്ടാടി വരുന്നു.

വാസ്തവത്തിൽ ഈ പിതാക്കന്മാർ മാതൃസഭയെവിട്ട് ഒരു പുതിയ സ്വതന്ത്രസഭ സ്ഥാപിക്കണമെന്ന് സ്വപ്നത്തിൽപോലും വിചാരിച്ചു

www.malankaralibrary.com



കാണുകയില്ല. കേരളത്തിലെ പുത്തൻകൂർ സഭാചരിത്രത്തിൽ അതാതു കാലങ്ങളിൽ നടന്നിട്ടുള്ള പല താളപ്പിഴകളിൽ ഒന്നിൽ ഈ പിതാക്കന്മാരും ബലിയാടുകളായി മാറി എന്നതാണ് യാഥാർത്ഥ്യം. പൗരോഹിത്യത്തിന് ചേർന്നവിധം പ്രാർത്ഥിക്കുന്നതിനും വിശുദ്ധ കുർബാന അർപ്പിക്കുന്നതിനും ഒരു ദൈവാലയം ഉണ്ടാക്കുക മാത്ര മായിരുന്നു അവരുടെ ആഗ്രഹം. സ്വന്തം നാട്ടിൽ അതു സഫലീകരി ക്കാൻ സാധ്യമല്ലാതെ വന്നപ്പോൾ മറുനാട്ടിലേക്ക് ജീവനുംകൊണ്ട് ഒളിച്ചോടി പോകേണ്ടതായി വന്നു അവർക്ക്. ഒരു സ്വതന്ത്രസഭ സ്ഥാപിക്കുക എന്ന ആശയം ഈ പിതാക്കന്മാർക്കുണ്ടായിരുന്നില്ല. അതിനുവേണ്ടി അവർ ശ്രമിച്ചിട്ടുമില്ല. ഇത്രമാത്രം ദുരിതങ്ങളും, അവഗണനകളും, ദാരിദ്ര്യവും അലച്ചിലുകളും അനുഭവിച്ചിട്ടുള്ള പിതാക്കന്മാർ മലങ്കരസഭയിൽ കുറവാണ്. തൊഴിയൂരും സമീപപ്രദേ ശങ്ങളിലും ആളുകൾ ഈ വിശുദ്ധരുടെ ജീവിതം കണ്ട് അഞ്ഞൂർപ്പള്ളി കേന്ദ്രമാക്കി ഇടവകാംഗങ്ങളായിതീരുകയും കാലക്രമേണ ഒരു ചെറിയ ക്രിസ്തീയസമൂഹം രൂപപ്പെടുകയും അങ്ങനെ ആ വിശ്വാസി കളുടെ കൂട്ടം മലബാർ സ്വതന്ത്രസുറിയാനി സഭയെന്ന് അറിയപ്പെടു കയും ചെയ്തു. വാസ്തവത്തിൽ മലങ്കരസഭയുടെ പരിശുദ്ധന്മാരായി തീരേണ്ട വലിയബാവായും ചെറിയബാവായും ഒരു ചെറിയ സമൂഹ ത്തിൽ മാത്രം അറിയപ്പെടുന്നതുകൊണ്ടായിരിക്കാം, അല്ലെങ്കിൽ അവഗണന കൊണ്ടായിരിക്കാം കൂടുതൽ അറിയപ്പെടാതെ പോയ തെന്നു കരുതാം.

**തൊഴിയൂർസഭയെ ഭരിച്ച മേലദ്ധ്യക്ഷന്മാരും ഭരണകാലവും**

1. അബ്രഹാം മാർ കൂറിലോസ് ഒന്നാമൻ (1771–1802)
2. ഗീവറുഗീസ് മാർ കൂറിലോസ് രണ്ടാമൻ (1802–1808)
3. ജോസഫ് മാർ ഈവാനിയോസ്
   (സഫ്രഗൻ മെത്രാപ്പോലീത്താ – 1807 ൽ 6 മാസം മാത്രം. അ കാലചരമം പ്രാപിച്ചു)
4. സ്കറിയാ മാർ പീലക്സിനോസ് ഒന്നാമൻ (1807–1811)
5. ഗീവറുഗീസ് മാർ പീലക്സിനോസ് രണ്ടാമൻ (1811–1829)
6. ഗീവറുഗീസ് മാർ കൂറിലോസ് മൂന്നാമൻ (1829–1856)
7. ജോസഫ് മാർ കൂറിലോസ് നാലാമൻ (1856–1888)
8. ജോസഫ് മാർ അത്തനാസിയോസ് ഒന്നാമൻ (1888–1898)
9. ഗീവറുഗീസ് മാർ കൂറിലോസ് അഞ്ചാമൻ (1898–1935)
10. പൗലോസ് മാർ അത്തനാസിയോസ് രണ്ടാമൻ. (സഫ്രഗൻ

www.malankaralibrary.com



മെത്രാപ്പോലീത്ത 1917–1927. അകാല ചരമം പ്രാപിച്ചു)

11. കുര്യാക്കോസ് മാർ കൂറിലോസ് ആറാമൻ (1935–1947)
12. ഗീവറുഗീസ് മാർ കൂറിലോസ് ഏഴാമൻ (1948–1967)
13. പൗലോസ് മാർ പീലക്സിനോസ് മൂന്നാമൻ (1967–1977)
14. മാത്യൂസ് മാർ കുറിലോസ് എട്ടാമൻ (1978–1986)
15. ജോസഫ് മാർ കൂറിലോസ് ഒമ്പതാമൻ (1986–2001)
16. സിറിൽ മാർ ബസ്സേലിയോസ് ഒന്നാമൻ (2001–)

ഇതിൽ പതിമൂന്നാമത് പറഞ്ഞിട്ടുള്ള പൗലോസ് മാർ പീലക്സിനോസ് മൂന്നാമൻ മെത്രാപ്പോലീത്തായാണ് 1977 ഓഗസ്റ്റ് 28 ന് മലങ്കര സുറിയാനി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടത്.

www.malankaralibrary.com

# 'കൊച്ചുകുഞ്ഞൻ' എന്ന പീലക്സിനോസ് പിതാവ്

**ജോബ് അയ്യംകുളങ്ങര**
(പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ
യുടെ ഇളയ സഹോദരൻ.)

അഞ്ഞൂർ അയ്യംകുളങ്ങര പൗലോസ് കത്തനാരുടെയും എളച്ചാരിന്റെയും മകൻ തോമസ്സിനും മരത്തംകോട് ചെറുവത്തൂർ ഇയ്യുവിന്റെയും മാത്തിരിയുടേയും മകൾ താണ്ടക്കുട്ടിയ്ക്കും 1928 ഏപ്രിൽ മാസം 28 ന് ഒരു കുഞ്ഞു പിറന്നു, ഒരാൺകുഞ്ഞ്. ഇന്നാട്ടിലെ ആചാരപ്രകാരം കടിഞ്ഞൂൽ പ്രസവം അമ്മവീട്ടിൽ വച്ചായിരിക്കണം എന്നുണ്ട്. വിവാഹാനന്തരം നീണ്ട 14 സംവത്സരങ്ങൾക്കുശേഷം പിറക്കുന്ന കുഞ്ഞ് ! ഇരുവീട്ടുകാർക്കും ഹൃദയം നിറഞ്ഞ് ആഹ്ലാദിക്കാൻ മറ്റെന്തു വേണം ?

ശൈശവവിവാഹം നിലവിലിരുന്ന അക്കാലത്ത് തോമസ്സിന് വിവാഹം കഴിക്കുമ്പോൾ പ്രായം പതിനൊന്ന്; താണ്ടക്കുട്ടിക്ക് വെറും ആറ്. രണ്ടുപേരും മുറ്റത്തിരുന്ന് മണ്ണപ്പം ചുട്ടു കളിച്ചിട്ടുണ്ടെന്ന് അമ്മ പറഞ്ഞു കേട്ടിട്ടുണ്ട്. എട്ടും പൊട്ടും തിരിയാത്ത പ്രായം! കിരീടവും രണ്ടാംമുണ്ടും അണിയിച്ച് പീഠത്തിലിരുത്തി വരനെയും, നീണ്ട ഉടുപ്പും മേക്കാമോതിരവും ആഭരണങ്ങളും അണിയിച്ച് ചുമലിലിരുത്തി വധുവിനെയും പള്ളിയിലെത്തിക്കുന്നു. താലികെട്ടു കഴിഞ്ഞ്, പല്ലക്കിൽ തിരികെ ഭർത്തൃഗൃഹത്തിലേക്ക്. തന്റെ ബാല്യകാലസ്മരണകൾ ഹൃദയത്തിലൂടെ മിന്നിമറയുമ്പോൾ വാർദ്ധക്യം ചുളിവുതീർത്ത അമ്മയുടെ മുഖത്ത് നാണത്തിന്റെ നേരിയ നിഴലുകൾ തെളിയുന്നത് ഈയുള്ളവൻ കണ്ടിട്ടുണ്ട്.

www.malankaralibrary.com



തൊഴിയൂർസഭയുടെ ഭദ്രാസന ദൈവാലയമായ അഞ്ഞൂർ പള്ളിയിൽവച്ച് പൗലോസ് എന്ന നാമധേയത്തിൽ പീലക്സിനോസ് പിതാവ് ജ്ഞാനസ്നാനം സ്വീകരിച്ചു. വീട്ടുകാരും അടുത്ത ബന്ധുക്കളും 'കൊച്ചുകുഞ്ഞൻ' എന്നും, സുഹൃത്തുക്കളും സഹപാഠികളും 'പോൾ' എന്നുമാണ് ചെറുപ്രായത്തിൽ ജ്യേഷ്ഠനെ വിളിച്ചിരുന്നത്. വീട്ടുകാരിലും അയൽവാസികളിലും സന്തോഷവും കൗതുകവും വളർത്തിക്കൊണ്ട് കൊച്ചുകുഞ്ഞൻ വളർന്നു.

ഏതാണ്ട് അഞ്ചു വയസ്സായതോടെ ആ ബാലന് കഷ്ടകാലമായി. ഓടിച്ചാടി നടന്നിരുന്ന കൊച്ചുകുഞ്ഞന് പെട്ടെന്നൊരു പനി വന്നു. എന്റെ മാതാവിൽനിന്ന് പലപ്പോഴായി കേട്ടറിഞ്ഞിട്ടുള്ള വിവരങ്ങളാണ് ഇനി ഞാൻ കുറിക്കുന്നത്. പനിയോടൊപ്പം തൊണ്ടയിലും കഴുത്തിലും നീർക്കെട്ടും, വെള്ളമിറക്കാൻ പറ്റാത്ത തരത്തിലുള്ള വേദനയും അനുഭവപ്പെട്ടു. പരിശോധനയിൽ ടോൺസിലൈറ്റിസ് ആണെന്നും ഇനിയും ഇടയ്ക്കിടയ്ക്ക് പഴുത്ത് നീരു വരാതിരിക്കണമെങ്കിൽ അത് നീക്കിക്കളയണമെന്നും ഡോക്ടർമാർ നിർദ്ദേശിച്ചുവത്രേ. വിവരമറിഞ്ഞപ്പോൾ അമ്മ ഭയന്ന് കരയാൻ തുടങ്ങി. അപ്പച്ചനാണെങ്കിൽ സ്ഥലത്തില്ല. വർഷങ്ങളായി പൂനയ്ക്കടുത്ത് കോലാപ്പൂർ (ഇന്നത്തെ മഹാരാഷ്ട്ര സംസ്ഥാനം) എന്ന സ്ഥലത്ത് 'ദി ഗ്യാരന്റി വോൾക്കനൈസിംഗ് വർക്ക്സ്' എന്ന സ്ഥാപനം നടത്തിവരികയാണ്. വർഷത്തിലൊരിക്കൽ നാട്ടിൽ വരും. അമ്മയോടും കുടുംബത്തോടുമൊപ്പം രണ്ടു മാസം താമസിക്കും; തിരികെപ്പോകും. അപ്പച്ചന്റെ പിതാവ് പൗലോസ് കത്തനാർ, അപ്പച്ചന് ഒന്നര വയസ്സ് ഉള്ളപ്പോൾ അന്തരിച്ചിരുന്നു.

അപ്പച്ചന്റെ ജേഷ്ഠസഹോദരൻ ഇയ്യോബ് കത്തനാർ (അദ്ദേഹവും തൊഴിയൂർസഭയിലെ ഒരു വൈദികനായിരുന്നു) മുൻകൈയ്യെടുത്ത് ശസ്ത്രക്രിയ നടത്തിച്ചു. ശാസ്ത്രം ഇത്രയൊന്നും പുരോഗമിച്ച കാലമല്ലല്ലോ അന്ന്. ഓപ്പറേഷന്റെ ഫലമായി ഒരുപാട് രക്തം വാർന്നുപോയെന്നും കുഞ്ഞ് വളരെ അവശനായെന്നും അതിനുശേഷമാണ് കൊച്ചുകുഞ്ഞന് ശ്വാസംമുട്ട് (ആസ്തമ) തുടങ്ങിയത് എന്നും പൊട്ടിക്കരഞ്ഞുകൊണ്ട് അമ്മ പലപ്പോഴും ഞങ്ങളോട് പറയാറുണ്ടായിരുന്നു. അമ്മയുടെ വിശ്വാസം തെറ്റോ ശരിയോ എന്നറിയില്ല. എന്തായാലും ഒരു കാര്യം വ്യക്തമാണ്, ഞങ്ങളുടെ ജ്യേഷ്ഠന് ആസ്തമയും ചൊറിചിരങ്ങും (എക്സിമ) കണ്ടു തുടങ്ങിയത് ആ സംഭവത്തിനുശേഷമാണ്. ഇതിൽ ചൊറിചിരങ്ങ് എസ്. എസ്.

www.malankaralibrary.com




എൽ.സി. പാസാവുന്ന കാലഘട്ടം വരെയും, ആസ്തമ 70-ാം വയസ്സിൽ കാലം ചെയ്യുന്നതുവരെയും ജ്യേഷ്ഠനെ വിട്ടുമാറിയിരുന്നില്ല. വൈദ്യശാസ്ത്രത്തിന്റെ എല്ലാ ശാഖകളിലും അലോപ്പതി, ആയുർവേദം, ഹോമിയോ, യുനാനി, ഒടുവിൽ പ്രകൃതിചികിത്സയടക്കം ഒറ്റമൂലികൾ വരെ അതാതിന്റെ മുറപ്രകാരം ചികിത്സ നടത്തി. പക്ഷേ ആസ്തമ വിട്ടുമാറിയില്ല.

## വിദ്യാഭ്യാസം

ആരോഗ്യം തീരെ കുറവായിരുന്നു എങ്കിലും പഠനത്തിൽ മിടുക്കനായിരുന്നു കൊച്ചുകുഞ്ഞൻ. പഠിച്ച എല്ലാ ക്ലാസ്സുകളിലും ഒന്നാമനായിത്തന്നെ പാസ്സായിരുന്നു.

ഒന്നാം ക്ലാസ്സുമുതൽ എട്ടാം ക്ലാസ്സുവരെ തൊഴിയൂർ സി.എം.എച്ച്.ഇ. സ്കൂളിൽ ആണ് ജ്യേഷ്ഠൻ പഠിച്ചത്. 8-ാം ക്ലാസ്സിൽ പബ്ലിക് എക്സാമിനേഷൻ ആയിരുന്നു അക്കാലത്ത്. സി.എം.എച്ച്.ഇ. സ്കൂളിൽ പരീക്ഷയ്ക്ക് സെന്റർ ഇല്ലാത്തതുകൊണ്ട് അടുത്തുള്ള



*കൂട്ടുകാരോടൊപ്പം മാർ പീലക്സീനോസ്! നിൽക്കുന്നതിൽ ഇടത്തുനിന്ന് മൂന്നാമത്*

കൊച്ചന്നൂർ സർക്കാർ സ്കൂളിൽ പരീക്ഷ എഴുതി ഫസ്റ്റ് ക്ലാസിൽ പാസ്സായി. അന്നത്തെ മദ്രാസ് സംസ്ഥാനത്തിലെ സൗത്ത് മലബാ

www.malankaralibrary.com



റിൽ ഉൾപ്പെട്ട പ്രദേശമാണ് തൊഴിയൂർ. തുടർന്നു പഠിക്കാൻ ഉതകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഇന്നത്തെപ്പോലെ മുട്ടിന് മുട്ടിന് ഇല്ലാതിരുന്ന കാലം. ഇനിയും പഠനം തുടരണമെങ്കിൽ പത്തു നാഴിക ദൂരത്തുള്ള ചാവക്കാട്ടോ ആറു നാഴിക ദൂരത്തുള്ള കുന്നംകുളത്തോ പോകണം. അന്നത്തെ കൊച്ചി രാജ്യത്തിൽപ്പെട്ട പ്രദേശമാണ് കുന്നംകുളം. മലബാർ മേഖലയിൽനിന്നും 8-ാം തരം പാസ്സായി വരുന്ന വിദ്യാർത്ഥികളെ ഒരു ക്ലാസ് താഴ്ത്തി 7-ാം തരത്തിലേ അവിടെ പ്രവേശിപ്പിക്കുക പതിവുള്ളു. കാരണം അറിഞ്ഞുകൂടാ? ഇവിടത്തെ എട്ടാം തരം എന്നു പറയുന്നത് അവിടുത്തെ ഫോർത്ത് ഫോം. ഇങ്ങനെ ഒരു വ്യത്യാസം കൂടിയുണ്ട്.

വാഹന സൗകര്യക്കുറവും അസുഖംമൂലമുള്ള അവശതയും കൊണ്ട് ഈ രണ്ടിടത്തും പോയി പഠിക്കാൻ കൊച്ചുകുഞ്ഞന് പ്രയാസമേകി. അങ്ങനെയാണ് അമ്മായി (പിതാവിന്റെ സഹോദരി) യുടെ വസതിയിൽ താമസിച്ചുകൊണ്ട് പഴഞ്ഞി സർക്കാർ സ്കൂളിൽ പഠനം തുടരാൻ തീരുമാനിച്ചത്. പ്രവേശനത്തിനു മുന്നോടിയായി നടത്തിയ ടെസ്റ്റിൽ രണ്ടാമനായി വിജയിച്ച ജ്യേഷ്ഠനെ അവിടുത്തെ ഫിഫ്ത്ത് ഫോമിൽത്തന്നെ പ്രവേശിപ്പിച്ചു. വീട്ടിൽനിന്ന് സ്കൂളിലേക്ക് ഒരു ഫർലോങ് ദൂരമേയുള്ളൂ. അടുത്ത വർഷം ഇ.എസ്.എൽ.സി.ക്ക് (English School Leaving Certificate) കുന്നംകുളം ബോയ്സ് ഹൈസ്കൂൾ ബോർഡിങ്ങിൽ ചേർന്ന് വിദ്യാഭ്യാസം തുടർന്നു. ആ വർഷം കുന്നംകുളം സർക്കാർ സ്കൂളിൽനിന്നും എസ്.എസ്.എൽ.സി. ഫസ്റ്റ് ക്ലാസിൽ വിജയിച്ച മൂന്നു പേരിൽ ഒരാൾ തോമസ് പോൾ (കൊച്ചുകുഞ്ഞൻ) ആയിരുന്നു.

**ഉപരിപഠനം**

വർഷങ്ങളായി ഞങ്ങളുടെ പിതാവ് മഹാരാഷ്ട്രയിലെ കോലാപ്പൂരിൽ ഒരു സ്ഥാപനം നടത്തിവരികയായിരുന്നുവെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നവല്ലോ. ഈ സ്വാധീനവും സൗകര്യവുമാണ് ഉപരി വിദ്യാഭ്യാസം കോലാപൂരിൽ ആരംഭിക്കാൻ ജേഷ്ഠന് പ്രേരകമായത്. അവിടെ സാംഗ്ലി എന്ന സ്ഥലത്ത് വെല്ലിംഗ്ടൺ കോളേജിൽ സെക്കൻഡ് ഗ്രൂപ്പ് എടുത്ത് ഇന്റർമീഡിയറ്റ് പഠനം ആരംഭിച്ചു. മറാത്തിയും ഇംഗ്ലീഷും മാത്രം പൊതുഭാഷയായി ഉപയോഗിച്ചിരുന്ന ആ കോളേജിൽ മലയാളികളായി ഉണ്ടായിരുന്നത് ആകെ രണ്ടുപേർ മാത്രം. ഒന്ന് കുന്നംകുളത്തുകാരൻ ഡോ. റ്റി. പി. സൈമൺ എന്ന ആളുടെ മൂത്തമകൻ. പേര് ഓർക്കുന്നില്ല. മറ്റെ ആൾ ജ്യേഷ്ഠൻ. സ്വാഭാവിക

www.malankaralibrary.com





മായും ഇവർ സുഹൃത്തുക്കളായി. ഈ സുഹൃത്ബന്ധത്തിന്റെ ഫലമായാണ് ഡോ. റ്റി. പി. സൈമൺ വർഷങ്ങൾക്കുശേഷം ജ്യേഷ്ഠൻ (പീലക്സിനോസ് പിതാവ്) തൊഴിയൂരിൽ സ്ഥാപിച്ച മാർ കൂറിലോസ് ആശുപത്രിയിലെ ആദ്യത്തെ ചീഫ് മെഡിക്കലാഫീസറായത്. പ്രതിഫലം പറ്റാതെയാണ് അദ്ദേഹം സേവനം ചെയ്തതെന്ന വസ്തുത ഇന്നും അധികമാർക്കും അറിഞ്ഞുകൂടാ. തോമസ് പോൾ ഇന്റർമീഡിയറ്റ് ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി.

ആരോഗ്യം താരതമ്യേന കുറവാണെങ്കിലും ഒരു ഡോക്ടർ ആകണം എന്നതായിരുന്നു ജ്യേഷ്ഠനു ചെറുപ്പം മുതലുള്ള ആശ. കാലങ്ങളായി മനസ്സിൽ താലോലിച്ചുകൊണ്ടു നടന്നിരുന്ന ആശ പൂവണിഞ്ഞു കാണാൻ വേണ്ടിയാണ് മെഡിസിനു ചേരാൻ തീരുമാനിച്ചതും സീറ്റിനുവേണ്ടി പരിശ്രമിച്ചതും. പക്ഷേ വിധി മറ്റൊന്നായിരുന്നു.

അസുഖം പെട്ടെന്നു കൂടി. നിയന്ത്രിക്കാൻ പറ്റാത്ത അവസ്ഥയിലേക്കു നീങ്ങി. തീരെ അവശനായിത്തീർന്ന് കിടപ്പിലായി എന്നു പറയുന്നതാവും ശരി. ചികിത്സിച്ചിരുന്ന ഡോക്ടർമാർ ഏകസ്വരത്തിൽ പറഞ്ഞു, ഇനി പോൾ പഠനം തുടരേണ്ട. ആരോഗ്യം അതിനനുവദിക്കുന്നില്ല. ഒന്നോ രണ്ടോ വർഷം കഴിഞ്ഞ് ആരോഗ്യം വീണ്ടെടുത്ത ശേഷം വിദ്യാഭ്യാസം തുടരാം. അങ്ങനെ തേങ്ങലുകളെല്ലാം ഉള്ളിലൊതുക്കിക്കൊണ്ട് ജ്യേഷ്ഠൻ നാട്ടിലേക്കു തിരിച്ചു.

**വൈദികവൃത്തി**

നാട്ടിൽ തിരിച്ചെത്തിയ ജ്യേഷ്ഠൻ ക്രമേണ ആത്മീയ കാര്യങ്ങളിൽ കൂടുതൽ തത്പരനാവാൻ തുടങ്ങി. ഭക്തിയും ദൈവവിശ്വാസവും വർദ്ധിച്ചു. സന്ധ്യാനമസ്കാരത്തിലും പുലർച്ച നമസ്കാര

www.malankaralibrary.com



ത്തിലും മുടങ്ങാതെ പങ്കെടുക്കാനും, കുർബാനകളിലും മറ്റു ശുശ്രൂഷ കളിലും ആദ്യന്തം പങ്കെടുക്കാനും തുടങ്ങി. ഒട്ടുമിക്ക സമയവും പള്ളിയിലും പരിസരത്തുമായി കഴിഞ്ഞുകൂടി. ഈ സദ്ഗുണങ്ങൾ തന്നെയാകണം; അന്നത്തെ സഭാമേലദ്ധ്യക്ഷൻ ഗീവർഗീസ് മാർ കൂറിലോസ് പിതാവിന് ജ്യേഷ്ഠനോട് പ്രത്യേകം താൽപര്യവും സ്നേഹവും ഉണ്ടാകാൻ കാരണം.

അക്കാലത്തുതന്നെയാകണം, അതായത് 1952-ൽ സെന്റ് ജോർജ് ഹൈസ്കൂൾ എന്ന സ്ഥാപനം സഭ തുടങ്ങിയത് എന്നാണ് എന്റെ ഓർമ്മ. തുടക്കം മുതൽ റമ്പാൻപട്ടം സ്വീകരിക്കുന്നതുവരെയും കൃത്യമായി പറഞ്ഞാൽ 1967 വരെയും പ്രസ്തുത സ്ഥാപനത്തിൽ ക്ലർക്കായി സേവനം അനുഷ്ഠിച്ചിരുന്നത് ജ്യേഷ്ഠനായിരുന്നു.

ജ്യേഷ്ഠന്റെ സ്വഭാവഗുണങ്ങളെല്ലാം കണ്ടറിഞ്ഞ കൂറിലോസ് പിതാവ്, ഒരു ദിവസം ഞങ്ങളുടെ പിതാവിനെയും അപ്പമ്മയേയും (അപ്പമ്മ ഒരു വൈദികന്റെ സഹധർമ്മിണിയും മറ്റൊരു വൈദികന്റെ അമ്മയുമാണല്ലോ) അരമനയിലേക്കു വിളിപ്പിച്ച് തന്റെ ഇംഗിതം അറിയിച്ചു. 'കൊച്ചുകുഞ്ഞനെ വൈദികവൃത്തിക്കു വിട്ടുതരണം. എനിക്കവനെ വളരെ ഇഷ്ടപ്പെട്ടു. പോരെങ്കിൽ രണ്ടു വൈദികരു ണ്ടായിരുന്ന കുടുംബവുമല്ലേ.' ആർക്കും എതിരഭിപ്രായമുണ്ടായില്ല. ഇത് ദൈവവിളിയായിരുന്നു എന്നാണ് ഞങ്ങളുടെ വിശ്വാസം.

മലബാർ സ്വതന്ത്ര സുറിയാനിസ ഭയിൽ വൈദികപട്ടം സ്വീകരിക്കു ന്നവർക്ക് സെമിനാരിപഠനം ഉണ്ടായിരുന്നില്ല. മക്കളെ ദൈവ വേലക്ക് പള്ളിയിലേക്ക് നല്കാ മെന്ന് വഴിപാടു നേർന്നുവരുന്ന വരും ദൈവവിളി ലഭിച്ച് ആത്മീയ ഉണർവോടെ വരുന്നവരും ഈ സഭയിൽ വൈദികരാകുന്നു.

അങ്ങനെ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ യിൽനിന്ന് ശെമ്മാശപ്പട്ടവും ഏതാ നും വർഷങ്ങൾക്കുശേഷം 1961 ഡിസംബർ 24-ാം തീയതി പൗ



*വൈദികനായിരുന്നപ്പോൾ*

www.malankaralibrary.com



രോഹിത്യവും സ്വീകരിച്ചു. പൗരോഹിത്യ സ്വീകരണശേഷം തന്റെ ആരോഗ്യം ഒട്ടും ഗൗനിക്കാതെ, സഭയ്ക്കും സഭയുടെ ആത്മീയോന്നമനത്തിനുംവേണ്ടി ഉഴിഞ്ഞു വയ്ക്കപ്പെട്ട ജീവിതമായിരുന്നു ജ്യേഷ്ഠന്റേത്. പൗരോഹിത്യ സ്വീകരണം തൊട്ട് പുനരൈക്യംവരെയുള്ള ഏകദേശം 16 വർഷക്കാലം പിതാവിന് നിരവധി കയ്പേറിയ പരീക്ഷണങ്ങളിൽക്കൂടി കടന്നുപോകേണ്ടി വന്നിട്ടുണ്ട്. പക്ഷേ എല്ലാം അറിയുന്ന ശക്തനായ ദൈവം ഒരു പോറൽപോലുമേല്പിക്കാതെ കൈപിടിച്ച് മുന്നോട്ടു നടത്തി.

**റമ്പാൻ, മെത്രാൻ**

മാർത്തോമ്മാസഭയിലെ തോമസ് മാർ അത്താനാസിയോസ് എപ്പിസ്കോപ്പായുടെ നിയന്ത്രണത്തിലും ചുമതലയിലും നടന്ന മെത്രാൻസ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തോടെ പോൾ കശ്ശീശാ തിരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുപ്പു സംബന്ധിച്ച് ഒരു വ്യവഹാരം തുടങ്ങിയെങ്കിലും അത് വളരെ പെട്ടെന്ന് അവസാനിച്ചു. പിന്നീട് അതീവ ജാഗ്രതയിലും വേഗത്തിലും കാര്യങ്ങൾ മുന്നോട്ടു നീങ്ങി. 1967ൽ റമ്പാൻസ്ഥാനവും അതേ വർഷംതന്നെ ഡിസംബർ 16 ന് മാർത്തോമ്മാസഭയിലെ യൂഹാനോൻ മാർത്തോമാ മെത്രാപ്പോലീത്തായിൽനിന്ന് പൗലോസ് മാർ പീലക്സിനോസ് മൂന്നാമൻ എന്ന നാമത്തിൽ മേൽപ്പട്ടസ്ഥാനവും സ്വീകരിച്ചു. വെറും പത്തു വർഷക്കാലമാണ് പൗലോസ് മാർ പീലക്സിനോസ് മൂന്നാമൻ മെത്രാപ്പോലീത്ത തൊഴിയൂർസഭയെ ഭരിച്ചതെങ്കിലും ഈ ചുരുങ്ങിയ കാലഘട്ടം സഭയെ സംബന്ധിച്ച് സുവർണകാലമായിരുന്നു എന്ന് പറയാതെ തരമില്ല.



*റമ്പാനായിരുന്നപ്പോൾ*

സഭയുടെ കീഴിലുള്ള ഭൂരിപക്ഷം ദൈവാലയങ്ങളും അറ്റകുറ്റപ്പണികൾ ചെയ്ത് പുതുക്കി കൂദാശ ചെയ്യുവാനും ചിലത്


www.malankaralibrary.com



പണിതുയർത്തുവാനും മറ്റു ചില സ്ഥാപനങ്ങൾ നല്ല നിലയിൽ നടത്തിക്കൊണ്ടുപോകാനും ദൈവം തിരഞ്ഞെടുത്തത് പീലക്സിനോസ് പിതാവിനെയായിരുന്നു.

## മലബാർ സ്വതന്ത്ര സുറിയാനിസഭയുടെ മേലദ്ധ്യക്ഷനായിരിക്കെ ചെയ്ത പ്രവർത്തനങ്ങൾ

1. 1968 മെയ് 5 – പെരുമണ്ണൂർ സെന്റ് മേരീസ് ദൈവാലയത്തിന്റെ കൂദാശ.
2. 1969 – സെന്റ് തോമസ് പ്രസ്സിന്റെ സ്ഥാപനം.
3. 1970 ഫെബ്രുവരി 2 – അഞ്ഞൂർ ബഹനാൻ ചാപ്പലിന്റെ പുനർനിർമ്മാണവും കൂദാശയും.
4. 1970 മാർച്ച് 2 – 1968–ൽ പൊളിച്ച് പുതുക്കിപ്പണിത പോർക്കുളം ആദായ്ശ്ലീഹായുടെ നാമധേയത്തിലുള്ള പള്ളിയുടെ മദ്ബഹാ കൂദാശ.
5. കല്ലുംപുറംപള്ളി മദ്ബഹ പുനർനിർമ്മാണം.
6. 1971 ഒക്ടോബർ 15 – മാർ കൂറിലോസ് മെത്രാപ്പോലീത്താ തറക്കല്ലിട്ട് പണിത കൊരട്ടിക്കര കുരിശുംതൊട്ടി, പള്ളിയായി പണിത് കൂദാശ നിർവഹിച്ചു.
7. 1971 നവംബർ 24 – കാരിക്കാട് സെന്റ് ജോർജ് ദൈവാലയത്തിന്റെ കൂദാശ.



*മെത്രാനായശേഷം ആദ്യത്തെ വിശുദ്ധ കുർബാന*

www.malankaralibrary.com



8. 1972 മെയ് 28 – മാർ കൂറിലോസ് മിഷൻ ആശുപത്രിയുടെ സ്ഥാപനം.
9. 1976 ഫെബ്രുവരി 24 മദ്രാസ് സെന്റ് ജോർജ് ദൈവാലയത്തിന്റെ ശിലാസ്ഥാപനം.

മാർ കൂറിലോസ് മിഷൻ ആശുപത്രിയെപ്പറ്റി ഒരു വാക്ക്. തൊഴിയൂരിന്റെ 5 കി.മീ. ചുറ്റളവിൽ യാതൊരു ചികിത്സാ സൗകര്യങ്ങളും ഇല്ലാതിരിക്കെ 25 കിടക്കകളോടും എക്സറേ, ലബോറട്ടറി, ഇ.സി.ജി. എന്നീ സജ്ജീകരണങ്ങളോടും, പ്രശസ്തരായ അഞ്ച് ഡോക്ടർമാരോടുംകൂടി നല്ല നിലയിൽ നടത്തിക്കൊണ്ടു പോകുവാൻ പിതാവിനു ദൈവകൃപയാൽ സാധിച്ചു. എന്നാൽ ഇന്ന് ആ സ്ഥാപനം ചിതലരിച്ച് പൂട്ടി കിടക്കുന്നു.

### പുനരൈക്യം

മിഥുനം 27-ാം ശ്രാദ്ധപ്പെരുന്നാളിന്റെ പത്തുപന്ത്രണ്ടു ദിവസം മുമ്പ് (ജൂലൈ 10, സഭാസ്ഥാപകൻ അബ്രഹാം മാർ കൂറിലോസിന്റെ ഓർമ്മപ്പെരുന്നാളാണ്. ചാത്തം എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്) മാർ പീലക്സിനോസ് പിതാവ് വിളിച്ചു ചേർത്ത പത്രസമ്മേളനത്തിൽവച്ച്, തൊഴിയൂർസഭയെക്കുറിച്ചും അതിന്റെ ആവിർഭാവം, വളർച്ച, ന്യൂനത, ഇതരസഭകൾക്കുള്ളിൽ അതിന്റെ സ്ഥാനം, ന്യൂനത പരിഹരിക്കാൻ തന്റെ മുൻഗാമികൾ പരിശ്രമിച്ച് പരാജയപ്പെട്ട കാര്യങ്ങൾ എന്നിവയെക്കുറിച്ചും വ്യക്തമായി പ്രസ്താവിച്ചു. ന്യൂനതാപരിഹാരത്തിനുള്ള മാർഗം മലങ്കര കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുക എന്നതാണെന്നും സൂചിപ്പിച്ചു. ഇത് സഭയിൽ കോളിളക്കം സൃഷ്ടിച്ചു എന്നു പറയേണ്ടതില്ലല്ലോ.

പിതാവിനെ ഇതിന് പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന ചില വൈദികരടക്കമുള്ളവർ രംഗം മൂത്തപ്പോൾ പിൻവലിഞ്ഞു. പക്ഷെ അന്ന് പിതാവിന്റെ സെക്രട്ടറി ആയിരുന്ന ഫാദർ ജോർജ് വടക്കൻ തന്റെ തീരുമാനത്തിൽ ഉറച്ചു നിന്നു. ഭീഷണിപ്പെടുത്തലുകളും തീരുമാനത്തിൽനിന്നു പിന്തിരിപ്പിക്കാനുള്ള ശ്രമങ്ങളും നടന്നു. ദൈവഹിതം നിറവേറാതെ തരമില്ലല്ലോ.

തലേ ദിവസം രാത്രി കല്ലുംപുറത്തുള്ള പിതൃസഹോദരീ പുത്രൻ പോളും ജ്യേഷ്ഠന്റെ പാചകക്കാരനായിരുന്ന വറുതുണ്ണിച്ചേട്ടനും, സഹായിയായിരുന്ന കൊച്ചുലോനപ്പൻ ജ്യേഷ്ഠനും (രണ്ടുപേരും ഇന്നു ജീവിച്ചിരിപ്പില്ല) കുറിപ്പെഴുതുന്ന ഈ സഹോദരനും കത്തോ

www.malankaralibrary.com



ലിക്കാസഭാംഗമായ കുഞ്ചാക്കോച്ചേട്ടനും ഒത്തുകൂടി. മൂന്നു പേർ അന്നത്തെ പോസ്റ്റാഫീസിന്റെ വരാന്തയിലും രണ്ടുപേർ പള്ളിക്കിണ റിനു സമീപത്തുമായി രാത്രി മുഴുവൻ കാവലിരുന്നു. എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടായിക്കൂടെന്നില്ലല്ലോ!

28.8.1977 ഞായറാഴ്ച പുലർച്ച മണിനാദം കേൾക്കാതെയാണ് പരിസരവാസികൾ ഉറക്കമുണർന്നത്. പുലർച്ചയ്ക്കും സന്ധ്യയ്ക്കും പള്ളിയിൽനിന്ന് മണി മുഴങ്ങാറുണ്ട്. വൈകുന്നേരത്തെ മണിക്ക് വിളക്കുമണി എന്നും, പുലർച്ചയ്ക്കുള്ളതിന് പുലർച്ചമണി എന്നു മാണ് പറയുക. ഇതു രണ്ടും അധികാരികളുടെ വിലക്കുകൾ ഇല്ലാതെ മുടങ്ങാറില്ല. അതുപോലെതന്നെ ബിഷപ്പുമാർ അരമനയിൽനിന്നും മറ്റു സ്ഥലങ്ങളിലേക്ക് പോകുമ്പോഴും തിരിച്ചുവരുമ്പോഴും പള്ളി



*വിശ്വാസ പ്രഖ്യാപനം*

യിൽ കൂട്ടമണി അടിക്കുന്ന പതിവുണ്ട്. പള്ളിയിൽ അതിപ്രധാന മായതെന്തോ നടക്കാൻ പോകുന്നു എന്നതിന്റെ സൂചനയായി തികഞ്ഞ നിശ്ശബ്ദത. ഗെയിറ്റിനു പുറത്ത് അന്നത്തെ സെന്റ് സേവ്യേഴ്സ് കത്തോലിക്കാപ്പള്ളിയിലെ വികാരി ഫാദർ പോൾ പയ്യപ്പിള്ളിയുടെ നേതൃത്വത്തിൽ വമ്പിച്ച ജനാവലി (തൊഴിയൂരിന്റെ ചുറ്റുപാടുമുള്ള കത്തോലിക്കാ ഇടവകാംഗങ്ങൾ) ആകാംക്ഷയോടെ കാത്തുനില് ക്കുകയാണ് പിതാവിനെ സ്വീകരിച്ച് കത്തോലിക്കാ ദൈവാലയ ത്തിലേക്ക് ആനയിക്കാൻ.

www.malankaralibrary.com



പീലക്സിനോസ് പിതാവ്, സഭയുടെ വൈദിക ട്രസ്റ്റി വടക്കൻ ജോസഫ് കശ്ശീശ, അല്മായ ട്രസ്റ്റി ചാലിശ്ശേരി ചെറുവത്തൂർ തോമ മകൻ മാത്തു എന്ന ചിന്നൻ, പിതാവിന്റെ പിതൃസഹോദരിയുടെ മകൻ ഫാ. ജോർജ് വടക്കൻ, കല്ലുംപുറം പോൾ ചേട്ടൻ, ഈ കുറിപ്പ് തയ്യാറാക്കുന്ന ഞാൻ, വറുതുണ്ണിച്ചേട്ടൻ, കൊച്ചുലോനപ്പൻ ചേട്ടൻ എന്നിവരൊഴികെ ആരും അരമനയിൽ സന്നിഹിതരായിരുന്നില്ല. പിതാവിന്റെ നിയന്ത്രണത്തിലും ഉപയോഗത്തിലും ഇരുന്നിരുന്ന എല്ലാ സഭാവക വസ്തുവകകളും സാധനസാമഗ്രികളും, മെത്രാപ്പോലീത്തായിൽനിന്നും, സഭാ ട്രസ്റ്റികളായ ഞങ്ങൾക്ക് കിട്ടി ബോധിച്ചിരിക്കുന്നു എന്ന് എഴുതി രണ്ട് ട്രസ്റ്റിമാരും ഒപ്പിട്ട ഒരു കുറിപ്പും വാങ്ങിച്ചു. കഴുത്തിലെ കുരിശുമാലയും വിരലിലണിഞ്ഞിരുന്ന മുദ്രമോതിരവും ഊരി ട്രസ്റ്റിമാരെ ഏല്പ്പിച്ച് ചരടിൽ കോർത്ത ഒരു മരക്കുരിശ് കഴുത്തിലണിഞ്ഞു. അടുത്തു നിന്നിരുന്ന എന്നെ സ്വല്പം മാറ്റിനിറുത്തി പറഞ്ഞു: 'അമ്മ പാവമാണ്, എല്ലാ കാര്യങ്ങളും വ്യക്തമായി പറഞ്ഞ് സമാശ്വസിപ്പിക്കണം.' ആ നയനങ്ങൾ സജലമായിരുന്നു.

അരമനയിൽനിന്നിറങ്ങി നേരെ ദൈവാലയത്തിൽ പ്രവേശിച്ച് മദ്ബഹായിൽ ഏതാനും മിനിട്ടുകൾ പ്രാർത്ഥനാനിരതനായി നിന്നു. പുറത്തുവന്ന് അരമന ഗേറ്റ് വരെ നടന്നു നീങ്ങി. ഫാദർ ജോർജ് വടക്കനും പോൾചേട്ടനും ഈയുള്ളവനും തൊട്ടുപുറകെയും. ഗേറ്റിൽ എത്തിയപ്പോൾ പയ്യപ്പിള്ളി അച്ചൻ മുന്നോട്ടുവന്ന് പിതാവിന്റെ കൈ മുത്തി സ്വീകരിച്ചു. തൃശൂർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കുണ്ടുകുളം പിതാവ് അയച്ചുകൊടുത്ത കാറിൽ കയറും മുമ്പെ കൈ ഉയർത്തി ഭക്തജനങ്ങളെ ആശീർവദിക്കാനും മറന്നില്ല. നിരത്തിനിരുവശത്തും നിറഞ്ഞു നിന്നിരുന്ന ഭക്തജനങ്ങളുടെ മദ്ധ്യേ വാഹനം മന്ദം മന്ദം മുന്നോട്ടു നീങ്ങി; പയ്യപ്പിള്ളി അച്ചൻ ജനങ്ങളെ നിയന്ത്രിച്ചുകൊണ്ട് കാറിന്റെ മുന്നിലും. പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത കത്തോലിക്കാപ്പള്ളിയിൽ പ്രവേശിച്ച് പ്രാർത്ഥനയ്ക്കുശേഷം തൃശൂർ അതിരൂപതയുടെ ആസ്ഥാനത്തേക്കു യാത്ര തിരിച്ചു.

തോമസ് താണ്ടക്കുട്ടി ദമ്പതികൾക്ക് പീലക്സിനോസ് പിതാവടക്കം ആറു മക്കളാണ്. ആറ് ആൺ മക്കൾ. അയൽവാസിപ്പെണ്ണുങ്ങൾ പറയാറുണ്ട്, താണ്ടക്കുട്ടി ഏടത്തി ഭാഗ്യമുള്ളവളാണ്. ജ്യേഷ്ഠൻ അഞ്ഞൂർ ബിഷപ്പ് ഹൗസിൽ ഉണ്ടെങ്കിൽ വർഷംതോറും തിരുവോണ

www.malankaralibrary.com



നാളിലും, ഫെബ്രുവരി 2 നും ഈയുള്ളവന്റെ വീട്ടിൽ മേശയ്ക്കു ഒരുക്കാറുണ്ട്. ഒരിക്കൽ ഫെബ്രുവരി 2 ന് ജ്യേഷ്ഠൻ അഞ്ഞൂരിൽ ഇല്ലാതിരുന്നതിനാൽ ക്ഷണം ഫെബ്രുവരി 25 ലേക്കു മാറ്റി. വിവരം അനുജന്മാരോട് പറയാൻ പോകുമ്പോൾ വഴി എളുപ്പത്തിനു വേണ്ടി മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ (തൊഴിയൂർസഭാ മേലദ്ധ്യക്ഷൻ) വീടിന്റെ മുറ്റത്തുകൂടെ നടന്നു കയറി. അപ്പോൾ പിതാവ് ഉമ്മറത്തിരുന്ന് ചക്ക തിന്നുകയായിരുന്നു. എന്നെ കണ്ട ഉടനെ ചക്ക തിന്നാൻ ക്ഷണിച്ചു. എന്റെ പോക്കിന്റെ ഉദ്ദേശ്യം മനസ്സിലായപ്പോൾ അദ്ദേഹം 'എന്താണെടാ നിനക്ക് എന്നെ ക്കൂടെ ക്ഷണിച്ചാൽ, നീ നിന്റെ ഏട്ടനെ വിളിക്കുന്നില്ലേ? എനിക്കും ഏട്ടന്റെ കൂടെ ഇരുന്ന് ഭക്ഷണം കഴിക്കണമെന്നുണ്ട്' എന്നു പറഞ്ഞു. 'യാതൊരു വിഷമവുമില്ല. തിരുമേനി വരുമെങ്കിൽ എനിക്കു പരിപൂർണ്ണ സമ്മതം. ഞാൻ പറഞ്ഞു. ജ്യേഷ്ഠനേക്കാൾ അല്പം മുമ്പ് അദ്ദേഹം വീട്ടിലെത്തി. കുശലങ്ങൾ പറഞ്ഞിരിക്കുമ്പോൾ ജ്യേഷ്ഠനും വന്നെത്തി. കൂറിലോസ് പിതാവ് മുമ്പോട്ടുചെന്ന് ജ്യേഷ്ഠനെ ആലിംഗനം ചെയ്തു സ്വീകരിച്ചു.

ഭക്ഷണശേഷം 'എനിക്കു സന്തോഷമായി തിരുമേനി, എന്തെ ങ്കിലും വിഷമം എന്നോടുണ്ടെങ്കിൽ അതെല്ലാം മറക്കണം.' പീലക്സി നോസ് പിതാവ് ഹൃദയം തുറന്നു. കണ്ണുകൾ ചുവന്നു നിറഞ്ഞു. യേശുക്രിസ്തുവിന്റെ തൃപ്പാദത്തിലേക്ക് അടർന്നുവീണ മഗ്ദലന മറിയത്തിന്റെ കണ്ണുനീരിനോളം നിർമ്മലത ആ കണ്ണുനീരിൽ ഞാൻ കണ്ടു.

17.6.1986 രാത്രി ഒമ്പതുമണിയോടെ തൊഴിയൂർ പള്ളിയിൽ കൂട്ടമണി മുഴങ്ങി. അബോധാവസ്ഥയിൽ ആശുപത്രിയിൽ കിടന്നി രുന്ന മാത്യൂസ് മാർ കൂറിലോസ് തിരുമേനി കാലം ചെയ്തു എന്ന വിവരം ഞാൻ ജ്യേഷ്ഠനെ അറിയിച്ചു. അദ്ദേഹത്തെ കാണണമെന്ന ആഗ്രഹം ജ്യേഷ്ഠൻ പ്രകടിപ്പിച്ചു. ഏതാനും സമയത്തിനുള്ളിൽ അന്നത്തെ തൊഴിയൂർ സഭാ സെക്രട്ടറി ഫാ. കെ.സി. വർഗീസും, ഫാ. ജോസഫ് വടക്കനും മറ്റ് ഏതാനും പേരും ഒന്നിച്ച് ജ്യേഷ്ഠ ന്റെ അടുക്കൽ വന്ന് കൈമുത്തിയശേഷം പറഞ്ഞു 'തിരുമേനി കാലം ചെയ്തു. ബിഷപ്പുമാർ ആരും എത്തിയിട്ടില്ല. ശുശ്രൂഷകൾ ഒന്നും നടത്തിയുമില്ല. ദയവുചെയ്ത് തിരുമേനി ഞങ്ങളോടൊപ്പം വന്ന് വേണ്ടത് നടത്തിത്തരണം. ഇത് ഞങ്ങളുടെ അപേക്ഷയാണ്.' ജ്യേഷ്ഠൻ ഒരു നിമിഷം ആലോചിച്ചു. എന്നിട്ടു ചോദിച്ചു, 'ഞാൻ

www.malankaralibrary.com



വന്നാൽ നിങ്ങളുടെ സഭയ്ക്ക് അതിഷ്ടപ്പെടുമോ? ആരെങ്കിലും എതിർപ്പ് പ്രകടിപ്പിക്കുമോ?' ഇല്ല തിരുമേനി, ആരും എതിർക്കില്ല. ഔദ്യോഗികമായാണ്, അധികാരത്തോടെയാണ് ഞങ്ങൾ അങ്ങയെ ക്ഷണിക്കുന്നത്. ജ്യേഷ്ഠൻ അവിടെ ചെന്ന് അവർ ആവശ്യപ്പെട്ട ശുശ്രൂഷ നടത്തുകയും ചെയ്തു.

28.8.1977 ഞായറാഴ്ച തൊഴിയൂർ ഭദ്രാസന ദൈവാലയത്തിന്റെ മദ്ബഹായിൽ മുട്ടുകുത്തി പ്രാർത്ഥിച്ച് ഇറങ്ങിപ്പോന്ന പീലക്സിനോസ് പിതാവ്, പിന്നീട് ആ ദൈവാലയത്തിൽ കാലുകുത്തുന്നത് അന്നാണ്.

www.malankaralibrary.com

# തുറന്ന പുസ്തകംപോലെ ഒരു ജീവിതം

(മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ഡയറിക്കുറിപ്പുകളും അറിയപ്പെടാത്ത കുറെ ചരിത്ര സത്യങ്ങളും)

ഫാ. ഡോ. ഐസക് പറപ്പള്ളിൽ

ഈ തിരുമേനിക്ക് ഇതിന്റെ വല്ല ആവശ്യവുമുണ്ടായിരുന്നോ? ചോദിക്കുന്നവർ ധാരാളമുണ്ടാകാം. അധികാരത്തിലും സ്ഥാനത്തിലും സമ്പത്തിലും തൂങ്ങിപ്പിടിച്ചു കിടക്കുവാനാഗ്രഹിക്കുന്നവർക്ക് ഭോഷത്തമായി തോന്നാം പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ പുനരൈക്യം. എല്ലാം ഇട്ടെറിഞ്ഞു പോകാനുള്ള തിരുമേനിയുടെ തീരുമാനം ശരിയായിരുന്നോ എന്നും, പോയതുകൊണ്ട് പിന്നീടെന്തെങ്കിലും പ്രയോജനം ഉണ്ടായോ എന്നും ചിന്തിക്കുന്നവർ ഉണ്ടാകാം. എല്ലാം വാരിക്കൂട്ടാനാഗ്രഹിക്കുന്നവരുടെ നടുവിൽ ഒന്നും വേണ്ട എന്ന് തീരുമാനിക്കാനുള്ള ഇച്ഛാശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. അധികാരത്തിന്റെ വിളിയെക്കാൾ ദൈവത്തിന്റെ വിളിക്കാണ് പ്രാധാന്യമെന്ന് മനസ്സിലാക്കിയ ദാർശനികൻ. താൻ ഉൾക്കൊണ്ടിരുന്ന തൊഴിയൂർസഭയുടെ ന്യൂനതകളും കുറവുകളും ചൂണ്ടിക്കാണിക്കാൻ ധൈര്യം കാട്ടിയ ക്രാന്തദർശി. തെറ്റെന്ന് ബോദ്ധ്യപ്പെട്ടതിനെ ശരിയെന്ന് പറഞ്ഞ് ജീവിക്കാൻ തന്നെ കിട്ടില്ലായെന്ന് ശഠിച്ച മഹാനുഭാവൻ. ബോദ്ധ്യപ്പെട്ടതിനെ വിളിച്ചു പറയുവാനും ഏറ്റെടുക്കുവാനും സാധിച്ച ധിഷണാശാലി. നേരിടേണ്ടിവരുന്ന ഭീഷണികൾ, പരിഹാസങ്ങൾ, വെല്ലുവിളികൾ, നഷ്ടങ്ങൾ എന്നിവ തന്റെ ഉറച്ച തീരുമാനത്തിന്റെ മുമ്പിൽ വിലങ്ങുതടികളല്ല എന്നു കരുതിയ വിനയാന്വിതൻ. പഠിച്ചറിഞ്ഞ സത്യസഭയെ അനുഭവിച്ചറിയാൻ കൊതിച്ച വ്യക്തി. ഉണ്ടാകുന്ന നഷ്ടത്തെക്കാൾ ലഭിക്കാവുന്ന മന

www.malankaralibrary.com



ശ്ശാന്തി ലക്ഷ്യംവച്ച പുരോഹിത ശ്രേഷ്ഠൻ. അതെ, അതായിരുന്നു പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ. എളിയ ജീവിതം, ശാന്തമായ പ്രകൃതം, സൗമ്യമായ പെരുമാറ്റം, അപര നോടുള്ള കരുതൽ, പുനരൈക്യ പ്രസ്ഥാനത്തോടുള്ള സ്നേഹം, ഉറച്ച പ്രാർത്ഥനാജീവിതം ഇവയെല്ലാമായിരുന്നു അദ്ദേഹത്തിന്റെ ജീവിതവിജയത്തിന് കാരണം. കൂരിരുട്ടിനിടയിൽ രജതരേഖകൾ തെളിയിച്ച് ജീവിതകാലമൊക്കെയും അദ്ദേഹം ചിലവഴിച്ചു.

വ്യവഹാര പരമ്പരയിലൂടെ, ഇന്നും അന്തഃഛിദ്രവുമായി നീങ്ങുന്ന സഭയിൽനിന്ന് വർഷങ്ങൾക്കുമുമ്പ് മാറി നില്ക്കുവാൻ ആഗ്രഹിച്ച വ്യക്തിയാണ് പൗലോസ് മാർ പീലക്സിനോസ് തിരുമേനി. വഴക്കും ഭിന്നതകളും ദൈവികമല്ലെന്ന് ബോദ്ധ്യപ്പെട്ട അദ്ദേഹം ഒറ്റപ്പെട്ട സ്വതന്ത്രസഭയായി നില്ക്കുന്നതിനെക്കാൾ മറ്റു സഭകളുമായി ചേർന്ന് നില്ക്കുന്നതാണ് ക്രിസ്തീയത എന്ന് മനസ്സിലാക്കി. പൂർണതയിലേക്കുള്ള യാത്രയാണ് യഥാർത്ഥ ക്രിസ്തീയതയെന്നും ക്രിസ്തുവിന്റെ സുവിശേഷ ചൈതന്യത്തിന് സാക്ഷ്യം നല്കുന്നത് ഒന്നിച്ചു നില്ക്കുമ്പോഴാണെന്നും, ഒറ്റപ്പെട്ടു നില്ക്കുന്നത് അപൂർണതയാണെന്നും തിരുമേനി മനസ്സിലാക്കി. പുനരൈക്യത്തിന്റെ രാജവീഥി വെട്ടിത്തുറന്ന ആ പുണ്യശ്ലോകൻ പുനരൈക്യപ്പെടുന്നതിനു മുമ്പുള്ള തന്റെ അവസാന സർക്കുലറിൽ ഇപ്രകാരം സൂചിപ്പിക്കുന്നു; ''പതിനാറാം നൂറ്റാണ്ടിൽ നമ്മുടെ പൂർവിക സഭയിൽ ഉണ്ടായ മുറിവ് സൗഖ്യമാക്കുവാൻ പര്യാപ്തമായ ചികിത്സാ സമ്പ്രദായമാണ് കേരളത്തിലെ പുനരൈക്യപ്രസ്ഥാനം. അതിനാൽ അപ്പസ്തോലിക പിന്തുടർച്ചയ്ക്ക് ന്യൂനതയില്ലാത്ത ഒരു സഭയുമായി പുനരൈക്യപ്പെടണം. നമ്മുടെ പ്രാർത്ഥനാപൂർണമായ ചിന്തയും പഠനവും നമുക്ക് സത്യസഭയും വഴിയും ഏതെന്ന് ബോദ്ധ്യപ്പെടുത്തി തന്നു.''

തൊഴിയൂർസഭയുടെ അസ്തിത്വത്തിലും നിലനില്പിലും തിരുമേനി കണ്ടെത്തിയ പ്രധാന ന്യൂനതകൾ പുനരൈക്യപ്പെടുന്നതിനു മുമ്പ് തന്റെ സഭാംഗങ്ങൾക്ക് അയച്ച സർക്കുലറിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു.

1. ''പട്ടക്കാരിൽ ആർക്കും വ്യവസ്ഥാപിതമായ വൈദിക വിദ്യാഭ്യാസം നല്കുന്നതിന് സഭയ്ക്ക് സാധിച്ചിട്ടില്ല.''

a. ''വൈദിക സെമിനാരിയോ കോളേജോ സ്വന്തമായി ഇല്ല. മറ്റു

www.malankaralibrary.com



സെമിനാരികളിൽ പ്രവേശനം കിട്ടാത്തതിനാൽ വൈദിക പഠനത്തിനുവേണ്ടി പ്രോട്ടസ്റ്റന്റുസഭയിലെ സെമിനാരിയെ ആശ്രയിക്കുക മാത്രമേ ഗത്യന്തരമുള്ളൂ.''

b. ''യഥാർത്ഥ പരിശീലനം ഇല്ലാത്ത വൈദികരെക്കൊണ്ട് പുരോഗതിയുണ്ടാവില്ല.''

c. ''ഇപ്പോഴത്തെ പട്ടത്വത്തിലും പൗരോഹിത്യത്തിലും ന്യൂനതയുണ്ട്. നമ്മുടെ പട്ടത്വം മറ്റു സഭകൾ അംഗീകരിക്കുന്നില്ല.''

2. ''പട്ടത്വവും പൗരോഹിത്യവുമില്ലാത്ത നാലാംതരം ക്രിസ്ത്യാനികളായിട്ട് തന്നെയാണ് മറ്റു സഭകൾ നമ്മെ വീക്ഷിക്കുന്നതെന്നുള്ള നഗ്നമായ വസ്തുത നാം ഓർക്കുന്നത് നന്ന്.''

കത്തോലിക്കാസഭയുടെ ഐക്യത്തിലേക്ക് പ്രവേശിക്കാൻ തീരുമാനിച്ച തിരുമേനി വീണ്ടും ഇപ്രകാരം എഴുതുന്നു: ''നമ്മെപ്പറ്റിയുള്ള ദൈവത്തിന്റെ തിരുമനസ്സ് നിറവേറ്റുന്നതിനും ആദ്ധ്യാത്മികവും ഭൗതികവുമായ നമ്മുടെ വളർച്ചയ്ക്ക് വഴിയൊരുക്കുന്നതിനും ഇതല്ലാതെ (പുനരൈക്യം) മറ്റൊരു മാർഗവുമില്ലെന്ന് എനിക്ക് ബോദ്ധ്യമായിട്ടുണ്ട്. മേല്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ നമ്മുടെ കൊച്ചുസഭ ഒന്നായി നമ്മോടുകൂടെനിന്ന് പുനരൈക്യപ്രസ്ഥാനത്തിൽ സഹകരിക്കുന്നുവെങ്കിൽ ഏറ്റവും ഉത്തമമായിരിക്കും. സഭ മുഴുവനായി എന്നോട് സഹകരിക്കാത്തപക്ഷം വിശ്വാസികൾക്ക് ആരംഭത്തിൽ അല്പസ്വല്പം ബുദ്ധിമുട്ടുകൾ ഉണ്ടാകാം. എങ്കിൽ തന്നെയും എന്നോട് സഹകരിച്ചു നിൽക്കുന്ന വൈദികർക്കും വിശ്വാസികൾക്കും ആത്മീകവും ലൗകികവുമായ എല്ലാ കാര്യങ്ങളിലും നമ്മുടെ പൈതൃകമായ സേവനം നാം വാഗ്ദാനം ചെയ്യുന്നു. വിശ്വാസത്തിൽ മുന്നോട്ടുപോകാൻ നിങ്ങൾ സഭയായിട്ടും വ്യക്തികളായിട്ടും എന്നോട് സഹകരിക്കുമെന്ന് നാം കർത്താവിൽ ആശിക്കുന്നു.''

## മാർ കൂറിലോസ് മിഷൻ ആശുപത്രിയുടെ സ്ഥാപനം

തൊഴിയൂർസഭയുടെ മേലദ്ധ്യക്ഷനായിരിക്കെ 1972 മെയ് 28 -ാം തീയതി തിരുമേനി സ്ഥാപിച്ചതാണ് മാർ കൂറിലോസ് മിഷൻ ആശുപത്രി. ആശുപത്രിയുടെ സ്ഥാപനത്തിലും ദൈനംദിന പ്രവർത്തനങ്ങളിലും വളരെ ശ്രദ്ധാലുവായിരുന്ന അദ്ദേഹം സാധിക്കുമെങ്കിൽ എല്ലാ ദിവസവും സ്റ്റാഫിനെയും രോഗികളെയും സന്ദർശിച്ച് പ്രാർത്ഥിക്കുകയും ഉപദേശം നല്കുകയും ചെയ്തിരുന്നു. ആശുപ

www.malankaralibrary.com





*1972-ൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ സ്ഥാപിച്ച മാർ കൂറിലോസ് മിഷൻ ആശുപത്രിയിലെ അന്നത്തെ സ്റ്റാഫ് അംഗങ്ങളോടൊപ്പം*

ത്രിയുടെ ആദ്യ ഡോക്ടറായി നിയമിതനായ ഡോ. ഡേവിഡുമായി അദ്ദേഹം ആത്മബന്ധം പുലർത്തിയിരുന്നു. ഓണക്കാലത്ത് ആശുപത്രി സ്റ്റാഫിന് പ്രത്യേക സമ്മാനങ്ങൾ നല്കിയിരുന്നു.

1974-ൽ ആശുപത്രിബോർഡിന് ഒരു കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കി. വളരെ ശ്രദ്ധയോടെ ആശുപത്രി പ്രവർത്തനങ്ങൾ കൈകാര്യം ചെയ്തുവെങ്കിലും 1974 മുതൽ ആശുപത്രിയിലെ സംവിധാനങ്ങൾ ഓരോന്നായി നിലച്ചു. 1974 സെപ്റ്റംബർ 21 ന് ആശുപത്രി പൂട്ടി. ഒ.പി. മാത്രം പകൽ പ്രവർത്തിച്ചു. ഒക്ടോബർ 14-ാം തീയതി ഒരു വനിതാ ഡോക്ടറുടെ സഹായത്തോടെ വീണ്ടും പ്രവർത്തന മാരംഭിച്ച് അതൊരു വലിയ ആശുപത്രിയാക്കാനുള്ള ശ്രമം നടത്തി. 1976 മെയ് 14 ന് കാന്റീനുള്ള ശിലാസ്ഥാപനം നടത്തി. മെയ് 21 ന് കല്ലുംപുറത്ത് മാർ കൂറിലോസ് മിഷൻ ഹെൽത്ത് സെന്റർ അന്നത്തെ നിയമസഭാ സ്പീക്കർ റ്റി.എസ്. ജോൺ ഉദ്ഘാടനം ചെയ്തു. അതോടൊപ്പം തൊഴിയൂർ ഹെൽത്ത് കമ്മ്യൂണിറ്റി പ്രോജക്ടും ആരം ഭിച്ചു. അനേകം ബുദ്ധിമുട്ടുകളുടെയും, പരിഹാസങ്ങളുടെയും, വിമർശനങ്ങളുടെയും നടുവിലൂടെയാണ് ആശുപത്രി പ്രവർത്തിച്ചത്. പുനരൈക്യം സാദ്ധ്യമായെന്നറിഞ്ഞിട്ടും ആശുപത്രിയുടെ ഉയർച്ച യ്ക്കും വളർച്ചയ്ക്കുമായി പിതാവ് അക്ഷീണം പ്രവർത്തിച്ചു.

www.malankaralibrary.com



## പുനരൈക്യ ചിന്തകളും പരിശ്രമവും

1977 ഓഗസ്റ്റ് 28-ന് കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ട പീലക്സിനോസ് പിതാവ് വർഷങ്ങൾക്കുമുമ്പുതന്നെ അതിനുള്ള ശ്രമം ആരംഭിച്ചിരുന്നു. 1974 മുതൽ കത്തോലിക്കാസഭയെപ്പറ്റി കൂടുതൽ പഠിക്കുവാനും സഭയെ അടുത്തറിയുവാനും പിതാവ് ശ്രമിച്ചു. പുസ്തകങ്ങളിലൂടെയും സുഹൃത്തുക്കളിലൂടെയും കത്തോലിക്കാസഭയെപ്പറ്റിയും അതിന്റെ പ്രബോധനങ്ങളെപ്പറ്റിയും പഠിച്ചുകൊണ്ടിരിക്കുന്നതോടൊപ്പംതന്നെ പുനരൈക്യത്തിനുള്ള ശ്രമങ്ങളും തുടർന്നുവന്നു. ഇതാ അദ്ദേഹത്തിന്റെ ചില ഡയറിക്കുറിപ്പുകൾ:

* 1974 ജൂൺ 15 ന് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി പറഞ്ഞയച്ച ശ്രീ. ചെറിയാൻ തരകനുമായി (റിട്ട. ഹെഡ്മാസ്റ്റർ, സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ ബന്ധു) കാര്യങ്ങൾ ചർച്ച ചെയ്തു.
* 1974 ജൂൺ 22 രാത്രി 10:30 ന് തിരുവനന്തപുരത്തുനിന്നും മാർ ഗ്രിഗോറിയോസിന്റെ ഫോൺ സന്ദേശം. 24-ാം തീയതി തിങ്കളാഴ്ച പാലാരിവട്ടം പി.ഒ.സി.യിൽവച്ച് കാണാമെന്നും സംസാരിക്കാമെന്നും.
* 1974 ജൂൺ 24 - പുനരൈക്യത്തെപ്പറ്റിയും ഭാവിയെപ്പറ്റിയും ബനഡിക്ട് മാർ ഗ്രിഗോറിയോസുമായി ചർച്ച.
* 1974 സെപ്റ്റംബർ 10 ന് മാർ ഗ്രിഗോറിയോസുമായി വീണ്ടും ചർച്ച. പോൾ ആറാമൻ മാർപ്പാപ്പായ്ക്ക് ഈ ആവശ്യമറിയിച്ച് അന്നുതന്നെ കത്തെഴുതി അയയ്ക്കുവാൻ തീരുമാനിച്ചു.
* 1974 സെപ്റ്റംബർ 16 - കാലത്ത് 9:30 ന് തൃശൂർ അരമനയിൽ വരുന്നുവെന്നും കണ്ടു സംസാരിക്കാമെന്നും മാർ ഗ്രിഗോറിയോസിന്റെ ഫോൺ സന്ദേശം. മാർ ഗ്രിഗോറിയോസ്, ഫാദർ സിറിൽ (പിൽക്കാലത്ത് കാതോലിക്കാബാവാ), ശ്രീ. ചെറിയാൻ തരകൻ എന്നിവരുമായി ചർച്ച.
* 1974 ഡിസംബർ 5 - വത്തിക്കാനിൽ സന്ദർശനത്തിനുപോയി മടങ്ങിവന്ന മാർ ഗ്രിഗോറിയോസിനോട് വത്തിക്കാനിൽ നിന്നുള്ള പ്രതികരണം ആരായുന്നു.
* 1974 ഡിസംബർ 17 - എറണാകുളത്ത് കാർഡിനൽ ഹൗസിൽ വച്ച് മാർ ഗ്രിഗോറിയോസിനെ കണ്ട് ചർച്ച ചെയ്യുന്നു.

www.malankaralibrary.com




* 1975 ജനുവരി 29 ന് മാർ ഗ്രിഗോറിയോസിനെ സന്ദർശിക്കുന്നു.
* 1976 ഏപ്രിൽ 21 ന് മാർ ഗ്രിഗോറിയോസിന് വീണ്ടും കത്തയയ്ക്കുന്നു.
* 1977 ഏപ്രിൽ 10 ന് മാർ ഗ്രിഗോറിയോസിനെ കാണാൻ സെക്രട്ടറി ജോർജ്ജച്ചനെ തിരുവനന്തപുരത്തേക്ക് അയയ്ക്കുന്നു.
* 1977 ഏപ്രിൽ 13 ന് ജോർജ്ജച്ചനോടൊപ്പം ആർച്ചുബിഷപ്പിനെ സന്ദർശിച്ചു. പുനരൈക്യപ്പെടുന്നതിന് നാലു മാസങ്ങൾക്കു മുമ്പ് നടന്ന ഈ ചർച്ചയിൽ കൈക്കൊണ്ട മൂന്നു പ്രധാന നിർദ്ദേശങ്ങൾ: 1. ആർച്ചുബിഷപ്പിന്റെ ഓക്സിലറിയായി കുറച്ചുകാലം തിരുവനന്തപുരത്ത് താമസിക്കുക. 2. ചായൽ മെത്രാൻ എന്ന് തത്ക്കാലം പദവി ആക്കുക. 3. ഭാവികാര്യങ്ങൾ റോമിൽനിന്ന് നിശ്ചയിക്കും.
* 1977 ജൂൺ 2 ന് പാലാരിവട്ടത്ത് മാർ ഗ്രിഗോറിയോസുമായി ചർച്ച. അഡ്വ. ജോർജ് വർഗീസ് കണ്ണന്താനവും കൂടെയുണ്ടായിരുന്നു.
* 1977 ജൂൺ 9–ന് മാർ ഗ്രിഗോറിയോസ്, മാർ കുണ്ടുകുളം എന്നീ തിരുമേനിമാരുമായി തൃശൂർ അരമനയിൽവച്ച് ചർച്ച. അതിനുശേഷം മാർ ഗ്രിഗോറിയോസ് അഞ്ഞൂർ അരമനയും കത്തീഡ്രലും സന്ദർശിച്ചു.
* 1977 ജൂൺ 20–ന് തന്റെ പുനരൈക്യത്തെ സംബന്ധിച്ച് ആദ്യമായി ബന്ധുക്കൾക്ക് സൂചന നല്കുന്നു.
* 1977 ഓഗസ്റ്റ് 16 (പുനരൈക്യപ്പെടുന്നതിന് 12 ദിവസം മുമ്പ്) പിതാവിന്റെ ഡയറിയിൽ ഇപ്രകാരം കുറിച്ചിരിക്കുന്നു; ‘പുനരൈക്യപ്പെടുന്നതുമായി ബന്ധപ്പെട്ട പത്രപ്രസ്താവനയെക്കുറിച്ച് ആലോചിക്കാൻ കൂടിയ ഇടവകയോഗം ബഹളത്തെ തുടർന്ന് പിരിച്ചുവിട്ടു. തിരുവല്ലായിൽനിന്ന് അത്തനാസിയോസ് പിതാവിന്റെ സെക്രട്ടറിയും, മുക്കോട്ടെ പുലിക്കോട്ടച്ചനും, ഒരു കപ്പൂച്ചിൻ അച്ചനും കൂടി വന്നിരുന്നു. തിരുവല്ലാ രൂപതാ വികാരി ജനറാൾ മോൺസിഞ്ഞോറച്ചൻ അഞ്ഞൂർ കത്തോലിക്കാ പള്ളിയിലിരുന്ന് എഴുതിയുണ്ടാക്കിയ കല്പന അച്ചടിക്കുന്നതിന് ജോർജ്ജച്ചനെ കത്തോലിക്കാ അച്ചന്മാരുടെ കൂട്ടത്തിലയച്ചു.’
* 1977 ഓഗസ്റ്റ് 19–ന് രാവിലെ 10 മണിക്ക് തൃശ്ശൂർ അരമനയിൽ വച്ച്

www.malankaralibrary.com



മാർ ഗ്രിഗോറിയോസുമായും മാർ കുണ്ടുകുളവുമായും 28-ാം തീയതിയിലെ പരിപാടികളെക്കുറിച്ച് ചർച്ച നടത്തി. കല്പന യും പ്രസ്താവനയും അച്ചടിക്കാൻ കൊടുത്തു.

* 1977 ഓഗസ്റ്റ് 20 - കല്പനയുടെ രൂപത്തിൽ അച്ചടിച്ച പ്രസ്താവന അഞ്ഞൂരും തൊഴിയൂരുമുള്ള ഓരോ വീട്ടിലുമെത്തിച്ചു.
* 1977 ഓഗസ്റ്റ് 21 ഞായർ (പുനരൈക്യപ്പെടുന്നതിന് മുമ്പുള്ള ഞായർ) ഡയറിയിൽ ഇപ്രകാരം കാണുന്നു; 'വിതക്കാരൻ


1977
august
sunday 21

*പുനരൈക്യത്തിന് മുമ്പുള്ള ഞായറാഴ്ച എഴുതിയ ഡയറിക്കുറിപ്പ്*

www.malankaralibrary.com



കണ്യാരച്ചൻ കുർബാന ചൊല്ലി; കുർബാനമദ്ധ്യേ പ്രസംഗിച്ചു. സെബദിമക്കളായ യാക്കോബും യോഹന്നാനും കർത്താവിന്റെ ഇടതും വലുതുമിരിക്കുന്നതിന് അനുവാദം ചോദിച്ച ഭാഗമായിരുന്നു പ്രസംഗവിഷയം. കുറേപ്പേർ മറുപക്ഷം ചേർന്ന് എന്നെപ്പറ്റി പാട്ടുണ്ടാക്കി പാടുകയായിരുന്നു. കുന്നത്തെ പള്ളിയിൽ കുർബാന കഴിഞ്ഞ് ജോർജ്ജച്ചൻ പ്രസ്താവന വിതരണം ചെയ്തു. പിന്നീട് ചാലിശ്ശേരി, പോർക്കുളം, കല്ലുംപുറം എന്നിവിടങ്ങളിൽ കാറിൽപോയി വിതരണം ചെയ്തു. പഴഞ്ഞിയിലേക്ക് ദേവസിക്കുട്ടി മാസ്റ്ററും കുഞ്ചാക്കോയും കൂടെ പോയിരുന്നു. പായിശ്ശേരി ജോർജ് തല്ലാൻ ശ്രമിച്ചു. പക്ഷേ അനിഷ്ട സംഭവങ്ങൾ ഒന്നും ഇല്ലാതെ മടങ്ങിയെത്തി.'

* 1927 ഓഗസ്റ്റ് 26 വെള്ളി – സഭാ ട്രസ്റ്റി സി.റ്റി. മാത്യുവിനെയും ഫാ. വി.വി. ജോസഫിനെയും തന്റെ കൈവശമുണ്ടായിരുന്ന ബാലൻസ് പണവും, കുരിശ്, വടി മുതലായ ഉപയോഗിച്ച സാധനങ്ങളും തിരുവസ്ത്രങ്ങളും തിരികെ ഏല്പിക്കുന്നു.

* 1977 ഓഗസ്റ്റ് 27 ശനി – കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ചു. ഫാ. വി.വി. ജോസഫും ഫാ. വി.കെ. ജോർജ്ജും സന്നിഹിതരായിരുന്നു. മാർ കൂറിലോസ് ഒന്നാമന്റെയും മറ്റു മെത്രാന്മാരുടെയും കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി. തുടർന്ന് താൻ സ്ഥാപിച്ച ആശുപത്രി സാധാരണപോലെ സന്ദർശിച്ചു. താൻ ഉപയോഗിച്ച മോതിരവും മാലയും ട്രസ്റ്റിമാരെ തിരികെ ഏല്പിച്ച് തടികൊണ്ടുള്ള ഒരു കുരിശ് ഉപയോഗിക്കുന്നു.

* 1977 ഓഗസ്റ്റ് 28 ഞായർ (പുനരൈക്യം) ഡയറിയിൽ കാണുന്ന പിതാവിന്റെതന്നെ വാക്കുകൾ ശ്രദ്ധിക്കുക: 'കാലത്ത് 8 മണിയോടുകൂടി കുളിയും കാപ്പികുടിയും കഴിഞ്ഞ് കാത്തിരുന്നു. പള്ളിയകത്തുപോയി പ്രാർത്ഥിച്ചു. ആളുകൾ കുറെയൊക്കെ വന്നുചേർന്നുകൊണ്ടിരുന്നു. സർക്കിൾ ഇൻസ്പെക്ടർ വന്ന് കുശലം അന്വേഷിച്ച് താഴോട്ടുപോയി. കൃത്യം 8:30 ന് മൂന്ന് കാർ തൃശ്ശൂർ ബിഷപ്പ് കുണ്ടുകുളം അയച്ചത് എത്തിച്ചേർന്നു. തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ വികാരിയും സെന്റ് തോമസ് കോളേജ് പ്രിൻസിപ്പലുമായ ഫാ. നിക്കോളാവൂസ് അന്തിക്കാടും, കത്തീഡ്രൽ ട്രസ്റ്റിമാരും എത്തി. ഞാൻ താഴോട്ടിറങ്ങി വരാന്ത കഴിഞ്ഞ് ചവിട്ടുകല്ലിന്മേൽ എത്തിയപ്പോൾ അവർ വന്ന് കൈമുത്തി

www.malankaralibrary.com



സ്വീകരിച്ചു. അങ്ങനെ അവരോടുകൂടെ ഗേറ്റ് വരെ നടന്നു. പിന്നെ കാറിൽ കയറി. അഞ്ഞൂർ കത്തോലിക്കാപള്ളി വികാരിയും ജനങ്ങളും റോഡിൽ രണ്ടുവരിയായി നിന്നിരുന്നു. അവരോടു കൂടി അഞ്ഞൂർ കത്തോലിക്കാപള്ളിയിൽ എത്തി പ്രാർത്ഥന നടത്തി. തിരുവല്ലാ രൂപതാ വികാരിജനറാൾ മോൺസിഞ്ഞോറ ച്ചനും സ്വീകരിക്കാനെത്തിയിരുന്നു. തുടർന്ന് നേരെ തൃശൂർക്ക് പോയി. ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസും, തിരുവല്ലാ ബിഷപ്പ് മാർ അത്തനാസിയോസും, കുണ്ടുകുളം ബിഷപ്പും, ബിഷപ്പ് ചീനാത്തും ഉണ്ടായിരുന്നു. അവരുടെ സാന്നിദ്ധ്യത്തിൽ വിശ്വാസപ്രഖ്യാപനം നടത്തി. അഞ്ചുമണിയോടുകൂടി കോട്ടയ ത്തേക്ക് തിരിച്ചു. കോതമംഗലം അരമനയിൽ കയറി സുഖമില്ലാ തിരുന്ന ബിഷപ്പിനെ സന്ദർശിച്ചു. രാത്രി 9 മണിയോടുകൂടി കോട്ടയത്ത് ബഥനി ആശ്രമത്തിലെത്തിച്ചേർന്നു.'


പുനരൈക്യത്തിനുശേഷം അടുത്ത ദിവസങ്ങളിലായി കേരള ത്തിലെ മിക്കവാറും എല്ലാ ബിഷപ്പുമാരെയും സന്ദർശിച്ചു. 1977 സെപ്റ്റംബർ 12-ന് തിരുവനന്തപുരം അതിഭദ്രാസന ദൈവാലയത്തിൽ വമ്പിച്ച സ്വീകരണം നല്കപ്പെട്ടു. പുനരൈക്യപ്പെട്ടതിനുശേഷം, സെപ്റ്റംബർ 21-ന് തന്റെ ആദ്യ കുടുംബസന്ദർശനവും നടത്തി.

## അഞ്ഞൂർ കേന്ദ്രമാക്കിയുള്ള ജീവിതവും പ്രവർത്തനവും

പുനരൈക്യപ്പെട്ടതിനുശേഷം തിരുവനന്തപുരത്താണ് അഭി വന്ദ്യ തിരുമേനി കൂടുതൽകാലം താമസിച്ചിരുന്നത്. എന്നാൽ അഞ്ഞൂർ വന്ന് താമസിച്ച് അവിടെ കൂടുതൽ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പലരും ഊന്നിപ്പറഞ്ഞു. ഇതിനുവേണ്ടി ശക്ത മായി വാദിച്ച ഒരു വ്യക്തിയാണ് ആലപ്പുഴ പാപ്പച്ചൻ. മാവേലിക്കര കേന്ദ്രമാക്കി താമസിക്കുവാൻ പിതാവ് ആഗ്രഹിച്ചെങ്കിലും പാപ്പ ച്ചനും കൂട്ടർക്കും അതിഷ്ടമായില്ല. അതിനാൽ അഞ്ഞൂർക്ക് വരാമെന്ന് സമ്മതിച്ചെങ്കിലും ആർച്ചുബിഷപ്പിനോട് ചോദിക്കട്ടെയെന്നു പറഞ്ഞു. ഇതേക്കുറിച്ച് 1981 ഫെബ്രുവരി 9-ാം തീയതിയിലെ ഡയറിക്കുറിപ്പിൽ ഇപ്രകാരം കാണുന്നു; 'കാപ്പികുടി കഴിഞ്ഞ് ആർച്ചുബിഷപ്പിനെ മുറിയിൽ പോയി കണ്ടു. കുന്നംകുളത്ത് പുനരൈക്യശ്രമങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ധരിപ്പിച്ചു. ഞാൻ അഞ്ഞൂർ താമസിക്കണമെന്ന് എല്ലാവരും എന്നെ നിർബന്ധിക്കുന്നു. തൃശ്ശൂർ ബിഷപ്പ് കുണ്ടുകുളം പിതാവും അഞ്ഞൂർപള്ളി വികാരി

www.malankaralibrary.com





*അഞ്ചൂരിലെ കത്തോലിക്കാ അരമന*

ഫാ. ജോൺ കൊള്ളന്നൂരും ഞാൻ അവിടെ താമസിച്ച് പ്രവർത്തിക്കണമെന്നും എല്ലാ സഹായങ്ങളും ചെയ്തുതരാമെന്ന് പറഞ്ഞ വിവരവും അറിയിച്ചു. ഞാൻ അഞ്ചൂർ താമസിച്ച് പ്രവർത്തിക്കുന്നതിന് ആർച്ചുബിഷപ്പ് സമ്മതിച്ചു. തിരുവല്ലാ ബിഷപ്പ് മാർ യൂഹാനോന്റെ സമ്മതവും വാങ്ങണമെന്ന് പറഞ്ഞു. കഴിയുന്ന സഹായങ്ങൾ ചെയ്തുതരാമെന്നും പ്രവർത്തിച്ചു നോക്കിയിട്ട് ഫലമില്ലായെങ്കിൽ ഇങ്ങോട്ടു തിരിച്ചുവരുന്നതിന് വിരോധമില്ലെന്നും പറഞ്ഞു. അഞ്ചൂർക്ക് വടക്കനച്ചനും ആലപ്പുഴ പാപ്പച്ചനും ഈ വിവരത്തിന് എഴുതിയിട്ടുണ്ട്.'

1990-ൽ തൊഴിയൂർ കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്യുമെനിക്കൽ സ്റ്റഡീസ് തുടങ്ങുവാൻ ആഗ്രഹിച്ചുവെങ്കിലും വേണ്ടത്ര സഹകരണം ലഭിക്കാതിരുന്നതിനാൽ സാധിച്ചില്ല. 1991 ൽ അഞ്ചൂർ അരമനയിൽ ഒരു ലൈബ്രറി പ്രവർത്തനമാരംഭിച്ചു.

**മങ്ങാട് സ്കൂൾ വാങ്ങലും അതിന്റെ വികസന പ്രവർത്തനങ്ങളും**

പുനരൈക്യപ്പെട്ടതിനുശേഷം അഞ്ചൂർ കേന്ദ്രമാക്കി പ്രവർത്തിച്ച പീലക്സിനോസ് തിരുമേനിയുടെ ജീവിതത്തിലെ വലിയ ആഗ്രഹമായിരുന്നു വെസ്റ്റ് മങ്ങാടുള്ള സ്കൂൾ സ്വന്തമായി വാങ്ങണമെന്നത്. അത് വാങ്ങുന്നതിനും അതിന്റെ വികസന പ്രവർത്തനങ്ങൾക്കും അദ്ദേഹം അഹോരാത്രം കഷ്ടപ്പെട്ടു എന്നുള്ളത് ഡയറിക്കുറിപ്പുകളിൽനിന്ന് വ്യക്തം. പ്രധാന സംഭവങ്ങൾ താഴെ കുറിക്കുന്നു:

www.malankaralibrary.com



* 1981 മാർച്ച് 16 – മങ്ങാട് സ്കൂളിന്റെ കറസ്പോണ്ടന്റ് സഖറിയാ മാസ്റ്ററും വടക്കനച്ചനുംകൂടി മങ്ങാട് സ്കൂൾ വാങ്ങുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. സ്കൂളിന്റെ കാര്യങ്ങളെക്കുറിച്ച് ചോദിച്ചറിഞ്ഞ അദ്ദേഹം അതിന്റെ വില നിശ്ചയിക്കുവാൻ പറഞ്ഞു. കഴിഞ്ഞയാണ്ടിൽ മങ്ങാട് യാക്കോബായപള്ളിക്കാർക്ക് 1,30,000 രൂപയ്ക്ക് കൊടുക്കുവാൻ തീരുമാനിച്ചുറപ്പിച്ചതായിരുന്നു. പക്ഷേ അവരുടെ പക്കൽ രൊക്കം പണമില്ലാതിരുന്നതിനാൽ അവർ തമ്മിൽ കലഹിച്ച് വാങ്ങിയില്ല. അതിൽനിന്നും വില കുറച്ച് തരണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഒന്നേകാൽ ലക്ഷം രൂപയ്ക്ക് സമ്മതിച്ചു. അങ്ങനെ 1000 രൂപ അച്ചാരം കൊടുത്ത് സ്കൂൾ വാങ്ങാൻ കരാറായി. 2.36 ഏക്കർ സ്ഥലമുള്ള ഈ സ്കൂളിൽ 800 കുട്ടികളും 21 ഡിവിഷനുകളും, 24 സ്പെഷ്യൽ ടീച്ചേഴ്സും ഉണ്ട്.
* മാർച്ച് 19 – വെസ്റ്റ് മങ്ങാട് സ്കൂൾ വാങ്ങിയ കാര്യം, ചക്കുണ്ട് പള്ളി കൂദാശയ്ക്കു പോകുമ്പോൾ യൂഹാനോൻ പിതാവിനോടു പറഞ്ഞു. സ്കൂൾ വാങ്ങിയ കാര്യം കുണ്ടുകുളം പിതാവിനോടും പറഞ്ഞു. സഹായിക്കാമോ എന്ന് ചോദിച്ചു.
* മാർച്ച് 23 – സ്കൂൾ വാങ്ങിയ കാര്യം സിറിൽ മാർ ബസേലിയോസ് പിതാവിനെ അറിയിക്കുന്നു.
* മാർച്ച് 26 – സഖറിയാസ് മാസ്റ്ററും വടക്കനച്ചനുംകൂടി സ്കൂളിൽ ടീച്ചേഴ്സിനെ വിളിച്ചുവരുത്തി സ്കൂൾ മാനേജ്മെന്റ് കൈമാറുന്ന കാര്യം അറിയിച്ചു. ഹാജരുണ്ടായിരുന്ന എല്ലാ അദ്ധ്യാപകരും സമ്മതം ഒപ്പിട്ടു നല്കി.
* മാർച്ച് 30 – പൊന്മേലിൽ അച്ചന്റെ സഹായത്തോടെ സ്കൂൾ കൈമാറ്റത്തിനു മുമ്പ് ഡി.പി.ഐ.യുടെ അനുവാദത്തിനായുള്ള ഫോം പൂരിപ്പിച്ച് നല്കി.
* ഏപ്രിൽ 25 – ജോർജ്ജച്ചനും ജോസഫ് മേലിട്ടും തൃശ്ശൂർ രാമനിലയത്തിൽവച്ച് മന്ത്രി ലോനപ്പൻ നമ്പാടനെ കണ്ട് ഹൈസ്കൂളായി ഉയർത്തിതരാൻ സഹായിക്കണമെന്ന് ആവശ്യപ്പെട്ടു.
* മെയ് 7 – സ്കൂൾ കാര്യത്തിനായി മന്ത്രി ബേബി ജോണിനെ അദ്ദേഹത്തിന്റെ വസതിയിൽ സന്ദർശിച്ചു.
* മെയ് 9 – മങ്ങാട് സ്കൂളിനു സമീപമുള്ള 1.40 ഏക്കർ പാടം

www.malankaralibrary.com





*മങ്ങാട് സ്കൂൾ കുട്ടികൾ അസംബ്ലിയിൽ*

വാങ്ങുന്നതിന് തീരുമാനിച്ചു.

* 1981 ജൂൺ 15 – മങ്ങാട് സ്കൂൾ വസ്തുവിന്റെ രണ്ട് ആധാരങ്ങളും രജിസ്റ്റർ ചെയ്തു.
* ജൂൺ 19 – അദ്ധ്യാപകരെ സ്കൂളിൽ വിളിച്ചുകൂട്ടി മാനേജ്മെന്റ് ട്രാൻസ്ഫർ ചെയ്തു കിട്ടിയെന്നും എല്ലാവരും സഹകരിച്ചു പ്രവർത്തിക്കണമെന്നും പറഞ്ഞു.
* ജൂലൈ 11 – സ്കൂൾ കാര്യം ചർച്ച ചെയ്യാൻ മന്ത്രി മാണിയുടെ വസതിയിൽ പോയി. പാലായിലെ വലിയ പിതാവ് കൊടുത്ത കത്ത് നല്കി. മന്ത്രി ബേബി ജോണിനെ കണ്ട് പറയാമെന്നും വേണ്ടത് ചെയ്യാമെന്നും പറഞ്ഞു.
* ജൂലൈ 17 – സ്കൂൾ വാങ്ങിയിട്ട് ആദ്യത്തെ നിയമനം. സിസ്റ്റർ ആനി എസ്.ഐ.സി.യെ സ്കൂളിൽ നിയമിച്ചു.
* ഓഗസ്റ്റ് 26 – ഹൈസ്കൂൾ ആക്കുന്നതിനുള്ള അപേക്ഷ ഡി.ഇ.ഒ.യ്ക്ക് സമർപ്പിക്കുന്നു.
* 1982 ഫെബ്രുവരി 3 – സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് വിദ്യാഭ്യാസമന്ത്രി ജോസഫുമായി തിരുവനന്തപുരത്ത് ചർച്ച നടത്തി.
* മാർച്ച് 19 – മനോരമ, ദീപിക പത്രങ്ങളിൽ 275 പുതിയ സ്കൂളുകൾക്കുള്ള ഏരിയാ നോട്ടിഫിക്കേഷനിൽ മങ്ങാട് സ്കൂൾ

www.malankaralibrary.com



ഉൾപ്പെടുത്തിയിരിക്കുന്നു.

* മെയ് 7 – യു.പി. വിഭാഗത്തിൽ ഒഴിഞ്ഞു കിടക്കുന്ന നാലു മുറികളിൽ ഹൈസ്കൂൾ തുടങ്ങാൻ ഗവൺമെന്റ് അനുവാദത്തിനായി പെറ്റീഷൻ തയ്യാറാക്കുന്നു.
* മെയ് 25 – പുതുതായി അനുവദിച്ച സെന്റ് ജോസഫ്സ് ആൻഡ് സെന്റ് സിറിൽ ഹൈസ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം.
* ജൂൺ 15 – മദ്ധ്യവേനൽ അവധി കഴിഞ്ഞ് ആദ്യമായി 8–ാം ക്ലാസ്സ് ആരംഭിച്ചു. ഫാ. ജോൺ ഇരുമേട 'റ്റീച്ചർ ഇൻചാർജാ'യി നിയമിക്കപ്പെട്ടു.



*മങ്ങാട് സ്കൂളിന്റെ ഹൈസ്കൂൾ ബ്ലോക്ക് ഉദ്ഘാടനം*
*മന്ത്രി ശ്രീ. ടി. എം. ജേക്കബ് നിർവഹിച്ചപ്പോൾ*

* 1986 മെയ് 21 – ഗീവറുഗീസ് പണിക്കരച്ചനുമൊത്ത് വിദ്യാഭ്യാസ മന്ത്രി റ്റി. എം. ജേക്കബിനെ സന്ദർശിക്കുന്നു.
* മെയ് 27 – എസ്.എസ്.എൽ.സി. പരീക്ഷയിൽ മങ്ങാട് സ്കൂളിൽ 100% വിജയം, 25 കുട്ടികളിൽ 11 പേർക്ക് ഫസ്റ്റ് ക്ലാസ്സ്.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

അനേകം വെല്ലുവിളികളും പ്രശ്നങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട് അഭിവന്ദ്യ തിരുമേനിക്ക്. പുനരൈക്യപ്പെടുന്നതിനു മുമ്പ് ആശുപത്രികാര്യങ്ങളിലും പള്ളികാര്യങ്ങളിലും എതിർപ്പു പ്രകടി

www.malankaralibrary.com



പ്പിച്ച ഒരു വിഭാഗവുമായി ഏറ്റുമുട്ടേണ്ടി വന്നിട്ടുള്ളതും, തന്നെ അനുസരിക്കാത്ത ഒരു വൈദികന്റെ വികാരിസ്ഥാനം റദ്ദാക്കിയതും ഡയറിക്കുറിപ്പുകളിൽ കാണാം.

അരമനയ്ക്ക് അടുത്തുള്ള കള്ളുഷാപ്പ് നീക്കുന്ന കാര്യത്തിൽ വലിയ വെല്ലുവിളികൾ ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. അതിനായി മന്ത്രി കെ.എം.മാണിയെ സന്ദർശിച്ച് ചർച്ച നടത്തി.

മങ്ങാട് സ്കൂളിൽ ഒരു കുട്ടിയെ തല്ലിയ ഡ്രോയിംഗ് മാസ്റ്ററെ സ്കൂളിൽ വിളിച്ചു വരുത്തി ഹെഡ്മാസ്റ്ററുടെ സാന്നിദ്ധ്യത്തിൽ, കുട്ടിയുടെ രക്ഷിതാവിനോട് മാപ്പു ചോദിച്ച് എല്ലാം അവസാനി പ്പിക്കുവാൻ നിർദ്ദേശിച്ചു. എന്നാൽ അദ്ധ്യാപകൻ അതിന് തയ്യാറാ കാഞ്ഞത് തിരുമേനിയെ വേദനിപ്പിച്ചു.

ശാരീരിക അസ്വസ്ഥതകളും രോഗങ്ങളും പലപ്പോഴും വലിയ വേദനകൾ ഉളവാക്കിയിരുന്നു. 1986 മെയ് 1-ാം തീയതിയിലെ ഡയറി കുറിപ്പിൽ ഇപ്രകാരം എഴുതിയിരിക്കുന്നു; 'രാവിലെ മുളമൂട്ടിലച്ചന്റെ നിരണം പള്ളിയിൽ പോയി. വി. യൗസേഫ് പിതാവിന്റെ തിരുന്നാൾ ആഘോഷം. ഞാൻ കുർബാന ചൊല്ലി, പ്രസംഗിച്ചു. കാരിക്കോട്ട ച്ചനുമുണ്ടായിരുന്നു. വി. കുർബാന പകുതിയായപ്പോൾ കറന്റ് പോയി. എനിക്ക് വിയർക്കാനും തുടങ്ങി. ഞാൻ വളരെ വിഷ മിച്ചു. ബസ്മൽക്കോയുടെ സമയത്ത് ഒരു കസേരയിട്ട് ഇരുന്നു. അതു കഴിഞ്ഞ് എഴുന്നേറ്റ് വി. കുർബാന പൂർത്തിയാക്കി.'

മാനസികമായി വളരെ അസ്വസ്ഥത നിറഞ്ഞിരുന്ന (1991 ഫെബ്രുവരിമാസം) സമയത്ത്, മാർച്ച് മൂന്നിനു ലഭിച്ച മാർ ബസേ ലിയോസിന്റെ കത്ത് കൂടുതൽ ആശ്വാസം നല്കിയതായും, കുറേ ദിവസങ്ങൾ വിശ്രമിക്കുന്നതിന് ബത്തേരി അരമനയിലേക്ക് ക്ഷണി ച്ചതായും ഡയറിക്കുറിപ്പിൽ കാണുന്നു.

## അഗതികളോടും രോഗികളോടുമുള്ള കരുതൽ

തനിക്കറിയാവുന്ന ആരെങ്കിലും ആശുപത്രിയിലോ ഭവനങ്ങ ളിലോ രോഗികളായി കിടന്നാൽ അവരെ സന്ദർശിക്കുകയെന്നു ള്ളത് തിരുമേനിയുടെ പതിവായിരുന്നു. നിർദ്ധനരായ രോഗികൾക്ക് എളിയ രീതിയിൽ ചികിത്സാ സഹായം നല്കുന്നതിനും തിരുമേനി ശ്രദ്ധിച്ചിരുന്നു. പാവപ്പെട്ട രോഗികളെ സഹായിക്കാൻ തന്റേതായ ഒരു ചെറിയ സഹായം തിരുവല്ലായിലെ പയ്യമ്പള്ളി അച്ചന്റെ പക്കൽ നല്കിയിരുന്നു. മരണവീടുകൾ സന്ദർശിച്ച് ദുഃഖാർത്തരെ ആശ്വ

www.malankaralibrary.com



സിപ്പിക്കുന്നതും തിരുമേനിയുടെ പതിവായിരുന്നു. അക്രൈസ്തവരുടെ വിവാഹചടങ്ങുകളിലും അദ്ദേഹം സംബന്ധിച്ചിരുന്നു. പാവപ്പെട്ട പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചയയ്ക്കാനും, നിർദ്ധന കുട്ടികൾക്ക് പഠനസഹായം നൽകാനും തിരുമേനി ശ്രദ്ധിച്ചിരുന്നു. മറ്റുള്ളവരോട് അനുകമ്പയും സഹാനുഭൂതിയും ക്ഷമയും പ്രകടിപ്പിക്കുന്നതിൽ തിരുമേനി മുന്നിലായിരുന്നു. 1976 ഏപ്രിൽ 20ന് താൻ നടത്തിവന്ന ആശുപത്രിയിലെ ഒരു നേഴ്സ് ഒരിക്കൽ മോഷണം (ടോണിക്) നടത്തിയപ്പോൾ എല്ലാവരും അവളെ പിരിച്ചുവിടാൻ പറഞ്ഞുവെങ്കിലും ഒരു പ്രാവശ്യംകൂടി ക്ഷമിക്കുവാൻ മാർ പീലക്സിനോസ് അവരെ ഉപദേശിച്ചതായി കാണുന്നു.

## രോഗവും വേദനകളും

രോഗവും വേദനയും തിരുമേനിയുടെ കൂടെ എന്നും ഉണ്ടായിരുന്നു. ഏതാണ്ട് അഞ്ചാം വയസ്സിൽ പെട്ടെന്ന് ഒരു പനിയോടെ തൊണ്ടയിലും കഴുത്തിലും നീർക്കെട്ടു വന്ന് വെള്ളമിറക്കാൻ പറ്റാത്ത വിധത്തിലുള്ള വേദനയനുഭവപ്പെട്ടതായി പിതാവിന്റെ സഹോദരൻ ജോബ് സാക്ഷ്യപ്പെടുത്തുന്നു. ടോൺസിലൈറ്റിസ് രോഗമാണെന്നും, അതിനി ഉണ്ടാകാതിരിക്കണമെങ്കിൽ ശസ്ത്രക്രിയ നടത്തണമെന്നും ഡോക്ടർമാർ ഉപദേശിച്ചതിന്റെ ഫലമായി ശസ്ത്രക്രിയ നടത്തി. വൈദ്യശാസ്ത്രം പുരോഗമിച്ചിട്ടില്ലാത്ത അക്കാലത്ത് നടത്തിയ ശസ്ത്രക്രിയയുടെ ഫലമായി ഒരുപാട് രക്തം വാർന്നു പോയെന്നും കുഞ്ഞ് വളരെ അവശനായെന്നും അതിനുശേഷമാണ് ആസ്തമയും ശ്വാസംമുട്ടലും തുടങ്ങിയതെന്നും അമ്മ കരഞ്ഞുകൊണ്ട് പറയുമായിരുന്നെന്ന് സഹോദരൻ സാക്ഷ്യപ്പെടുത്തുന്നു.

വിവിധ ആശുപത്രികളിൽ നിരന്തരം ചികിത്സയിലായിരുന്നു അഭിവന്ദ്യ തിരുമേനി. പുഷ്പഗിരി, തൃശ്ശൂർ ജൂബിലി മിഷൻ, ചൂണ്ടൽ എന്നിവിടങ്ങളിൽ ചികിത്സക്കായി അനേക ദിവസങ്ങൾ ചിലവഴിച്ചിട്ടുണ്ട്. പുഷ്പഗിരി ആശുപത്രിയിൽ അദ്ദേഹത്തിന് ഒരു പ്രത്യേക മുറി തന്നെയുണ്ടായിരുന്നു. ഓരോ വർഷവും നിരവധി അവസരങ്ങളിലായി അനേക ദിവസങ്ങൾ ചികിത്സയ്ക്കായി ചെലവഴിച്ച തിരുമേനി 1977 ഓഗസ്റ്റ് 28-ന് പുനരൈക്യപ്പെട്ട ദിവസം മുതൽ 1998 നവംബർ 3 മരണം വരെ, ഏതാണ്ട് രണ്ടായിരത്തിലധികം ദിവസങ്ങൾ ചികിത്സയിൽ കഴിഞ്ഞിട്ടുണ്ട്!

വ്യക്തിപരമായ ഒരു അനുഭവംകൂടി പങ്കുവയ്ക്കട്ടെ. ഞാൻ പീച്ചി

www.malankaralibrary.com



ഇടവകവികാരിയായിരുന്ന കാലയളവിൽ (1994-1997), ഒരിക്കൽ അദ്ദേഹം തൃശൂർ ജൂബിലി ഹോസ്പിറ്റലിൽ അഡ്മിറ്റായി. തിരുവല്ലാ അരമനയിൽനിന്ന് എന്നോട് നിർദ്ദേശിച്ച പ്രകാരം മിക്കവാറും ദിവസങ്ങളിൽ ഞാൻ പിതാവിനെ ആശുപത്രിയിൽ സന്ദർശിക്കുമായിരുന്നു. ഒരു ദിവസം രാവിലെ ഞാൻ അവിടെ ചെന്നപ്പോൾ, ഞാൻ ചോദിച്ചു, തിരുമേനി ഇപ്പോൾ എങ്ങനെയുണ്ട്. അപ്പോൾ ഞരങ്ങിയ ശബ്ദത്തിൽ എന്നോട് എന്തോ പറഞ്ഞു. എനിക്ക് മനസ്സിലായില്ല. ഞാൻ പറഞ്ഞു എനിക്ക് മനസ്സിലായില്ലാ എന്ന്. വീണ്ടും എന്തോ എന്നോട് പറഞ്ഞു. അപ്പോഴും എനിക്ക് മനസ്സിലായില്ല. ചോദിച്ച് കൂടുതൽ ബുദ്ധിമുട്ടിക്കേണ്ടായല്ലോ എന്ന് വിചാരിച്ച് തൊട്ടടുത്തുനിന്ന നേഴ്സിനോട് ചോദിച്ചു തിരുമേനി എന്താ പറഞ്ഞതെന്ന്. അപ്പോൾ നേഴ്സ് പറഞ്ഞു, ഇന്നു രാവിലെ ടോയ്‌ലറ്റിൽ പോയപ്പോൾ അവിടെ മറിഞ്ഞുവീണു, അതിന്റെ വേദന ഉണ്ടെന്നാണ് പറഞ്ഞത്. വലിയ വേദനയും വിഷമവും തോന്നി അതുകേട്ടിട്ട്. ഒത്തിരിയേറെ വേദനകളിലൂടെയാണ് തിരുമേനിയുടെ ജീവിതം കടന്നുപോയത്.

ഡോക്ടർമാർക്ക് എപ്പോഴും വഴങ്ങുന്ന ഒരു 'നല്ല രോഗി'യായിരുന്നു പീലക്സിനോസ് തിരുമേനി. ഒരിക്കൽ വിദേശത്തേക്ക് പോകുവാൻ വിസ ശരിപ്പെടുത്തി തയ്യാറായിരിക്കുമ്പോൾ പുഷ്പഗിരിയിൽ അഡ്മിറ്റായിരുന്ന പിതാവിനോട് കാർഡിയോളജിസ്റ്റ് ഡോ. ജോർജ് കോശി പറഞ്ഞു; 'സാധാരണ ഗതിക്ക് ഞാൻ ശുപാർശ ചെയ്യാൻ ഇഷ്ടപ്പെടുന്നില്ല. നിർബന്ധിക്കുകയാണെങ്കിൽ മാത്രം ഞാൻ ഫോം ഒപ്പിട്ട് തരാം. യൂറോപ്പിലെ കാലാവസ്ഥ എനിക്ക് നന്നായി അറിയാം. അതുകൊണ്ട് ഞാൻ ഈ ദീർഘയാത്രയ്ക്ക് അനുവദിക്കില്ല'. ഡോക്ടറിന്റെ നിർദ്ദേശപ്രകാരം പോകേണ്ടായെന്ന് തിരുമേനി തീരുമാനിക്കുകയും ചെയ്തു.

രോഗമായിരിക്കുമ്പോഴും അവശ്യ പരിപാടികളിൽ സംബന്ധിക്കുവാൻ അദ്ദേഹം താത്പര്യപ്പെട്ടിരുന്നു. രോഗാവസ്ഥയിലായിരിക്കുമ്പോൾ ഏറ്റെടുത്ത പരിപാടികളിൽ സംബന്ധിക്കുവാൻ കഴിയാത്തതും വലിയ പ്രയാസമായിരുന്നു.

## ആരാധനയിലും തിരുക്കർമ്മങ്ങളിലുമുള്ള തീക്ഷ്ണത

പുനരൈക്യപ്പെടുന്നതിനു മുമ്പും പിമ്പും ആരാധന സജീവമായും ഭംഗിയായും ആകർഷണീയമായും അനുഷ്ഠിക്കുന്നതിൽ പിതാവ് ബദ്ധശ്രദ്ധനായിരുന്നു. 1974 ഡിസംബർ 23-ാം തീയതി

www.malankaralibrary.com



നടത്തിയ വടക്കൻ ജോർജ് ശെമ്മാശ്ശന്റെ കശ്ശീശാപട്ടം മൂന്നര മണിക്കൂറുകൊണ്ടാണ് അവസാനിപ്പിച്ചതെന്നും, പഴയ പട്ടംകൊടക്രമത്തിൽനിന്ന് തർജ്ജമ ചെയ്ത് തയ്യാറാക്കിയ ക്രമത്തിലെ ഒന്നും വിട്ടുപോകാതെ അനുഷ്ഠിച്ചുവെന്നും ഡയറിക്കുറിപ്പിൽ കാണുന്നു. സുറിയാനി പ്രാർത്ഥനകളും ഗീതങ്ങളും അദ്ദേഹത്തിന് ഹൃദിസ്ഥമായിരുന്നു. അവ പ്രത്യേക നിഷ്കർഷയോടെ ശെമ്മാശ്ശന്മാരെ പഠിപ്പിക്കുകയും ചെയ്തിരുന്നു. തൊഴിയൂർസഭയുടെ മെത്രാപ്പോലീത്തായായിരുന്ന ജോസഫ് മാർ കൂറിലോസ് തിരുമേനി മാർ പീലക്സിനോസിന്റെ ശിഷ്യനാണ്. സുറിയാനി ഗീതങ്ങൾ ശ്രുതിമധുരമായി ആലപിക്കുന്നതിലും അവയുടെ അർത്ഥം വ്യാഖ്യാനിച്ചു കൊടുക്കുന്നതിനും തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

മലങ്കരസഭയുടെ ആരാധനക്രമം പരിഷ്കരിക്കുന്നതിനുള്ള ചർച്ചയിൽ സജീവമായി അദ്ദേഹം പങ്കെടുത്ത് വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയിരുന്നു. 1981-ൽ ലിറ്റർജിക്കൽ കമ്മിറ്റിയുടെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ട തിരുമേനി തുടർച്ചയായുള്ള കമ്മിറ്റി മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ഹാശാ ആഴ്ചയിലെ ശുശ്രൂഷകളുടെ കലണ്ടർ പുതുക്കുന്നതിനെപ്പറ്റിയുള്ള ചർച്ചയ്ക്ക് നേതൃത്വം നല്കി. ഫിലിപ്പ് തുരുത്തിയിലച്ചനുമൊത്ത് ഉയിർപ്പിന്റെ ശുശ്രൂഷാക്രമം വായിച്ച് തെറ്റുതീർക്കുകയും, അച്ചടിക്കുവാൻ കൊടുക്കുന്നതിനുമുമ്പുള്ള തിരുത്തലുകൾ നടത്തുകയും ചെയ്തു.

## തിരുക്കർമ്മങ്ങൾക്കും പരിപാടികൾക്കും നേതൃത്വം

മലങ്കരസഭയുടെ പ്രത്യേകിച്ച് തിരുവല്ലാ അതിരൂപതയുടെ നിർണായക ഘട്ടങ്ങളിലും വിവിധ ആവശ്യങ്ങളിലും ഓടിയെത്തുവാൻ അഭിവന്ദ്യ തിരുമേനി എപ്പോഴും ശ്രദ്ധിച്ചിരുന്നു. മെത്രാപ്പോലീത്താമാരുടെയും വൈദികരുടെയും സന്യസ്തരുടെയും പട്ടാഭിഷേകങ്ങളിലും മൃതസംസ്കാര ശുശ്രൂഷകളിലും സ്തുത്യർഹമായ നേതൃത്വം നല്കുവാൻ അദ്ദേഹത്തിന് സാധിച്ചു. മലങ്കര കത്തോലിക്കാസഭയിലെ മറ്റു മെത്രാന്മാരുടെ അസാന്നിദ്ധ്യത്തിൽ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം തിരുവല്ലാ അതിരൂപതയുടെ മെത്രാനായിരുന്ന സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ കബറടക്ക ശുശ്രൂഷയാണ്. പീലക്സിനോസ് തിരുമേനിയുടെ പുനരൈക്യത്തിനുശേഷം കൃത്യം ഒരു മാസം കഴിഞ്ഞപ്പോഴാണ്

www.malankaralibrary.com





*മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ കബറടക്കത്തിന് നേതൃത്വം നല്കുന്നു.*

ആ സംഭവം. 1977 സെപ്റ്റംബർ 28-ാം തീയതിയിലെ ഡയറിക്കുറിപ്പിൽ ഇപ്രകാരം കാണുന്നു: 'രാത്രി പതിനൊന്നര മണിക്ക് തൃശൂർ അരമനയിൽനിന്ന് ഫാദർ നിക്കോളാസ് അന്തിക്കാട് വന്നു പറഞ്ഞു; തിരുവല്ലാ ബിഷപ്പ് മാർ അത്തനാസിയോസ് വൈകുന്നേരം ഏഴര മണിക്ക് ഹൃദയസ്തംഭനംമൂലം കാലം ചെയ്തുവെന്ന്. ഈ വാർത്ത കേട്ട ഉടനെ പാതിരായ്ക്ക് തിരുവല്ലായ്ക്ക് പുറപ്പെട്ടു. സെപ്റ്റംബർ 29-ാം തീയതി കാലത്ത് 12 അച്ചന്മാരോടൊപ്പം സമൂഹബലി നടത്തി. അന്നേ ദിവസം അനേക മെത്രാന്മാരും ജനങ്ങളും വന്നു. വൈകുന്നേരം മാർ അത്തനാസിയോസിന്റെ ഇടവകപ്പള്ളിയായ തിരുമൂലപുരത്തേക്ക് മൃതദേഹം കൊണ്ടുപോയി പ്രാർത്ഥന നടത്തി. 30-ാം തീയതി നടന്ന കബറടക്കത്തെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു; കാലത്ത് 8 മണിക്ക് രണ്ടു മോൺസിഞ്ഞോർമാരും ഞാനും മറ്റ് അച്ചന്മാരും ചേർന്ന് സമൂഹബലി നടത്തി. പിന്നീട് ഒടുവിലത്തെ തെശ്മെശ്ത്തായും നടത്തിയതിനുശേഷം നഗരികാണിക്കൽ തുടങ്ങി. ബിഷപ്പ് സെബാസ്റ്റ്യൻ വള്ളോപ്പള്ളി, ബിഷപ്പ് ജോസഫ് പള്ളിക്കാപ്പറമ്പിൽ, ബിഷപ്പ് സെബാസ്റ്റ്യൻ മങ്കുഴിക്കരി, ബിഷപ്പ് കുറിയാക്കോസ് കുന്നശ്ശേരി എന്നീ മെത്രാന്മാരും ഞാനും രണ്ടു മോൺസിഞ്ഞോർമാരും മൃതശരീരം വഹിച്ചിരുന്ന രഥത്തിലുണ്ടായിരുന്നു. അതിഗംഭീരമായ നഗരികാണിക്കലായിരുന്നു. അച്ചന്മാരും സെമിനാരി വിദ്യാർത്ഥികളും, കന്യാസ്ത്രീകളും ഉൾപ്പെടെ വലിയ ഒരു ജനാവലി ഉണ്ടായിരുന്നു. പിന്നീട് കബറടക്ക ശുശ്രൂഷ നടത്തി. ശുശ്രൂഷയ്ക്ക് ഞാൻ നേതൃത്വം വഹിക്കേണ്ടി വന്നു''.

www.malankaralibrary.com





1979 ജൂൺ ആറാം തീയതി ചേപ്പാട്ട് ഫിലിപ്പോസ് റമ്പാന്റെ മൃത സംസ്കാരത്തിലും, 1987 ഏപ്രിൽ 28-ാം തീയതി കാലം ചെയ്ത യൂഹാനോൻ തിരുമേനിയുടെ കബറടക്കത്തിലും, 1994 ഒക്ടോബർ പത്താം തീയതി കാലം ചെയ്ത ഗ്രിഗോറിയോസ് തിരുമേനിയുടെ കബറടക്കത്തിലും, 1997 ഏപ്രിൽ 8-ാം തീയതി കാലം ചെയ്ത ലോറൻസ് മാർ അപ്രേം തിരുമേനിയുടെ കബറടക്കത്തിലും, പീലക്സിനോസ് തിരുമേനി സജീവമായി പങ്കുചേർന്നു.

മലങ്കരസഭയുടെ സന്തോഷകരമായ പല മുഹൂർത്തങ്ങൾക്കു നേതൃത്വം വഹിക്കുവാനും സഹകാർമ്മികത്വം വഹിക്കുവാനും തിരുമേനിക്ക് സാധിച്ചിട്ടുണ്ട്. 1978 ഒക്ടോബറിൽ ബത്തേരി ഭദ്രാസന സ്ഥാപനത്തിലും, 1978 ൽ ബസേലിയോസ് തിരുമേനിയുടെയും യൂഹാനോൻ തിരുമേനിയുടെയും മെത്രാഭിഷേകത്തിലും, 1980 ഡിസംബറിൽ അപ്രേം തിരുമേനിയുടെ മെത്രാഭിഷേകത്തിലും, 1988 ഓഗസ്റ്റ് 8-ാം തീയതി തിമോത്തിയോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിലും, 1989 മെയ് 25 ന് മലങ്കര സെമിനാരിയുടെ കൂദാശയിലും, 1995 ഡിസംബർ 14-ാം തീയതി സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ സ്ഥാനാരോഹണത്തിലും, 1996 ഡിസംബർ 16-ാം തീയതി മാർത്താണ്ഡം ഭദ്രാസന സ്ഥാപനത്തിലും, 1997 ഫെബ്രുവരി 5-ന് ദിവന്നാസിയോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിലും, 1997 ജൂലൈ 17 ന് കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിലും, 1998 ജൂൺ 29-ന് ക്രിസോസ്റ്റം തിരുമേനിയുടെയും ഇഗ്നാത്തിയോസ് തിരുമേനിയുടെയും മെത്രാഭിഷേകത്തിലും സംബന്ധിച്ച് സജീവമായ നേതൃത്വം നല്കി.

www.malankaralibrary.com



1981 ജനുവരി 11-ന് കർദ്ദിനാൾ റൂബിനെ സ്വീകരിക്കാൻ തിരുവനന്തപുരം എയർപോർട്ടിൽ പോയതും, 12-ാം തീയതി കേരള ഗവർണർ ശ്രീമതി ജ്യോതി വെങ്കിടാചലം രാജ്ഭവനിൽ കർദ്ദിനാളിന്റെ ബഹുമാനാർത്ഥം ഒരുക്കിയ അത്താഴവിരുന്നിൽ പങ്കെടുത്തതും, 1986 ജനുവരി 10-ന് മാർ ഗ്രിഗോറിയോസിന്റെ സപ്തതി ആഘോഷത്തിൽ പങ്കെടുത്തതും, 1986 ഫെബ്രുവരി 1-ന് മലങ്കര സഭയിലെ മറ്റു മെത്രാന്മാരോടൊപ്പം മാർപ്പാപ്പായെ സ്വീകരിക്കാൻ ഡൽഹിയിൽ പോയതും പ്രധാനപ്പെട്ട പരിപാടികളിൽ ചിലത് മാത്രമാണ്.

## ആദ്യ റോമാ യാത്ര

1979 നവംബർ 15-ന് മാർപ്പാപ്പായെ സന്ദർശിക്കുവാൻ അദ്ദേഹം റോമിലേക്ക് പുറപ്പെട്ടു. ഡിസംബർ 12-ന് മാർപ്പാപ്പാ അർപ്പിച്ച വി. കുർബാനയിൽ പങ്കുചേർന്നു. അനേകം കർദ്ദിനാളന്മാർക്കും ബിഷപ്പുമാർക്കും ഒപ്പമാണ് വി. കുർബാനയിൽ പങ്കെടുത്തത്. പതിനായിരക്കണക്കിന് ജനങ്ങൾ വന്നു കൂടിയിരുന്നു. വി. കുർബാന കഴിഞ്ഞ് സങ്കീർത്തിയിൽവച്ച് മറ്റു ബിഷപ്പുമാരുമൊത്ത് പരി. പിതാവിന്റെ കൈ മുത്തുകയും അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തു.



*ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായോടൊപ്പം*

## പൗരോഹിത്യ രജതജൂബിലി

മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ പൗരോഹിത്യ രജതജൂബിലി ആഘോഷങ്ങൾ കുന്നംകുളത്ത് വിപുലമായി ക്രമീകരിച്ചിരുന്നു. 1987 ജനുവരി 13-ലെ ഡയറിക്കുറിപ്പിൽ ഇപ്രകാരം

www.malankaralibrary.com



കാണുന്നു: 'രാവിലെ ആദ്യം ബത്തേരിയിൽനിന്ന് മാർ ബസേലിയോസ് എത്തിച്ചേർന്നു. പിന്നീട് ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസും മാർ യൂഹാനോനും വന്നു. അവസാനമായി 10:30 എ.എം. ന് മാർ കുണ്ടുകുളം പിതാവ് എത്തിച്ചേർന്നു. തുടർന്ന് സമൂഹബലി തുടങ്ങി. കുണ്ടുകുളം പിതാവും കുറെ അച്ചന്മാരും എന്റെ കൂടെ സമൂഹബലിയിൽ പങ്കെടുത്തു. ആർച്ചുബിഷപ്പ് മദ്ബഹായിൽ സന്നിഹിതനായിരുന്നു. കുർബാനയുടെ അവസാനം അദ്ദേഹം പ്രസംഗിച്ചു. അതിനുശേഷം ഞാൻ കൈമുത്തു നടത്തി. അടൂർ, കൊട്ടാരക്കര, പത്തനംതിട്ട, കൊല്ലം, ആയൂർ എന്നീ ഡിസ്ട്രിക്ടുകളിൽനിന്നായി 33 അച്ചന്മാർ ഒരു ബസിൽവന്നു. തിരുവല്ലായിൽ നിന്ന് 40 അച്ചന്മാർ ഒരു സ്പെഷ്യൽ ബസിൽവന്നു. 12 മണിയോടെ ഭക്ഷണം കൊടുക്കാൻ ആരംഭിച്ചു. പിതാക്കന്മാർ മുറിക്കകത്തും അച്ചന്മാരും കന്യാസ്ത്രീകളും രണ്ടു പന്തലുകളിലും ഇരുന്ന് ഭക്ഷണം കഴിച്ചു. ഏതാണ്ട് 700 ആളുകൾ ഉണ്ടായിരുന്നു.'

### മെത്രാഭിഷേക രജതജൂബിലി

മെത്രാഭിഷേക രജതജൂബിലിയെപ്പറ്റി 1993 ജനുവരി 12 നുള്ള ഡയറിക്കുറിപ്പിൽ ഇപ്രകാരം കാണുന്നു. '10.30 എ.എം. ന് പന്തലിൽ വി. കൂർബാന തുടങ്ങി. മാർ തിമോത്തിയോസ്, മാർ ബസേലിയോസ്, മാർ അപ്രേം എന്നീ പിതാക്കന്മാരും മോൺസിഞ്ഞോർ കുമ്പുകാട്ടച്ചനും, ജറോം ഒ.ഐ.സി., ജോർജ് ആലുങ്കൽ മുതലായ അച്ചന്മാരും ഉണ്ടായിരുന്നു. മാർ ഗ്രിഗോറിയോസും, മാർ ജെയിംസ് പഴയാറ്റിലും, പൗരസ്ത്യസഭയുടെ മാർ അപ്രേമും മദ്ബഹായിലിരുന്നു. അല്പം കഴിഞ്ഞപ്പോൾ മാർ കുണ്ടുകുളം പിതാവ് വന്നു. പിന്നീട് അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ പിതാവ് എത്തി. സുവിശേഷം വായിച്ചുകഴിഞ്ഞ് മാർ കുണ്ടുകുളം പിതാവ് ചെറുപ്രസംഗം ചെയ്തു. അതിനുശേഷം ആർച്ചുബിഷപ്പും മാർ അപ്രേമും ആശംസകൾ പറഞ്ഞു. കർദ്ദിനാൾ പിതാവും ആശംസ നേർന്നു. 12:30 ന് കുർബാന കഴിഞ്ഞു. കൈ മുത്തിക്കുമ്പോൾ അച്ചന്മാർക്കും സിസ്റ്റേഴ്സിനും ഒരു ചിത്രവും ഗിഫ്റ്റും വിതരണം ചെയ്തു. സ്കൂൾ ഹാളിൽ എല്ലാവർക്കും സ്നേഹവിരുന്ന് നൽകി.

### വിശ്വസ്തനായ ഭവനവിചാരകനും ഉത്തമ സുഹൃത്തും

അഭിവന്ദ്യ തിരുമേനിയുടെ ഡയറിക്കുറിപ്പുകളിലൂടെ കടന്നുപോകുമ്പോൾ മഹത്വമേറിയ ഒരു വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹമെന്ന് കാണുവാൻ സാധിക്കും. കുഞ്ഞുങ്ങളോട് വലിയ

www.malankaralibrary.com





*കുഞ്ഞുങ്ങളുടെ വത്സല താതൻ*

സ്നേഹവും താത്പര്യവും പിതാവിന് ഉണ്ടായിരുന്നു. എവിടെ സ്കൂൾ വാർഷികത്തിനു വിളിച്ചാലും എല്ലാ തിരക്കുകളും മാറ്റിവച്ച് പോകുമായിരുന്നു. കുട്ടികൾക്ക് വിദ്യ പകർന്നു നല്കുന്ന അദ്ധ്യാപകരോടും അങ്ങേയറ്റം സ്നേഹവും ബഹുമാനവും വച്ചുപുലർത്തി. പല സമയത്തും കുട്ടികളുടെ കലാപരിപാടികൾ റെക്കോർഡ് ചെയ്ത് കേട്ടിരുന്നു.

* എല്ലാ ദിവസവും അന്നന്നത്തെ മുഴുവൻ കാര്യങ്ങളും സൂചിപ്പിച്ചാണ് ഡയറി എഴുതിയിരുന്നത്. അനുദിന ജീവിതത്തിലെ എല്ലാ പ്രവർത്തനങ്ങളും സാമ്പത്തിക കാര്യങ്ങളും അദ്ദേഹം കൃത്യമായി എഴുതി സൂക്ഷിച്ചു. ഡയറിക്കുറിപ്പുകളിൽ അവ സ്ഥാനം പിടിച്ചിരുന്നു. ആശുപത്രിവക കണക്കുകളും വ്യക്തിപരമായ കണക്കുകളും സഭാപരമായ കണക്കുകളും എഴുതിയിരുന്ന അദ്ദേഹം അനാവശ്യ ചെലവുകൾ വരുത്തുന്നവരോട് മുഖം നോക്കാതെ കർക്കശമായി സംസാരിക്കുകയും ചെയ്യുമായിരുന്നു.

* വേദനിക്കുന്നവരുടെ വേദനയിൽ പങ്കുചേർന്നിരുന്ന തിരുമേനി രോഗികളെ സന്ദർശിക്കുന്നതിലും മരണവീട് സന്ദർശിച്ച് ആശ്വസിപ്പിക്കുന്നതിലും ശ്രദ്ധിച്ചിരുന്നു.

* എല്ലാ സമുദായങ്ങളെയും സഭാനേതാക്കന്മാരെയും അദ്ദേഹം അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. അവരുമായി ഉത്തമ ബന്ധം സ്ഥാപിക്കുവാൻ ആഗ്രഹിച്ചിരുന്നു. നിരവധി തവണ പരുമലപള്ളി സന്ദർശനം നടത്തിയിട്ടുണ്ട്. 1996 സെപ്റ്റംബർ 18 ലെ സന്ദർശനത്തെക്കുറിച്ച് ഡയറിയിൽ ഇപ്രകാരം കാണുന്നു. 'ഉച്ചതിരിഞ്ഞ് നാലര മണിക്ക് നമ്മുടെ കാറിൽ ഞാനും കരിമ്പനാമണ്ണിലച്ചനും ജോസുംകൂടി പരുമല പള്ളിയിൽ പോയി. കബറിങ്കൽ പ്രാർത്ഥിച്ചു. അവിടുത്തെ മാനേജർ റമ്പാച്ചനച്ചന്റെ മുറിയിലേക്ക് ക്ഷണിച്ചു. കാപ്പി തന്നു. മുമ്പ് മാനേജരായിരുന്ന വളരെ പ്രായമായ മാത്യൂസ് അച്ചനെയും കണ്ടു. 'പരി.

www.malankaralibrary.com



പരുമല കൊച്ചു തിരുമേനിയുടെ ജീവചരിത്രം' എന്ന പുസ്തകം അവിടെയടുത്തുള്ള ബുക്ക് ഷോപ്പിൽനിന്നും വാങ്ങി.'

1996 സെപ്റ്റംബർ 22 ലെ ഡയറിക്കുറിപ്പിൽ റാന്നി പെരുനാട് സന്ദർശനത്തെക്കുറിച്ച് ഇപ്രകാരം കാണുന്നു: സ്റ്റീഫനച്ചനും കരിമ്പ നാമണ്ണിലച്ചനും ഞാനും ഒരു അംബാസിഡർ കാറിൽ പെരുനാട്ടേക്ക് പോയി. അടിവാരത്തിൽനിന്ന് ഒരു ജീപ്പിൽ കയറി. ആശ്രമത്തിലെ ചാപ്പലിന്റെ മുമ്പിലെത്തി. ഫാ. സ്റ്റീഫനെയും ഫാ. കരിമ്പനാമണ്ണിയെയും മാമോദീസാ മുക്കിയ 84 വയസ്സുള്ള അന്ത്രയോസ് അച്ചനും സാധുക്കളും മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾ ചാപ്പലിൽ പ്രാർത്ഥിക്കുകയും രണ്ട് പിതാക്കന്മാരുടെ കബറിങ്കൽ (മാർ തേവോദോസിയൂസ്, മാർ അത്തനാസിയോസ്) ചെന്ന് പ്രാർത്ഥന നടത്തുകയും ചെയ്തു.

വ്യക്തിപരമായി വളരെ അടുപ്പവും ആത്മബന്ധവുമുള്ള അനേകർ പിതാവിനുണ്ടായിരുന്നു. അവരുമായി നിരന്തരം ആശയ വിനിമയം നടത്തുവാൻ അദ്ദേഹം താത്പര്യപ്പെട്ടിരുന്നു. അപ്രകാരമുള്ള അനേകരുടെ പേരുകൾ ഡയറിക്കുറിപ്പുകളിൽ കാണുന്നുണ്ടെങ്കിലും വിസ്താരഭയത്താൽ അതിവിടെ ചേർക്കുന്നില്ല. പുനരൈക്യപ്പെടുന്നതിനുമുമ്പ് തൊഴിയൂർസഭയിലുണ്ടായിരുന്ന സുഹൃത്തുക്കളുമായി തുടർന്നും സ്നേഹബന്ധം പുലർത്തിയിരുന്നു. 1981 ജനുവരി 28 ന് തൊഴിയൂർ മെത്രാപ്പോലീത്ത മാത്യൂസ് മാർ കൂറിലോസുമായി ചർച്ച നടത്തുന്നതും, പിറ്റേ ആഴ്ച രോഗബാധിതനായ അദ്ദേഹത്തെ ആശുപത്രിയിൽ സന്ദർശിച്ച് പ്രാർത്ഥന നടത്തുന്നതും, മെയ് 13-ന് വീണ്ടും അദ്ദേഹത്തെ സന്ദർശിച്ച് സംഭാഷണം നടത്തുന്നതും, ആ സഭയിലെ കുഴപ്പത്തെക്കുറിച്ച് സംസാരിക്കുന്നതും സംബന്ധിച്ച വിവരങ്ങൾ മാർ പീലക്സിനോസ് തിരുമേനി ഡയറിക്കുറിപ്പുകളിൽ ചേർത്തിട്ടുണ്ട്. ഇതൊക്കെ അദ്ദേഹത്തിന്റെ സുഹൃദ്ബന്ധവും വ്യക്തിബന്ധവും എത്ര വിപുലവും ശക്തവുമായിരുന്നു എന്നതിനു തെളിവുകളാണ്. 1986 ജൂൺ 19-ാം തീയതി മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത കാലം ചെയ്ത രാത്രിയിൽ വടക്കനച്ചനൊന്നിച്ച് അന്ത്യോപചാരം അർപ്പിക്കുവാൻ തൊഴിയൂർക്ക് പോവുകയും മൃതസംസ്കാരത്തിന്റെ 5-ാം ശുശ്രൂഷ നിർവ്വഹിക്കുവാൻ ആ പള്ളിയിലെ ഫാദർ കെ.സി. വർഗീസ് ആവശ്യപ്പെട്ടതനുസരിച്ച് അത് നടത്തുകയും ചെയ്തു.

www.malankaralibrary.com



* പ്രാർത്ഥനകൾ മുടങ്ങാതെ നിർവഹിക്കുന്നതിലും, രോഗമാണെങ്കിലും എല്ലാ ദിവസവും വി. കുർബാന അർപ്പിക്കുന്നതിലും, അതിന് സാദ്ധ്യമല്ലെങ്കിൽ വി. കുർബാന സ്വീകരിക്കുന്നതിലും അദ്ദേഹം ഉത്സുകനായിരുന്നു.

* പുനരൈക്യപ്പെടുന്നതിനു മുമ്പും പിമ്പും ഇടവകയുടെ കാര്യങ്ങളിൽ വൈദികരെ പ്രത്യേകം സഹായിക്കുന്നതിലും, ജനങ്ങളോടൊത്ത് തീർത്ഥാടനം നടത്തുന്നതിലും, തന്റെ പൂർവികരോട് ആദരവും ബഹുമാനവും വച്ചു പുലർത്തുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു.

* സഭയുടെയെന്നപോലെ കൂടുംബത്തിന്റെയും ബന്ധുക്കളുടെയും കാര്യത്തിലും, അവരുടെ സന്തോഷത്തിലും വളർച്ചയിലും പ്രത്യേകം തത്പരനുമായിരുന്നു. കുടുംബബന്ധം ശക്തമായി കാത്തു സൂക്ഷിക്കുന്നതിലും കുടുംബത്തിലെ എല്ലാ പരിപാടികളിലും പങ്കെടുക്കുന്നതിലും തിരുമേനി താല്പര്യം പുലർത്തി.

* തന്റെ ജോലിക്കാർ സന്ദർശകരോട് ആതിഥ്യമര്യാദ കാണിക്കാതിരുന്നപ്പോഴും ബഹുമാനിക്കാതിരുന്നപ്പോഴും ദേഷ്യപ്പെട്ട് വഴക്കു പറഞ്ഞ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അതേസമയം ജോലിക്കാരോടൊത്ത് തോട്ടത്തിൽ പണി ചെയ്യുവാനും അവരോട് സ്നേഹപൂർവം ഇടപഴകുവാനും താത്പര്യം കാണിക്കുകയും ചെയ്തിരുന്നു.

* കലാഹൃദയവും സാഹിത്യാഭിരുചിയുമുള്ള ഒരു വ്യക്തിയായിരുന്നു അദ്ദേഹം. കവിതകൾ എഴുതുന്നതിലും ചൊല്ലുന്നതിലും ആസ്വദിക്കുന്നതിലും തത്പരനായിരുന്നു. 24 കവിതകൾ ഉൾപ്പെടുത്തി 'കുഞ്ഞുപൂക്കൾ' എന്ന കവിതാ സമാഹാരം അദ്ദേഹം പ്രസിദ്ധീകരിച്ചു. ഇതു കൂടാതെ കാലിക പ്രസക്തിയുള്ള അനേകം കവിതകൾ രചിച്ചിട്ടുണ്ട്. ഒരു നല്ല കവി എന്നതിനുപുറമേ നല്ല നാടകങ്ങളും നൃത്തങ്ങളും ഗാനങ്ങളും അദ്ദേഹം ആസ്വദിച്ചിരുന്നു. 1983 ആഗസ്റ്റ് 5 –ലെ ഒരു സംഭവം ഡയറിയിൽ ഇപ്രകാരം കുറിച്ചിരിക്കുന്നു: 'ഇഗ്നേഷ്യസ് അച്ചനേയും കൂട്ടി ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസിന്റെ വീട്ടിൽ പോയി. പിതാവിന്റെ അമ്മയെയും സഹോദരങ്ങളെയും കണ്ടു. ഉച്ചഭക്ഷണത്തിന് ആർച്ചുബിഷപ്പിന്റെ സഹോദരൻ ജോണച്ചായന്റെ വീട്ടിൽ വന്നു. അമേരിക്കയിലേക്ക് നാളെ പോകുന്ന ജോണച്ചായന്റെ മകൻ

www.malankaralibrary.com



അച്ചൻകുഞ്ഞിനെയും ഭാര്യയേയും കുട്ടികളെയും കണ്ടു. മൂത്ത കുട്ടി സിബിമോളുടെ നൃത്തം കണ്ടു. നന്നായിരുന്നു. നാട്ടിൽ വന്ന് രണ്ടാഴ്ചകൊണ്ട് കുട്ടി പഠിച്ചതാണ്. അവളോടൊപ്പം നിന്ന് ഫോട്ടോ എടുത്തു.'

* മറ്റുള്ളവരുടെ സന്തോഷത്തിലും വളർച്ചയിലും അഭിനന്ദന ങ്ങളും ആശംസകളും പിതാവ് അറിയിച്ചിരുന്നു. 1988 മെയ് 20-ന് തിമോത്തിയോസ് പിതാവ് മെത്രാനായി നിയമിതനായപ്പോൾ അയച്ച സന്ദേശത്തിൽ ഇപ്രകാരം പറഞ്ഞു; വളരെ സന്തോഷം. പരിശുദ്ധാത്മാവ് അങ്ങയെ തിരുവല്ലായുടെ മെത്രാൻസ്ഥാന ത്തേക്ക് വിളിച്ചിരിക്കുന്നു. ഹാർദ്ദവമായ അഭിനന്ദനങ്ങൾ. ആത്മാർത്ഥമായ പ്രാർത്ഥനകൾ' (Very happy. Holy Spirit called you to be the Bishop of Tiruvalla. Hearty congratulations and sincere prayers.)

എപ്പിസ്കോപ്പൽ ഇലക്ഷനിൽ മെത്രാൻസ്ഥാനത്തേക്ക് തെര ഞ്ഞെടുക്കപ്പെട്ട ഓർത്തഡോക്സ്സഭയുടെ സേവേറിയോസ് തിരുമേനിയെ അഭിനന്ദിച്ച് 1991 ഡിസംബർ 2-ന് എഴുതിയ ഡയറി ക്കുറിപ്പിൽ ഇപ്രകാരം കാണുന്നു: മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയെ കൂട്ടിക്കൊണ്ടുവന്നു. റോമിൽ ഒരുമിച്ച് ഉണ്ടായിരുന്നു. അന്ന്, അതായത് 12 കൊല്ലം മുമ്പ്, ഞാനൊരു പ്രവചനം നടത്തി. മറ്റത്തിൽ മത്തായി അച്ചനിൽ ഓർത്തഡോക്സ്സഭയിലെ ഒരു മെത്രാപ്പോലീത്തായെ ഞാൻ ദർശിക്കുന്നു. അന്ന് അച്ചനൊന്ന് പുഞ്ചിരിച്ചു. ഇപ്പോൾ എപ്പിസ്കോപ്പൽ ഇലക്ഷൻ കഴിഞ്ഞ് പത്രങ്ങ ളിൽ വാർത്ത വന്നപ്പോൾ ഞാൻ തിരുമേനിക്ക് എഴുതിയിരുന്നു. ഇന്ന് പ്രസംഗമദ്ധ്യേ അക്കാര്യം ഞാൻ എടുത്തുപറഞ്ഞു.'

1995 നവംബർ 29-ന് മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട മാർ ബസേലിയോസിനെ പുഷ്പഗിരി ആശു പത്രിയിൽനിന്ന് ഫോണിൽ വിളിച്ച് അനുമോദനങ്ങൾ അറിയി ക്കുവാനും മറന്നില്ല. 10 വർഷങ്ങൾക്കുമുമ്പ് 1995 ഡിസംബർ 1-ന് തിരുവല്ല അരമനയിൽ നല്കിയ സ്വീകരണത്തിൽവച്ച് മാർ ബസേലി യോസ് എത്രയും വേഗം ഒരു കാതോലിക്കാ ആകട്ടെയെന്ന് ആശംസി ക്കുന്നത് ശ്രദ്ധിക്കുക: 'സന്ധ്യക്ക് സ്റ്റീഫനച്ചനൊന്നിച്ച് അരമനയിൽ ആർച്ചുബിഷപ്പ് മാർ ബസേലിയോസ് പിതാവിന്റെ സ്വീകരണ ത്തിൽ പങ്കുകൊള്ളുവാൻ പോയി. മുകളിലെ ചാപ്പലിൽ സന്ധ്യാ പ്രാർത്ഥനയും ആരാധനയും ഉണ്ടായിരുന്നു. അതുകഴിഞ്ഞ്

www.malankaralibrary.com



അത്താഴത്തിന് ചുറ്റുപാടുമുള്ള എല്ലാ അച്ചന്മാരും ഉണ്ടായിരുന്നു. കൊടിനാട്ടുകുന്നേൽ അച്ചൻ സ്വാഗതം പറഞ്ഞു. മാർ തിമോത്തിയോസ് പിതാവ് ഒരു ഷാൾ അണിയിക്കുകയും ആശംസാപ്രസംഗം നടത്തുകയും ചെയ്തു. ഞാനൊരു ബൊക്കെ കൊടുത്ത് ഒരു ചെറു ആശംസാപ്രസംഗം നടത്തി. ബസേലിയോസ് എന്ന പേർ അന്വർത്ഥമാകുംവിധം ഭാവിയിലൊരു കാതോലിക്കായായി തീരട്ടെയെന്നും, സഭ ഒരു കാതോലിക്കാസഭയാകട്ടെയെന്നും ആശംസിച്ചു. (10 വർഷങ്ങൾക്കുശേഷം 2005-ൽ മാർ ബസേലിയോസ് കാതോലിക്കാബാവായായി)'.

## വിൽപ്പത്രം തയ്യാറാക്കുന്നു

മരണത്തിനുവേണ്ടി എന്നും ഒരുക്കമുള്ളവനായിരുന്നു പീലക്സിനോസ് തിരുമേനി. 1995 നവംബർ 1 ബുധനാഴ്ച മരണത്തെ മുന്നിൽ കണ്ട് പുഷ്പഗിരി ആശുപ്രതിയിൽവച്ച് വിൽപ്പത്രം തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ഡയറിയിൽ കുറച്ചിട്ടുണ്ട്. 'രാവിലെ വി. കുർബാന സ്വീകരിച്ചു. ഉച്ചയ്ക്ക് 12:15 ന് വിയർപ്പും മറ്റുമുണ്ടായിരുന്നു. ഉടനെ രക്തം എടുത്ത് പരിശോധിച്ചു. ആർ.ബി.എസ്. 52 ആയിരുന്നു. ഉച്ചയ്ക്കുശേഷം നെഞ്ചിടിപ്പ് ഉണ്ടായി. വൈകുന്നേരം മോൺ. കൊടിനാട്ടുകുന്നേലച്ചനെ വിളിപ്പിച്ച് എന്റെ അസ്വാസ്ഥ്യത്തെക്കുറിച്ച് പറഞ്ഞു. ചില കാര്യങ്ങൾ അദ്ദേഹവുമായി പങ്കുവച്ചു.

1. ഹൈസ്കൂളും അതിന്റെ സ്വത്തുക്കളും മാനേജ്മെന്റും, എന്റെ കാലശേഷം തിരുവല്ലാ രൂപതാദ്ധ്യക്ഷനിൽ നിക്ഷിപ്തമാകുമെന്ന് അദ്ദേഹത്തെ അറിയിക്കുന്ന ഒരു കത്ത് അച്ചനെ ഏല്പിച്ചു.

2. എന്റെ എല്ലാ ബാങ്ക് അക്കൗണ്ടുകളും കാഷ് സർട്ടിഫിക്കറ്റുകളും തിരുവല്ല രൂപതാദ്ധ്യക്ഷന് എന്റെ കാലശേഷം അവകാശപ്പെട്ടതായിരിക്കുമെന്നും ഒരു കത്ത് ഏല്പിച്ചു.

3. എൻ.ഇ. 118 പഴയ കാറും, പുതിയതായി കിട്ടിയിട്ടുള്ള മാരുതി എസ്റ്റീമും എന്റെ കാലശേഷം രൂപതാദ്ധ്യക്ഷനായിരിക്കും.

1996 ജൂലൈ 9 ന് തയ്യാറാക്കിയ വിൽപ്പത്രം ചങ്ങനാശ്ശേരി സബ് രജിസ്ട്രാർ വസതിയിൽ വെച്ച് രജിസ്റ്റർ ചെയ്തു.'

## ഉപസംഹാരം

പുനരൈക്യത്തിന് മുമ്പും പിമ്പും മാർ പീലക്സിനോസ് മെത്രാപ്പോലീത്താ എഴുതിയിരുന്ന 23 വർഷത്തെ ഡയറിക്കുറിപ്പുകളെ (1974 മുതൽ 1997 വരെ) മാത്രം അടിസ്ഥാനപ്പെടുത്തി

www.malankaralibrary.com



തയ്യാറാക്കിയിട്ടുള്ളതാണ് ഈ ലേഖനം. ആത്മാർത്ഥയോടെ സത്യസന്ധമായി കാര്യങ്ങളെ ഇതിൽ അവതരിപ്പിച്ചിട്ടുണ്ട്. അഭിവന്ദ്യ തിരുമേനിയുടെ വ്യക്തിത്വത്തെ സമഗ്രമായി വരച്ചു കാട്ടുന്നുണ്ട് ഈ ഡയറിക്കുറിപ്പുകൾ. അദ്ദേഹത്തിന്റെതന്നെ വാക്കുകളിലൂടെയും അനുഭവങ്ങളിലൂടെയും, മാർ പീലക്സിനോസ് എന്ന മഹാനുഭാവനെ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുക എന്ന ദൗത്യം മാത്രമാണ് എന്റെ ലക്ഷ്യം. അസാധാരണ വ്യക്തിത്വമെന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നതിനെക്കാൾ, സാധാരണ കാര്യങ്ങൾ അസാധാരണമായി ചെയ്ത് സാധാരണക്കാരനായി ജീവിതം നയിച്ച ഒരു നല്ല മനുഷ്യൻ എന്നു പറയുന്നതാവും കൂടുതൽ ശരി. ആർക്കും മനസ്സിലാക്കാവുന്ന എളിയ മനുഷ്യൻ, ലളിത ജീവിതക്കാരൻ. ആത്മപ്രശംസയില്ല, ഒളിച്ചുകളിയില്ല, മറച്ചുവെയ്ക്കലില്ല, നിഗൂഢതകളില്ല ആ ജീവിതത്തിൽ. ഒരു തുറന്ന പുസ്തകംപോലെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അത് ഈ ഡയറിക്കുറിപ്പുകളിലൂടെ കൂടുതൽ വ്യക്തമാകുന്നു.

ചരിത്രത്തിനും കാലത്തിനും സഭയ്ക്കും അദ്ദേഹത്തെ മറക്കാനാവില്ല. കാരണം അദ്ദേഹത്തെപ്പോലുള്ളവർ ഇന്ന് സമൂഹത്തിൽ വിരളമത്രേ. മാർ പീലക്സിനോസിനെ അനുസ്മരിക്കുമ്പോൾ നാലപ്പാടന്റെ ഒരു കവിതാശകലമാണ് എന്റെ മനസ്സിലേക്ക് കടന്നുവരിക:

*'ഉരുക്കിടുന്നു മിഴിനീരിലിട്ട്*
*മുക്കുന്നു മുറ്റും ഭുവനൈക ശില്പി*
*മനുഷ്യഹൃത്താം കനകത്തെയേതൊ*
*പണിത്തരത്തിന്നുപയുക്തമാക്കാൻ.'*

പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത ഒരു സ്മരണ മാത്രമായി അവശേഷിക്കുന്നില്ല. ഇന്നും അദ്ദേഹം ഒരു ജ്യോതിർഗോളംപോലെ വിളങ്ങുന്നു – സഭയ്ക്കും സമൂഹത്തിനും വെളിച്ചമായി.

www.malankaralibrary.com

# സ്നേഹത്തിലധിഷ്ഠിതമായ സത്യാന്വേഷണം

ഫാ. വർഗീസ് വാലിക്കോടത്ത്

അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് തിരുമേനി എന്റെ വൈദികപരിശീലന കാലഘട്ടത്തിലെ പ്രായോഗിക പരിശീലനവർഷ (റീജൻസി) ത്തിലാണ് കാലം ചെയ്തത്. സ്വാഭാവികവും അപ്രതീക്ഷിതവുമായ ആ വേർപാട് ഹൃദയത്തിൽ അവശേഷിപ്പിച്ചത് ഏറെ നൊമ്പരവും ശൂന്യതയുമാണ്. എന്റെ ദൈവവിളിയുമായി അദ്ദേഹം അത്രയേറെ ബന്ധപ്പെട്ടിരുന്നു. പൗരോഹിത്യ ജീവിതത്തിലേക്കുള്ള എന്റെ പ്രയാണത്തിൽ, എന്നെ കരം പിടിച്ച് മുന്നോട്ടു നടത്തിയത് അഭിവന്ദ്യ തിരുമേനിയാണ്. തൊഴിയൂർസഭയെക്കുറിച്ചുള്ള അഭിവന്ദ്യ പിതാവിന്റെ വിലയിരുത്തൽ, മലങ്കര കത്തോലിക്കാസഭയെക്കുറിച്ചുള്ള വീക്ഷണം, ക്രിസ്തുവിന്റെ സഭയെക്കുറിച്ചുള്ള ദർശനം എന്നിവ എന്റെ പൗരോഹിത്യവിളിയിലെ നിർണായക ഘടകങ്ങളാണ്. ചെറുപ്രസംഗങ്ങളിലൂടെയും, കുട്ടിക്കവിതകളിലൂടെയും, സുറിയാനി ഗീതങ്ങളിലൂടെയും, നർമ്മസംഭാഷണങ്ങളിലൂടെയും, സഭാമക്കളുടെ ഹൃദയങ്ങളിൽ അഭിവന്ദ്യ തിരുമേനി നിറഞ്ഞു നിന്നിരുന്നു. ഐക്യത്തിന്റെ മാതൃകയായി, യോജിപ്പിന്റെ പ്രചോദനമായി അഭിവന്ദ്യ പിതാവ് ഇന്നും നിലകൊള്ളുന്നു. അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ അനശ്വര സ്മരണയ്ക്കു മുമ്പിൽ നിറമനസ്സോടെ കൈകൾ കൂപ്പുന്നു!

www.malankaralibrary.com



മലബാർ സ്വതന്ത്ര സുറിയാനിസഭ (തൊഴിയൂർസഭ) യുടെ പരമാദ്ധ്യക്ഷനായി വാണരുളിയിരുന്ന അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ഏകദേശം 10 വർഷക്കാലം സഭയുടെ തലവനായിരുന്ന്, സഭയെ തന്റെ കഴിവിൻ തക്കവണ്ണം സേവിച്ചു. പിന്നീട് 21 വർഷത്തോളം മലങ്കര കത്തോലിക്കാസഭയിൽ ഒരു മെത്രാപ്പോലീത്തായായി, സഹനത്തിന്റെ നിശബ്ദ മാതൃകയായി വർത്തിച്ച് സഭാജനത്തിനു മുഴുവനായും പ്രചോദനമരുളിക്കൊണ്ട് അദ്ദേഹം ജീവിച്ചു. ഒരു രൂപതയ്ക്കും സ്വന്തമാകാതെ, മലങ്കര കത്തോലിക്കാസഭയ്ക്ക് മുഴുവനായും സ്വീകാര്യനായ ഒരു പിതാവായി തിരുമേനി ഓടി നടന്നു. തിരുമേനിയുമായുള്ള വ്യക്തിപരമായ അടുപ്പവും അദ്ദേഹത്തിന്റെ ജീവിതത്തെ ഉൾക്കൊള്ളുവാനുണ്ടായ അനുഭവങ്ങളും അദ്ദേഹവുമായുള്ള സംവാദങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്നിട്ടുള്ള ആശയങ്ങളും തിരുമേനിയുടെ ജീവിതവീക്ഷണത്തിന്റെ വസ്തുനിഷ്ഠമായ ഒരു വിലയിരുത്തലിന് എന്നെ വളരെയധികം സഹായിച്ചിട്ടുണ്ട്.

## സ്നേഹത്തിന്റെ സേവനരംഗം

1967 ഡിസംബർ 16-ാം തീയതിയാണ് തൊഴിയൂർസഭയുടെ ഇടയനായി അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ അവരോധിതനായത്. സ്നേഹത്തിലധിഷ്ഠിതമായ ഒരു പുതുജീവിതശൈലിക്ക് തിരുമേനി സഭയിൽ ജീവൻ കൊടുത്തു. സ്നേഹിക്കുക എന്നു പറഞ്ഞാൽ കേവലം യാന്ത്രികമായ ഇഷ്ടപ്പെടലുകൾ അല്ല, മറിച്ച് ഏതൊരു വ്യക്തിയെയും അവൻ/അവൾ ആയിരിക്കുന്ന അവസ്ഥയിൽ അവന്റെ/അവളുടെ എല്ലാ ബലഹീനതകളോടും ശക്തികളോടുംകൂടെ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുകയെന്ന സ്നേഹത്തിന്റെ തനതായ തത്വശാസ്ത്രം തിരുമേനി ജീവിതത്തിൽ പ്രാവർത്തികമാക്കി. ഇതിന്റെ പ്രതിഫലനമാണ്, വെറും ആചാരാനുഷ്ഠാനങ്ങളിൽ കുടുങ്ങിക്കിടന്നിരുന്ന തൊഴിയൂർസഭയുടെ പ്രേഷിതദൗത്യം തിരിച്ചറിയാൻ തിരുമേനിയെ സഹായിച്ചത്. ഈ ഉൾക്കാഴ്ചയുടെ ഫലമായി ചാലിശ്ശേരി എന്ന സ്ഥലത്ത് ഒരു പൂവർ ഹോം ആരംഭിക്കുന്നതിനും കുന്ദംകുളത്ത് സെന്റ് തോമസ് പ്രസ് ആരംഭിക്കുന്നതിനും തിരുമേനി മുൻകൈ എടുത്തു. ഇതിനെക്കാളുപരിയായ പ്രേഷിത ചൈതന്യം അഞ്ഞൂരിൽത്തന്നെ തിരുമേനി പണിതുയർത്തിയ മാർ കൂറിലോസ് മിഷൻ ഹോസ്പിറ്റൽ എന്ന ആതുരാലയത്തിന്റെ നിർമ്മിതിയിൽ നമുക്കു

www.malankaralibrary.com



ദർശിക്കാൻ സാധിക്കും. വേണ്ട സൗകര്യങ്ങളോടുകൂടിയ ഒരു ആതുരാലയം സ്വപ്നം കാണുവാൻ ഭാഗ്യമില്ലാതിരുന്ന അഞ്ഞൂർ നിവാസികൾക്ക് ദൈവത്തിന്റെ അളവറ്റ കൃപയാലാണ് ഈ ആതുരാലയം ലഭിച്ചത്. തങ്ങളുടേതായ പരിമിതികൾക്കകത്തു നിന്നു കൊണ്ട്, അത്യാവശ്യമായ ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കാൻ സാധിക്കാതെ വേദനയനുഭവിക്കുന്നവരുടെ തേങ്ങലുകളിൽ യേശുവിന്റെ ശബ്ദം ശ്രവിക്കുവാൻ തിരുമേനി സഭയെ പ്രാപ്തയാക്കി. ഈ പ്രവർത്തനങ്ങളിലെല്ലാം നമുക്കു ദർശിക്കാൻ സാധിക്കുന്നത് സ്നേഹത്തിലധിഷ്ഠിതമായ തിരുമേനിയുടെ വ്യക്തമായ ഉൾക്കാഴ്ചയാണ്. ഈ വലുതായ സ്നേഹം തന്റെ സഭാമക്കളോടു പുലർത്തിയതുകൊണ്ടാണ് പിന്നീട് കത്തോലിക്കാസഭയെ സ്വയം ആശ്ലേഷിച്ചപ്പോഴും സ്വതന്ത്രമായ ഒരു തീരുമാനമെടുക്കാൻ സഭയ്ക്കു തിരുമേനി അധികാരം കൊടുത്തത്. സ്നേഹത്തിന്റെ പൂർണ്ണതയിൽ മാത്രം പ്രദാനം ചെയ്യാൻ സാധിക്കുന്ന സ്വാതന്ത്ര്യം സഭയ്ക്കു കല്പിച്ചുകൊടുത്തുകൊണ്ട് 1977 ഓഗസ്റ്റ് 28-ാം തീയതി തൊഴിയൂർ സഭയുടെ ആസ്ഥാനമന്ദിരത്തിന്റെ പടവുകൾ തിരുമേനി ഇറങ്ങി. തിരുമേനി സഭയോടു കാണിച്ച സ്നേഹവും അവർക്കു കല്പിച്ചു കൊടുത്ത സ്വാതന്ത്ര്യവും അവർ ശരിക്കും മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് പോലീസ് സന്നാഹത്തോടെ തിരുമേനിയെ എതിരേല്ക്കാൻ ചെന്ന ഫാ. പോൾ പയ്യപ്പിള്ളിയെയും നൂറുകണക്കിനു വരുന്ന കത്തോലിക്കാ വിശ്വാസികളെയും അമ്പരിപ്പിച്ചുകൊണ്ട് പ്രാർത്ഥനാനിർഭരമായ ഒരു യാത്രയയപ്പു നല്കാൻ തൊഴിയൂർസഭയ്ക്കു സാധിതമായത്. തങ്ങൾ എടുക്കുന്ന തീരുമാനത്തിന്റെ പൂർണ്ണമായ ഉത്തരവാദിത്വം തങ്ങൾക്കു മാത്രമാണെന്ന തിരിച്ചറിവാണ് അവരുടെ കണ്ണുകളെ ഈറനണിയിച്ചത്.

## സത്യത്തിലേക്കൊരു തീർത്ഥയാത്ര

അഭിവന്ദ്യ പീലക്സിനോസ് തിരുമേനിയുടെ മഹത്തരമായ ജീവിതം സത്യത്തിലേക്കുള്ള ഒരു തീർത്ഥയാത്രയായിരുന്നു. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ദൈവപുത്രനായ ക്രിസ്തു വിഭാവനം ചെയ്ത കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായതാണ് ക്രിസ്തുവിന്റെ യഥാർത്ഥ സഭ എന്ന യാഥാർത്ഥ്യം തിരുമേനി മനസ്സിലാക്കി. ആഴമേറിയ പഠനത്തിലൂടെയും പ്രാർത്ഥനാപൂർവകമായ വിചിന്തനങ്ങളിലൂടെയും, ക്രിസ്തുവിന്റെ സഭയിലേക്ക് വളരാത്ത സഭകൾ സത്യത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ടിരിക്കുകയാണെന്ന്

www.malankaralibrary.com





*പുനരൈക്യപ്പെടുന്നതിനുമുമ്പ് സഭാംഗങ്ങളെ അഭിസംബോധന ചെയ്യുന്നു*

വേദനയോടെ തിരുമേനി മനസ്സിലാക്കി. താൻ പരമാദ്ധ്യക്ഷനായിരിക്കുന്ന തൊഴിയൂർസഭ തികച്ചും ഭൗതികമായ കാരണങ്ങൾകൊണ്ട് ക്രിസ്തുവിന്റെ സഭയിലേക്കുള്ള വളർച്ചയുടെ പാതയിൽനിന്ന് പിന്നോക്കം പോയതാണെന്ന് തിരുമേനി തിരിച്ചറിഞ്ഞു. താൻ കണ്ടെത്തിയ സത്യത്തെ സഭാമക്കളുമായി പങ്കുവയ്ക്കാൻ തിരുമേനി ആത്മാർത്ഥമായും ശ്രമിച്ചു. എന്നാൽ താൻ തിരിച്ചറിഞ്ഞ സത്യം ഉൾക്കൊള്ളാൻ തന്റെ ആത്മീയ മക്കൾക്കു സാധിക്കുന്നില്ല എന്ന് ആത്മനൊമ്പരത്തോടെ തിരുമേനി മനസ്സിലാക്കി. തിരുമേനി നേരിട്ട ഏറ്റവും വലിയ പ്രതിസന്ധിയും ഇതുതന്നെയായിരുന്നു. താൻ ഏറ്റവും സ്നേഹത്തോടെ പരിപാലിച്ചു പോരുന്ന സഭ ഒരു വശത്ത്; സത്യത്തിന്റെ വലിയ ഉൾവിളി മറുവശത്ത്. ദുർഘടമായ ഈ പ്രതിസന്ധി തരണം ചെയ്യാൻ തിരുമേനിക്ക് ശക്തി പ്രദാനം ചെയ്തത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. സത്യത്തിന്റെ മാസ്മരികതയ്ക്ക് പിതാവു സ്വയം കീഴ്പ്പെട്ടു. സ്വന്തമായതെല്ലാം പരിത്യജിച്ച്, സഭയുടെ മേലദ്ധ്യക്ഷസ്ഥാനംപോലും ത്യജിച്ച് താൻ തിരിച്ചറിഞ്ഞ സത്യത്തിന് സാക്ഷിയായി ജീവിക്കുവാൻ തിരുമേനി സന്നദ്ധനായി. സ്വയം ശൂന്യവത്കരണത്തിലൂടെ, തന്നെത്തന്നെ വെറുമയാക്കിക്കൊണ്ട്, സഹനത്തിന്റെ തീച്ചൂളയിൽ സ്വയം സമർപ്പിച്ച്, സത്യത്തെ വരിക്കുമ്പോൾ ചെയ്യേണ്ടിവരുന്ന മഹാത്യാഗത്തെ തിരുമേനി വ്യക്തമാക്കിത്തന്നു.

## സഹനത്തിന്റെ മൂർത്തിമദ്ഭാവം

തൊഴിയൂർസഭയുടെ മെത്രാപ്പോലീത്താ എന്ന നിലയിൽ തനിക്കു ലഭ്യമായിരുന്ന എല്ലാവിധ സുഖസൗകര്യങ്ങളും അധികാര ചിഹ്നങ്ങളായി കല്പിച്ചു നല്കപ്പെട്ടിരുന്ന സ്ലീബായും മോതിരവും അംശവടിയുമെല്ലാം തിരിച്ചേല്പിച്ച് സഭയോടു വിട പറയുമ്പോൾ തിരുമേനിക്ക് വലുതായൊരു ദർശനമുണ്ടായിരുന്നു. പരിത്യക്ത

www.malankaralibrary.com



നായവന്റെ വേദനയല്ല, മറിച്ച് സദാ വാത്സല്യം ചൊരിയുന്ന ഒരു പിതാവിന്റെ ആർദ്രഹൃദയമാണ് അദ്ദേഹത്തെ ഭരിച്ചിരുന്നത്. ഏല്പിക്കപ്പെട്ടിരുന്ന പ്രത്യേക അധികാരസ്ഥാനമുപയോഗിച്ച് തൊഴിയൂർ സഭയെ കത്തോലിക്കാ സംസർഗ്ഗത്തിലേക്ക് തിരുമേനിക്ക് വലിച്ചടുപ്പിക്കാമായിരുന്നു. അല്ലെങ്കിൽ സഭയിൽ ഉണ്ടായിരുന്ന വ്യക്തമായ സ്വാധീനമുപയോഗിച്ച് ഒരു വലിയ വിഭാഗത്തെ തന്നോടുകൂടെ കത്തോലിക്കാസഭയിൽ ലയിപ്പിക്കാമായിരുന്നു. അതുമല്ലെങ്കിൽ ഭൗതികമായ നേട്ടങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് ഒരു വിഭാഗത്തെ പിളർത്തി തന്നോടുകൂടെ കൊണ്ടുപോകാമായിരുന്നു. ഏതുവിധത്തിലായാലും മലങ്കര കത്തോലിക്കാസഭയിലെ ഒരു പ്രത്യേക വിഭാഗമായി അംഗീകരിക്കപ്പെട്ട് അതിന്റെ മേലദ്ധ്യക്ഷസ്ഥാനത്ത് തിരുമേനിക്ക് തുടരാമായിരുന്നു. എന്നാൽ തിരുമേനിയുടെ ദർശനം തികച്ചും വ്യത്യസ്തമായിരുന്നു. പൂർണമായ ബോദ്ധ്യത്തോടുകൂടിയല്ലാതെ, തന്റെ പ്രേരണകൊണ്ടോ നിർബന്ധംകൊണ്ടോ, ആരെങ്കിലും കത്തോലിക്കാസഭയിൽ ചേരാൻ ഇടയായാൽ അതു പിന്നീട് പ്രശ്നങ്ങൾക്കു വഴിവയ്ക്കുമെന്നു തിരുമേനി മനസ്സിലാക്കി. അതുകൊണ്ടാണ് യുക്തിക്കനുസൃതമായ തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം തിരുമേനി സഭാതനയർക്ക് അനുവദിച്ച് കൊടുത്തത്. മലങ്കര കത്തോലിക്കാസഭയിൽ അംഗമായതിനുശേഷം തിരുമേനി തെരഞ്ഞെടുത്ത താമസസ്ഥലം നമ്മുടെ അത്ഭുതാദരവുകൾ നേടേണ്ടതാണ്. വ്യക്തമായ ഉൾക്കാഴ്ചയോടെയാണ് തന്റെ തുടർവാസത്തിനു തിരുമേനി തൊഴിയൂർതന്നെ തെരഞ്ഞെടുത്തത്. താൻ ത്യജിച്ചിറങ്ങിപ്പോന്ന സഭയോട് തിരുമേനിക്ക് അഗാധമായ ആത്മബന്ധമുണ്ടായിരുന്നു. സർവതും ത്യജിച്ച്, സത്യത്തിന്റെ ജീവിതസാക്ഷ്യമായി താൻ നിലകൊണ്ടാൽ തന്റെ വത്സല തനയരും സത്യത്തിന്റെ പാതയിലേക്ക് കടന്നു വരുമെന്ന് തിരുമേനി പ്രത്യാശിച്ചു. അതിനുവേണ്ടി എന്തു ത്യാഗം സഹിക്കുവാനും തിരുമേനി തയ്യാറായിരുന്നു. മലങ്കര കത്തോലിക്കാസഭയിൽ മെത്രാപ്പോലീത്തായായിരിക്കുമ്പോഴും യാതൊരുവിധ പരിഗണനകൾക്കുവേണ്ടിയും തിരുമേനി ശ്രമിച്ചില്ല എന്നുള്ളത് ഇതിന്റെ ഏറ്റവും വലിയ തെളിവായി ഞാൻ കാണുന്നു. തന്റെ ഹൃദയത്തിന്റെ വാതിലുകൾ മലർക്കെ തുറന്നിട്ടുകൊണ്ട് തന്റെ സഭാമക്കൾ തന്നോടുകൂടി ഒന്നുചേരുന്നതും പ്രതീക്ഷിച്ച് അദ്ദേഹം കാത്തിരുന്നു. സത്യം ബോദ്ധ്യപ്പെട്ട തന്നോടുകൂടി ചേർന്നുകഴിയുമ്പോൾ മലങ്കര കത്തോലിക്കാസഭയിൽ ഒരു പ്രത്യേക വിഭാഗമായി പരിഗണിക്കപ്പെട്ട് അതിനെ പരിപുഷ്ടിപ്പെടുത്താമെന്ന് തിരുമേനി അഭിലഷിച്ചു.

www.malankaralibrary.com



തിരുമേനി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടപ്പോൾ തൊഴിയൂർസഭ ഞെട്ടിത്തരിച്ചുനിന്നു. എങ്ങനെ മുന്നോട്ടു നീങ്ങണമെന്നറിയാത്ത ഒരവസ്ഥ. മാർത്തോമാസഭയോട് കൂറുള്ള ഒരു വിഭാഗം; യാക്കോബായസഭയോടു കൂറുള്ള മറുവിഭാഗം. സത്യത്തെ ഉൾക്കൊണ്ട ക്രാന്തദർശിയായ തിരുമേനിയെ ദർശിക്കുവാൻ അവർക്ക് സാധിക്കാതെ പോയി. തങ്ങൾ ഉപേക്ഷിക്കപ്പെട്ടു എന്നൊരു മിഥ്യാ ധാരണ അവരുടെ ഇടയിൽ പ്രബലമായി. വിചാരം വികാരത്തിന് വഴിമാറിയപ്പോൾ തിരുമേനി അവർക്ക് അനഭിമതനായി. എന്തു വില കൊടുത്തും തിരുമേനിയെ എതിർക്കുക എന്നത് ജീവിതചര്യയായി. ഇങ്ങനെയൊരവസ്ഥയിൽ തിരുമേനിയുടെ ജീവിതസാക്ഷ്യം പ്രതികൂലമായ ഒരു പ്രതികരണമാണ് അവരിൽ സൃഷ്ടിച്ചത്. തങ്ങൾക്കുവേണ്ടി സർവ്വതും ത്യജിച്ച്, തങ്ങളെയും പ്രതീക്ഷിച്ച്, തങ്ങളുടെ മദ്ധ്യത്തിൽ ജീവിച്ച ആത്മീയസാന്നിദ്ധ്യത്തെ തള്ളിപ്പറയുവാൻ നിവൃത്തികേടുകൊണ്ട് അവർ സന്നദ്ധരായി. മലങ്കര കത്തോലിക്കാസഭയ്ക്ക് അസ്വീകാര്യനായതുകൊണ്ടാണ് തിരുമേനി തൊഴിയൂരിൽതന്നെ താമസമാക്കിയതെന്ന ഒരു പ്രചാരണംപോലും ഉണ്ടാകുകയുണ്ടായി. എല്ലാ പ്രതിബന്ധങ്ങളെയും സമചിത്തതയോടെ നേരിട്ട തിരുമേനി സഹനത്തിന്റെ നെരിപ്പോടിലേക്ക് സ്വയം ഇറങ്ങിച്ചെല്ലുകയായിരുന്നു.

## ഉപസംഹാരം

അഭിവന്ദ്യ പീലക്സിനോസ് തിരുമേനി ചരിത്രത്തിൽ ഒരു വിസ്മയമായി നിലകൊള്ളുന്നു. തീരെ പ്രതീക്ഷിക്കാത്ത രീതിയിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടായിട്ടും, താൻ ഏതു സത്യത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ചുവോ, ആ സത്യത്തിൽ നിത്യം നിലനിന്നുകൊണ്ട് വലിയൊരു ജീവിതസാക്ഷ്യം തിരുമേനി ചരിത്രത്തിനു നല്കി. അനുഭവിക്കേണ്ടിവന്ന എല്ലാ ത്യാഗങ്ങളും, തന്നെ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്ന ശാരീരിക അസ്വാസ്ഥ്യങ്ങളും പരമസത്യമായ ദൈവത്തിന്റെ തൃപ്പാദത്തിങ്കൽ സമർപ്പിച്ചുകൊണ്ട് ഒരു ധന്യജീവിതം നയിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ആ പുണ്യജീവിതത്തിൽനിന്നും ലഭിക്കുന്ന പ്രചോദനം തീർച്ചയായും നമ്മുടെ കർമ്മപഥങ്ങളിൽ ഉത്സാഹമേകണം.

www.malankaralibrary.com



# തിളക്കമാർന്ന സ്മരണകളിലൂടെ

റൈറ്റ് റവ. ജോർജ് വടക്കൻ കോർഎപ്പിസ്ക്കോപ്പ
(മാർ പീലക്സിനോസ് മെത്രാപ്പോലീത്തായോടൊപ്പം
പുനരൈക്യപ്പെട്ട തൊഴിയൂർസഭയിലെ വൈദികൻ)

പീലക്സിനോസ് പിതാവിനെ ഓർക്കുമ്പോൾ എന്റെ മനസ്സിൽ കടന്നുവരുന്നത് തിളക്കമുള്ള സ്മരണകളാണ്. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഒന്നാം ഘട്ടം മലബാർ സ്വതന്ത്ര സുറിയാനിസഭയുടെ പരമാദ്ധ്യക്ഷനായും രണ്ടാം ഘട്ടം മലങ്കര കത്തോലിക്കാസഭ യുടെ ഒരു മെത്രാപ്പോലീത്തായുമായാണ്. ഇതിൽ ഏതു ഘട്ടത്തി നാണ് കൂടുതൽ തിളക്കമെന്ന് പറയുക പ്രയാസമാണ്. ഒന്നാം ഘട്ടം ഒരു നാടിന്റെ മുഴുവൻ മാറ്റു കൂട്ടുന്നതായിരുന്നു. ചെറിയ സഭയായ മലബാർ സ്വതന്ത്ര സുറിയാനിസഭയുടെ പരമാദ്ധ്യക്ഷനായിരിക്കു മ്പോൾ തന്റെ വലിയ പ്രദേശത്തിന്റെ മെത്രാപ്പോലീത്തായാണ് താനെന്ന ബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. സഭാമക്കളുടെ വലിയ ഇടയനായിരിക്കുമ്പോഴും പല മതസ്ഥരും ഉൾപ്പെട്ട ഒരു നാടിന്റെ മുഴുവൻ ഇടയനായിരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. സഹായമഭ്യർത്ഥിച്ച് തന്നെ കാണാൻ വരുന്ന ആരെയും ഒരിക്കലും അദ്ദേഹം നിരാശനാക്കിയിരുന്നില്ല.

മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഇല്ലാതിരുന്ന ഒരു ഗ്രാമത്തി ന് മികച്ച ഒരു ആശുപത്രി സമ്മാനിച്ചത് അദ്ദേഹത്തിന്റെ അശ്രാന്ത പരിശ്രമം ഒന്നു മാത്രമാണ്. വലിയ വരുമാനം ഇല്ലാത്ത ഒരു സഭ യ്ക്ക് വലിയ ചെലവിൽ ഒരു ആശുപത്രി എന്ന കാര്യം ചിന്തിക്കു വാൻപോലും കഴിയാത്ത അവസരത്തിൽ അദ്ദേഹത്തിന്റെ പ്രാർ

www.malankaralibrary.com



ത്ഥനയും പ്രവർത്തനങ്ങളും കഠിനാദ്ധ്വാനവുംമൂലം ഉയർത്തി ക്കൊണ്ടുവന്ന മാർ കൂറിലോസ് മിഷൻ ആശുപത്രി, പിതാവിന്റെ സ്വപ്നത്തിന്റെയും വിശാല ചിന്താഗതിയുടെയും പൂർത്തീകരണ മായിരുന്നു.

വാചാലനായി സംസാരിക്കുന്ന പ്രകൃതക്കാരനായിരുന്നില്ല അദ്ദേഹം. സംസാരത്തിൽ മിതത്വം ഉണ്ടായിരുന്നെങ്കിലും പ്രവർത്തന ങ്ങളിൽ തീരെ ഇല്ലാതിരുന്നതും അതുതന്നെയായിരുന്നു. ആരോഗ്യ ത്തെപോലും തൃണവത്കരിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ.

## സുറിയാനിഭാഷയിൽ പാണ്ഡിത്യം

സുറിയാനിഭാഷയിലുള്ള പിതാവിന്റെ പാണ്ഡിത്യം ആരെയും വിസ്മയിപ്പിക്കുന്നതായിരുന്നു. പ്രാർത്ഥനാ പുസ്തകങ്ങൾ സുറി യാനിയിൽ സ്വന്തം കൈപ്പടയിൽതന്നെ എഴുതി തയ്യാറാക്കുകയാ യിരുന്നു പതിവ്. പിതാവ് എഴുതി തയ്യാറാക്കിയ പുസ്തകങ്ങൾ വൈദികർക്ക് ഉപയോഗിക്കുന്നതിനായി കൊടുക്കാറുണ്ടായിരുന്നു.



*തന്നോടൊപ്പം പുനരൈക്യപ്പെട്ട ഫാ. ജോർജ് വടക്കൻ ഉൾപ്പെടെയു ള്ളവർക്ക് തിരുമേനി പൂർണ ശെമ്മാശ്ശപട്ടം നല്കുന്നു.*

ഈ പുസ്തകങ്ങൾ ഉപയോഗി ക്കുന്ന വൈദികർ താമസിയാ തെതന്നെ സ്വന്തമായ പുസ്ത കങ്ങൾ തയ്യാറാക്കിയിരുന്നു വെന്നത് വസ്തുതയാണ്. തന്റെ പ്രസംഗങ്ങളിലൂടെ സുറിയാനി വാക്കുകളും അവ യുടെ അർത്ഥങ്ങളും വളരെ ലളിതമായ രീതിയിൽ ജന ങ്ങളെ പഠിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

പുസ്തകങ്ങളെ വളരെ യധികം സ്നേഹിച്ചിരുന്ന പിതാവ് തന്റെ യാത്രകളിൽ പുസ്തകങ്ങൾ കൂടെ കൊണ്ടു പോകുമായിരുന്നു. പിതാവി ന്റെ മേശപ്പുറത്തെ ബാലമാ സികകളും ചിത്രകഥകളും

www.malankaralibrary.com



എല്ലാവർക്കും കൗതുകമായിരുന്നു. കുഞ്ഞുങ്ങളെ വളരെയധികം ഇഷ്ടപ്പെട്ടിരുന്ന പിതാവിന് അത് ഒഴിവാക്കാൻ സാധിക്കുന്ന ഒന്നായിരുന്നില്ല. ബാലമാസികകൾ, നോവലുകൾ, മതഗ്രന്ഥങ്ങൾ, സഭാപ്രസിദ്ധീകരണങ്ങൾ, രാഷ്ട്രീയ ലേഖനങ്ങൾ, കവിതകൾ, ആനുകാലികങ്ങൾ തുടങ്ങി വായനയുടെ വിശാലലോകംതന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. അഞ്ഞൂർ അരമനയിലെ പുസ്തകശേഖരം ഏവരെയും വിസ്മയിപ്പിക്കുന്ന ഒന്നായിരുന്നു. (തന്റെ കാലശേഷം സെമിനാരി വിദ്യാർത്ഥികൾക്ക് ഉതകുന്ന നിരവധി പുസ്തകങ്ങൾ മലങ്കര മേജർ സെമിനാരിക്കായി അദ്ദേഹം എഴുതി വച്ചിരുന്നു.)

ബൈബിൾ നെഞ്ചോടു ചേർത്ത ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ഭഗവത്ഗീതയും രാമായണവും ഖുറാനുമൊക്കെ അദ്ദേഹത്തിന്റെ അലമാരിയിലെ കൗതുകവസ്തുക്കൾ മാത്രമായിരുന്നില്ല. അവ പഠിക്കുവാനും അദ്ദേഹം പരിശ്രമിച്ചിരുന്നു. പിതാവ് നല്ലൊരു ചിത്രകാരൻകൂടിയായിരുന്നു എന്ന വസ്തുത പലർക്കും അറിയില്ല. അദ്ദേഹം എഴുതി തയ്യാറാക്കുന്ന സുറിയാനിപുസ്തകങ്ങളിൽ പലതിലും അദ്ദേഹം വരച്ച ചിത്രങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു.

കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനു മുമ്പുതന്നെ പുനരൈക്യത്തിന്റെ ആവശ്യകത തന്റെ പ്രസംഗങ്ങളിലൂടെ അദ്ദേഹം ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചിരുന്നു. മലബാർ സ്വതന്ത്രസുറിയാനിസഭയുടെ പാരമ്പര്യങ്ങളെ അപ്പാടെ നിലനിർത്തിക്കൊണ്ടുതന്നെ ഐക്യത്തിന്റെ പാതയിലൂടെ മുന്നേറാനും സഭാമക്കളുടെ വളർച്ചയ്ക്കും ഭിന്നിപ്പിന്റെ ദുരാത്മാക്കളെ ഇല്ലാതാക്കാനും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടേണ്ടത് ആവശ്യമാണെന്ന് തന്റെ സഭാംഗങ്ങൾക്കും വൈദികർക്കും മനസ്സിലാക്കിക്കൊടുക്കാൻ കഴിയുന്നതെല്ലാം അദ്ദേഹം ചെയ്തു. തന്റെ ഉദ്യമത്തിൽ പൂർണമായി വിജയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. എങ്കിലും കാലം അദ്ദേഹത്തിന്റെ ചിന്തകളെ പൂർത്തീകരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് മലബാർ സ്വതന്ത്ര സുറിയാനിസഭയിൽ ഉടലെടുത്തിരിക്കുന്ന പ്രശ്നങ്ങൾ എല്ലാംതന്നെ ഇതിനെ ശരിവയ്ക്കുന്നതാണ്. പുനരൈക്യത്തെക്കുറിച്ച് പിതാവ് പറഞ്ഞ കാര്യങ്ങൾ മനസ്സിലാകാത്തവരേക്കാൾ കൂടുതൽ മനസ്സിലായവരാണ്. ഇതിൽ വൈദികർ ബഹുഭൂരിപക്ഷവും വരും. എങ്കിലും അവർ തങ്ങളുടെ ഭീരുത്വം മറയ്ക്കാൻ, മനസ്സിലാകാത്തവരെപ്പോലെ നടിച്ചു.

www.malankaralibrary.com



## സത്യത്തിന്റെ പാത

1977 ഓഗസ്റ്റ് 28-ന് മലങ്കര കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടാൻ വന്ദ്യപിതാവ് കാണിച്ച ധൈര്യം സത്യത്തോടും സത്യവിശ്വാസത്തോടും ചേർന്ന് നില്ക്കാനുള്ള താത്പര്യത്തിൽ നിന്ന് ഉടലെടുത്തതായിരുന്നു. സത്യത്തിന്റെ പാത സ്വീകരിക്കുവാൻ അദ്ദേഹം കാണിച്ച ധീരത, അധികാരഭ്രാന്ത് മൂലം തമ്മിലടിക്കുന്ന ഏവരുടെയും കണ്ണു തുറപ്പിക്കാനുള്ള ഒരു മഹാ ഔഷധമാണ്.

ഒരിക്കൽ ഒരു വൈദികൻ (കത്തോലിക്കാസഭയിലെ) അദ്ദേഹത്തോട് ചോദിച്ചു; 'അങ്ങ് ചെയ്തത് ബുദ്ധിശൂന്യമായെന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?' പിതാവ് പറഞ്ഞു: 'എന്താണ് അച്ചനിങ്ങനെ ചോദിക്കാൻ കാരണം?' 'അല്ല പിതാവേ, ഒരു സഭയുടെ പരമാദ്ധ്യക്ഷനായി എല്ലാ അധികാരങ്ങളോടുംകൂടി ജീവിച്ചിരുന്ന അങ്ങ് ഒരു സുപ്രഭാതത്തിൽ കത്തോലിക്കാസഭയിലെ ഒരു മെത്രാൻ മാത്രമായി മാറുമ്പോൾ അങ്ങേക്ക് എന്തെങ്കിലും പ്രയാസമുണ്ടോ എന്നറിയുവാനാണ്.' പിതാവ് പറഞ്ഞു: 'അച്ചാ, എനിക്ക് ഒരു പ്രയാസവുമില്ല എന്നു മാത്രമല്ല വളരെയധികം സംതൃപ്തിയാണുള്ളത്. ഏതെങ്കിലും ഒരു സഭയുടെ പരമാദ്ധ്യക്ഷനായിരിക്കുന്നതിനേക്കാൾ കത്തോലിക്കാസഭയിലെ ഒരംഗമാകുക എന്നതാണ് എന്നെ സംബന്ധിച്ച് ഏറ്റവും സംതൃപ്തി നല്കുന്നത്. പലരും ജന്മനാ കത്തോലിക്കരാകുന്നു. എന്നാൽ ഞാനും എന്നെപ്പോലെ പുനരൈക്യപ്പെട്ടവരും കത്തോലിക്കരാകുവാൻ പലതും സഹിച്ചവരാണ്. പുനരൈക്യപ്പെട്ട എന്നെപ്പോലുള്ളവർക്കേ കത്തോലിക്കാസഭയുടെ മഹത്വം പൂർണ്ണമായി ഉൾക്കൊള്ളാനാവൂ.' ഇതെല്ലാം പറയുമ്പോൾ പിതാവിന്റെ കണ്ണുകൾക്ക് നക്ഷത്രശോഭയുണ്ടായിരുന്നു. മറുപടി കേട്ട വൈദികൻ പിതാവിന്റെയടുത്തുവന്ന് പല പ്രാവശ്യം കൈകൾ മുത്തി.

താൻ ജനിച്ചു വളർന്ന സഭയിൽ, താൻ കൂടി വളർത്തിയ സമുദായത്തിൽനിന്നും ഒറ്റപ്പെട്ടുവെങ്കിലും, കത്തോലിക്കാ കൂട്ടായ്മയുടെ മഹത്വവും അനുഗ്രഹവും പ്രാപിക്കുവാൻ കഴിഞ്ഞു എന്ന സംതൃപ്തിയും ചാരിതാർത്ഥ്യവും വന്ദ്യ പിതാവിനുണ്ടായിരുന്നു. അഞ്ചൂരിലെ മലങ്കര കത്തോലിക്കാപള്ളിയിൽ ഇന്നും അദ്ദേഹത്തിന്റെ സാന്നിദ്ധ്യമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥം ഏവർക്കും തുണയാകട്ടെ.

www.malankaralibrary.com

# സാഹിത്യാസ്വാദകനായ എന്റെ തിരുമേനി

**പീറ്റർ ചെറുവത്തൂർ കുന്നംകുളം**
(മങ്ങാട് സ്കൂളിലെ മുൻ ഹെഡ്മാസ്റ്റർ)

1986 ഏപ്രിൽ–മെയ് മാസത്തിലുള്ള മദ്ധ്യവേനൽ അവധിക്കാലത്തെ ഒരു പ്രഭാതം. എന്റെ വീട്ടുപടിക്കൽ ഒരു കാർ വന്നുനിന്നു. ഒരാൾ അതിൽനിന്ന് ഇറങ്ങിവന്ന് വിവരം പറഞ്ഞു. ഞാൻ അന്തം വിട്ടുപോയി. ബിഷപ്പ് തിരുമേനി തന്റെ സ്കൂൾ കാണുവാൻ എന്നെ നേരിട്ടു ക്ഷണിക്കാൻ എത്തിയതാണ്. ഏതാനും ദിവസങ്ങൾക്കു മുമ്പ് ആ വിദ്യാലയത്തിലേക്ക് ഡപ്യൂട്ടേഷനിൽ ഹെഡ്മാസ്റ്ററായിരിക്കാൻ വിരോധമുണ്ടോ എന്ന് എന്റെ ഒരുത്തമ സുഹൃത്ത് മുഖേന അന്വേഷണം നടത്തിയിരുന്നു. പക്ഷേ ഞാൻ വ്യക്തമായ ഒരു തീരുമാനത്തിലെത്തിയിരുന്നില്ല.

ഞാൻ കാറിനരികത്തു ചെന്നു. അദ്ദേഹത്തെ വീട്ടിലേക്കാനയിച്ചു. സൗമ്യമായ സംഭാഷണം. ശബ്ദത്തിനെന്തോ ഒരിടർച്ചപോലെ തോന്നി. ആദ്യമായി അദ്ദേഹവുമായി സംസാരിക്കുകയാണ്. അഞ്ചു മിനിട്ടിനുള്ളിൽ ഞാൻ വേഷം മാറി അതേ വാഹനത്തിൽ പുറപ്പെടുകയും ചെയ്തു.

കുന്നംകുളത്തുനിന്ന് കോഴിക്കോട്ട് റോഡിലൂടെയാണ് സഞ്ചാരം. പെട്രോളടിക്കാൻ പമ്പിൽ വണ്ടി നിർത്തി. അപ്പോൾ അതേ പമ്പിൽ അതേ ആവശ്യത്തിനായി മറ്റൊരു കാറുമെത്തി. മേജർ ആർച്ചുബിഷപ്പ് സിറിൽ ബസേലിയോസ് പിതാവായിരുന്നു അതിൽ.

www.malankaralibrary.com





*ലേഖകൻ ശ്രീ പീറ്റർ ചെറുവത്തൂർ മാർ പീലക്സിനോസിനോടൊപ്പം*

എല്ലാവരും വണ്ടിയിൽനിന്നിറങ്ങി. കുശലപ്രശ്നം നടത്തി. ഏതാനും മിനിറ്റുകൾ മാത്രം നീണ്ടുനിന്ന കൂടിക്കാഴ്ച. അന്നേരം പീലക്സിനോസ് പിതാവ് എന്നെ അദ്ദേഹത്തിനു പരിചയപ്പെടുത്തി. എനിക്ക് അത്ഭുതം തോന്നി. ഇത്രയും ചുരുങ്ങിയ സമയത്തെ പരിചയം മാത്രമുള്ള എന്നെ ഒരുത്തമ സുഹൃത്തും അഭ്യുദയകാംക്ഷിയുമായി ചിത്രീകരിച്ച് മറ്റൊരു വൈദികശ്രേഷ്ഠന് പരിചയപ്പെടുത്തുക. ഈ രണ്ടു സന്ദർഭങ്ങളും എന്നിൽ വലിയ സ്വാധീനം ചെലുത്തി. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലേക്ക്, ഹൃദയവിശാലതയിലേക്ക് എത്തിനോക്കുവാൻ കൈവന്ന രണ്ട് ആദ്യകാല അനുഭവങ്ങൾ.

ഞാൻ അദ്ദേഹത്തിന്റെ മാനേജ്മെന്റിലുള്ള ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപകനായി 1986 ജൂൺ ഒന്നിന് ചുമതലയേറ്റു. ഡപ്യൂട്ടേഷൻ ഉത്തരവിനൊന്നും എനിക്ക് മെനക്കെടേണ്ടി വന്നില്ല. 26 വർഷത്തിലധികം സർക്കാർ വിദ്യാലയങ്ങളിൽ അദ്ധ്യാപകനായിരുന്ന എന്നെ ഒരു തരത്തിലും ഇക്കാര്യത്തിൽ ബുദ്ധിമുട്ടിക്കാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു.

വിദ്യാലയത്തിന്റെ പൊതു ആവശ്യങ്ങൾക്കെല്ലാം സർവവിധ സഹായങ്ങളും അദ്ദേഹം ചെയ്തുതന്നു. ഭരണകാര്യങ്ങളിൽ ഇടപെടുകയുമില്ല. ഞാൻ ആ വിദ്യാലയത്തിൽ ചെലവഴിച്ച 7 വർഷവും അങ്ങേയറ്റം അഭിപ്രായയൈക്യത്തിൽ സസന്തോഷം കഴിഞ്ഞു.

അദ്ദേഹം ഒരു സാഹിത്യാസ്വാദകനാണെന്ന് ഞാൻ മനസ്സിലാക്കി. കവിതയാണ് ഇഷ്ടപ്പെട്ട ഇനം. പല പഴയകാല കവികളുടെയും കവിതകൾ അദ്ദേഹത്തിനറിയാമായിരുന്നു. പലതും മന:പാഠമായിരുന്നു. അദ്ദേഹത്തിൽ ഉറങ്ങിക്കൂടിക്കിടന്ന സാഹിത്യാഭിരുചി ഒന്ന് പ്രോത്സാഹിപ്പിക്കാനായി ഞാൻ ശ്രമിച്ചു. കുറേ സാഹിത്യകാരന്മാരെയും

www.malankaralibrary.com



കവികളെയും എനിക്കു പരിചയമുണ്ടായിരുന്നു. പലരും, ഒരു സാഹിത്യകാരനായിരുന്ന എന്റെ പിതാവിന്റെ സുഹൃത്തുക്കളുമായിരുന്നു. അദ്ദേഹം ജീവിച്ചിരിപ്പില്ലെങ്കിലും അവരിൽ പലരും ആ സ്നേഹബന്ധം ഞാനുമായും നിലനിർത്തിയിരുന്നു.

തിരുമേനി എഴുതുന്ന പല കവിതകളും വായിച്ചുനോക്കാനും അഭിപ്രായം പറയാനും ഞാൻ മുഖേന ഇടവന്നു. മിനുക്കിയെടുക്കാനും വീണ്ടും എഴുതാനും തിരുമേനി യാതൊരു മടിയും കാണിച്ചില്ല. വൃത്തഭംഗം വന്ന ഭാഗം ക്ഷമയോടെ ശരിപ്പെടുത്തും. നല്ല പദങ്ങൾ തിരഞ്ഞെടുത്ത് ചേർത്ത് മോടി വരുത്തും. ഇത് അനുസ്യൂതം നടന്നുവന്നു.

അഞ്ഞൂർ വസതിയിൽ അദ്ദേഹം ഉണ്ടെങ്കിൽ മിക്കവാറും ദിവസങ്ങളിൽ ഞങ്ങൾ ഫോണിൽ ബന്ധപ്പെടും. രണ്ടാഴ്ചയിലൊരിക്കൽ ഞാനവിടെയെത്തും. മാസത്തിൽ ഒരിക്കലെങ്കിലും അദ്ദേഹം എന്റെ വസതിയിലെത്തും. ഞാൻ 1993-ൽ റിട്ടയർ ചെയ്തിട്ടും ഈ നില തുടർന്നുവന്നു.

അദ്ദേഹം പര്യടനത്തിലോ ആശുപത്രിയിൽ ചികിത്സയിലോ ആണെങ്കിൽ ആഴ്ചയിലൊരിക്കലെങ്കിലും ഫോണിൽ ബന്ധപ്പെടും. മാസത്തിലൊരു തവണ ആശുപത്രിയിൽചെന്ന് ഞാൻ കാണുകയും ചെയ്യും. മിക്കവാറും പുഷ്പഗിരി ആശുപത്രിയിലോ തിരുവല്ലാ ബിഷപ്സ് ഹൗസിലോ ആയിരിക്കും കൂടിക്കാഴ്ചകൾ. ഭദ്രാസനത്തിൽ ദീർഘകാലം പ്രൊക്കുറേറ്ററായിരുന്ന ദിവ്യശ്രീ കരിമ്പനാമണ്ണിലച്ചൻ ഈ സംഗമങ്ങളിലെ ബലമുള്ള ഒരു കണ്ണിയായിരുന്നു.

ചാരിക്കിടന്ന് എഴുതാനുള്ള സൗകര്യം ആശുപത്രിയധികാരികൾ അദ്ദേഹത്തിനു നല്കിയിരുന്നു. ഒരു പ്രത്യേകതരം മേശ, തടസ്സമില്ലാതെ കട്ടിലിനടിയിലേക്ക് നീക്കി വെക്കാവുന്ന അടിത്തറയോടെയുള്ളത് ഒരു പുതുമയായി എനിക്കു തോന്നി. മിക്കവാറും അതിനുമീതെ ശ്രീകണ്ഠേശ്വരത്തിന്റെ മലയാളം നിഘണ്ടുവും വൃത്തമഞ്ജരിയും സ്ഥാനം പിടിച്ചിരിക്കും.

അദ്ദേഹത്തിന്റെ ലൈബ്രറിയിലേക്ക് ആവശ്യമായ പല സാഹിത്യഗ്രന്ഥങ്ങളും ഞാൻ മുഖേന വാങ്ങിച്ചിട്ടുണ്ട്. പ്രസിദ്ധമായ പല പഴയ ഗ്രന്ഥങ്ങളും പുതുപുത്തൻ പുസ്തകങ്ങളും അവയിൽപ്പെടുന്നു.

www.malankaralibrary.com



അരുന്ധതി റോയിയുടെ ബുക്കർ പ്രൈസിനർഹമായ ഗ്രന്ഥം (God of little things) പ്രസിദ്ധീകൃതമായി ഏതാനും നാളുകൾക്കുള്ളിൽ അദ്ദേഹത്തിന്റെ മേശപ്പുറത്തെത്തി. ലഭ്യമല്ലാത്ത പഴയ സദ്ഗ്രന്ഥങ്ങളുടെ ഫോട്ടോസ്റ്റാറ്റ് എടുത്ത് ബൈന്റു ചെയ്ത് വയ്ക്കും. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ 'യെരുശലേം യാത്രാവിവരണ ഗ്രന്ഥവും' മഹാകവി കട്ടക്കയം ചെറിയാൻ മാപ്പിളയുടെ 'ശ്രീയേശു വിജയവു' മെല്ലാം ചില ഉദാഹരണങ്ങൾ മാത്രം. അദ്ദേഹത്തിന്റെ ഗ്രന്ഥാലയത്തിലേക്ക് ആവശ്യമെന്നു തോന്നുന്ന ഏതു ഗ്രന്ഥം വാങ്ങുന്നതിനുമുള്ള സ്വാതന്ത്ര്യം എനിക്കുണ്ടായിരുന്നു.

പലപ്പോഴായി അദ്ദേഹം എഴുതിവെച്ചിട്ടുള്ള കവിതകൾ ചിട്ടപ്പെടുത്താനും ക്രോഡീകരിക്കാനും ഞാൻ പ്രോത്സാഹിപ്പിച്ചു. അത് പ്രസിദ്ധപ്പെടുത്താനുള്ള ചുമതല ഏറ്റെടുക്കണമെന്നായി പിന്നീടദ്ദേഹം. പ്രസിദ്ധീകരണവുമായി ചെറിയ ബന്ധം നേരത്തെ ഉണ്ടായിരുന്നതുകൊണ്ട് എനിക്കതിന് തീരെ പ്രയാസം തോന്നിയതുമില്ല.

കവിതകൾ ഓരോന്നായി വായിച്ചുനോക്കി വിദഗ്ദ്ധരെ കാണിച്ച് വീണ്ടും മിനുക്കിയെഴുതി. ഡി.റ്റി.പി. എടുത്ത് അദ്ദേഹം അവ വീണ്ടും



*പ്രൊഫ. കെ.പി. നാരായണപിഷാരടി, തൃശൂർ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി സെലിൻ ജോസഫ് കാക്കശേരിക്ക് ആദ്യ പ്രതി നല്കിക്കൊണ്ട് മാർ പീലക്സിനോസിന്റെ കവിതാ സമാഹാരം 'കുഞ്ഞുപൂക്കൾ' പ്രകാശനം ചെയ്യുന്നു.*

www.malankaralibrary.com



വായിക്കും. ചില ചെറിയ കരടുകൾ കണ്ടെത്തും, മാറ്റും, തിരുത്തും. അങ്ങനെ ഡി.റ്റി.പി. രണ്ടുമൂന്നു തവണ എടുക്കേണ്ടി വന്നിട്ടുണ്ട്. എങ്കിലും തന്റെ സൃഷ്ടി കഴിയുന്നത്ര കുറ്റമറ്റതായിരിക്കണം എന്ന ചിന്ത ഏതൊരു നല്ല കവിയിലും ഉള്ളതുപോലെ അദ്ദേഹത്തിലും വിളങ്ങിനിന്നു.


ഗ്രന്ഥത്തിനു നല്കേണ്ട പേരിനെക്കുറിച്ചായി അടുത്ത ചിന്ത. മുപ്പതോളം പേരുകൾ ഞാൻ അദ്ദേഹത്തിനു നല്കിയതായി ഓർക്കുന്നു. ഒടുവിൽ അദ്ദേഹംതന്നെ നല്കിയ പേരായിരുന്നു 'കുഞ്ഞുപൂക്കൾ'. അതിന്റെ ചട്ട കമനീയമാക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. വിവിധതരം കുഞ്ഞുപൂക്കൾ തോട്ടത്തിൽനിന്നു ശേഖരിച്ച് നേരിട്ട് ഫോട്ടോ എടുത്താണ് അതിന്റെ ചട്ട രൂപപ്പെടുത്തിയത്.

അതുപോലെതന്നെ മഹാകവി അക്കിത്തത്തിന്റെ അവതാരികയും തിരുമേനിമാരുടെ ആശംസകളും ചേർന്ന് 'കുഞ്ഞുപൂക്കൾ' ഒരുങ്ങിനിന്നു. കേരള സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ നിറഞ്ഞ സദസ്സിൽ അതിവിശിഷ്ട സാഹിത്യകാരന്മാരുടെയും വ്യക്തികളുടേയും സാന്നിദ്ധ്യത്തിൽ 1987 മെയ് 20 ഞായറാഴ്ച ആ ചടങ്ങു നടന്നു. മേജർ ആർച്ചുബിഷപ്പ് സിറിൽ ബസ്സേലിയോസ് പിതാവിന്റെയും തുങ്കുഴി പിതാവിന്റേയും ആശംസകളും അതിൽ ചേർത്തിരുന്നു. അന്നത്തെ മലയാള മനോരമ ദിനപത്രത്തിൽ പ്രത്യക്ഷപ്പെട്ട റൈറ്റ് അപ് കണ്ടപ്പോൾ തിരുമേനി അതീവ സന്തുഷ്ടനായിരുന്നു.

മഹാകവി അക്കിത്തത്തെ അദ്ദേഹത്തിന്റെ വസതിയിൽ ചെന്നു കാണണമെന്ന് ആഗ്രഹമുള്ളതായി സംഭാഷണമദ്ധ്യേ എന്നോട് സൂചിപ്പിച്ചു. അതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു. അദ്ദേഹവും ഞാനും അദ്ദേഹത്തിന്റെ വാഹനത്തിൽ കുമാരനെല്ലൂരുള്ള മഹാകവിയുടെ വസതിയായ 'ദേവായന'ത്തിന്റെ ഗേറ്റിനരികെ ചെന്നു നിന്നു. അല്പദൂരം നടക്കണം. തിരുമേനിക്കാണെങ്കിൽ നടക്കാൻ പ്രയാസമായിത്തുടങ്ങിയിരുന്നു. എങ്കിലും ഞങ്ങളൊരു വിധത്തിൽ എത്തി. മഹാകവി പൂമുഖത്ത് കാത്തു നില്പുണ്ടായിരുന്നു. ഒരു ബൈബിളും, ക്രൂശിതനായ ക്രിസ്തുവിന്റെ ഒരു രൂപവും അദ്ദേഹത്തിനു സമ്മാനിച്ചു. അത്രയൊന്നും മെച്ചമല്ലാത്ത എന്റെ കൊച്ചു ക്യാമറയിൽ ഞാൻ ആ രംഗം പകർത്തി, ഇരു തിരുമേനിമാരും

www.malankaralibrary.com





*മഹാകവി അക്കിത്തത്തോടൊപ്പം*

ഒന്നിച്ചു നില്ക്കുന്ന ആ ചിത്രം. ഏതാനും സമയത്തെ കൂടിക്കാഴ്ച യ്ക്കുശേഷം ഞങ്ങൾ മടങ്ങി. എന്തൊരു സംതൃപ്തിയായിരുന്നു അദ്ദേഹത്തിന്റെ മുഖത്ത്. അന്നത്തെ ആ ചിത്രം ഫ്രെയിമിലാക്കി യത് അദ്ദേഹത്തിന്റെ എഴുത്തുമേശമേൽ സ്ഥിരമായി ഉണ്ടായിരു ന്നതായി ഞാൻ ഓർക്കുന്നു.

ആസ്തമാ ചികിത്സയ്ക്കു വിധേയനായിരുന്ന അദ്ദേഹം മലമ്പ്ര ദേശങ്ങളിൽ താമസിക്കാൻ ഇഷ്ടപ്പെട്ടു. ഇടുക്കിയിലെ പോത്തുപാറ കോൺവെന്റിന്റെയും ഹൈറേഞ്ച് ഡവലപ്മെന്റ് സൊസൈറ്റിയു ടെയും വിസ്തൃതമായ മലഞ്ചെരുവിൽ അദ്ദേഹം പ്രയാസമേറിയ മാസങ്ങളിൽ താമസിക്കാറുണ്ട്. പലപ്പോഴും എന്നെ ക്ഷണിക്കാറു ണ്ടായിരുന്നുവെങ്കിലും ഞാൻ ഒഴിഞ്ഞുമാറുകയായിരുന്നു പതിവ്. ഒരു ദിവസം സ്നേഹമസൃണമായ അദ്ദേഹത്തിന്റെ ക്ഷണം സ്വീക രിച്ചു. രണ്ടു ദിവസം അവിടെ താമസിച്ച് തിരിച്ചുപോരണം. ഇതാ യിരുന്നു മനസ്സിൽ.

യാത്ര രസകരമായിരുന്നു. ഭക്ഷണസാധനങ്ങൾ അത്യാവശ്യം വേണ്ടതെല്ലാം കരുതിയിരിക്കും. പതിവു താവളങ്ങളിൽ വണ്ടി നിർ

www.malankaralibrary.com



ത്തും. ധാരാളം വളവുതിരിവുകളുള്ള ഹൈറേഞ്ച് നിരത്തുകളിൽ ചീറിപ്പാഞ്ഞു പോകുന്ന വൻകിട വാഹനങ്ങൾക്കിടയിലൂടെ കൊച്ചു കാറിലുള്ള യാത്ര ഭീതികരമായിത്തോന്നി. ഡ്രൈവർ ഉറക്കത്തിൽപ്പെടാതിരിക്കാൻ എന്തെങ്കിലും മിഠായി സമ്മാനിക്കും. ഞങ്ങൾ സാഹിത്യ സാംസ്കാരിക കാര്യങ്ങൾ ചർച്ച ചെയ്ത് ഏകദേശം 4 മണിയോടെ പോത്തുപാറയിലെത്തി.

അവിടെ അദ്ദേഹം എത്തിയാൽ താമസിക്കാൻ ഒരു പ്രത്യേക കോട്ടേജ് ഉണ്ടായിരുന്നു. എനിക്കും കഷ്ടിച്ച് അതിൽകൂടാം. പക്ഷേ അദ്ദേഹം, ചുമതലക്കാർക്ക് ഫോൺ ചെയ്ത് അവിടുത്തെ ഗസ്റ്റ് ഹൗസിൽ എനിക്കായി സ്ഥലമൊരുക്കി. ആ വിശാല മന്ദിരത്തിൽ ഞാൻ മാത്രം. ഒരു വാച്ച്മാനും. തന്റെ കൂടെവന്ന ആൾ ഒരുതരത്തിലും ബുദ്ധിമുട്ട് അനുഭവിക്കരുതെന്ന ചിന്ത അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു.

യാത്ര ചെയ്ത് അവശനായ അദ്ദേഹം അടുത്ത ദിവസം വൈകുന്നേരത്തോടെ ഏതാണ്ട് നോർമ്മലായി. പരിസരത്തുള്ള പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ ജൈവവള നിർമ്മാണശാല, ഫർണിച്ചർ നിർമ്മാണകേന്ദ്രം, പട്ടുമലപ്പള്ളി തുടങ്ങിയ പലതും സന്ദർശിച്ച് ഞങ്ങൾ മടങ്ങി. ആ പ്രദേശത്തെ കാലാവസ്ഥയും തേയിലത്തോട്ടങ്ങളും ഏലകൃഷിയിടങ്ങളും എല്ലാം ഇന്നും എന്റെ മനസ്സിൽ പച്ചപിടിച്ചു നില്ക്കുന്നു. 4 മണിയാകുമ്പോഴേക്കും ഇരുട്ടു പരക്കുന്ന നീലഗിരിക്കുന്നുകളെപ്പോലെയൊരു സ്ഥലം. അടുത്ത ദിവസം പ്രഭാതത്തിൽ പോത്തുപാറയുടെ മനോഹാരിത ആവോളം ഉൾക്കൊണ്ട് ഞാൻ മടങ്ങിപ്പോരുകയും ചെയ്തു.

ഞാനും അദ്ദേഹവുമായി പരിചയപ്പെട്ട കാലത്ത് രണ്ടുമൂന്നു പ്രാവശ്യം അദ്ദേഹം വിദേശയാത്രകൾക്ക് ഒരുങ്ങിയിരുന്നുവെങ്കിലും അനാരോഗ്യംമൂലം യാത്ര മാറ്റിവെച്ചിട്ടുണ്ട്. ഒരിക്കൽ ഫ്രാൻസ്, സ്വിറ്റ്സർലണ്ട് എന്നിവിടങ്ങളിലേക്ക് പോയതായി ഓർമ്മിക്കുന്നു. ആ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ദീർഘമായ രണ്ടുമൂന്നു കത്തുകൾ എനിക്കയച്ചിരുന്നു. അവിടുത്തെ സംസ്കാരങ്ങളെയും, ഭൂമിശാസ്ത്രത്തെയും ജീവിതരീതികളെയും കുറിച്ചെല്ലാം രസകരമായി പ്രതിപാദിക്കുന്ന കൊച്ചു ലേഖനങ്ങളായിരുന്നു അവ.

ഇന്നവയെല്ലാം ഓർമ്മ മാത്രം. പുഷ്പഗിരി ആശുപത്രിയിലെ

www.malankaralibrary.com



പതിവുമുറിയിൽ അദ്ദേഹത്തിന്റെ അന്ത്യനാളുകളിൽ ഒരു ദിവസം ഞാൻ അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ ഒരു സഹോദരനോടെന്ന പോലെയായിരുന്നു എന്നോടു സംസാരിച്ചത്. എന്തോ ഒരു പ്രത്യേകത എനിക്കു തോന്നി. അധികനാൾ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ മരണവാർത്ത ഹോസ്പിറ്റൽ ഡയറക്ടർ എന്നെ നേരിട്ടു വിളിച്ചറിയിക്കുകയായിരുന്നു. തിരുമേനി എന്നെ എങ്ങനെ കരുതിയിരുന്നുവെന്ന് എനിക്ക് ഒന്നുകൂടെ വ്യക്തമായി.

ഞാൻ ദീർഘിപ്പിക്കുന്നില്ല. ചരിത്രത്തിന്റെ ഭാഗമായിത്തീർന്ന എന്റെ തിരുമേനിയുടെ ഓർമ്മയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നിർത്തട്ടെ.

www.malankaralibrary.com

# പീലക്സിനോസ് പിതാവും മങ്ങാട് സ്കൂളും

റവ. സിസ്റ്റർ ആനി എസ്.ഐ.സി.
(മുൻ ഹെഡ്മിസ്ട്രസ്, മങ്ങാട് സ്കൂൾ)

അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ നല്ല വിദ്യാഭ്യാസ വിചക്ഷണനും സാമൂഹ്യക്ഷേമ പ്രവർത്തകനും പാവങ്ങളോടും ദരിദ്രരോടും സ്നേഹവും കരുണയും ഉള്ള വ്യക്തിത്വത്തിന്റെ ഉടമയുമായിരുന്നു. പുനരൈക്യത്തിനു ശേഷം പ്രത്യേക ഭരണമേഖലകളൊന്നുമില്ലാതിരുന്ന സാഹചര്യത്തിലാണ് അദ്ദേഹം മങ്ങാട് യു.പി. സ്കൂളിനെപ്പറ്റി അറിയാനിടയായത്. ആ സ്കൂളിന്റെ മാനേജർ ശ്രീമതി സാറാമ്മ കുത്തൂർ ആയിരുന്നു. തനിയെ സ്കൂൾ നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമായതിനാൽ അത് ഏറ്റെടുത്ത് നടത്താൻ കഴിയുന്ന ഒരു ക്രൈസ്തവസഭയ്ക്ക് കൈമാറണമെന്ന് അവർ ആഗ്രഹിച്ചു. അങ്ങനെയിരിക്കുമ്പോഴാണ് തിരുമേനിയുടെ ഉത്തമ സുഹൃത്തും സെക്രട്ടറിയുമായ ബ. ജോർജ് വടക്കനച്ചൻ ഈ കാര്യം പിതാവിന്റെ ശ്രദ്ധയിൽപെടുത്തിയത്. വളരെ നേരത്തേതന്നെ വിദ്യാലയങ്ങൾക്ക് സാരഥ്യം വഹിച്ചിട്ടുള്ള പിതാവിന് ഇക്കാര്യത്തിൽ വലിയ താത്പര്യം തോന്നി.

എന്നാൽ വെറുംകൈയ്യോടെ മലങ്കര കത്തോലിക്കാസഭയിലെത്തിയ പിതാവിന്റെ സാമ്പത്തിക ബുദ്ധിമുട്ട് അതിന് വലിയ വിലങ്ങുതടിയായിത്തീർന്നു. അദ്ദേഹം മങ്ങാടുപ്രദേശത്തെപ്പറ്റി കൂടുതൽ അന്വേഷണങ്ങൾ നടത്തി. മറ്റു സ്കൂളുകൾ ഒന്നുംതന്നെ ആ പ്രദേശത്ത് ഇല്ല. സ്കൂളിനു ചുറ്റും പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാവിഹീനരായ കുറച്ച് ആളുകളാണ് നിവസിക്കുന്നത് എന്ന്

www.malankaralibrary.com



ബോദ്ധ്യപ്പെട്ടു. അവരുടെ കുട്ടികളെ ദൂരസ്ഥലത്ത് അയച്ചു പഠിപ്പിക്കുക എന്നുള്ളത് ഏറെ ദുഷ്കരമാണെന്നും മനസ്സിലാക്കി.

ഈ സ്കൂൾ വാങ്ങി നല്ല നിലയിൽ നടത്തിക്കൊണ്ടുപോയാൽ നാടിനു വലിയ അനുഗ്രഹമായിത്തീരുമെന്ന് അദ്ദേഹം പ്രത്യാശിച്ചു. ഈ പ്രദേശത്തെ അജ്ഞാനാന്ധകാരത്തിൽനിന്നും ഉദ്ധരിക്കാൻ തന്നെ ഒരു ഉപകരണമാക്കാൻ ദൈവം ആഗ്രഹിക്കുന്നു എന്ന ബോദ്ധ്യത്തോടുകൂടി ആ സ്കൂൾ വാങ്ങാൻ അദ്ദേഹം തീരുമാനിച്ചു. അതിനുള്ള സാമ്പത്തിക സഹായത്തിനുവേണ്ടി പലരേയും അദ്ദേഹം സമീപിച്ചു. നിർഭാഗ്യമെന്നു പറയട്ടെ, ആ ഉദ്യമം ഫലവത്തായില്ല. എങ്കിലും അദ്ദേഹം നിരാശനായില്ല. ദൈവാശ്രയത്തോടുകൂടി പ്രാർത്ഥിച്ചശേഷം ഭാഗ്യസ്മരണാർഹനായ തൃശ്ശൂർ ബിഷപ്പ് കുണ്ടുകുളം പിതാവിനെ സമീപിച്ചു. അദ്ദേഹം പിതൃവാത്സല്യത്തോടുകൂടി അദ്ദേഹത്തെ സ്വീകരിക്കുകയും സാമ്പത്തിക സഹായം ചെയ്യുകയും വി. യൗസേപ്പ് പിതാവിനോട് പ്രത്യേകം പ്രാർത്ഥിക്കാൻ നിർദ്ദേശിക്കുകയും ചെയ്ത് ധൈര്യപ്പെടുത്തി. ആ പ്രത്യേക വിശ്വാസത്തോടുകൂടി പ്രാർത്ഥിച്ചതിന്റെ ഫലമായി വിദേശത്തുനിന്നുപോലും സഹായിക്കാനുള്ള മഹാത്മാക്കളെ ദൈവം അദ്ദേഹത്തിനു കാണിച്ചുകൊടുത്തു.

1981-ൽ മങ്ങാട് യു.പി. സ്കൂൾ അദ്ദേഹം വിലയ്ക്കു വാങ്ങി. 2.36 ഏക്കർ വിസ്തീർണമുള്ള സ്ഥലം ഇതിനുണ്ട്. അദ്ധ്യാപക-അനദ്ധ്യാപകരായി 24 പേർ ഇവിടെ സേവനം അനുഷ്ഠിച്ചിരുന്നു. 800 (ആൺകുട്ടികളും പെൺകുട്ടികളും) കുട്ടികൾ 18 ഡിവിഷനുകളിലായി അദ്ധ്യയനം നടത്തിയിരുന്നു. അന്ന് പ്രധാനാധ്യാപിക ശ്രീമതി കെ. പി. മാത്തിരി ടീച്ചർ ആയിരുന്നു. സ്കൂളിൽ ഒരു റിട്ടയർമെന്റ് പോസ്റ്റ് ആ വർഷം ഉണ്ടായിരുന്നു. ഒരു സിസ്റ്ററിനെ പുതിയതായി വന്ന ഒഴിവിലേക്ക് നിയമിച്ചാൽ നന്നായിരിക്കുമെന്ന് അദ്ദേഹത്തിനു തോന്നി. തിരുവല്ലാ ബഥനി പ്രോവിൻസിന്റെ പ്രൊവിൻഷ്യലിനോട്



*മങ്ങാട് സ്കൂളിന്റെ അസംബ്ലി*

www.malankaralibrary.com



ഒരു സിസ്റ്ററിനെ അദ്ദേഹം ആവശ്യപ്പെട്ടു. മങ്ങാടുപ്രദേശത്തെ ജനങ്ങൾക്ക് സിസ്റ്റർ എന്ന പദം തികച്ചും അപരിചിതമായിരുന്നു എന്നുള്ളത് ഒരു നഗ്നസത്യം. അദ്ദേഹത്തിന്റെ നിരന്തരമായ ആവശ്യത്തിനു വഴങ്ങി സിസ്റ്റർ ആനിയെ മങ്ങാട് യു. പി. സ്കൂളിൽ അദ്ധ്യാപികയായി നിയമിച്ചു.

സ്കൂൾ തന്റെ അധീശാധികാരത്തിൽ ആയപ്പോൾ അതിനെ ഒരു ഹൈസ്കൂൾ ആക്കി ഉയർത്താൻ അദ്ദേഹം ആഗ്രഹിച്ചു. വളരെയേറെ പരിശ്രമങ്ങൾ അതിനായി നടത്തി. ദൈനംദിനം സ്കൂളിൽ അദ്ദേഹം സന്ദർശനം നടത്തിയിരുന്നു. വളരെയേറെ കഷ്ടപ്പാടുകൾ സഹിച്ചും ധാരാളം എതിർപ്പുകൾ നേരിട്ടും ആ ആഗ്രഹം അദ്ദേഹം സാധിച്ചെടുത്തു. അന്നത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ. റ്റി. എം. ജേക്കബാണ് അനുമതി നല്കിയത്. 1983-84 ൽ പുതിയ കെട്ടിടത്തിൽ ഹൈസ്കൂൾ 8-10 ക്ലാസ്സ് ആരംഭിച്ചു. ഹൈസ്കൂളിനുവേണ്ടി കുറച്ച് വയൽ വാങ്ങി, സ്ഥലവിസ്തൃതി വർദ്ധിപ്പിച്ചു. തിരുവല്ലാ അതിരൂപതയിൽനിന്നും ബ. ഇരുമേട അച്ചനെ ഹൈസ്കൂളിന്റെ ആദ്യ പ്രധാനാദ്ധ്യാപകനായി നിയമിച്ചു. സ്കൂളിന്റെ പേര് സെന്റ് ജോസഫ്സ് & സെന്റ് സിറിൽസ് ഹൈസ്കൂൾ എന്നാക്കി മാറ്റുകയും ചെയ്തു. തന്റെ മാനസിക വ്യഥയിൽ സഹായിച്ച രണ്ട് വിശുദ്ധരുടെ പേരിൽ സ്കൂൾ അറിയപ്പെടട്ടെയെന്ന് തിരുമേനി തീരുമാനിച്ചു. 1986 മാർച്ചിൽ ആദ്യത്തെ ബാച്ച് എസ്.എസ്.എൽ.സി. പരീക്ഷയിൽ 25 കുട്ടികൾ പരീക്ഷയെഴുതി 100% വിജയം നേടി. ഈ നാടിനെ ആഹ്ലാദഭരിതമാക്കിയ സംഭവമായിരുന്നു അത്. ആ വർഷംതന്നെ ബ. ഇരുമേട അച്ചൻ സ്കൂളിൽനിന്നും പിരിഞ്ഞുപോകുകയും ചെയ്തു.

1986 ജൂണിൽ ശ്രീ. സി. ജെ. പീറ്റർമാസ്റ്റർ (കുന്നംകുളം ജി.എം.എച്ച്.എസ്. ൽ നിന്നും) ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടു. 7 വർഷം അദ്ദേഹം പ്രധാനാദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. ഇക്കാലയളവിൽ അദ്ധ്യാപക - അനദ്ധ്യാപകരുടെ എണ്ണം, കുട്ടികളുടെ എണ്ണം ഇവയിലെല്ലാം വർദ്ധനവ് ഉണ്ടായി. 1989-ൽ തിരുവല്ലയിൽനിന്നും സിസ്റ്റർ നവീനയെ ഹിന്ദി അധ്യാപികയായി നിയമിച്ചു. 1993 മാർച്ചിൽ പീറ്റർമാസ്റ്റർ സർവ്വീസിൽനിന്ന് വിരമിച്ചു.

1993 ജൂണിൽ മറ്റം സെന്റ് ഫ്രാൻസിസ് ബോയ്സ് ഹൈസ്കൂളിൽനിന്നും ശ്രീ. എം. റ്റി. ആന്റണിയെ ഹെഡ്മാസ്റ്ററായി നിയമിച്ചു. പിതാവിന്റെ പ്രതീക്ഷക്കൊത്ത് സ്കൂളിന്റെ വികസനം നടക്കാത്ത സന്ദർഭങ്ങളും ഇടക്കിടെ ഉണ്ടായിരുന്നു. അടിക്കടി ഉണ്ടായ വിദ്യാർത്ഥി

www.malankaralibrary.com



സമരങ്ങൾ, അച്ചടക്കരാഹിത്യം, വിജയശതമാനത്തിൽ ഉണ്ടായ ഏറ്റക്കുറച്ചിലുകൾ ഇങ്ങനെയുള്ള ചില പ്രശ്നങ്ങൾ അദ്ദേഹത്തെ ഏറെ വേദനിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം ഈ വിദ്യാലയത്തിന്റെ നേതൃത്വം തിരുവല്ലാ അതിരൂപത ഏറ്റെടുത്തു. 2002-ൽ ശ്രീ. ആന്റണി മാസ്റ്റർ സർവ്വീസിൽനിന്നും വിരമിച്ചു.

2002 ജൂൺ 1-ന് ഈ സ്കൂളിൽതന്നെ അദ്ധ്യാപികയായിരുന്ന സിസ്റ്റർ ആനിയെ സ്കൂളിന്റെ പ്രധാനാദ്ധ്യാപികയായി നിയമിച്ചു. 2004-ൽ തിരുവല്ലാ അതിരൂപത വിഭജിച്ച് മുവാറ്റുപുഴ രൂപത രൂപം കൊണ്ടപ്പോൾ ഈ വിദ്യാലയം മൂവാറ്റുപുഴ രൂപതയ്ക്ക് കൈമാറി. ഈ രൂപത ഏറ്റെടുത്തതിനുശേഷമാണ് സ്കൂളിന്റെ അറ്റകുറ്റപണികൾ എല്ലാം നടത്തി കൂടുതൽ ഭംഗിയാക്കിയത് എന്നുള്ളത് നന്ദിയോടുകൂടി സ്മരിക്കുന്നു. സ്കൂളിന്റെ ഓഫീസ് റൂം മനോഹരമാക്കിയതും ഉച്ചഭക്ഷണത്തിന് പ്രത്യേകം സൗകര്യങ്ങൾ ഉണ്ടാക്കിയതും തറ മാത്രം കെട്ടിയിരുന്ന സ്റ്റേജിന് മേൽക്കൂര നിർമ്മിച്ചതും കിണർ മോട്ടോർ വച്ച് ഉപയോഗപ്രദമാക്കിയതും ഇക്കാലയളവിലാണ്. സ്കൂൾ ഗ്രൗണ്ടിലേക്ക് വഴി ഉണ്ടായിരുന്നില്ല. 2018 -ൽ വർഗീസ് കുന്നുംപുറത്തച്ചൻ കോർപ്പറേറ്റ് മാനേജരായിരുന്നപ്പോൾ ഒരു വ്യക്തിയുടെ കൈയ്യിൽനിന്നും പ്രധാന റോഡിൽ നിന്ന് വഴി വാങ്ങുകയുണ്ടായി.

റവ. സി. ആനി റിട്ടയർ ചെയ്തതിനുശേഷം ശ്രീമതി സില്ല ഇട്ടൂപ്പ് കെ. യും, 02-05-2018 മുതൽ ശ്രീമതി കെ.പി. മോഹിനിയും ഹെഡ്മിസ്ട്രസ്സായി ചുമതല വഹിച്ചു. ശ്രീമതി മോഹിനി ടീച്ചറുടെ കാലഘട്ടത്തിൽ സ്കൂൾ ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെട്ടു. 2009 ൽ സ്കൂളിന്റെ രജതജൂബിലി ആഘോഷങ്ങളുടെ സമാപനം നടന്നു. മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ എബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം ഒറ്റപ്പാലം എം.പി. എസ്. അജയകുമാർ ഉദ്ഘാടനം ചെയ്തു. നവീകരിച്ച ലൈബ്രറിയുടെ ഉദ്ഘാടനം ബാബു എം. പാലിശ്ശേരി (കുന്ദംകുളം എം.എൽ.എ.) നിർവഹിച്ചു. ജൂബിലി സ്മരണിക കഥാകൃത്ത് വൈശാഖൻ പ്രകാശനം ചെയ്തു. 2011 ൽ ശ്രീമതി ലില്ലി കെ.ഐ., 2015 ൽ ജിജി വർഗീസ് സി., 2019 ൽ മേഴ്സി സി.ആർ. എന്നിവർ ചുമതലയേറ്റു. ശ്രീമതി മേഴ്സി സി.ആർ. ഇപ്പോഴും സ്കൂളിന്റെ പ്രധാന അദ്ധ്യാപികയായി തുടരുന്നു. ഇപ്പോൾ നേഴ്സറി മുതൽ 10 വരെ 938 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. 39 അദ്ധ്യാപകരും 4 അനദ്ധ്യാപകരും ജോലി ചെയ്യുന്നു. ചാവക്കാട് വിദ്യാഭ്യാസജില്ല

www.malankaralibrary.com



യിലെ മികച്ച വിദ്യാലയമാണിത്. 2016 ൽ എസ്.എസ്.എൽ.സി.യ്ക്ക് 98% വിജയവും, 2018 ലും 2021 ലും 100% വിജയവും കൈവരിച്ചു. കലാകായിക മത്സരങ്ങളിലെല്ലാം വിദ്യാർത്ഥികൾ നല്ല നിലവാരം പുലർത്തുന്നു. ചായൽ തിരുമേനിയുടെ സ്കൂളായി അറിയപ്പെടുന്ന മങ്ങാട് സ്കൂൾ മൂവാറ്റുപുഴ ഭദ്രാസനത്തിലെ കുന്ദംകുളം മേഖല യുടെ ഒരു പൊൻതൂവലാണ്.

**ഹയർ സെക്കണ്ടറി ആരംഭം**

ഭാഗ്യസ്മരണാർഹനായ മാർ പീലക്സിനോസ് തിരുമേനി യുടെ ആഗ്രഹവും മങ്ങാട് നിവാസികളുടെ സ്വപ്നവുമായിരുന്നു ഒരു ഹയർ സെക്കണ്ടറി സ്കൂൾ. 2010 ൽ പോർക്കുളം പഞ്ചായ ത്തിലെ ഏക ഹൈസ്കൂളായ മങ്ങാട് സ്കൂൾ, ഹയർ സെക്ക ണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു. ഹൈസ്കൂൾ വിഭാഗത്തിന്റെ രണ്ടു റൂമുകളിലായാണ് ആദ്യം അദ്ധ്യയനം ആരംഭിച്ചത്. രണ്ട് ഗ്രൂപ്പുകളിലായി 50 വീതം കുട്ടികളുള്ള സയൻസ്, ഹ്യുമാനിറ്റീസ് വിഷയങ്ങളാണ് ലഭിച്ചത്. ഇതിന്റെ പ്രിൻസിപ്പൽ ചുമതല ആദ്യ മായി വഹിച്ചത് അന്നത്തെ എച്ച്.എം. ആയിരുന്ന ശ്രീമതി കെ.പി. മോഹിനിയായിരുന്നു. തുടർന്ന് ഹയർ സെക്കണ്ടറി വിഭാഗത്തിലെ സീനിയർ അദ്ധ്യാപികയായ ശ്രീമതി എ.എൻ. കൃഷ്ണകുമാരിയെ പ്രിൻസിപ്പൽ ഇൻ ചാർജ്ജായി മാനേജർ നിയമിച്ചു. 2013 ജനു വരിയിൽ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഹയർ സെക്കണ്ടറി വിഭാഗം പുതിയ കെട്ടിടം പൗലോസ് മാർ പീലക്സി നോസ് മെമ്മോറിയൽ ബ്ലോക്ക് എന്ന് പേരിട്ട് ഉദ്ഘാടനം നിർവ ഹിച്ചു. 2016 ൽ പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ആയിരുന്ന ശ്രീമതി എ.എൻ. കൃഷ്ണകുമാരി വിരമിക്കുകയും തുടർന്ന് മേരി ലെറ്റി കെ. പുത്തൂർ പ്രിൻസിപ്പൽ ഇൻ ചാർജ്ജായി ചുമതലയേറ്റു. 2017 ൽ ശ്രീമതി അർച്ചന റോസ്, 2018 ൽ ഡോ. സജു വർഗീസ് എന്നിവർ പ്രിൻസിപ്പൽ ഇൻ ചാർജ്ജായി ചുമതലയേറ്റെടുത്തു. കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയിലും പാഠ്യേതരപ്രവർത്തനങ്ങളിലും എൻ.എസ്.എസ്., സ്കൗട്ട് തുടങ്ങിയ പ്രവർത്തനങ്ങളിലും ഏറെ മുൻപന്തിയിലാണ് സ്കൂൾ. 2021 ൽ സയൻസ് ബാച്ചിൽ 100% വിജ യവും ഹ്യുമാനിറ്റീസിന് 93% വിജയവും നേടി. ഹയർ സെക്കണ്ടറി വിഭാഗത്തിൽ 210 വിദ്യാർത്ഥികൾ ഇപ്പോൾ പഠനം നടത്തുന്നു.

ഇതിനെല്ലാം കാരണക്കാരനായ ആ വന്ദ്യ ശ്രേഷ്ഠാചാര്യന്റെ പാവനസ്മരണക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

www.malankaralibrary.com

# വിനയാന്വിതനായ തിരുമേനി


ഫാ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി.

ഒരു ദീപ്തമായ സ്മരണ നൽകുന്ന നിർവൃതിയിലാണ് ഞാനിത് എഴുതുന്നത്. ത്യാഗോജ്ജ്വലമായ ജീവിതത്തിലൂടെയും സ്നേഹം നിറഞ്ഞ സംഭാഷണത്തിലൂടെയും വിശുദ്ധിയുടെ പടവുകൾ കയറിയ ആചാര്യശ്രേഷ്ഠനാണ് അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് തിരുമേനി. ആദ്യമായി ഞാൻ അഭിവന്ദ്യ പിതാവിനെ കാണുന്നത് 1976–ൽ തിരുവനന്തപുരം അതിമെത്രാസന അരമനയിൽവച്ചാണ്. വൈദികരായ സന്ദർശകർക്ക് വിശ്രമിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിരുന്ന ഒരു മുറിയിൽ ഞാൻ കയറിച്ചെന്നു. അവിടെയുള്ള പല കിടക്കകളിൽ ഒന്നിൽ വിശ്രമിക്കുന്ന തിരുമേനിയെ കണ്ട് ഞാൻ അത്ഭുതപ്പെട്ടു. സാധാരണക്കാരിൽ സാധാരണക്കാരനെപ്പോലെ അതീവ വിനയാന്വിതനായി വിശ്രമിക്കുന്ന പിതാവിന്റെ ചിത്രം ആയിരം പൂർണചന്ദ്രന്മാരുടെ ശോഭയോടെ എന്റെ ഉള്ളിൽ ഇന്നും പച്ചപിടിച്ചു നില്ക്കുന്നു. അതീവ വിനീതനും വിശുദ്ധനുമായ ഒരു ദൈവപുരുഷനെ അദ്ദേഹത്തിൽ ദർശിക്കുവാൻ എനിക്ക് സാധിച്ചു. സ്വയം പരിചയപ്പെടുത്തുകയും ദീർഘനേരം സഭാകാര്യങ്ങൾ സംസാരിക്കുകയും ചെയ്തപ്പോൾ എനിക്ക് അദ്ദേഹത്തോടു തോന്നിയ ആദരവ് ഏറെയാണ്.

തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭയുടെ പരമാദ്ധ്യക്ഷനായിരുന്ന മാർ പീലക്സിനോസ് തിരുമേനി സഭാചരിത്രത്തിൽ വലിയ

www.malankaralibrary.com





അവഗാഹം ഉള്ള വ്യക്തിയായിരുന്നു. അതുകൊണ്ടുതന്നെ സത്യം അന്വേഷിക്കുകയും അതിൽ അടിയുറച്ച് വിശ്വസിക്കുകയും അതിനായി സ്വയം സമർപ്പിക്കുകയും ചെയ്തതിൽ അത്ഭുതപ്പെടേണ്ടതില്ലല്ലോ. തന്റെ പഠനത്തിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ ഒരു സഭയുടെ പരമാധികാരിയെന്ന പദവിയെക്കാൾ വലുത് ക്രിസ്തുവിന്റെ ജീവിക്കുന്ന മൗതികശരീരമാകുന്ന സാർവത്രിക സഭയിൽ എളിയവനായി ശുശ്രൂഷിക്കുന്നതാണ് ശ്രേഷ്ഠം എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ബോദ്ധ്യമായ സത്യം സ്വീകരിക്കുന്നതിന് എന്തു ത്യാഗവും ഏറ്റെടുക്കുവാൻ തയ്യാറാവുകയും ചെയ്തു. ആ തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനവും പദവിയും അധികാരവുമൊക്കെ വലിച്ചെറിഞ്ഞ് തന്നെത്തന്നെ പൂർണമായി സഭയിലൂടെ ക്രിസ്തുവിനു സമർപ്പിക്കാനുള്ള തീരുമാനത്തിലെത്തിച്ചു. അങ്ങനെ തിരുസഭയുമായി ഐക്യപ്പെടുന്നതിനുള്ള ഒരുക്കത്തിന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുമായി ചർച്ച നടത്തുവാനായിരുന്നു അദ്ദേഹം തിരുവനന്തപുരം അരമനയിലെത്തിയത്. വ്യവസ്ഥാരഹിതമായ സമ്പൂർണ സമർപ്പണത്തിനാണ് അദ്ദേഹം ഒരുങ്ങിയത്. ഏതാനും മാസങ്ങളിലെ പ്രാർത്ഥനാപൂർവമായ ഒരുക്കത്തിനുശേഷം വന്ദ്യ പിതാവ് തിരുസഭയുടെ അംഗമായിതീർന്നു. രൂപതാഭരണമോ മറ്റേതെങ്കിലും പദവിയോ പ്രതീക്ഷിച്ചല്ല, മറിച്ച് മനഃസമാധാനവും ആത്മസംതൃപ്തിയുമാണ് അദ്ദേഹം ആഗ്രഹിച്ചത്. ലോകത്തിലെ ഒരു പദവിക്കും നല്കാനാവാത്ത ആദ്ധ്യാത്മിക ചൈതന്യം സ്വന്തമാക്കിയ വന്ദ്യ പിതാവ് അപ്രകാരമുള്ള പദവികളിൽ തല്പരനല്ലായിരുന്നു എന്നതാണ് സത്യം.

www.malankaralibrary.com



പുനരൈക്യപ്പെട്ടതിനുശേഷം അനവധി അവസരങ്ങളിൽ അഭിവന്ദ്യ പിതാവിനോട് വളരെ അടുത്ത് ബന്ധപ്പെടുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഓരോ അവസരത്തിലും അദ്ദേഹത്തോടുള്ള ആദരവും സ്നേഹവും എന്നിൽ വർദ്ധിച്ചുവന്നു. പരിശുദ്ധ അമ്മയെപ്പോലെ, ''ഇതാ ഞാൻ കർത്താവിന്റെ ദാസി'' (ലൂക്ക 1:38) എന്ന മനോഭാവത്തിന്റെ ആൾരൂപമായിട്ടാണ് അഭിവന്ദ്യ പിതാവിനെ ദർശിക്കുവാൻ എനിക്കു കഴിഞ്ഞത്. ആർച്ചുബിഷപ്പിനോടും മറ്റു മെത്രാന്മാരോടുമുള്ള പെരുമാറ്റത്തിൽ തിരുസഭയോടുള്ള അദ്ദേഹത്തിന്റെ വിധേയത്വവും അർപ്പണബോധവും പ്രകടമായിരുന്നു.

വന്ദ്യ തിരുമേനി തൊഴിയൂർ സഭയിലായിരുന്നപ്പോൾ, അവിടുത്തെ അരമനയുടെ കൂദാശയും ഉദ്ഘാടനവും നടന്നപ്പോഴും അദ്ദേഹത്തിന്റെ പ്രിയ മാതാവിന്റെ മരണം, മരണാനന്തര ചടങ്ങുകൾ എന്നീ സന്ദർഭങ്ങളിലും ഞാൻ തൊഴിയൂരിൽ സന്നിഹിതനായിരുന്നു. കൂടാതെ അഭിവന്ദ്യ പിതാവിന്റെ ഉടമസ്ഥതയിലുള്ള ഹൈസ്കൂളിന്റെ അംഗീകാരത്തിനുവേണ്ടിയുള്ള പരിശ്രമത്തിൽ അദ്ദേഹത്തിനുവേണ്ടി പല പ്രാവശ്യം തിരുവനന്തപുരത്തെ മന്ത്രിമന്ദിരങ്ങളിൽ പോയിട്ടുണ്ട്. അദ്ദേഹം തിരുവനന്തപുരത്ത് ഈവക ആവശ്യങ്ങൾക്കെത്തിയാൽ എന്നെ അദ്ദേഹത്തിന്റെതന്നെ കാറിലാണ് ഓരോ സ്ഥലങ്ങളിലേക്കും അയച്ചിരുന്നത്. ഇതെനിക്ക് വളരെ പ്രയാസത്തിന് കാരണമായിരുന്നെങ്കിലും പിതാവിന്റെ സ്നേഹനിർഭരമായ നിർബന്ധത്തിന് ഞാൻ വിധേയനാകുകയായിരുന്നു. ഇപ്രകാരം ഏറ്റവും ചെറിയ കാര്യങ്ങളിൽപോലും മറ്റുള്ളവരെ, കരുതാനുള്ള വലിയ ഗുണം അഭിവന്ദ്യ പിതാവിനുണ്ടായിരുന്നു.

**ഉദാത്ത മാതൃക**

ഞാൻ ബോംബെ ആശ്രമത്തിലായിരുന്നപ്പോൾ അഭിവന്ദ്യ പിതാവ് യാത്രയ്ക്കിടയിൽ പലപ്പോഴും അവിടെ വന്നിരുന്നു. പരിമിതമായ സ്ഥലസൗകര്യങ്ങൾ മാത്രമുണ്ടായിരുന്ന ആശ്രമത്തിൽ ഒരു മെത്രാപ്പോലീത്തായ്ക്ക് താമസിക്കുവാൻ തക്ക സജ്ജീകരണങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. അതിനാൽതന്നെ സ്വാഭാവികമായി മറ്റു താമസ സൗകര്യങ്ങൾക്കായി ഞങ്ങൾ ശ്രമിച്ചിരുന്നെങ്കിലും അഭിവന്ദ്യ പിതാവ് അതിനു സമ്മതിച്ചിരുന്നില്ല. ആശ്രമത്തിലുള്ളവരോടൊപ്പം ഒരേ മുറിയിൽ താമസിക്കുന്നതിനാണ് അഭിവന്ദ്യ പിതാവ് ഇഷ്ടപ്പെട്ടത്. ഇപ്രകാരം ഏത് സാഹചര്യത്തോടും പൊരുത്തപ്പെടു

www.malankaralibrary.com



ന്നതിനും എളിയ സൗകര്യങ്ങളിൽ തൃപ്തിപ്പെടുന്നതിനും വന്ദ്യ പിതാവ് കാട്ടിയ മാതൃക എത്ര ഉദാത്തമായിരുന്നു!

രോഗികളോടും പ്രയാസമനുഭവിക്കുന്നവരോടും വന്ദ്യ പിതാവ് കാണിച്ചിരുന്ന കരുതലും ആർദ്രതയും ക്രിസ്തുമനോഭാവം വെളിപ്പെടുത്തുന്നതായിരുന്നു. രോഗികളെ സന്ദർശിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അദ്ദേഹം വളരെയേറെ സമയം ചെലവഴിച്ചിരുന്നു. ക്ലേശിതരെ സന്ദർശിക്കുമ്പോൾ പലപ്പോഴും ആർദ്രചിത്തനാകുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഈ ജനത്തോട് എനിക്ക് അനുകമ്പ തോന്നുന്നു (ലൂക്ക 8:2) എന്ന് വിശക്കുന്നവരെക്കുറിച്ച് ദിവ്യനാഥൻ പറഞ്ഞത് അന്വർത്ഥമാക്കുന്നതായിരുന്നു വന്ദ്യ പിതാവിന്റെ ജീവിതം. വന്ദ്യ ഗ്രീഗോറിയോസ് പിതാവ് രോഗശയ്യയിലായിരുന്നപ്പോൾ കിടക്കയ്ക്കരികിലിരുന്ന് ചുടുകണ്ണീർ ഒഴുക്കുന്ന വന്ദ്യ പീലക്സിനോസ് തിരുമേനി എന്റെ മനസ്സിൽ മായാതെ നില്ക്കുന്ന മറ്റൊരു ചിത്രമാണ്. മറ്റുള്ളവരുടെ വേദനയും സഹനവും സ്വയം ഏറ്റെടുക്കുന്ന കരുണാലുവായിരുന്നു വന്ദ്യ പിതാവ്.

ആദ്ധ്യാത്മികതയുടെ അടിസ്ഥാന ശിലയായ വിനയം സ്വാംശീകരിച്ച ആത്മീയ ഗുരുവായിരുന്നു വന്ദ്യ പിതാവ്. എല്ലാ സുകൃതങ്ങളുടെയും മകുടമായ സ്നേഹം തന്നെയായിരുന്നു പിതാവിനെ ഭരിച്ചിരുന്നതും. മറ്റുള്ളവരുടെ ആവശ്യങ്ങളറിഞ്ഞ് സഹായിക്കുന്ന മനോഭാവം പുലർത്തിയിരുന്നതിനാൽ അദ്ദേഹത്തെ സമീപിക്കുന്നവർ ഒരിക്കലും നിരാശരായി മടങ്ങിയിട്ടില്ല.

വിനീതനായ, സ്നേഹനിധിയായ തിരുമേനിയുടെ പ്രാർത്ഥന അനേകർക്ക് ആശ്വാസമായിട്ടുണ്ട്. തിരുമേനിയുമൊത്ത് യാത്ര ചെയ്യുമ്പോൾ രോഗികളും പ്രാർത്ഥന ആവശ്യപ്പെട്ടവരുമായ പലരുടെയും ഭവനങ്ങളിൽ ഹ്രസ്വ സന്ദർശനം നടത്തി പ്രാർത്ഥിച്ച് ആ വീട്ടുകാർക്ക് ആശ്വാസവും സമാധാനവും നല്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. സക്കേവൂസിന്റെ ഭവനത്തിൽ പ്രവേശിച്ച് അവിടുത്തെ സാന്നിധ്യംവഴി സക്കേവൂസിന് മാനസാന്തരം സൃഷ്ടിച്ച കർത്താവിന്റേതുപോലുള്ളതായിരുന്നു വന്ദ്യ പിതാവിന്റെ ഓരോ സന്ദർശനവും. സന്ദർശനം കഴിഞ്ഞ് പടിയിറങ്ങുമ്പോൾ ഭവനവാസികളുടെ സംതൃപ്തിയും സന്തോഷവും അവരുടെ മുഖങ്ങളിൽ പ്രകടമായിരുന്നു, ഒരു ദൈവപുരുഷന്റെ സന്ദർശനം ലഭ്യമായതുപോലെ.

www.malankaralibrary.com



## എളിമയുടെ തൂവൽ സ്പർശം

രോഗാവസ്ഥയിലായിരുന്ന പിതാവിനെ ആശുപ്രതിയിൽ പോയി ഞാൻ സന്ദർശിക്കാറുണ്ടായിരുന്നു. വളരെ ഏറെ അസ്വാസ്ഥ്യമുള്ള പല അവസരങ്ങളിലും അദ്ദേഹത്തോടൊപ്പം സമയം ചിലവഴിച്ചിട്ടുണ്ട്. യാതൊരു പരാതിയുമില്ലാതെ ആരെയും കുറ്റപ്പെടുത്താതെ സംതൃപ്ത മനസ്സോടെ ദൈവതിരുഹിതത്തിന് വിധേയപ്പെട്ട് സർവവും ഉൾക്കൊള്ളാനും അനുഭവിക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. കണ്ടു നില്ക്കുന്നവർക്ക് വിഷമം തോന്നുന്ന വിധത്തിൽ രോഗം അലട്ടുമ്പോഴും ശ്വാസതടസ്സം ഉണ്ടാകുമ്പോൾ പോലും പിതാവ് സന്തോഷത്തോടെ കുരിശിൽ വേദന സഹിക്കുന്ന ക്രിസ്തുനാഥന്റെ പീഡകളോട് ചേർത്തു കാഴ്ചവെയ്ക്കുന്നതായി അനുഭവപ്പെട്ടിരുന്നു. പീഡിതനായ ക്രിസ്തുനാഥനോട് ചേർന്നു നില്ക്കുന്ന പീലക്സിനോസ് പിതാവിനെയാണ് രോഗശയ്യയിൽ കണ്ടിരുന്നത്. ദൈവാനുഭവമുള്ള ഒരു വ്യക്തിക്കുമാത്രം അനുഭവിക്കാൻ സാധിക്കുന്ന സന്തോഷവും സമാധാനവും അദ്ദേഹത്തിന്റെ മുഖത്ത് എല്ലായ്പ്പോഴും പ്രകടമായിരുന്നു. ലളിത ജീവിതത്തിന്റെയും എളിമയുടെയും തൂവൽ സ്പർശമായിരുന്ന പിതാവ് തന്റെ മരണസമയത്തും ആ ദിവ്യത്വം പ്രകടിപ്പിച്ചു.

ഒരു മെത്രാപ്പോലീത്തായ്ക്കു ലഭ്യമാകാവുന്ന സുഖസൗകര്യങ്ങളോ സ്ഥാനമാനങ്ങളോ സൗകര്യങ്ങളോ അദ്ദേഹം തേടിയിരുന്നില്ല. മറ്റുള്ളവർ അദ്ദേഹത്തോട് ആ വിധത്തിൽ പെരുമാറുന്നതുപോലും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ദൈവത്തെ സേവിക്കുക ഉത്തമം, ദൈവസമ്പാദനം അത്യുത്തമം എന്ന മാർ ഈവാനിയോസ് പിതാവിന്റെ സൂക്തം അനുഭവത്തിൽ കൊണ്ടുവന്ന ഒരു സന്യാസശ്രേഷ്ഠനായിരുന്നു വന്ദ്യപിതാവ് എന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ സാധിക്കും. ചെറുതെങ്കിലും ഒരു സഭയുടെ പരമാധികാരിയായി വിരാജിക്കുകയായിരുന്ന പിതാവ്, ആ അധികാരങ്ങളും പദവിയും ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി ഉപേക്ഷിക്കുവാൻ തയ്യാറായി. വി. പൗലോസ്ശ്ലീഹാ ഫിലിപ്പിയർക്കെഴുതിയ ലേഖനം രണ്ടാം അദ്ധ്യായത്തിൽ സ്വയം ശൂന്യവത്കരിക്കുന്ന ക്രിസ്തുവിനെക്കുറിച്ച് പറയുന്ന വാക്കുകളാണ് ഈ അവസരത്തിൽ ഞാൻ സ്മരിക്കുക: യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടായിരിക്കട്ടെ. ദൈവത്തിന്റെ രൂപത്തിലായിരുന്നെ

www.malankaralibrary.com



ങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണംവരെ അതേ കുരിശുമരണംവരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു (ഫിലിപ്പി. 2:5-10).

ഒരു മഞ്ഞുപാളിയുടെ നൈർമ്മല്യത്തോടെ, മന്ദമായി ഒഴുകുന്ന പുഴയുടെ പ്രശാന്തതയോടെ കടന്നുപോയ ആ വന്ദ്യ താതൻ മലങ്കരസഭയുടെ ആത്മീയവിളക്കായി എന്നും ശോഭിക്കും. ഒരു വ്യക്തിയുടെ ആദ്ധ്യാത്മികതയുടെ ആഴം നിർണ്ണയിക്കുന്ന അളവുകോൽ വിനയവും സ്നേഹവുമാണെങ്കിൽ, അഭിവന്ദ്യ പീലക്സിനോസ് പിതാവ് ആ ആത്മീയതയുടെ ഉടമയാണ്. ഏറെ അസ്വസ്ഥതകളുള്ളപ്പോഴും തന്റെ വേദനകൾ ക്രൂശിതനോടു ചേർന്നു സഹിക്കുവാനും ഭാഗ്യകരമായ അന്ത്യം പ്രാപിക്കുവാനും അദ്ദേഹത്തിന് കൃപ ലഭിച്ചത് ആ വലിയ ആത്മീയതയിലൂടെയാണ്. പുനരൈക്യ പ്രസ്ഥാനത്തിൽ അംഗമായി തീരുന്നതിനുവേണ്ടി ഇത്രമേൽ ത്യാഗം സഹിക്കുകയും നിരന്തരം ദൈവൈക്യത്തിൽ ജീവിച്ച് സഭയുടെ വളർച്ചയ്ക്കായി ശുശ്രൂഷിക്കുകയും ചെയ്ത വന്ദ്യ പിതാവ് സ്വർഗത്തിൽ ഈ സഭയുടെ ശക്തനായ മദ്ധ്യസ്ഥനായിരിക്കും. ആ വന്ദ്യ പിതാവിന്റെ മാതൃകയും മദ്ധ്യസ്ഥതയും മലങ്കര സഭാമക്കൾക്ക് ഉത്തേജനവും ചൈതന്യവും നല്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# എന്റെ സ്നേഹ സ്മരണകൾ

ഫാ. മാത്യു ചെരിപുറത്ത്

അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയെ സംബന്ധിച്ച് എന്റെ മനസ്സിൽ നിറഞ്ഞു നില്ക്കുന്ന മധുര സ്മരണകൾ പ്രിയപ്പെട്ട വായനക്കാരുമായി പങ്കുവയ്ക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. അഭിവന്ദ്യ പിതാവ് എന്നോട് കാണിച്ചിട്ടുള്ള സ്നേഹാദരവുകൾ എന്റെ ഓർമ്മയിൽ ഇപ്പോഴും മായാതെ നില്ക്കുകയാണ്. ഞാൻ വികാരിയായിരുന്ന പല പള്ളികളിലും എന്റെ ക്ഷണം സ്വീകരിച്ച് അദ്ദേഹം എഴുന്നള്ളി വരികയും ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നല്കുകയും ചെയ്തിട്ടുണ്ട്. മഴുവന്നൂർ ഇടവകയിലും എറണാകുളം ഇടവകയിലും അനേകം തവണ അദ്ദേഹം വന്നിട്ടുണ്ട്. എന്റെ സ്വന്തം ഇടവകയായ മഴുവന്നൂർ പള്ളിയിൽ അദ്ദേഹം പല പെരുന്നാൾ ദിവസങ്ങളിലും വന്ന് വി.കുർബാന അർപ്പിക്കുകയും, കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തിന് നേതൃത്വം നല്കുകയും ചെയ്തിരുന്നു. തിരുമേനി എന്റെ വീട്ടിൽ പല തവണ വന്ന് ഭക്ഷണം കഴിച്ച് വിശ്രമിച്ച് പോയിട്ടുണ്ട്. എന്റെ ഇടവക പ്രവർത്തനങ്ങളെപ്പറ്റി അദ്ദേഹം പലപ്പോഴും പുകഴ്ത്തിപ്പറഞ്ഞിട്ടുള്ളതും ഞാൻ ഓർക്കുന്നു. മഴുവന്നൂരിൽ പണി കഴിപ്പിച്ച കുരിശുപള്ളിയുടെ കൂദാശ നിർവഹിച്ചതും അദ്ദേഹമായിരുന്നു. എറണാകുളത്ത് പള്ളി പണിയിക്കാനും കേസ് നടത്താനും എനിക്കുണ്ടായ കഷ്ടപ്പാടുകളെക്കുറിച്ചും പാലക്കാട് ജില്ലയിലെ കരിമ്പ, ഇരുമ്പാമുട്ടി, കോങ്ങാട്,

www.malankaralibrary.com





*മഴുവന്നൂർ ഇടവകയിലെ ആദ്യകുർബാന സ്വീകരണത്തിൽനിന്ന്*

മുവാറ്റുപുഴയ്ക്കടുത്തുള്ള എന്റെ ഇടവകയായ മഴുവന്നൂർ പള്ളി മുതലായവ സ്ഥാപിക്കുന്നതിന് ഞാൻ നിർവ്വഹിച്ച ത്യാഗങ്ങളെക്കുറിച്ചും അദ്ദേഹം പല പ്രാവശ്യം പ്രസംഗങ്ങളിൽ സൂചിപ്പിച്ചത് ഞാൻ അഭിമാനപൂർവം അനുസ്മരിക്കുന്നു.

ഏതാണ്ട് പത്തു വർഷക്കാലം തൊഴിയൂർസഭയുടെ മെത്രാപ്പോലീത്തായായി സേവനമനുഷ്ഠിച്ച അദ്ദേഹം, 1977 ഓഗസ്റ്റ് മാസം 28-ാം തീയതിയാണല്ലോ കത്തോലിക്കാസഭയിൽ ചേരുന്നത്. സഭാചരിത്രപഠനവും തൊഴിയൂർസഭയുടെ ദൗർബല്യസ്ഥിതിയുമാണ് കത്തോലിക്കാസഭയുമായി ചേരാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. പുനരൈക്യത്തിന് അന്തിമതീരുമാനം എടുക്കുന്നതിനുമുമ്പ് എക്യുമെനിസത്തിന്റെ ആശയങ്ങൾ വിശദീകരിച്ചുകൊണ്ട് കത്തോലിക്കാസഭയുമായി യോജിക്കുന്നതിനെക്കുറിച്ച് സഭാംഗങ്ങൾക്ക് ഒരു ഇടയലേഖനം അയച്ചു. ആ ഇടയലേഖനം അധികമാരും അംഗീകരിച്ചില്ലയെന്നത് വാസ്തവമാണ്. സ്വന്തം വീട്ടുകാരും കുറെ സുഹൃത്തുക്കളും മാത്രമേ അദ്ദേഹത്തോടൊപ്പം പുനരൈക്യപ്പെട്ടുള്ളൂ. ഒരു സ്വതന്ത്ര സുറിയാനി സഭയായിത്തന്നെ നില്ക്കാനാണ്

www.malankaralibrary.com



അധികംപേരും താത്പര്യപ്പെട്ടത്. അഞ്ഞൂരിൽ ഈ സ്വതന്ത്ര സുറിയാനിസഭ സ്ഥാപിതമായ ആദ്യ കാലങ്ങളിൽ യാക്കോബായസഭയുമായും പിന്നീട് മലങ്കര മാർത്തോമാസഭയുമായും സൗഹാർദ്ദത്തിലും സഹകരണത്തിലുമാണ് കഴിഞ്ഞുപോന്നത്.

1977-ൽ പുനരൈക്യപ്പെട്ട മാർ പീലക്സിനോസ്, പിന്നീട് 21 വർഷക്കാലം മെത്രാപ്പോലീത്തായെന്ന പദവിയിൽ തിരുവനന്തപുരം, തിരുവല്ല അതിരൂപതകളിൽ ആത്മീയ പ്രവർത്തനങ്ങൾ നടത്തി. എന്നാൽ, ഔദ്യോഗിക പദവികളൊന്നും അദ്ദേഹത്തിന് നല്കപ്പെടുകയോ അദ്ദേഹം അവ സ്വീകരിക്കുകയോ ചെയ്തില്ല. ആദ്യം കുറെക്കാലം തിരുവനന്തപുരം അതിരൂപതയുടെ എപ്പിസ്കോപ്പൽ വികാരിയെന്ന സ്ഥാനം അലങ്കരിച്ചിരുന്നു. അതോടൊപ്പം ചായൽ രൂപതയുടെ സ്ഥാനിക മെത്രാൻ എന്ന പദവിയും നല്കപ്പെട്ടു. പിന്നീട് അഞ്ഞൂരിൽ ഒരു ചെറിയ അരമന പണിത് അവിടെ താമസം തുടങ്ങി, തിരുവല്ലാ അതിരൂപതയിലെ എല്ലാക്കാര്യങ്ങളിലും സഹകരിച്ചുപോന്നു. ഏതാണ്ട് പത്തു വീട്ടുകാരുള്ള ഒരു ചെറിയ ഇടവകയാണ് ഇന്ന് അഞ്ഞൂർ ഇടവക. അവിടെ അടുത്തുതന്നെ കല്ലുംപുറം എന്ന സ്ഥലത്ത് ഇരുപതോളം വീട്ടുകാരുള്ള ഒരു ഇടവകപള്ളി കൂടിയുണ്ട്. ഈ രണ്ടു പള്ളികളിലും തൊഴിയൂർസഭയിൽനിന്ന് പുനരൈക്യപ്പെട്ടവരാണുള്ളത്. മങ്ങാട് എന്ന സ്ഥലത്ത് ഒരു ഹൈസ്കൂൾ തുടങ്ങി അതിന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്ന അദ്ദേഹം, വിദ്യാഭ്യാസ മേഖലയിൽ കാഴ്ചവെച്ച സേവനങ്ങളിലൂടെ നാട്ടുകാർ അദ്ദേഹത്തെ സ്നേഹപൂർവ്വം ആദരിക്കുന്നു. ഇന്ന് ആ ഹൈസ്കൂളും മേല്പറഞ്ഞ രണ്ട് ഇടവകകളും മുവാറ്റുപുഴ രൂപതയുടെ കീഴിലാണ്.

www.malankaralibrary.com

# അന്ത്യോക്യൻ ആരാധനക്രമവും മാർ പീലക്സിനോസ് തിരുമേനിയും

ഫാദർ മാത്യു കളരിക്കാലായിൽ

വിശ്വാസത്തിന്റെയും വിനയത്തിന്റെയും മാതൃകയും അന്ത്യോക്യൻ ആരാധനക്രമത്തിലും അതിന്റെ ദൈവശാസ്ത്രത്തിലും അവഗാഹവും ഉണ്ടായിരുന്ന മഹത് വ്യക്തിയുമായ അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയെ മലങ്കരസഭയ്ക്ക് മറക്കാൻ കഴിയുകയില്ല. ധന്യമായ പ്രാർത്ഥനാജീവിതത്തിലൂടെ മനുഷ്യസഹോദര്യത്തിന്റെയും ദൈവിക അനുഭവത്തിന്റെയും ഉത്തമ മാതൃകയാണ് അദ്ദേഹം കാണിച്ചുതന്നത്.

വിദ്യകൊണ്ട് പ്രബുദ്ധനും, കർമ്മംകൊണ്ട് കരുത്തനും, ആത്മജ്ഞാനംകൊണ്ട് യോഗീന്ദ്രനുമായിരുന്ന മാർ പീലക്സിനോസ് തിരുമേനി അദ്ധ്വാനം ആരാധനയായി മാറ്റിയ ആചാര്യശ്രേഷ്ഠനായിരുന്നു. ആഴത്തിലുള്ള ദൈവസ്നേഹവും മനുഷ്യസ്നേഹവും സഭാസ്നേഹവും സമഞ്ജസമായി സമ്മേളിച്ച അതുല്യ വ്യക്തിത്വത്തിന് ഉടമയായിരുന്നു മാർ പീലക്സിനോസ് തിരുമേനി.

സുറിയാനിഭാഷയിലും അന്ത്യോക്യൻ ആരാധനക്രമത്തിലും അദ്ദേഹം ചെലുത്തിയ സ്വാധീനം സുറിയാനിസഭയ്ക്ക് വിസ്മരിക്കാനാവില്ല. അദ്ദേഹത്തിന്റെ ആരാധനയും വചനശുശ്രൂഷയും ദൈവാനുഭവം നിറഞ്ഞതായിരുന്നു എന്ന് അദ്ദേഹത്തിന്റെ ശുശ്രൂഷയിൽ പങ്കെടുത്തിട്ടുള്ളവർക്ക് അറിയാവുന്നതാണ്. ദൈവം അദ്ദേഹത്തിന് അനുവദിച്ചു കൊടുത്ത സമയം അതിന്റെ പൂർണതയിൽ ഉപ

www.malankaralibrary.com



യോഗിച്ചു. നല്കപ്പെട്ട സമയത്തിനുള്ളിൽ ഏല്പിക്കപ്പെട്ട ദൗത്യം ഉത്തരവാദിത്വത്തോടുകൂടി ചെയ്ത് സാക്ഷ്യം നല്കി കടന്നു പോയ വ്യക്തിയായിരുന്നു മാർ പീലക്സിനോസ് തിരുമേനി. ശാരീരികമായി വളരെയേറെ അസ്വസ്ഥതകളും പ്രയാസങ്ങളും ഉണ്ടായിരുന്നെങ്കിലും ലഭിച്ച സമയം മുഴുവൻ പ്രാർത്ഥനയ്ക്കും പഠനത്തിനുമായി അദ്ദേഹം മാറ്റിവച്ചു. മുറിയിലായിരുന്നാലും ആശുപത്രികിടക്കയിലായിരുന്നാലും എപ്പോഴും ജാഗ്രതയോടെ ആഴമായ പഠനത്തിൽ മുഴുകിയിരുന്ന അദ്ദേഹം, മലങ്കര അന്ത്യോക്യൻ ആരാധനക്രമത്തിനും അതിന്റെ ദൈവശാസ്ത്രത്തിനും ആദ്ധ്യാത്മികതയ്ക്കും വളരെയേറെ സംഭാവനകൾ നല്കി.



*സിറിൽ മാർ ബസേലിയോസിന്റെയും ഐസക് മാർ യൂഹാനോന്റെയും മെത്രാഭിഷേക ശുശ്രൂഷയിൽ ബനഡിക്ട് മാർ ഗ്രീഗോറിയോസിനോടൊപ്പം സഹകാർമ്മികത്വം വഹിക്കുന്നു.*

അദ്ധ്വാനം ആരാധനയായും ജീവിതം പ്രസംഗമായും മാറ്റിക്കൊണ്ട് മേല്പട്ടശുശ്രൂഷയ്ക്ക് അദ്ദേഹം പുതിയ രൂപവും ഭാവവും

www.malankaralibrary.com



നല്കി. സുറിയാനിഭാഷാ പ്രോത്സാഹനത്തിനായി വിവിധ സെമിനാരികളിൽ എൻഡോവുമെന്റുകൾ ഏർപ്പെടുത്തി. പണ്ഡിതനും വാഗ്മിയും ആയ തിരുമേനി തന്റെ വലിയ ഗ്രന്ഥശേഖരം വിവിധ സെമിനാരികൾക്കായി സമ്മാനിച്ചു. മലങ്കരസഭയിൽ പ്രത്യേകിച്ച് തിരുവല്ലാ അതിരൂപതയിൽ അദ്ദേഹത്തിന്റെ ശ്രേഷ്ഠാചാര്യ ശുശ്രൂഷ ധാരാളം ലഭിച്ചു. തിരുവല്ലാ സെമിനാരി ചാപ്പലിൽ വിശുദ്ധ കുർബ്ബാനമദ്ധ്യേ അദ്ദേഹം നടത്തിയിരുന്ന ദൈവശാസ്ത്ര സമ്പന്നമായ, ദൈവാനുഭവം നിറഞ്ഞ വചനശുശ്രൂഷകൾ ഇന്നും എന്റെ മനസ്സിൽ പച്ചപിടിച്ചു നില്ക്കുന്നു. അദ്ദേഹത്തിന്റെ കൂടെ ശുശ്രൂഷയ്ക്ക് പോകുവാനും അദ്ദേഹം അനുഷ്ഠിച്ച കുർബ്ബാനകളിൽ ശുശ്രൂഷകനാകുവാനും ഇടയായത് എന്റെ ജീവിതത്തിൽ വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. മലങ്കര ആരാധനയുടെ പല ക്രമങ്ങളും പ്രത്യേകിച്ച് വിശുദ്ധ കുർബാനയുടെ അനുഷ്ഠാനങ്ങൾ പഠിക്കുവാനും മനസ്സിലാക്കുവാനും അതിലൂടെ എനിക്ക് സാധിച്ചു. പ്രസംഗത്തിന്റെ കലയിലല്ല പ്രത്യുത വാക്കുകളിലെ ആത്മാർത്ഥതയാണ് ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റുന്നത്. തിരഞ്ഞെടുത്ത വാക്കുകളിലൂടെ നിർത്തി നിർത്തി ശ്രോതാക്കളുടെ ഹൃദയത്തിലേക്ക് ചൂഴ്ന്നിറങ്ങുന്ന, ആദ്ധ്യാത്മികതയിൽനിന്ന് ഉയിർകൊള്ളുന്ന അദ്ദേഹത്തിന്റെ വചനശുശ്രൂഷ ഏവർക്കും ദൈവാനുഭവം പകർന്നു കൊടുക്കുന്നതായിരുന്നു. അദ്ദേഹം എല്ലാ ശുശ്രൂഷയിലും ആ ശുശ്രൂഷയുടെ അർത്ഥവും ദൈവശാസ്ത്രവും വളരെ വ്യക്തമായും സമഗ്രമായും വിശ്വാസികൾക്ക് വ്യാഖ്യാനിച്ചു കൊടുത്തിരുന്നു. അന്ത്യോക്യൻ ആരാധനക്രമത്തിൽ അഗാധ പാണ്ഡിത്യം ഉണ്ടായിരുന്ന തിരുമേനി ഏതൊരു ശുശ്രൂഷയിലും പ്രസംഗമദ്ധ്യേ ശുശ്രൂഷയുടെ ഗാനങ്ങൾ സുറിയാനിയിലും മലയാളത്തിലും ആലപിച്ച് അതിന്റെ അർത്ഥം വ്യാഖ്യാനിക്കുന്നതും വിശ്വാസികൾ അത് ശ്രദ്ധയോടെ കേട്ടു മനസിലാക്കിയിരുന്നതും സാധാരണമായിരുന്നു.

തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭയുടെ പരമാദ്ധ്യക്ഷനായിരുന്ന തിരുമേനി അധികാരത്തേക്കാളേറെ സത്യത്തിന് പ്രാധാന്യം നല്കി, ആഗോളസഭാ കൂട്ടായ്മയിൽ പ്രവേശിക്കുവാൻ കാണിച്ച ധൈര്യവും സന്മനസും ഏവരേയും ചിന്തിപ്പിക്കേണ്ടതാണ്. തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭയുടെ മെത്രാപ്പോലീത്തായായിരുന്ന അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുമായി ഒരിക്കൽ നടത്തിയ കൂടിക്കാഴ്ചയിൽ ഇപ്രകാരം പറഞ്ഞു. കത്തോലിക്കാ

www.malankaralibrary.com



സഭയുമായി പുനരൈക്യപ്പെടുന്നതിന് തൊഴിയൂർ അരമനയിൽ നിന്നിറങ്ങി പള്ളിയിൽ പ്രാർത്ഥിച്ചശേഷം മുറ്റത്തേക്ക് ഇറങ്ങിവന്നു. ഉദ്വേഗം നിറഞ്ഞ നിമിഷങ്ങൾ. പത്തു വർഷക്കാലം തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭയ്ക്ക് ചെയ്യാവുന്നതിലപ്പുറമായി നന്മകൾ ചെയ്തശേഷം പടിയിറങ്ങുന്ന ആ സന്ദർഭം വികാരനിർഭരമായിരുന്നു. തന്റെ കഴുത്തിൽക്കിടന്ന മാലയും വിരലിലണിഞ്ഞിരുന്ന മോതിരവും ഊരി സഭാ ഭാരവാഹികളെ ഏല്പിച്ചശേഷം നടന്നു നീങ്ങി. 'ആഴമായ പ്രാർത്ഥനയുടെയും പഠനത്തിന്റെയും വെളിച്ചത്തിൽ അദ്ദേഹം എടുത്ത തീരുമാനം. കത്തോലിക്കാസഭയിൽ നീണ്ട ഇരുപതിൽപരം വർഷങ്ങൾ യാതൊരു അധികാരങ്ങളുമില്ലാതെ പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിച്ചു. ശാരീരികമായ അസ്വസ്ഥതകളിലും അസഹ്യമായ വേദനയിലും ജീവിതത്തിലെ കയ്പേറിയ സാഹചര്യങ്ങളിലും ക്ഷമ വിട്ടുകളയാതെ എല്ലാവരോടും സ്നേഹത്തോടും ഉദാത്തമായ വിനയത്തോടുംകൂടെ വ്യാപരിക്കുവാൻ തിരുമേനിക്കു കഴിഞ്ഞു. പരാതിയോ പരിഭവമോ ഇല്ലാതെ പ്രശസ്തിയും സ്ഥാനവും ആഗ്രഹിക്കാതെ മറ്റുള്ളവർക്ക് നന്മമാത്രം ചെയ്ത് സാക്ഷ്യം നല്കി കടന്നുപോയ തിരുമേനി സ്ഥാനമാനങ്ങൾക്കും അധികാരങ്ങൾക്കുംവേണ്ടി അഹോരാത്രം പരക്കം പായുന്നവർക്ക് ഒരു ഗുണപാഠമാണ്.

ഒരു പ്രസംഗമദ്ധ്യേ അദ്ദേഹം ഉദ്ധരിച്ച ഒരു വാചകം എഴുതി അവസാനിപ്പിക്കട്ടെ. 'അനുകരണമില്ലാത്ത അനുസ്മരണവും അനുകരണത്തിലേക്ക് നയിക്കാത്ത അനുസ്മരണയും അർത്ഥശൂന്യമാണ്.' അഭിവന്ദ്യ തിരുമേനിയുടെ ജീവിതത്തിൽ പ്രകടമായി വിളങ്ങിയ ദൈവസ്നേഹവും മനുഷ്യസ്നേഹവും സഭാസ്നേഹവും ലാളിത്യവും വിനയവും അദ്ദേഹത്തെ അനുസ്മരിക്കുന്ന ഈ വേളയിൽ നമ്മുടെ ജീവിതത്തിലും അനുകരിക്കാം.

www.malankaralibrary.com

# അന്ത്യനാളുകൾ

മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ് മാർ സ്തേഫാനോസ്
(അമേരിക്ക – കാനഡ ഭദ്രാസനാദ്ധ്യക്ഷൻ)

പൗലോസ് മാർ പീലക്സിനോസ് എന്ന പാവനാത്മാവിന്റെ ഈ ലോകജീവിതത്തിലെ അന്ത്യനാളുകളും മരണവും കബറടക്കവും അനുസ്മരിക്കുന്നതും അവ ആലേഖനം ചെയ്യുന്നതും എത്ര അനുഗ്രഹകരമാണ്! ഈ ദിവ്യകർമ്മത്തിൽ പങ്കുചേരുവാനിടയാക്കിയ ദൈവനടത്തിപ്പിന് നന്ദി. അഭിവന്ദ്യ പീലക്സിനോസ് പിതാവ് കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ പ്രവേശിച്ച കാലം മുതൽ അദ്ദേഹത്തെ പരിചയം ഉണ്ട്. അത് വളരെ വിദൂരമായ അറിവിലും അനുഭവത്തിലുമായിരുന്നു. എന്നാൽ 1995-ൽ തിരുവല്ലാ പുഷ്പഗിരി ആശുപത്രിയിൽ ഞാൻ ഭരണച്ചുമതല ആരംഭിച്ച നാൾ മുതൽ വന്ദ്യ പിതാവിനെ കൂടുതൽ അടുത്തറിയുവാൻ അവസരം ലഭിച്ചു. കാരണം, അദ്ദേഹം ആ ആശുപത്രിയിലെ ഒരു വി.ഐ.പി. രോഗിയായിരുന്നു. ആയതിനാൽ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാനവർഷങ്ങളിൽ എനിക്കുണ്ടായ തികച്ചും വ്യക്തിഗതമായ അനുഭവത്തിൽനിന്ന് നിർഗളിക്കുന്ന സാക്ഷ്യമാണ് ഈ അനുസ്മരണാ വിവരണം.

## രോഗിയായ പിതാവ്

രോഗപീഡകൾ നിറഞ്ഞുനിന്നിരുന്ന ഒരു വന്ദ്യ പിതാവായിരുന്നു പീലക്സിനോസ് തിരുമേനി. ആസ്തമാ, റ്റി.ബി., പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങളാണ് അദ്ദേഹത്തെ നിര

www.malankaralibrary.com



ന്തരം അലട്ടിയിരുന്നത്. ബാല്യകാലം മുതൽ ശക്തമായ ആസ്തമാ അനുഭവപ്പെട്ടിരുന്നുവെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നുണ്ട്. അദ്ദേഹത്തിന്റെ കത്തോലിക്കാസഭാ പ്രവേശനത്തിനു ശേഷമുള്ള ചികിത്സകളെല്ലാം പ്രധാനമായും പുഷ്പഗിരി ആശുപത്രിയിലായിരുന്നു. അവസാന വർഷങ്ങളിൽ പരിശോധനയ്ക്കായും ചികിത്സയ്ക്കായും തുടർച്ചയായി അദ്ദേഹം ആശുപത്രി സന്ദർശിച്ചിരുന്നു. സന്ദർശന വിവരം വളരെ മുൻകൂട്ടിത്തന്നെ എന്നോട് നേരിട്ടോ, മേരിഗിരി അരമനയിൽ പ്രൊക്കുറേറ്ററായിരുന്ന ബഹുമാനപ്പെട്ട എബ്രഹാം കരിമ്പനാമണ്ണിലച്ചൻ വഴിയായോ അറിയിക്കുമായിരുന്നു. തന്മൂലം അദ്ദേഹത്തിനുവേണ്ടി കിടക്കമുറി ഒരുക്കുവാനും ബന്ധപ്പെട്ട ഡോക്ടേഴ്സിന്റെ സേവനങ്ങൾ ക്രമീകരിക്കുവാനും കൂടുതൽ എളുപ്പമായിരുന്നു. മെഡിക്കൽ വാർഡിലെ (എ. വാർഡ്) 17-ാം നമ്പർ എയർകണ്ടീഷൻഡ് മുറി പിതാവിനുവേണ്ടി മാറ്റിയിട്ടിരുന്നു. അത്ര അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമേ ആ മുറി മറ്റുള്ളവർക്ക് നല്കിയിരുന്നുള്ളു. സീനിയർ ഫിസിഷ്യൻ ആയിരുന്ന ഡോ. ബഞ്ചമിന്റെ മേൽനോട്ടത്തിലായിരുന്നു ചികിത്സകൾ. പിതാവിന് ഡയബറ്റിക് ന്യൂറോപ്പതിയും ഉണ്ടായിരുന്നതിനാൽ പ്രധാന ന്യൂറോഫിസിഷ്യൻ ഡോ. സുബ്ബയ്യായും ഹൃദ്രോഗവിദഗ്ദ്ധൻ ഡോ. ജോർജ് കോശിയും പിതാവിനെ ചികിത്സിച്ചിരുന്നു. ഫിസിയോതെറാപ്പി വിഭാഗവും ബഹു. സിസ്റ്റർ ജോൺസീനായുടെ മേൽനോട്ടത്തിലുള്ള ഡയറ്ററി വിഭാഗവും പിതാവിനെ പ്രത്യേകം പരിചരിച്ചിരുന്നു.

### രോഗത്തെ അറിഞ്ഞ താപസ ശ്രേഷ്ഠൻ

തന്റെ രോഗങ്ങൾ എന്തെല്ലാമാണെന്നും അവയുടെ കാര്യകാരണങ്ങൾ എന്തെല്ലാം എന്നും പിതാവിന് നന്നായി അറിയാമായിരുന്നു. എല്ലാ ദിവസവും മുടക്കം കൂടാതെ എഴുതിയിരുന്ന തന്റെ ഡയറിയിൽ, ഓരോ ദിവസവും ഉണ്ടാകുന്ന അസ്വസ്ഥതകൾ, അവയെപ്പറ്റിയുള്ള നിരീക്ഷണങ്ങൾ, പരിശോധനാ റിപ്പോർട്ടുകൾ, കഴിക്കുന്ന മരുന്നിന്റെ പേരുവിവരം, ഡോസേജ് (അളവ്), അതിന്റെ ഫലങ്ങൾ, പാർശ്വഫലങ്ങൾ ഇവയെല്ലാം വ്യക്തമായും കൃത്യമായും തിരുമേനി രേഖപ്പെടുത്തിയിരുന്നു.

രോഗങ്ങളോടു ബന്ധപ്പെട്ട ജീവിതക്രമീകരണം, ഭക്ഷണം, വ്യായാമം തുടങ്ങിയ കാര്യങ്ങളെപ്പറ്റി അദ്ദേഹത്തിന് നല്ല അറിവു

www.malankaralibrary.com



ണ്ടായിരുന്നു. തന്റെ ആരോഗ്യത്തിനു ചേരാത്ത കാര്യങ്ങളെപ്പറ്റിയും നല്ല തിരിച്ചറിവുണ്ടായിരുന്ന അദ്ദേഹം അത്തരം നിർദ്ദേശങ്ങളെയും വിലക്കുകളെയും കർശനമായി പാലിച്ചിരുന്നു. ഇടയ്ക്കിടക്കുണ്ടാകുന്ന ആസ്തമാ രോഗത്തെ പ്രതിരോധിക്കുവാൻ ഇൻഹേലർ, നെബുലൈസർ, കൊണ്ടു നടക്കാവുന്ന ഓക്സിജൻ സിലണ്ടർ എന്നിവ കൈവശം കരുതിയിരുന്നു. അദ്ദേഹത്തിന്റെ ഡ്രൈവർ സണ്ണിയും ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തന്റെ യാത്രകളിലും ഇത്തരം സംവിധാനങ്ങൾ അദ്ദേഹം സജ്ജമാക്കിയിരുന്നു. താൻ അനുഭവിച്ച രോഗങ്ങളും വേദനകളും രക്ഷാകരമായ സഹനമാക്കിയ താപസനാണ് വന്ദ്യ പിതാവ്.

## സഹനബലി

വന്ദ്യ പിതാവിന്റെ ജീവിതം ഒരു സഹനബലിയായിരുന്നു. പുഷ്പഗിരി ആശുപത്രിയിൽ പിതാവിനെ സ്നേഹപൂർവം ശുശ്രൂഷിച്ചിരുന്ന നേഴ്സിംഗ് മേധാവികളായ സിസ്റ്റർ റീത്താ മേരി, സിസ്റ്റർ സേവന, സിസ്റ്റർ ലിസ്യു എന്നിവർ വന്ദ്യ പിതാവിന്റെ സഹനബലിയെപ്പറ്റി വിവരിക്കുന്നത് ശ്രദ്ധേയമാണ്. ബഹു. സിസ്റ്റർ സേവന വന്ദ്യ പിതാവിനെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തുന്നു: 'അങ്ങ് ലിസ്യൂവിലെ കർമ്മലീത്താ മഠത്തിനുള്ളിൽ ക്ഷയരോഗത്തിന്റെ പിടിയലമർന്ന് ഉണ്ണിയേശുവിന്റെ കളിപ്പന്തായിതീർന്ന വി. കൊച്ചുത്രേസ്യായും, ഇങ്ങ് ഭാരതാംബികയുടെ പ്രിയ സന്താനമായി മലയാളക്കരയിലെ ഭരണങ്ങാനത്തെ ക്ലാരമഠത്തിനുള്ളിൽ ക്ഷയരോഗത്തിന്റെ പിടിയലമർന്ന വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയും നമുക്ക് പരിചിതരാണ്. മലങ്കരയിൽ അഭിവന്ദ്യനായ മാർ പീലക്സിനോസ് തിരുമേനിയും തന്റെ ജീവിതമാകുന്ന ബലിവേദിയിലെ കാസായിൽ, ആസ്തമാ ബാധിതനായും അവസാനം ക്ഷയരോഗബാധിതനായും അലിഞ്ഞു ചേരുകയായിരുന്നു. രോഗാനുഭവത്തിൽ മാത്രമായിരുന്നില്ല സഹനബലി. സഭാജീവിതത്തിലും തനിക്ക് സഹനയാഗം അർപ്പിക്കേണ്ടിയിരുന്നു. തൊഴിയൂർസഭയിൽ തനിക്കുണ്ടായിരുന്ന എല്ലാവിധ സ്ഥാനമാനങ്ങളും സമ്പത്തും ഉപേക്ഷിച്ച് ഇറങ്ങിയതും കത്തോലിക്കാ ഐക്യത്തോടെ ആരംഭിച്ച പുത്തൻ ജീവിതയാത്രയുടെ അനുഭവങ്ങളും ഒരു സഹനബലിയായിരുന്നു. സഭാകൂട്ടായ്മയിൽ വന്നതിനുശേഷം വേണ്ട രീതിയിൽ നേതൃത്വ ശുശ്രൂഷാ

www.malankaralibrary.com



സാദ്ധ്യത ലഭ്യമാകാതിരുന്നതും അദ്ദേഹത്തിന്റെ സഹനബലിയുടെ ആഴം വർദ്ധിപ്പിച്ചു. തന്നെ, താനായിരുന്ന അവസ്ഥയിൽ മനസ്സിലാക്കാതിരിക്കുകയും ഒരുപക്ഷേ തെറ്റിദ്ധരിക്കപ്പെടുകയും ചെയ്ത അനുഭവങ്ങളുമെല്ലാം അദ്ദേഹത്തിന്റെ ജീവിത സഹനബലിയിലെ കാഴ്ചവസ്തുക്കളായിരുന്നു.

### ശാന്തനും നന്ദി നിറഞ്ഞവനുമായ രോഗീശ്രേഷ്ഠൻ

വന്ദ്യ പിതാവുമായി വളരെ അടുത്തിടപെട്ടുകൊണ്ടിരുന്ന ഒരു വ്യക്തിയാണ് പുഷ്പഗിരി ആശുപത്രിയിൽ ദീർഘനാൾ നേഴ്സിംഗ് സൂപ്രണ്ടായിരുന്ന സിസ്റ്റർ റീത്താമേരി. പിതാവിന്റെ അന്ത്യനാളുകളെപ്പറ്റിയുള്ള അനുസ്മരണയിൽ ഇപ്രകാരം സിസ്റ്റർ സാക്ഷ്യപ്പെടുത്തുന്നു. 'പിതാവ് വളരെ ശാന്തനും വിനീതനുമായിരുന്നു. താൻ അനുഭവിച്ചിരുന്ന വേദനകളെക്കുറിച്ച് ആവലാതികളോ പരിഭവമോ ഒന്നുംതന്നെ കാണിച്ചിരുന്നില്ല. തന്നെ ശുശ്രൂഷിച്ചിരുന്ന ഡോക്ടർമാർ, നേഴ്സുമാർ, സിസ്റ്റേഴ്സ് എന്നിവരോട് വളരെ ദയാപുരസരം മാത്രമേ സംസാരിച്ചിരുന്നുള്ളൂ. വളരെ മിതമായ ആഹാരരീതിയായിരുന്നു പിതാവിന്റേത്. തന്നെ കാണുവാനും ആശ്വസിപ്പിക്കാനുമായി തന്റെ അടുക്കലെത്തുന്നവരോട് ക്ഷേമ വിവരങ്ങളാരായുന്നതിലും തമാശകൾ പറഞ്ഞ് അവരെ ചിരിപ്പിക്കുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവസാന നാളുകളിൽ അദ്ദേഹം തികച്ചും പരാശ്രയത്തിൽ ജീവിച്ചുവെന്നു പറയാം. തനിക്കു ലഭിച്ചിരുന്ന ഓരോ കൊച്ചു സഹായത്തിനുപോലും അദ്ദേഹം നന്ദി പറഞ്ഞിരുന്നു. പല സന്ദർഭങ്ങളിലും ശബ്ദം എടുക്കുവാൻ കഴിയാതെ നിസ്സഹായതയിൽ കഴിഞ്ഞപ്പോഴും ആ കണ്ണുകളിൽ നന്ദിയുടെ നനവ് നിറഞ്ഞുനിന്നു.

### സ്വാത്വികനും സഹൃദയനും ചിന്തകനും

ആശുപത്രികിടക്കയെ ഒരു സഹനശയ്യയായി വന്ദ്യ പിതാവ് കണ്ടില്ല. മറിച്ച് തന്റെ കിടക്കയെ ഒരു ലൈബ്രറിയായും ദൈവാലയമായും ഉയർത്തി. നിരന്തരം വായനയിലും പഠനത്തിലും എഴുത്തിലും സമയം ചെലവഴിച്ചു. ധ്യാനവും പ്രാർത്ഥനയും വിചിന്തനങ്ങളും സഹശയ്യയാക്കി. ആശുപത്രികിടക്കയിൽ കിടന്നു രചിച്ച തന്റെ കവിതാസമാഹാരത്തിൽ രോഗവും മരുന്നും ചികിത്സയും ആശു

www.malankaralibrary.com



പത്രിയുമെല്ലാം പ്രതിപാദ്യ വിഷയങ്ങളായി. 'കുഞ്ഞുപൂക്കൾ' എന്ന കവിതാസമാഹാരത്തിലെ ആദ്യത്തെ കവിത ആരംഭിക്കുന്നത് ഇപ്രകാരമാണ് :

*'പുഷ്പഗിരിയാതുരാലയം തന്നിലെ*
*എ വാർഡിൽ വസിക്കെ...*
*നിന്നത്ഭുതങ്ങളെ കാണുവാൻ ദൈവമേ-*
*യെന്നകക്കണ്ണ് തുറക്കൂ.'*

ആശുപത്രിയിൽ കിടന്നുകൊണ്ട് താൻ രചിച്ച കവിതകളിലെല്ലാം അസ്തിത്വ ചിന്തകളുടെ ഉന്നത തരംഗങ്ങൾ അദ്ദേഹം ഉയർത്തുന്നുണ്ട്. താൻ കണ്ടുമുട്ടിയ വ്യക്തികളെയും ആഴത്തിലനുഭവിച്ച കാര്യങ്ങളെയും കാവ്യാത്മകമായി ചിത്രീകരിക്കുവാനുള്ള അദ്ദേഹത്തിന്റെ കഴിവ് അസാധാരണമാണ്. വേദനയുടെ മദ്ധ്യത്തിലും സരസനായിരുന്ന പിതാവിന് തനതായ രീതിയിൽ തമാശ പറയുവാൻ ഒരു പ്രത്യേക സിദ്ധിയുണ്ടായിരുന്നു. 'ആശുപത്രി' എന്ന കവിതയിൽ, സമയം നോക്കാതെ ബ്ലഡ് പ്രഷർ അളന്ന് കൃത്യമായി പറഞ്ഞ നേഴ്സിംഗ് വിദ്യാർത്ഥിനിയുടെ മിടുക്കിനെ കവിയായ പിതാവ് വർണിക്കുന്നു:

*'വേലത്തരങ്ങളിറക്കാതെ കുഞ്ഞേ, നീ-*
*യാത്മാർത്ഥമായി പഠിച്ചു ജയിക്കുക.'*

## ചില സ്വകാര്യ ചിന്തകൾ

അഭിവന്ദ്യ പിതാവുമായി 1995-ൽ പുഷ്പഗിരിയിലാരംഭിച്ച ബന്ധം വളരെ വ്യക്തിപരമായി വളർന്നുവന്നു. നാളുകൾ കഴിയുന്തോറും അദ്ദേഹത്തോടുള്ള സ്നേഹാദരവുകൾ വർദ്ധിച്ചുവന്നു. ആശുപത്രിയിൽ കിടന്നിരുന്ന സന്ദർഭങ്ങളിൽ എല്ലാ ദിവസവും വി. കുർബാന നല്കുവാനായി പിതാവിന്റെയടുത്തു പോകുന്നത് എനിക്ക് വലിയ ആത്മീയാനുഭവമായിരുന്നു. കഴിയുമെങ്കിൽ, ഓഫീസിലെ ജോലിത്തിരക്കു കഴിഞ്ഞ് എല്ലാ ദിവസവും തന്നെ സന്ദർശിക്കണമെന്ന് പിതാവു ആഗ്രഹിച്ചിരുന്നു. ഉന്മേഷത്തിനായി അല്പസമയം പുറത്തു കൊണ്ടുപോകുന്നത് പിതാവിന് ഇഷ്ടമായിരുന്നു. ബഹു. ഏബ്രഹാം കരിമ്പനാമണ്ണിലച്ചനും, ബഹു. തമ്പിയച്ചനും ഞാനും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചു. അവശതയിലായിരിക്കുന്ന പിതാവിന് 'മാക്സിമം' സന്തോഷം കൊടുക്കുകയെന്നത്

www.malankaralibrary.com



ഒരു നിയോഗമായി ഞങ്ങൾ കരുതി. അദ്ദേഹത്തെ മുറിയിൽനിന്നും വീൽചെയറിൽ അത്യാഹിത വിഭാഗത്തിലുള്ള വാതിൽ വഴിയാണ് പുറത്തേക്കു കൊണ്ടുപോയിരുന്നത്. ഇതിൽ പിതാവിനെ സഹായിക്കുന്നത് എനിക്ക് ആനന്ദദായകമായ അനുഭവമായിരുന്നു. 'ഇത് എന്റെ പ്രത്യേക അവകാശവും അനുഗ്രഹവുമാണ്' (it is my special previlage and blessing) എന്നതായിരുന്നു എന്റെ ചിന്ത. ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്ററച്ചൻതന്നെ വീൽചെയറിൽ പിതാവിനെ കൊണ്ടുപോകുന്നത് ഡോക്ടർമാരും നേഴ്സുമാരും മറ്റ് ആളുകളും വളരെ അത്ഭുതത്തോടും കൗതുകത്തോടും നോക്കിനിന്നിട്ടുണ്ട്. ഞാൻ അതിൽ അഭിമാനിച്ചിരുന്നു. പിതാവിന് ഇഷ്ടമുള്ളതും ആശ്വാസം ലഭിക്കുന്നതുമായ എവിടെയെങ്കിലും പോയി തിരിച്ചെത്തുകയായിരുന്നു പതിവ്. സന്ദർഭം കിട്ടുമ്പോഴെല്ലാം സഭാകാര്യങ്ങളും, ആത്മീയ കാര്യങ്ങളും മറ്റു വിഷയങ്ങളും ഞങ്ങൾ പങ്കുവെച്ചിരുന്നു. ചുരുങ്ങിയ കാലയളവിനുള്ളിൽ ഞങ്ങളുടെ ബന്ധം പിതൃ-പുത്ര സൗഹൃദമായി ആഴപ്പെട്ടിരുന്നു.

## പിതാവിന്റെ ആശങ്കാവിഷയങ്ങൾ

അന്ത്യനാളുകളിൽ വന്ദ്യ പിതാവിന്റെ ചികിത്സ, പരിചരണം, കബറടക്കം, മരണാനന്തര ശുശ്രൂഷകൾ ഇവയെല്ലാം അദ്ദേഹത്തെ അലട്ടിയിരുന്ന വിഷയങ്ങളായിരുന്നു. അദ്ദേഹവുമായി വളരെ അടുത്തു ബന്ധപ്പെട്ടുകൊണ്ടിരുന്ന ബഹു. ഏബ്രഹാം കരിമ്പനാമണ്ണിലച്ചനോടും എന്നോടും അവ പ്രകടിപ്പിച്ചിട്ടുണ്ട്. പിതാവ് കാലം ചെയ്യുന്നതിന് ഒരു മാസം മുമ്പ് ബഹു. കരിമ്പനാമണ്ണിലച്ചനുമായി നടത്തിയ സംഭാഷണത്തിലെ ചില ഭാഗങ്ങൾ ഇവിടെ പ്രസക്തമാണ്. പിതാവ് ചോദിച്ചു; 'ഞാൻ കത്തോലിക്കാസഭയിലായപ്പോൾ മുതൽ ഇന്നുവരെ എന്റെ ചികിത്സ മുഴുവൻ ഇവിടെ (പുഷ്പഗിരി) യായിരുന്നു. ഞാൻ ഒരു പൈസാപോലും ആശുപത്രിയിൽ കൊടുത്തിട്ടില്ലല്ലോ. അതിന്റെ കാര്യം എങ്ങനെയാണ് ?' കരിമ്പനാമണ്ണിലച്ചൻ മറുപടി പറഞ്ഞു : 'തിരുമേനിയും തിരുവല്ലാ രൂപതയിലെ ഒരു പിതാവല്ലേ? പിതാവിന്റെ കാര്യങ്ങൾ രൂപതയിൽനിന്ന് നോക്കും!' അപ്പോൾ പിതാവിന് വീണ്ടും സംശയം; രൂപതയിലെ അച്ചന്മാർക്ക് അവരെ സഹായിക്കാനായി പ്രോവിഡന്റ് ഫണ്ട് ഉണ്ടല്ലോ.' അച്ചൻ വിശദീകരിച്ചു; 'രൂപതയാണ് അച്ചന്മാരെ സപ്പോർട്ട് ചെയ്യുന്നത്. അതുപോലെതന്നെ പിതാവിന്റെ കാര്യങ്ങളും രൂപത നോക്കി

www.malankaralibrary.com



കൊള്ളും. പിതാവ് ഒന്നുകൊണ്ടും വിഷമിക്കരുത്.' അഭിവന്ദ്യ തിമോത്തിയോസ് തിരുമേനിയുടെയും അഭിപ്രായം ഇതുതന്നെ യായിരുന്നു. ഈ വിഷയത്തെപ്പറ്റി പീലക്സിനോസ് തിരുമേനി ആശുപത്രി അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ എന്നോടും സംസാ രിച്ചിട്ടുണ്ട്. ഞാനും മറുപടി പറഞ്ഞത് ഇപ്രകാരമാണ്; 'പീലക്സി നോസ് തിരുമേനിയെ ചികിത്സിക്കുന്നതുവഴി പുഷ്പഗിരിക്ക് അനു ഗ്രഹവും ഐശ്വര്യവും ഉണ്ടാകും. ഇത് ഞങ്ങളുടെ അവകാശവും കടമയുമാണ്. ആശുപത്രിക്ക് എത്ര സാമ്പത്തികഭാരം ഉണ്ടെങ്കിലും ഈ കടമ ഞങ്ങൾ നിർവഹിക്കും.'

## കബറടക്കം എവിടെ?

വന്ദ്യ പിതാവിനെ അലട്ടിയ മറ്റൊരു പ്രശ്നം, തന്റെ കബറടക്കം എവിടെയായിരിക്കും എന്നതായിരുന്നു. ഈ വിഷയത്തെപ്പറ്റി ബഹു. കരിമ്പനാമണ്ണിലച്ചൻ ഒരിക്കൽ ചോദിച്ചു; പിതാവ് കാലം ചെയ്യു മ്പോൾ എവിടെയാണ് കബറടക്കേണ്ടത്? ചോദ്യത്തിനുത്തരം പറ യാതെ പിതാവ് ചിന്തയിലിരുന്നു. വീണ്ടും ചോദിച്ചു. ''അഞ്ചൂരു തന്നെയാണോ? അതോ തിരുവല്ലായിലോ, തിരുവനന്തപുരത്തോ?'' പിതാവിന്റെ മറുപടി ഇപ്രകാരമായിരുന്നു : ''അഞ്ചൂർ മതി അല്ലേ?'' വീണ്ടും അച്ചൻ ചോദിച്ചു. 'തിരുവല്ലാ കത്തീഡ്രലിൽ അടക്കിയാൽ വിരോധമുണ്ടോ?' ഉടനെയുള്ള മറുചോദ്യം: കത്തീഡ്രലിൽ എവിടെ യാണ്?' 'പിതാക്കന്മാർക്കുവേണ്ടി തയ്യാറാക്കിയിരിക്കുന്ന കബറിൽ മുറ അനുസരിച്ച്' എന്ന് അച്ചൻ ഉത്തരം പറഞ്ഞപ്പോൾ പീലക്സി നോസ് തിരുമേനി വളരെ സന്തുഷ്ടനായി. തുടർന്ന് സമയം കിട്ടു മ്പോഴെല്ലാം തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ എത്തി ച്ചേർന്ന്, തന്നെ കബറടക്കുവാനായി നിശ്ചയിച്ചിരിക്കുന്ന നിർദ്ദിഷ്ട കല്ലറയ്ക്കരികിൽ പോയി പ്രാർത്ഥിച്ചിരുന്നു. താൻ അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലം നേരിൽ കണ്ട്, മരണത്തിനായി ഒരുങ്ങിയ പുണ്യാത്മാവാണ് പീലക്സിനോസ് തിരുമേനി.

## സാക്ഷാത്കരിക്കപ്പെടാത്ത മോഹം

അന്ത്യനാളുകളിൽ ജന്മനാടായ അഞ്ചൂരിൽപോയി വൈദിക രുടെ തൈലാഭിഷേക ശുശ്രൂഷയായ 'കന്തീലാ' കർമ്മം ആഘോഷ മായി സ്വീകരിക്കണമെന്നും, നാട്ടുകാരോടും വീട്ടുകാരോടും അന്തിമ യാത്ര പറയണമെന്നും പിതാവിന് വലിയ ആഗ്രഹമുണ്ടാ

www.malankaralibrary.com



യിരുന്നു. എന്നാൽ ആ ആഗ്രഹം പൂവണിഞ്ഞില്ല. കാരണം, അത്രയും ദീർഘദൂരം യാത്ര ചെയ്യുവാനുള്ള ആരോഗ്യം പിതാവിനില്ലായിരുന്നു. ജന്മനാടായ അഞ്ഞൂരിലെത്തി, 'ദേശമേ, ദേശവാസികളെ സമാധാനത്തോടെ വസിക്കുക' എന്ന 'പുശ് ബശ്ലോമോ' ആലപിക്കുവാൻ മരണത്തെ മുന്നിൽ കണ്ട പിതാവിന് സാധിച്ചില്ല.

## അവസാനത്തെ പുനരൈക്യ വാർഷികം

1998 ലെ പുനരൈക്യ വാർഷികം നടന്നത് പത്തനംതിട്ടയിൽ വച്ചായിരുന്നു. ആഘോഷപരിപാടികളിൽ പങ്കെടുക്കുവാനുള്ള ആഗ്രഹം ബഹു. കരിമ്പനാമണ്ണിലച്ചനോടും ബഹു. തമ്പിയച്ചനോടും പ്രകടിപ്പിച്ചു. അതേസമയം തന്റെ അവശതയും അറിയിച്ചു. അവരുടെ കരുതലിലും ഉത്തരവാദിത്വത്തിലും 21-ാം തീയതി ഉച്ചയോടെ ആഘോഷവേദിയിൽ പിതാവ് എത്തിച്ചേർന്നു. പന്തലും മറ്റു ക്രമീകരണങ്ങളും വളരെ ഉത്സാഹത്തോടെ നടന്നു കണ്ടു. തുടർന്ന് പുനരൈക്യറാലി കടന്നുപോകുന്ന വഴിയിൽ, പറത്തലവാടിയിൽ നിക്കോളാസിന്റെ ഭവനത്തിൽ കയറിയിരുന്നു. റാലിയുടെ ആരംഭം മുതൽ അവസാനംവരെ വളരെ ആനന്ദത്തോടെ കണ്ട് സംതൃപ്തിയടഞ്ഞു. നിക്കോളാസിന്റെ വീട്ടിൽ പിതാവിനെ വളരെ ആദരപൂർവ്വം സ്വീകരിച്ചു. അവിടെ ചെലവഴിച്ച ചുരുങ്ങിയ സമയത്തിനുള്ളിൽ ആ കുടുംബാംഗങ്ങളുമായി പിതാവ് നല്ല സൗഹൃദത്തിലായി.

അത്ര അവശതയിലായിരുന്നിട്ടും പുനരൈക്യവാർഷിക ആഘോഷത്തിൽ പങ്കുചേരുവാനുള്ള അദ്ദേഹത്തിന്റെ അദമ്യമായ ആഗ്രഹവും പരിശ്രമവും പുനരൈക്യപ്രസ്ഥാനത്തോടും മലങ്കരസഭയോടുമുള്ള അതിരറ്റ സ്നേഹത്തിന്റെയും പ്രതിബദ്ധതയുടെയും ഉജ്വല അടയാളമാണ്.

## അന്ത്യദിനങ്ങൾ

1998 ഓഗസ്റ്റ് 8 മുതൽ വന്ദ്യ പിതാവ് കാലം ചെയ്ത നവംബർ 3 വരെയുള്ള ദിവസങ്ങളാണ് അന്ത്യദിനങ്ങളായി കണക്കാക്കാവുന്നത്. സാധാരണ 2 ആഴ്ചയോ 4 ആഴ്ചയോകൊണ്ട് ശക്തി പ്രാപിച്ച് അദ്ദേഹം ആശുപത്രിയിൽനിന്നും ഡിസ്ചാർജ് ആകുമായിരുന്നു. എന്നാൽ ഈ പ്രാവശ്യം ആരോഗ്യാവസ്ഥയിൽ അപകടകരമായ വേലിയേറ്റം ഉണ്ടായിക്കൊണ്ടിരുന്നു. പലപ്പോഴും നിയന്ത്രണാതീതമായി വഷളായി. ഇടയ്ക്ക് ഏതാനും ദിവസങ്ങളിൽ ഇടവിട്ട് അല്പം

www.malankaralibrary.com



പുരോഗമനം പ്രകടമാക്കിയെന്നു മാത്രം. തന്റെ അന്ത്യം സമാഗതമാകുന്നുവെന്ന ബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ട് ആ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ വിൽപ്പത്രം തയ്യാറാക്കി. സെപ്റ്റംബർ അവസാനമായപ്പോഴേക്കും അദ്ദേഹത്തിന്റെ ആരോഗ്യാവസ്ഥ തികച്ചും മോശമായി. അരമനയിൽനിന്ന് അഭിവന്ദ്യരായ മാർ തിമോത്തിയോസ് തിരുമേനിയും മാർ കൂറിലോസ് തിരുമേനിയും വൈദികരും വന്ദ്യ പിതാവിനെ ആശുപത്രിയിൽ സന്ദർശിച്ചിരുന്നു.

ഒക്ടോബർ അവസാനമായപ്പോഴേക്കും ആരോഗ്യം തീർത്തും ക്ഷയിച്ചു. ശരീരം ഏതാണ്ട് അസ്ഥിപഞ്ജരമായി മാറി. ഭക്ഷണം കഴിക്കുന്നത് വളരെ പ്രയാസമായി. മരുന്നിന്റെ അളവ് വർദ്ധിച്ചു. ശരീരത്തിന് താങ്ങാവുന്നതിൽ കൂടുതൽ കെമിക്കൽസ് കഴിക്കേണ്ടതായി വന്നു. നല്കിയിരുന്ന വിറ്റാമിൻസിന്റെ ഫലങ്ങൾപോലും ശരീരത്ത് കാണാതായി. ഈ രോഗത്തിൽ നിന്നുള്ള മോചനം മരണമാണ് എന്ന് പലരും ശാന്തമായി മന്ത്രിച്ചു. അദ്ദേഹം ദിനരാത്രങ്ങൾ തള്ളിനീക്കി. വിശ്വസ്ഥനായ ഡ്രൈവർ സണ്ണിയും പിതാവിന്റെ ചില സഹോദരന്മാരും എപ്പോഴും കൂടെയുണ്ടായിരുന്നു.

**വേർപാട്**

നവംബർ 3 ന് ശക്തമായ ശ്വാസതടസവും മൂത്രതടസവും അനുഭവപ്പെട്ടു. ഉച്ചയോടുകൂടി എക്സറേ എടുക്കുവാനായി അദ്ദേഹത്തെ റേഡിയോളജി വിഭാഗത്തിൽ കൊണ്ടുപോയി. അവിടെ വെച്ച് തീവ്രമായ ശ്വാസതടസം അനുഭവപ്പെട്ട് അബോധാവസ്ഥയിലായി. ഉടൻതന്നെ ഇന്റൻസീവ് കെയർ യുണിറ്റിലുള്ള പ്രത്യേക തീവ്രപരിചരണ മുറിയിൽ പ്രവേശിപ്പിച്ചു. ഫിസിഷ്യൻ ഡോ. ബഞ്ചമിന്റെയും കാർഡിയോളജിസ്റ്റ് ഡോ. ജോർജ് കോശിയുടെയും നേതൃത്വത്തിൽ അടിയന്തര ചികിത്സകൾ നടത്തുകയും കൃത്രിമ ശ്വാസം നല്കുകയും ചെയ്തു. രോഗവിവരം തിരുവല്ലാ അരമനയിലും തിരുവനന്തപുരത്തും അറിയിച്ചു. ഓടിയെത്തിയ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി തൈലാഭിഷേകം നല്കി. സമീപത്തുള്ള വൈദികരും സന്യസ്തരും അല്മായ പ്രമുഖരും ആശുപത്രിയിലെത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തിരുവനന്തപുരത്തുനിന്ന് ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയും എത്തിച്ചേർന്നു. വന്ദ്യ പീലക്സിനോസ് പിതാവിന്റെ അന്ത്യം അടു

www.malankaralibrary.com



ത്തുവെന്നതിന്റെ സൂചനകളും അടയാളങ്ങളും പ്രകടമായതോടെ വന്നവരെയെല്ലാം ഐ.സി.യു.വിൽ കയറ്റി കാണിച്ചു. ആ ദിവസങ്ങളിൽ ശക്തമായ തുലാമഴ പെയ്തുകൊണ്ടിരുന്നു. മഴയെ അവഗണിച്ചും ധാരാളം ആളുകൾ വന്ദ്യ പിതാവിനെ സന്ദർശിച്ച് പ്രാർത്ഥിച്ചു. സന്ധ്യ കഴിഞ്ഞപ്പോഴേക്കും ആളുകൾ മിക്കവരും പിരിഞ്ഞുപോയി. രാത്രി 9 മണിക്കുശേഷം രോഗം വീണ്ടും വഷളായി. ജീവൻ നിലനിർത്തുവാനായി ഡോക്ടർമാർ എല്ലാവിധ ശ്രമങ്ങളും നടത്തുന്നുണ്ടായിരുന്നു. മരണത്തോട് മല്ലടിച്ചുകൊണ്ടിരുന്ന പിതാവിന്റെ നെഞ്ചത്ത് ഡോ. ബഞ്ചമിൻ ശക്തമായി തിരുമ്മികൊണ്ടിരുന്നു. അതിവേദനയുടെ ഈ സന്ദർഭത്തിൽ അവിടെ നിന്നിരുന്നവരെല്ലാം പിതാവിന്റെ ജീവൻ നിലനിർത്തുവാനായി കണ്ണീരോടെ പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ സഹോദരങ്ങളും വിശ്വസ്ത ശുശ്രൂഷകനും ഡ്രൈവറുമായിരുന്ന സണ്ണിയും അവിടെയുണ്ടായിരുന്നു. കൃശഗാത്രനായ വന്ദ്യ പിതാവ് ജീവിതത്തിന്റെ അവസാന മണിക്കൂറിൽ അനുഭവിച്ച മരണവേദന എത്ര വലുതായിരുന്നുവെന്ന് വിവരിക്കുവാൻ പ്രയാസം. എല്ലാം പൂർത്തിയായിരിക്കുന്നു. എന്റെ ആത്മാവിനെ അങ്ങയുടെ കരങ്ങളിൽ ഞാൻ ഭരമേല്പിക്കുന്നു എന്ന ഗുരുനാഥന്റെ കുരിശിലെ തിരുമൊഴി, രാത്രി 10:30 ന് വന്ദ്യ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയിൽ നിറവേറി. അദ്ദേഹം നിത്യജീവനിലേക്കു പ്രവേശിച്ചു.

വന്ദ്യ പിതാവിന്റെ മരണം ഔദ്യോഗികമായി അറിയിച്ചതിനുശേഷം മരണാനന്തര ശുശ്രൂഷകൾ നടന്നു. തിരുവസ്ത്രങ്ങൾ അണിയിച്ചു. സിംഹാസനത്തിൽ ഉപവിഷ്ടനാക്കി. പൊതുദർശനത്തിന് സജ്ജമാക്കി. അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ, പുരോഹിതരുടെ സംസ്കാര ശുശ്രൂഷയായ കൊഹനീത്തായുടെ ഒന്നാം ശുശ്രൂഷ നടത്തി. ആ രാത്രിയിൽ ശക്തമായ മഴയുണ്ടായിരുന്നതിനാൽ ആശുപത്രിയിലെ ശീതികരിച്ച മുറിയിൽ മൃതശരീരം പൊതുദർശനത്തിനായി പ്രതിഷ്ഠിച്ചു. ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും വൈദിക വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ രാത്രി മുഴുവൻ പ്രാർത്ഥനാഞ്ജലികൾ അർപ്പിച്ചുകൊണ്ടിരുന്നു. റോമിലായിരുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയെ വിവരങ്ങൾ അറിയിച്ചു. അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ രൂപതാ കൗൺസിൽ കൂടി. കബറടക്കം സംബ

www.malankaralibrary.com



ന്ധിച്ച ആലോചനകളും തീരുമാനങ്ങളുമെടുത്തു. തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയുമായും ആലോചനകൾ നടത്തി. നവംബർ 4 ന് മൃതദേഹം കത്തീഡ്രലിലേക്കു ആനയിക്കുവാനും, 5-ാം തീയതി കബറടക്കം നടത്തുവാനും തീരുമാനമായി. നേരത്തെ, അഭിവന്ദ്യ തിമോത്തിയോസ് തിരുമേനിയും പീലക്സിനോസ് തിരുമേനിയും തമ്മിൽ ധാരണയിലായിരുന്ന പ്രകാരം തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ അതിരൂപതയിലെ കാലം ചെയ്ത പിതാക്കന്മാരുടെ കബറുകൾക്കു സമീപം അഭിവന്ദ്യ പീലക്സിനോസ് തിരുമേനിയെ കബറടക്കുവാൻ തീരുമാനിച്ചു. പൊതുദർശനത്തിനായി കത്തീഡ്രൽ ദൈവാലയം രാത്രിയിൽതന്നെ ഒരുക്കി. സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന രീതിയിൽ മൃതശരീരം പൊതുദർശനത്തിന് സൗകര്യപ്രദമായി, ശീതീകരിച്ച ഗ്ലാസ് ചേംബറിൽ ക്രമീകരിച്ചു. ശക്തമായ മഴയിൽ കത്തീഡ്രൽ ദേവാലയത്തിന്റെ മേൽക്കൂര ചോർന്ന് ദേവാലയത്തിനുള്ളിൽ വെള്ളം തളംകെട്ടി നിന്നിരുന്നു. കത്തീഡ്രലിന്റെ പുനർനിർമ്മാണ തീരുമാനത്തിന് ആക്കം കൂട്ടുവാനും ഈ സംഭവം കാരണമായി.

## പുഷ്പഗിരിയിൽനിന്ന് കത്തീഡ്രലിലേക്ക്

നവംബർ 4-ാം തീയതി പുഷ്പഗിരി ഉണർന്നത് നിറകണ്ണുകളോടെയാണ്. രാവിലെ 6 മണിക്ക് വന്ദ്യ പിതാവിനുവേണ്ടി ആശുപത്രി ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. 8:30-ന് സ്റ്റാഫംഗങ്ങളൊരുമിച്ചുകൂടി വന്ദ്യ പിതാവിന്റെ ഭൗതിക ശരീരത്തിന്റെ മുമ്പിൽ ആദരാഞ്ജലികളർപ്പിച്ച് അന്ത്യവിശ്രമത്തിനായി കത്തീഡ്രലിലേക്ക് യാത്രയാക്കി. പ്രാർത്ഥനകൾക്കുശേഷം അനവധി വാഹനങ്ങളുടെ അകമ്പടിയോടെ പുഷ്പഗിരിയുടെ ആംബുലൻസിൽ മൃതദേഹം തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിലേക്ക് ആഘോഷമായി സംവഹിക്കപ്പെട്ടു. മരണവാർത്ത അറിയിച്ചുകൊണ്ടും വിലാപഗാനങ്ങളാലപിച്ചുകൊണ്ടും ഭക്ത്യാദരവുകളോടെ മൃതദേഹം കത്തീഡ്രൽ ദൈവാലയത്തിലെത്തിച്ചു. 4-ാം തീയതി പകലന്തിയോളവും രാത്രിയിലും വന്ദ്യ പിതാവിന് അന്ത്യാഞ്ജലികൾ അർപ്പിക്കപ്പെട്ടു. അനേകം ഭക്തജനങ്ങൾ, വിവിധ സഭാമക്കൾ, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ നേതാക്കൾ, വൈദികർ, സഭാമേലദ്ധ്യക്ഷന്മാർ എന്നിവരെല്ലാം വന്ദ്യ പിതാവിന് ഉപചാരങ്ങളർപ്പിച്ചു. മലങ്കരസഭയിലെ

www.malankaralibrary.com





*മാർ പീലക്സിനോസ് പിതാവിന്റെ ഭൗതികശരീരം കബറടക്കത്തിനായി കൊണ്ടുപോകുന്നു*

വന്ദ്യ പിതാക്കന്മാർ എല്ലാവരും എത്തിച്ചേർന്ന് കബറടക്കത്തിനുള്ള ക്രമീകരണങ്ങൾ അവലോകനം ചെയ്ത് ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കി.

**കബറടക്കം**

വന്ദ്യ പിതാവിന്റെ കബറടക്കം നവംബർ 5-ാം തീയതി നടന്നു. രാവിലെ 7 മണിക്ക് തൃശൂർ മെത്രാപ്പോലീത്താ മാർ ജേക്കബ് തൂങ്കുഴിയും താമരശ്ശേരി ബിഷപ്പ് മാർ പോൾ ചിറ്റിലപ്പള്ളിയും ചേർന്ന് കത്തീഡ്രലിൽ ദിവ്യബലിയർപ്പിച്ചു. 8 മണിക്ക് മലങ്കര കത്തോലിക്കാ സഭയിലെ വന്ദ്യ പിതാക്കന്മാരുടെ പ്രധാന കാർമ്മികത്വത്തിൽ മൂന്നാം മണിയുടെ പ്രാർത്ഥനയെ തുടർന്ന് വി. കുർബാനയർപ്പിച്ചു. വി. കുർബാനമദ്ധ്യേ മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്താ അനുസ്മരണാപ്രഭാഷണം നടത്തി. സഹനത്തിന്റെ വഴിയിലൂടെ വിശുദ്ധ ജീവിതം നയിച്ച വന്ദ്യ പിതാവിന്റെ മാതൃകയെ ആർച്ചുബിഷപ്പ് തൂങ്കുഴി എടുത്തുകാട്ടി. അതിനുശേഷം വിവിധ സഭകളെ പ്രതിനിധീകരിച്ച് പ്രാർത്ഥനാശുശ്രൂഷകൾ നടന്നു. മലങ്കര ഓർത്തഡോക്സ് സഭയിലെ നിരണം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, തൊഴിയൂർ സഭയിലെ

www.malankaralibrary.com



ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ എന്നിവരും ധൂപ പ്രാർത്ഥന നടത്തി. ലത്തീൻ ക്രമത്തിലും ഒപ്പീസ് ചൊല്ലി പിതാവിന് പ്രാർത്ഥനാഞ്ജലി അർപ്പിച്ചു.

'കൊഹനീത്താ'യുടെ 8-ാമത്തെ ക്രമമാണ് കബറടക്ക ശുശ്രൂഷ. ഈ ലോകത്തിന്റെ സ്ഥാനമാനങ്ങളും സമ്പത്തുമെല്ലാം നശ്വരമാണെന്നും നിത്യമായത് ദൈവിക കൂട്ടായ്മക്കടുത്ത സമ്മാനമാണെന്നും നിരന്തരം പ്രഘോഷിക്കുന്ന പ്രാർത്ഥനകളും ഗാനങ്ങളുമാണ് ഈ ശുശ്രൂഷയിലുള്ളത്. വളരെ അർത്ഥവത്തായ വായനകളും ഗാനങ്ങളും നിറഞ്ഞ കബറടക്ക ശുശ്രൂഷയിലെ സുവിശേഷ വായനയ്ക്കു ശേഷമുള്ള പ്രസംഗത്തിൽ യജമാനന്റെ വിശ്വസ്തനും വിവേകിയുമായ കാര്യസ്ഥനു ലഭിക്കുന്ന പ്രതിഫലം വന്ദ്യ പീലക്സിനോസ് തിരുമേനിക്കും ഒരുക്കപ്പെട്ടിരിക്കുന്നുവെന്ന് പ്രധാന കാർമ്മികൻ എടുത്തു പറഞ്ഞു. അനന്തരം തിരുവല്ലാ അതിരൂപതയുടെ വികാരി ജനറാൾ ആയിരുന്ന ബഹു. മോൺ. അലക്സാണ്ടർ പയ്യംപള്ളിലച്ചനും ബഥനി ആശ്രമത്തിന്റെ സുപ്പീരിയർ ജനറലായ പെരി. ബഹു. ജോർജ് തോമസ് കല്ലുങ്കലച്ചനും ചേർന്ന് ലുത്തിനിയാ പ്രാർത്ഥന നടത്തി. കബറടക്ക ശുശ്രൂഷയിൽ ധൂപം വീശിയത് ദീർഘകാലം പീലക്സിനോസ് പിതാവിന്റെ സെക്രട്ടറിയായിരുന്ന ബഹു. ജോർജ് വടക്കനച്ചനാണ്.

കബറടക്കശുശ്രൂഷയുടെ ഏറ്റവും ഹൃദയസ്പർശിയായ ഭാഗമാണ് യാത്രപറച്ചിലും വിലാപയാത്രയും. താൻ ശുശ്രൂഷിച്ച മദ്ബഹായോടും ദൈവാലയത്തോടും ദേശത്തോടും ദേശനിവാസികളോടും സഭ മുഴുവനോടും യാത്ര പറഞ്ഞ്, സിംഹാസനത്തിലിരുത്തി നാലു ദിക്കുകളിലേക്കും മാറി മാറി ഉയർത്തിപ്പിടിച്ചുകൊണ്ട് വിടവാങ്ങൽ നടത്തി. ഈ സമയം  താൻ ശുശ്രൂഷിച്ച ബലിപീഠമേ, ദേവാലയമേ... സമാധാനത്തോടെ വസിക്കുക  എന്നർത്ഥമുള്ള പുശ്ബശ്ലോമോ എന്ന സുറിയാനി ഗാനത്തിന്റെ ആലാപനവും പരിഭാഷയും ഫാ. മാത്യു കരിമ്പിൽ, ഫാ. ഐസക് പറപ്പള്ളിൽ എന്നിവരുടെ നേതൃത്വത്തിലുള്ള ഗായകസംഘം നിർവഹിച്ചു. ബഹു. ഏബ്രഹാം കാക്കനാട്ടച്ചനും ബഹു. ഏബ്രഹാം മുളമൂട്ടിലച്ചനും അവസരോചിതവും അർത്ഥവത്തുമായ കമന്ററികളും നിർദ്ദേശങ്ങളും നല്കി ശുശ്രൂഷകളെ നിയന്ത്രിച്ചു.

www.malankaralibrary.com



ദൈവാലയത്തോട് വിട പറഞ്ഞതിനുശേഷം ദേശത്തോടും ദേശവാസികളോടും വിട പറയുന്നതിന്റെ പ്രതീകമായി നഗരികാണിക്കൽ നടത്തി. സന്നിഹിതരായിരുന്ന മെത്രാന്മാരും, വൈദികരും സന്യസ്തരും വിശ്വാസികളും അടങ്ങിയ വമ്പിച്ച ജനാവലി അതിൽ പങ്കുചേർന്നു. കത്തീഡ്രലിൽ നിന്നാരംഭിച്ച വിലാപയാത്ര മേരിഗിരി അരമനപ്പടി കടന്ന്, പോസ്റ്റോഫീസ് ജംഗ്ഷൻവഴി, എം.സി. റോഡിൽ പ്രവേശിച്ച് കുരിശുകവല ചുറ്റി, കത്തീഡ്രലിൽ തിരിച്ചെത്തി. ട്രാഫിക്ക് ബ്ലോക്ക് ഉണ്ടാകാത്ത രീതിയിലാണ് വിലാപയാത്ര ക്രമീകരിച്ചത്. ബഹു. തമ്പിയച്ചനാണ് വിലാപയാത്രയ്ക്ക് നേതൃത്വം നല്കിയത്. തികച്ചും ഭക്തിസാന്ദ്രമായിരുന്നു വിലാപയാത്ര. പ്രകൃതിപോലും ദുഃഖപൂരിതമായി മൂടിക്കെട്ടി നിന്നിരുന്നു. ദുഃഖാർത്തരായ ജനസമൂഹം അവരുടെ ഹൃദയത്തിൽ മൂകമായി മന്ത്രിച്ചു, സത്യമായും അദ്ദേഹം നീതിമാനും വിശുദ്ധനുമായിരുന്നു. നീതിമാന്മാർ വസിക്കുന്ന നിത്യതയിലേക്കുള്ള യാത്രയിൽ ഞാൻ പ്രവേശിച്ചിരിക്കുന്നു. നിങ്ങൾ എനിക്കായി പ്രാർത്ഥിക്കുവിൻ...എന്ന വിടവാങ്ങൽ സന്ദേശവുമായി മൃതശരീരം കബറിലേക്ക് ആനയിക്കപ്പെട്ടു.

തുടർന്ന് കബറിങ്കലെ ശുശ്രൂഷകളാരംഭിച്ചു. തിരുവല്ലാ അതിരൂപതയുടെ നാലാമത്തെ മെത്രാപ്പോലീത്താ ആയിരുന്ന ഐസക് മാർ യൂഹാനോൻ തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന കബറിനു സമീപമാണ് മാർ പീലക്സിനോസ് തിരുമേനിയുടെ കബറിടം. മൃതശരീരം കബറിൽ വയ്ക്കുന്നതിനുമുമ്പായി വന്ദ്യ പിതാവിന്റെ മുഖം പ്രധാന കാർമ്മികൻ ശോശപ്പാകൊണ്ട് മൂടി. മൃതശരീരത്തിന്റെ മുഖത്തും നെഞ്ചിലും കാൽമുട്ടുകളിലും കുരിശാകൃതിയിൽ സൈത്തെണ്ണ ഒഴിച്ച് ഇപ്രകാരം പ്രാർത്ഥിച്ചു : അദ്ധ്വാനങ്ങളിൽനിന്നുള്ള വിശ്രമത്തിനും പോരാട്ടത്തിൽനിന്നുള്ള സംരക്ഷണത്തിനും വിശുദ്ധന്മാരോടുകൂടിയുള്ള സൗഭാഗ്യത്തിനുമായി... നിത്യജീവനിലേക്ക് ഈ തൈലം ഒഴിക്കപ്പെടുന്നു.'

ഏതു മനുഷ്യന്റെയും ശരീരം മണ്ണിൽ അലിഞ്ഞു ചേരണമെന്നത് ദൈവനിശ്ചയമാണ്, പ്രകൃതിയുടെ നിയമമാണ്. 'നീ മണ്ണാകുന്നു, മണ്ണിലേക്ക് തിരികെ ചേരും; വീണ്ടും പുതുതാക്കപ്പെടുകയും ചെയ്യും' എന്ന തിരുവചനപ്രകാരം മാർ പീലക്സിനോസ് പിതാവിന്റെ മൃതദേഹത്തിൽ കുന്തിരിക്കവും മണലും ചേർന്ന മിശ്രിതം വിതറി. അനന്തരം സിംഹാസനാരൂഢനായ നിലയിൽത്തന്നെ മൃതദേഹം കല്ലറ

www.malankaralibrary.com






*മാർ പീലക്സിനോസ് പിതാവിന്റെ കബറിടം*

യിൽവച്ചു. സ്വർഗരാജ്യത്തിന്റെ അവകാശത്വവും അധികാരവും സൂചിപ്പിക്കുന്ന പൗരസ്ത്യ സഭാപിതാക്കന്മാരുടെ കബറടക്ക രീതിയും, ആർഷഭാരതത്തിലെ മഹർഷിമാരുടെ 'പത്മാസന സമാധിയുമെല്ലാം ഈ പ്രതീകങ്ങൾ മനസ്സിലുണർത്തുന്നു.

കർത്താവിന്റെ ആലയത്തിലേക്ക് നമുക്ക് പോകാം എന്ന 122-ാം സങ്കീർത്തനം ആലപിച്ചുകൊണ്ട് കബറിടം മൂടി. ധൂപപ്രാർത്ഥന, ആശീർവാദം എന്നിവയോടെ കബറടക്ക ശുശ്രൂഷകൾ പൂർത്തിയായി. അങ്ങനെ, പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ 70 വർഷം ദീർഘിച്ച ധന്യജീവിതം ചരിത്രമായി. കബറിങ്കലെ ക്രമീകരണങ്ങൾ നടത്തുവാൻ നിയോഗിക്കപ്പെട്ടിരുന്ന വന്ദ്യ തിമോത്തിയോസ് പിതാവിന്റെ അന്നത്തെ സെക്രട്ടറിയായിരുന്ന ബഹു. സന്തോഷ് അഴകത്തച്ചൻ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ വന്ന അവസാനത്തെ ആളും പിരിയുന്നതുവരെയും, കബറിടം സീൽ ചെയ്യുന്നതുവരെയും വിശ്വസ്ത കാര്യസ്ഥനായി അവിടെ നിലകൊണ്ടു.

www.malankaralibrary.com




കബറടക്കശുശ്രൂഷയിൽ വലിയ ഒരു ജനസമൂഹത്തോടൊപ്പം വിശിഷ്ട വ്യക്തികളായ ശ്രേഷ്ഠ കാതോലിക്കാബാവ, ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ, ആർച്ചുബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി, ഓർത്തഡോക്സ് സഭയിലെ മാത്യൂസ് മാർ സേവേറിയോസ്, മാർത്തോമാസഭയിലെ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ, യാക്കോബായസഭയിലെ ബന്യാമിൻ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത, സി.എസ്.ഐ. സഭയിലെ ബിഷപ്പ് സാം മാത്യു എന്നിവർ സന്നിഹിതരായിരുന്നു. സാമൂഹിക രാഷ്ട്രീയ നേതാക്കളായ ഉമ്മൻ ചാണ്ടി, പി. ജെ. കുര്യൻ എം. പി. മാമ്മൻ മത്തായി എം.എൽ.എ., റ്റി. എസ്. ജോൺ എം.എൽ.എ., മുൻസിപ്പൽ ചെയർപേഴ്സൺ സുശീലാ മേരി കുരുവിള എന്നിവരും പങ്കെടുത്തു.

വന്ദ്യ പിതാവിന്റെ കബറടക്ക ക്രമീകരണങ്ങൾക്കും ശുശ്രൂഷകൾക്കും സംഘാടകനേതൃത്വം നല്കിയത് തിരുവല്ലാ അതിരൂപതയുടെ അന്നത്തെ സഹായമെത്രാനായിരുന്ന അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയാണ്. റോമിലായിരുന്ന ഗീവറുഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ നാമത്തിലും തിരുവല്ലാ അതിരൂപതയുടെ നാമത്തിലും അദ്ദേഹം ഏവർക്കും ഹൃദയപൂർവം നന്ദിയർപ്പിച്ചു. ധന്യമായ ഒരു ശ്രേഷ്ഠ പൗരോഹിത്യ ജീവിതം പൂർത്തിയാക്കിയ ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ പീലക്സിനോസ് തിരുമേനിക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥം അപേക്ഷിച്ചുകൊണ്ടും തിരുസഭ എന്നും പാടി പ്രാർത്ഥിക്കുന്നു :

*'ആചാര്യേശാ, മിശിഹാ കൂദാശകളർപ്പിച്ചോ*
*രീയാചാര്യന്നേകുക പുണ്യം, നാഥാ സ്തോത്രം.'*


www.malankaralibrary.com





*മാർ പീലക്സിനോസ് പിതാവിന്റെ മാതാപിതാക്കൾ*
*എ. പി. തോമസ് അയ്യംകുളങ്ങര – താണ്ടക്കുട്ടി തോമസ്*

www.malankaralibrary.com



വത്സല മാതാവിന്റെ മൃതദേഹത്തിനരികിൽ മാർ പീലക്സിനോസ്



പുനരൈക്യത്തിനുശേഷം നടത്തിയ സ്വീകരണ സമ്മേളനത്തിൽ അഞ്ഞൂർ കത്തോലിക്കാപള്ളി വികാരി പയ്യപ്പിള്ളി അച്ചൻ സ്വാഗതം ആശംസിക്കുന്നു. ആർച്ചുബിഷപ്പ് മാർ കുണ്ടുകുളം സമീപം

www.malankaralibrary.com




*തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭയുടെ ഇപ്പോഴത്തെ അരമന*



*അഞ്ചൂർ അരമനയോട് ചേർന്ന് മാർ പീലക്സിനോസ് പിതാവ് നിർമ്മിച്ച ദിവ്യദർശൻ എന്ന അഗതി മന്ദിരം*

www.malankaralibrary.com



*മാർ പീലക്സിനോസ് തൊഴിയൂർസഭയിൽ മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ*



*മാർ പീലക്സിനോസ് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതിനുശേഷം മറ്റ് മെത്രാന്മാരോടൊപ്പം*

www.malankaralibrary.com



***കാലം ചെയ്ത സഖറിയാസ് മാർ അത്തനാസിയോസിന്റെ കബറടക്ക ശുശ്രൂഷയ്ക്ക് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകുന്നു.***



www.malankaralibrary.com



പീലക്സിനോസ് പിതാവിന്റെ സഹോദരൻ എ. റ്റി. ജോബ് & ഫാമിലി



പീലക്സിനോസ് പിതാവിന്റെ സഹോദരൻ എ. റ്റി. ജോർജ്ജ് & ഫാമിലി

www.malankaralibrary.com



പീലക്സിനോസ് പിതാവിന്റെ സഹോദരൻ എ. റ്റി. ജോസ് & ഫാമിലി



പീലക്സിനോസ് പിതാവിന്റെ സഹോദരൻ സൈമൺ തോമസ് & ഫാമിലി

www.malankaralibrary.com




*പീലക്സിനോസ് പിതാവിന്റെ സഹോദരൻ ബേബി തോമസ് & ഫാമിലി*



*മാർ പീലക്സിനോസ് പിതാവിന്റെ തറവാട്.*

www.malankaralibrary.com



മാർ പീലക്സിനോസ് പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയെ വത്തിക്കാനിൽ സന്ദർശിച്ചപ്പോൾ



മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് മലങ്കരസഭയിലെ മറ്റു മെത്രാന്മാരോടൊപ്പം വിശുദ്ധ കുർബാന അർപ്പിക്കുന്നു.

www.malankaralibrary.com



മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി ആഘോഷത്തിൽ പ്രഭാഷണം നടത്തുന്നു.



പൗലോസ് മാർ പീലക്സിനോസ് തിരുമേനിയോടൊപ്പം പുനരൈക്യപ്പെട്ട ജോർജ്ജ് വടക്കൻ കോർ എപ്പിസ്ക്കോപ്പായുടെ കുടുംബത്തോടൊപ്പം ഫാ. ഡോ. ഐസക് പറപ്പള്ളിൽ

www.malankaralibrary.com



തന്റെ മെത്രാഭിഷേക രജതജൂബിലിയോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയിൽ
മാർ ബസേലിയോസ്, മാർ യൂഹാനോൻ എന്നീ മെത്രാന്മാരോടൊപ്പം




ഫാ. മാത്യു കളരിക്കാലായിൽ, ഫാ. ഡോ. ഐസക് പറപ്പള്ളിൽ,
ഫാ. ജോർജ്ജ് വടക്കൻ എന്നിവർ തൊഴിയൂർസഭയുടെ മുൻ മെത്രാപ്പോലീത്താ
ജോസഫ് മാർ കുറിലോസിനോടൊപ്പം

www.malankaralibrary.com



തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ ഇപ്പോഴത്തെ മെത്രാപ്പോലീത്ത
സിറിൽ മാർ ബസേലിയോസിനോടൊപ്പം എഡിറ്റർ
ഫാ. ഡോ. ഐസക് പറപ്പള്ളിൽ, ജിയോ മാഷ് വടക്കൻ എന്നിവർ



പൗലോസ് മാർ പീലക്സിനോസ് തിരുമേനിയെക്കുറിച്ചുള്ള ഗ്രന്ഥത്തിന്റെ ഒന്നാം
പതിപ്പ് ശ്രദ്ധാപൂർവ്വം വായിക്കുന്ന തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭയുടെ
ഇപ്പോഴത്തെ മെത്രാപ്പോലീത്ത സിറിൽ മാർ ബസേലിയോസ്

www.malankaralibrary.com



മാർ പീലക്സിനോസിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന മങ്ങാട് സ്കൂളിലെ കുട്ടികൾ 2006 അദ്ധ്യയന വർഷത്തിൽ



മങ്ങാട് സ്കൂളിന്റെ ഇപ്പോഴത്തെ ദൃശ്യം

www.malankaralibrary.com




മാർ പീലക്സിനോസിന്റെ കുഞ്ഞുപൂക്കൾ എന്ന കവിതാ സമാഹാരത്തിന്റെ പ്രകാശനത്തോടനുബന്ധിച്ച് സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ആശംസാ പ്രസംഗം നടത്തുന്നു.




മാർ പീലക്സിനോസിന്റെ കുഞ്ഞുപൂക്കൾ എന്ന കവിതാ സമാഹാരത്തിന്റെ പ്രകാശനച്ചടങ്ങിൽ പ്രൊഫ. കെ. പി. നാരായണ പിഷാരടി പ്രസംഗിക്കുന്നു.

www.malankaralibrary.com





***കുഞ്ഞുങ്ങളില്ലാതെ വിഷമിച്ച ഒരു ഹൈന്ദവ കുടുംബത്തിന് അഭിവന്ദ്യ പീലക്സിനോസ് പിതാവിന്റെ മധ്യസ്ഥതയിലൂടെ കുഞ്ഞിനെ ലഭിച്ചതിന്റെ സന്തോഷസൂചകമായി പിതാവിന്റെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് എല്ലാ വർഷവും നവംബർ 5 –ാം തീയതി അഞ്ചൂർ പള്ളിയിൽ പഴക്കുല വഴിപാടുമായി കടന്നുവരുന്ന കുടുംബം***

www.malankaralibrary.com



മാർ പീലക്സിനോസ് മെത്രാപ്പോലീത്താ മലങ്കരസഭയിലെ
മറ്റു മെത്രാപ്പോലീത്താമാരായ മാർ ഗ്രിഗോറിയോസ്, മാർ ബസേലിയോസ്,
മാർ തിമോത്തിയോസ്, മാർ അപ്രേം എന്നിവരോടൊപ്പം



മലങ്കര കത്തോലിക്കാസഭയിലെ മെത്രാപ്പോലീത്താമാർ മാർ പീലക്സിനോസിന്റെ
ഭൗതിക ശരീരത്തിന് സമീപം

www.malankaralibrary.com



മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ കബറടക്ക ശുശ്രൂഷ



പിതാവിന്റെ ഭൗതിക ശരീരവും വഹിച്ചുകൊണ്ടുള്ള നഗരികാണിക്കൽ

www.malankaralibrary.com



കവിത

# മൃത്യുസ്ഥാനികൻ

പീറ്റർ സി. എബ്രഹാം

കാർവർണ്ണപുഷ്പം വിരിയുന്ന സൗമ്യത;
ക്ലേശിച്ച ശ്വാസ നിശ്വാസ ശ്രമം;
ചുണ്ടിലപ്പൊഴും ഈയലാടും കാവ്യ ശീലുകൾ;
ഉള്ളിലദ്ധ്യാത്മ പ്രദീപ പ്രകാശവും
ആതുരാഗാരച്ചതുർ ചുവരന്നിക-
ത്തക്ഷര പ്രിയനീ പയ്യനെന്നങ്ങറി
ഞ്ഞെന്നോടെഴുത്തച്ഛൻ തൊട്ടു ശൃംഗാരിയാം
ചങ്ങമ്പുഴ വരെയുള്ളോരെഴുതിയ
ഈരടി പാടിയും; സ്വന്തം കവിതകൾ
വെട്ടിത്തിരുത്തികുറിച്ച ബുക്കൊന്നെടു-
ത്തുത്സാഹമാർന്നാലപിച്ചു രസിക്കിലും;
ചായൽ സ്ഥാനികന്റെ ഭൂഷണവും അഴി-
ച്ചേറെത്തണുത്ത മൃതവസ്ത്രവും ധരി-
ച്ചംശവടിയും പിടിച്ചിന്നിരിക്കയായ്
മൃത്യുസ്ഥാനികൻ പൗലോസ് മാർ പീലക്സിനോസ്.
സ്ഥാനികനല്ല, തൊഴിയൂരിൽ കൽപിക്കും
തമ്പുരാനായിരുന്നെങ്കിലും പ്രൗഢമാം
ശക്തിചിഹ്നങ്ങൾ ഒരേകാഗ്ര സത്യത്തെ
നേടുവാൻ മാത്രം അഴിച്ചു കളഞ്ഞവൻ....
ഏതു കരം, നിത്യജീവരക്തത്തിന്റെ
കാസയിൽ നിന്നുയിർ ഞങ്ങൾക്കു നൽകിയോ
അക്കരത്താൽ നിറക്കൂട്ടൊരുക്കി, ഛായാ
ചിത്രങ്ങൾ തീർത്തിരുന്നീക്കലോപാസകൻ
ശ്വാസവൈഷമ്യ സ്വനമിനിയില്ലാ; പൂം-
കോകില ഗാനമായ് നിന്നാലാപന; മതു
ഞങ്ങൾക്കു താരാട്ടുപാട്ടായ വാണികൾ
നിത്യ സുഷുപ്തിതൻ അക്കരെ ചെല്ലുവാൻ
ഞങ്ങൾക്കു കെല്പേകിടും തപോ വാണികൾ.

www.malankaralibrary.com

# എന്നെ ഏറെ സ്വാധീനിച്ച വ്യക്തിത്വം

**ഡോ. എം. സി. മാത്തുക്കുട്ടി**
(2016 ൽ കത്തോലിക്കാസഭയിൽ ചേർന്ന തൊഴിയൂർ സ്വതന്ത്ര
സുറിയാനിസഭയുടെ മുൻ അല്മായ ട്രസ്റ്റി)

സഭൈക്യത്തിന്റെ അപ്പസ്തോലനായിരുന്ന പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ വിവിധ പ്രവർത്തനങ്ങളെപ്പറ്റിയും ജീവിതശൈലിയെപ്പറ്റിയും പ്രതിപാദിക്കുന്ന ഒരു പുസ്തകം 2006 ൽ റവ. ഡോ. ഐസക് പറപ്പള്ളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിൽ ഉൾപ്പെടാത്തതും അദ്ദേഹവുമായി ബന്ധപ്പെട്ട് തുടർന്നുണ്ടായ കാര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് രണ്ടാമത്തെ എഡിഷൻ പ്രസിദ്ധീകരിക്കുവാൻ പ്രസാധകൻ ആഗ്രഹിക്കുന്നതായി അറിയുവാൻ കഴിഞ്ഞു.

തൊഴിയൂർ മലബാർ സ്വതന്ത്ര സുറിയാനിസഭയിൽ ഏറെക്കാലം വിവിധ തലങ്ങളിൽ പ്രവർത്തിക്കുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഇടവക സെക്രട്ടറി, സഭാ കൗൺസിൽ അംഗം, സഭയിലെ വിവിധ ബോർഡിലെ അംഗം, അൽമായ ട്രസ്റ്റി, സുവിശേഷ പ്രവർത്തകൻ തുടങ്ങിയ പദവികളിൽ ദീർഘകാലം സേവനമനുഷ്ഠിക്കുവാനുള്ള ഭാഗ്യം ദൈവം എനിക്ക് നൽകിയിട്ടുണ്ട്. ഞാൻ സൺഡേസ്കൂളിൽ പഠിക്കുന്ന സമയം സൺഡേസ്കൂൾ ഇൻസ്പെക്ടർ പദവിയിൽ സേവനം അനുഷ്ഠിച്ചു വരികയായിരുന്നു, ബഹു. വൈദികനായിരുന്ന ഫാ. പോൾ തോമസ്. തുടർന്ന് തൊഴിയൂർ ഹൈസ്കൂളിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്യുമ്പോഴായിരുന്നു മെത്രാപ്പോലീത്തയുടെ തിരഞ്ഞെടുപ്പ്. മെത്രാപ്പോലീത്താസ്ഥാനത്തിരിക്കുമ്പോൾ ചില കാര്യങ്ങൾക്കായി ഞാൻ അദ്ദേഹത്തെ സമീപിച്ചിരു

www.malankaralibrary.com



ന്നത് ഓർമ്മയിൽ വരുന്നുണ്ട്.

'കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി', എലിസബത്തിന്റെ വിസ്മയമാർന്ന ആ മറുപടി ലോകരക്ഷകനായ ക്രിസ്തുവിന്റെ രക്ഷാകര ദൗത്യത്തിന് ചൂണ്ടുപലകയായിത്തീർന്നതുപോലെ, 1977 ൽ ഭാഗ്യസ്മരണാർഹനായ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായും വന്ദ്യ ജോർജ് വടക്കൻ കശ്ശീശ്ശയും കത്തോലിക്കാ സംസർഗ്ഗത്തിലേക്ക് കടന്നു വന്നതിന്റെ 43-ാം വർഷം ചാലിശ്ശേരിയിൽ കത്തോലിക്കാസഭയുടെ ഒരു ദൈവാലയം പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ആരംഭം കുറിച്ചത് ദൈവിക വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ്.

അഭി. പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ആഗ്രഹപ്രകാരം 1978 നവംബർ 7-ാം തീയതി തിരുവല്ല രൂപത, ചാലിശ്ശേരി ദൈവാലയത്തിനുവേണ്ടി 287/2 എ-ബി സർവ്വെ നമ്പറിൽ 74.5 സെന്റ് സ്ഥലം രജിസ്റ്റർ ചെയ്തു വാങ്ങി. തിരുവല്ല രൂപതയെ ദീർഘകാലം നയിക്കുകയും, തൊഴിയൂർസഭയിൽനിന്നും പുനരൈക്യപ്പെട്ടവർക്കും മറ്റുമായി അനുയോജ്യമായ ആരാധനാസൗകര്യം ഏർപ്പെടുത്തുകയും ചെയ്ത, രൂപതയുടെ മുൻ അദ്ധ്യക്ഷൻ അഭി. സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മകൾക്ക് മുമ്പിൽ പ്രാർത്ഥനാ മഞ്ജരികൾ അർപ്പിക്കുന്നു. അഭി. അത്തനാസിയോസ് പിതാവിന്റെ ആകസ്മികമായ ദേഹവിയോഗത്തിനു ശേഷം തിരുവല്ല രൂപതയുടെ അഡ്മിനിസ്ട്രേറ്റർ പെരിയ ബഹു. മോൺ. മാത്യു നെടുങ്ങാട്ടച്ചന്റെ കാലത്ത് ചാലിശ്ശേരി ദേവാലയത്തിന്റെ സ്ഥലം രജിസ്റ്റർ ചെയ്ത് സ്വന്തമാക്കി. ഈ ക്രമീകരണങ്ങൾക്ക് തിരുവല്ല രൂപത പ്രൊക്യൂറേറ്റർ എന്ന നിലയിൽ നേതൃത്വം നൽകിയിരുന്നത് ഫാ. ഏബ്രഹാം കാക്കനാട്ട് ആയിരുന്നു. 38 വർഷങ്ങൾക്കുശേഷം ഏബ്രഹാം മാർ യൂലിയോസ് എന്ന നാമത്തിൽ മൂവാറ്റുപുഴ രൂപതയുടെ ദ്വിതീയ അദ്ധ്യക്ഷനായി ഈ ദേവാലയത്തിന് അദ്ദേഹം ആരംഭം കുറിച്ചത് ചരിത്ര നിയോഗമായിരുന്നു. 42 വർഷങ്ങൾക്കുശേഷം 2021 ജനുവരി 16-ാം തീയതി മൂവാറ്റുപുഴ ഭദ്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ് മെത്രാപ്പോലീത്തായുടെ തൃക്കയ്യാൽ ചാലിശ്ശേരി സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയം കൂദാശ ചെയ്യപ്പെട്ടപ്പോൾ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ കൊളുത്തിയ പുനരൈക്യത്തിന്റെ പ്രകാശ

www.malankaralibrary.com



സ്തംഭം അനേക മക്കൾക്ക് ആശ്വാസത്തിന്റെ ജ്വാലയായിത്തീർന്നു. 1978 ൽ ദേവാലയസ്ഥലം വാങ്ങിയതിനുശേഷം തിരുവല്ല രൂപതയുടെ നിർദ്ദേശപ്രകാരം മതിൽകെട്ടി ഇവിടത്തെ കാര്യങ്ങൾ നോക്കി നടത്തിയത് വന്ദ്യ ജോർജ് വടക്കൻ കശ്ശീശ്ശയായിരുന്നു.

**ദേവാലയനിർമ്മാണം - നാൾവഴികളിലൂടെ**

2016 മാർച്ച് 26-ാം തീയതി കല്ലുംമ്പുറം സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽവച്ച് അഭി. പിതാവ് തൊഴിയൂർ സഭയിലെ ബഹു. ഫാ. ബാബു മണ്ടുമ്പാൽ എന്ന വൈദികനെയും ഏതാനും കുടുംബങ്ങളെയും കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുത്തി. തൊഴിയൂർസഭയുടെ അൽമായട്രസ്റ്റിയായി ഏറെക്കാലം സേവനമനുഷ്ഠിച്ച ഞാനും കുടുംബവും അന്നേ ദിവസം പുനരൈക്യപ്പെട്ടവരിൽ ഉൾപ്പെടുന്നു.

ചാലിശ്ശേരിയിൽ ദൈവമാതാവിന്റെ നാമത്തിൽ ഒരു ദേവാലയം നിർമ്മിക്കണമെന്ന അഭി. പീലക്സിനോസ് പിതാവിന്റെ സ്വപ്നവും, പുനരൈക്യപ്പെട്ട സഭാമക്കളുടെ അഭിലാഷവും മനസ്സിലാക്കി അഭി. ഏബ്രഹാം മാർ യൂലിയോസ് പിതാവ് 2016 ജൂലൈ 10-ാം തീയതി ദൈവാലയത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു. തൊഴിയൂർ മലബാർ സ്വതന്ത്ര സുറിയാനിസഭയുടെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറിലോസ് വലിയ ബാവയുടെ ശ്രാദ്ധപ്പെരുന്നാൾ ദിവസംതന്നെ ദൈവമാതാവിന്റെ നാമത്തിലുള്ള മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ചാലിശ്ശേരി ദേവാലയത്തിന്റെ അടിസ്ഥാനശില സ്ഥാപിതമായത് ഒരു ദൈവനിയോഗമായിരുന്നു.

2016 ജൂലൈ 14-ാം തീയതി തൊഴിയൂർസഭയുടെ വികാരിജനറൽ ആയിരുന്ന ബഹു. ജോബ് കുഴുപ്പുള്ളിയച്ചനും കുടുംബവും, മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവയുടെ മുമ്പാകെ തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽവച്ച് പുനരൈക്യപ്പെടുകയുണ്ടായി.

പുതിയ ദൈവാലയ നിർമ്മാണത്തിനാവശ്യമായ ജില്ലാ കളക്ടറുടെ അനുമതി 19-10-2017 നു ലഭ്യമായതിനെത്തുടർന്ന് കെട്ടിടാനുമതി ചാലിശ്ശേരി ഗ്രാമപഞ്ചായത്തിൽനിന്ന് 28-11-2017 ന് ലഭ്യമാക്കി.

www.malankaralibrary.com





നിർമ്മാണപ്രവർത്തനം അഭി. യൂലിയോസ് പിതാവിന്റെ പ്രാർത്ഥനാനന്തരം 2018 ജൂലൈ 7-ാം തീയതി ആരംഭിച്ചു. അനുമതിക്കും മറ്റും ദൈവാലയത്തിന്റെ പരിസരത്തുള്ള ജാതിമത ഭേദമെന്യേയുള്ള കുടുംബങ്ങളുടെ പൂർണ്ണ സഹകരണം ഉണ്ടായിരുന്നു. സമയബന്ധിതമായി ചാലിശ്ശേരി ദേവാലയനിർമ്മാണം പൂർത്തിയാക്കുവാൻ ഘട്ടംഘട്ടമായി സാമ്പത്തിക സഹായം അനുവദിക്കുകയും തക്ക സമയങ്ങളിൽ നിർദ്ദേശം നൽകുകയും ചെയ്ത അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവിന്റെ നടപടികൾ പ്രശംസനാർഹമായിരുന്നു. ദൈവനിശ്ചയപ്രകാരം 2021 ജനുവരി 16-ാം തീയതി രൂപതാദ്ധ്യക്ഷൻ അഭി. യൂഹാനോൻ മാർ തിയഡോഷ്യസ് പിതാവ് ദൈവാലയ കൂദാശ നടത്തി. 17-ാം തീയതി ആദ്യത്തെ കൃതജ്ഞതാബലി അഭി. ഏബ്രഹാം മാർ ജൂലിയോസ് പിതാവ് അർപ്പിച്ചു. ഇതോടെ, അഭി. പീലക്സിനോസ് മെത്രാപ്പോലീത്തയുടെ ചാലിശ്ശേരിയെപ്പറ്റിയുള്ള സ്വപ്നമാണ് പൂവണിഞ്ഞത്.

ചാലിശ്ശേരി ദേവാലയത്തോടനുബന്ധിച്ച് സ്ഥാപിതമായ കൽക്കുരിശും അനുബന്ധക്രമീകരണങ്ങളും രൂപതാദ്ധ്യക്ഷൻ ദേവാലയ കൂദാശക്ക് മുമ്പായി ആശീർവദിച്ചു. ഇടവക ട്രസ്റ്റിയായി ചുമതല വഹിക്കുന്ന എന്റെ അനുജൻ ഡോ. എം. സി. വർഗ്ഗീസിന്റെ സ്നേഹസ്മരണയ്ക്കായി 'ചാലിശ്ശേരി ചാക്കോളാസ്സ്' കുടുംബമാണ് കൽക്കുരിശിന്റെ നിർമ്മാണം നടത്തിയത്. ദേവാലയ നിർമ്മിതിയുടെ ചുമതലകൾ വഹിച്ചിരുന്നത് ഫാ. തോമസ് പുല്ലുകാലായിൽ ആയിരുന്നു. ചാലിശ്ശേരി ദേവാലയത്തിന്റെ ആദ്യത്തെ വികാരിയായി നിയമിതനായത് പുനരൈക്യപ്പെട്ട ഫാ. ജോബ് കുഴുപ്പുള്ളിയാണ്. ദേവാലയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള ഫണ്ടു ശേഖരിക്കുന്നതിലും ചാലിശ്ശേരി പ്രദേശത്തെ മിഷൻ പ്രവർത്തനങ്ങളിലും, കുടുംബങ്ങളെ പുനരൈക്യപ്പെടുത്തുന്നതിലും ജോബച്ചന്റെ മികവ് എടുത്ത് പറയേണ്ടതാണ്.

www.malankaralibrary.com



തൊഴിയൂർസഭയുടെ പൂർണ്ണ പുനരൈക്യമായിരുന്നു പീലക്സീനോസ് പിതാവിന്റെ സ്വപ്നം. എന്നാൽ സാങ്കേതിക കാരണങ്ങളാൽ സാധിക്കാതെ പോയ പ്രസ്തുത കാര്യം താമസംവിനാ നടക്കുമെന്ന് നമുക്ക് ആശിക്കാം.

1977 ൽ പീലക്സീനോസ് തിരുമേനി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടപ്പോൾ, അതിൽ ഖേദവും വെറുപ്പുമാണ് എനിക്ക് തോന്നിയത്. എന്നാൽ ഏറെക്കാലത്തിനുശേഷം അത് അനിവാര്യമായിരുന്നെന്നും ഇപ്പോൾ ഞാൻ ബോദ്ധ്യപ്പെടുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ ലയിക്കണമെന്നുള്ളതിന്റെ ആവശ്യകത മനസ്സിലാക്കി ഇപ്പോഴെങ്കിലും അതിനുള്ള ഭാഗ്യം ലഭിച്ചതിൽ ഞാനും കുടുംബവും സന്തോഷിക്കുന്നു. ഞാനും, എന്റെ അനുജൻ ഡോ. എം.സി. വർഗ്ഗീസും അവന്റെ ഭാര്യ ഡോ. മോളു വർഗ്ഗീസും തലശ്ശേരി ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ദൈവശാസ്ത്രത്തിൽ ഡിപ്ലോമ, ഡിഗ്രി, പിജി എന്നിവ എടുക്കുവാൻ ദൈവകൃപയുണ്ടായി. ഫാദർ ജോസഫ് പാംപ്ലാനി, ഫാ. തോമസ്സ് കൊച്ചുകരോട്ടിൽ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ക്ലാസുകൾ. ഫാ. പാംപ്ലാനി പിന്നീട് തലശ്ശേരി രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായി. ഞങ്ങൾ 3 പേരായിരുന്നു തൊഴിയൂർസഭയിൽനിന്ന് അവിടെ പഠനം നടത്തിയവർ. ഹൈദരാബാദിൽനിന്നാണ് ഞങ്ങൾ ഡോക്ടറേറ്റ് സമ്പാദിച്ചത്.

ഏറെക്കാലം വികാരിയായും വികാരിജനറലായും തൊഴിയൂർസഭയിൽ പ്രവർത്തിച്ചിരുന്ന കശ്ശീശ്ശയാണ് ഫാ. ജോബ് കുഴുപ്പുള്ളി. അദ്ദേഹത്തെയാണ് ഞങ്ങൾക്ക് വികാരിയായി ലഭിച്ചിരിക്കുന്നത്. ഞാൻ തൊഴിയൂർസഭയിൽ വിവിധ പദവികളിൽ അതായത് 'അല്മായ ട്രസ്റ്റി' ഉൾപ്പെടെ ആയിരുന്ന സമയങ്ങളിൽ ജോബച്ചനുമായി ഒരുമിച്ച് പ്രവർത്തിക്കുവാൻ അവസരം ലഭിച്ചിരുന്നു. സമാധാനത്തോടെ പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല എന്ന വസ്തുത ഒരു യാഥാർഥ്യമാണ്. ആയതിന്റെ കാരണങ്ങൾ വിശദീകരിക്കുന്നില്ല. സമാധാനത്തോടും സന്തോഷത്തോടും പൂർണ്ണ സംതൃപ്തിയോടെയും ശിഷ്ടായുസ്സ് പൂർത്തീകരിക്കുവാനുള്ള പ്രാർത്ഥനയാണ് ഇപ്പോഴുള്ളത്.

www.malankaralibrary.com

# കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ എനിക്ക് ലഭിച്ച പ്രചോദനം

**ഫാ. ജോബ് കുഴുപ്പുള്ളി**
**(2016 ൽ കത്തോലിക്കാസഭയിൽ ചേർന്ന തൊഴിയൂർസഭയുടെ മുൻ വികാരിജനറാൾ)**

‘‘പൗലോസ് മാർ പീലക്സിനോസ് – സഭൈക്യത്തിന്റെ അപ്പസ്തോലൻ’’ എന്ന പേരിൽ 2006 ൽ ഒരു പുസ്തകം റവ. ഡോ. ഐസക് പറപ്പള്ളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. പീലക്സിനോസ് പിതാവിനെ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പുസ്തകത്തിന്റെ രണ്ടാമത്തെ പതിപ്പ് പ്രസിദ്ധപ്പെടുന്നതായി അറിയുവാൻ കഴിഞ്ഞു.

ദീർഘവീക്ഷണത്തോടുകൂടി അനേകം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുവാൻ ആഗ്രഹിച്ച വ്യക്തിത്വമായിരുന്നു തിരുമേനിയുടേത്. തൊഴിയൂർസഭയുടെ മെത്രാപ്പോലീത്തയായി വാഴുന്ന കാലത്തുതന്നെ പല വികസന പ്രവർത്തനങ്ങളും ചെയ്യുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അതിന്റെ തുടർച്ച തന്നെയായിട്ടാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടതിനു ശേഷമുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും ഞാൻ കാണുന്നത്. ഒരു മുൻ തൊഴിയൂർ സഭാംഗം എന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും ദീർഘവീക്ഷണങ്ങളെയും വിശകലനം ചെയ്യുവാൻ ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുകയാണ്.

ഭാഗ്യസ്മരണാർഹനായ മാർ പീലക്സിനോസ് തിരുമേനിയെക്കുറിച്ച് എനിക്ക് ചെറിയ ഓർമ്മ മാത്രമേ ഉള്ളൂ. തൊഴിയൂർസഭയിൽ

www.malankaralibrary.com



1967–77 കാലഘട്ടത്തിൽ സഭയെ നയിച്ച അദ്ദേഹം എന്റെ മാതൃ ഇടവകയായ ചാലിശ്ശേരി സെന്റ് ഔഗിൻസ് പള്ളിയിൽ വിശുദ്ധ കുർബാനയർപ്പിക്കുവാൻ വന്നിരുന്ന കാഴ്ച കേവലം ബാലനായ എന്നെ സംബന്ധിച്ചിടത്തോളം കൗതുകത്തോടെ ഓർത്തു പോകുന്നു. സ്വരഗാംഭീര്യത്തോടെയുള്ള പ്രകടനമില്ലെങ്കിലും വളരെ ഭക്തിപൂർവ്വം വി. കുർബാന അർപ്പിക്കുന്ന ശൈലിയാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. എനിക്ക് 10 വയസ്സ് ഉള്ളപ്പോഴാണ് പിതാവ് തൊഴിയൂർസഭ വിട്ടു പോകുന്നത്. സഭ വിട്ടു പോകാനുള്ള കാരണം എന്താണ് എന്നൊന്നും അന്വേഷിക്കുവാനുള്ള പ്രായമോ പക്വതയോ ഇല്ലാത്ത അവസ്ഥയാണെനിക്കുണ്ടായിരുന്നത്. നാഥനില്ലാതായ സഭയ്ക്ക് പിന്നീട് അഭി. മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെ പിൻഗാമിയായി ലഭിച്ചു. അദ്ദേഹം കാലം ചെയ്തപ്പോൾ 1986 ൽ അഭി.ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അഭിഷിക്തനായി. അദ്ദേഹത്തിൽനിന്നാണ് ഞാൻ പൗരോഹിത്യം സ്വീകരിച്ചത്. അദ്ദേഹമാണ് വൈദികവിദ്യാർത്ഥികൾക്ക് വൈദികപരിശീലനത്തിനായി മാർത്തോമ്മാസഭയുടെ സെമിനാരിയിൽ പഠനസൗകര്യമൊരുക്കിയത്. അതിനുമുമ്പ് ഗുരുകുലസമ്പ്രദായത്തിലായിരുന്നു.

1995 ൽ ജബൽപൂർ ലിയണോർഡ് തിയോളജിക്കൽ കോളേജിൽ നിന്ന് BD ഡിഗ്രി (Batchelor of Divinitiy) പരിശീലനം കഴിഞ്ഞതിന് ശേഷം ഒരു ശെമ്മാശനായി തൊഴിയൂർസഭയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കെ കെ.സി.ഇ.സി. (Kerala Christian Ecumenical Church) ന്റെ കോട്ടയത്തു വച്ച് നടന്ന യോഗത്തിനുശേഷം തിരുവല്ല പുഷ്പഗിരി ആശുപത്രിയിൽ വച്ച് അവിചാരിതമായി പീലക്സിനോസ് തിരുമേനിയെ കാണുവാൻ ഇടയായി. ചികിത്സയിൽ കഴിഞ്ഞിരുന്ന മാർത്തോമാസഭയിലെ ഒരു വൈദികനെ സന്ദർശിക്കുമ്പോഴാണ് ഈ കൂടിക്കാഴ്ച നടത്തിയത്. വളരെ ക്ഷീണിതനായിട്ടാണ് അവിടെ തിരുമേനിയെ കണ്ടത്. ഞാൻ തൊഴിയൂർസഭയിലെ ശെമ്മാശനാണ് എന്നറിഞ്ഞപ്പോൾ, അദ്ദേഹത്തെ അലട്ടിയിരുന്ന ആസ്തമയുടെ മൂർദ്ധന്യാവസ്ഥയിലും എന്നോട് വീട്ടിലെ കാര്യങ്ങൾ അന്വേഷിക്കാൻ മറന്നില്ല. ഞാൻ ആരുടെ മകനാണ്? ഏത് ഇടവകയിൽനിന്ന്? വീട്ടുപേരെന്ത്? എന്നെല്ലാം സ്നേഹപൂർവ്വം ചോദിച്ചറിയുവാൻ ശ്രമിക്കുകയുണ്ടായി. മാത്രമല്ല. എന്റെ ഭവനത്തെ മനസിലാക്കിയ തിരുമേനി നല്ലവണ്ണം പഠിക്കുവാനും പ്രാർത്ഥനാജീവിതം നയിക്കണമെന്നും എന്നോട് ഉപദേശിക്കുകയുണ്ടായി. കൈ മുത്തി മുറിയിൽനിന്ന് പുറത്തയ്ക്കിറങ്ങിയപ്പോൾ മുതൽ

www.malankaralibrary.com



എന്റെ മനസ്സിൽ ഒരു ശൂന്യതാബോധം ഉടലെടുക്കുകയുണ്ടായത് ഞാൻ ഓർക്കുകയാണ്. പുനരൈക്യപ്പെട്ട തിരുമേനിയുടെ സഭയിൽ ഞാൻ ഒരു ശുശ്രൂഷകനാകുമെന്നൊന്നും അന്ന് ഓർത്തില്ല. തിരുവചനം ഉൾക്കൊണ്ട് (യോഹ. 10:16) ഒരു ആട്ടിൻകൂട്ടവും ഒരു ഇടയനെയും സൂചിപ്പിക്കുന്ന ആഗോള കത്തോലിക്കാസഭയുടെ കൂട്ടായ്മയിലേക്ക് കടന്നുവരുമെന്ന് അന്ന് ഓർത്തില്ല. നല്ല നാളേയ്ക്കായിരുന്നു പിതാവിന്റെ കാൽവയ്പ് എന്നും കരുതിയില്ല. അക്കാര്യങ്ങൾ മനസിലാക്കുവാൻ ദീർഘനാൾ കാത്തിരിക്കേണ്ടി വന്നു എന്നുള്ളതാണ് വസ്തുത.

മത്തായി 10:14-ാം വചനത്തിൽ ഇപ്രകാരം പറയുന്നു ''ആരെങ്കിലും നിങ്ങളെ സ്വീകരിക്കാതിരിക്കുകയോ, നിങ്ങളുടെ വചനം ശ്രവിക്കാതെയോ ഇരുന്നാൽ ആ ഭവനം അഥവാ പട്ടണം വിട്ടു പോരുമ്പോൾ നിങ്ങളുടെ പാദങ്ങളിലെ പൊടി തട്ടിക്കളയുവിൻ'', ഈ വചനം ആസ്പദമാക്കിയായിരുന്നു പീലക്സിനോസ് തിരുമേനി സഭ വിട്ടു പോയതെന്ന് അടുത്ത കാലത്താണ് ഞങ്ങൾ മനസ്സിലാക്കുന്നത്. പൗലോസ്ശ്ലീഹാ പറഞ്ഞതുപോലെ ''താൻ നേടിയതെല്ലാം ഉദാ: സമ്പത്ത്, പദവി തുടങ്ങിയവയെല്ലാം ക്രിസ്തുവിനെപ്രതി ഉച്ഛിഷ്ടമായി കണക്കാക്കുന്നു'' (ഫിലി. 3:8). അഭിവന്ദ്യ പിതാവ് ഈ തിരിച്ചറിവിലൂടെ തൊഴിയൂർസഭയിൽനിന്ന് താൻ എന്തെല്ലാം ഭൗതിക നേട്ടങ്ങൾ നേടിയോ അവയെല്ലാം ക്രിസ്തുവിനെപ്രതി ത്യജിച്ചായിരുന്നു പുനരൈക്യ തീരുമാനം.


1967 മുതൽ 1977 വരെയായിരുന്നു പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ തൊഴിയൂർസഭയിലെ ഭരണകാലം, അതായത് 10 വർഷം. ഇക്കാര്യം പറയുമ്പോൾ പഴയനിയമത്തിലെ ഒരു വേദഭാഗം ഓർക്കുകയാണ്. 2 ദിനവൃത്താന്തം 14 ന്റെ ആദ്യ ഭാഗം : ''അബിയ പിതാക്കന്മാരോടു ചേർന്നപ്പോൾ മകൻ ആസ്സ രാജാവായി. ആസ്സയുടെ കാലത്ത് 10 വർഷം ദേശത്ത് സമാധാനം നിലനിന്നു. ആസ്സ ദൈവമായ കർത്താവിന്റെ ദൃഷ്ടിയിൽ നീതിയും നന്മയും പ്രവർത്തിച്ചു''. അപ്രകാരം പിതാവിന്റെ കാലഘട്ടത്തിൽ തൊഴിയൂർസഭയിൽ സമാധാനം നിലനിന്നു. ആസ്സയ്ക്ക്ശേഷം ഭരണം വഹിച്ച രാജാക്കന്മാരുടെ കാലത്ത് ദൈവത്തിന് വിരോധമായി പ്രവർത്തിച്ചതിന്റെ ഫലമായി സമാധാനം നഷ്ടപ്പെട്ടു. അതുപോലെതന്നെ പീലക്സിനോസ് തിരുമേനി മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ പുനരൈക്യപ്പെട്ടതിനുശേഷം തൊഴിയൂർസഭയിൽ സമാധാനം നഷ്ടപ്പെട്ട സാഹചര്യങ്ങളാണ്

www.malankaralibrary.com



പിന്നീട് ഉണ്ടായത്. പുനരൈക്യപ്പെട്ടതിനുശേഷവും പിതാവിന് സഭാ പ്രവർത്തനങ്ങളിൽ ചില സ്വപ്നങ്ങളുണ്ടായിരുന്നു. ചാലിശ്ശേരിയിൽ ഒരു കത്തോലിക്കാ ദേവാലയം, അതിനോടനുബന്ധിച്ച് ഒരു ചെറിയ സ്കൂൾ തുടങ്ങിയവ. അതിനുവേണ്ടി 1978 ൽ 74.5 സെന്റ് സ്ഥലം രൂപതയെക്കൊണ്ട് വാങ്ങിപ്പിച്ചു. 43 വർഷങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ സ്വപ്നം യാഥാർത്ഥ്യമായി. ഈ സ്വപ്നം പിതാവിന്റെ ഏറെക്കാലത്തെ ആഗ്രഹമായിരുന്നു. ഈ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് ഒരു ചെറിയ പങ്ക് വഹിക്കുവാൻ എന്നെയും ദൈവം എടുത്തുപയോഗിച്ചു എന്ന് ഈ സന്ദർഭത്തിൽ ഞാൻ നന്ദിയോടെ അനുസ്മരിക്കുകയാണ്.

പുതുതായി പണികഴിപ്പിച്ച ദേവാലയത്തിൽ ദിവസേന വിശുദ്ധ കുർബാനയും ശുശ്രൂഷകളും അർപ്പിച്ച് പോരുന്നു. തൊഴിയൂർ സഭാംഗമായിരിക്കെ ഏറെക്കാലം സുവിശേഷ പ്രവർത്തനങ്ങളും രോഗശാന്തി ശുശ്രൂഷകളും നടത്തി വന്നിരുന്ന എനിക്ക് മലങ്കര കത്തോലിക്കാ സഭയാകുന്ന പുതിയ മേച്ചിൽപ്പുറം ദൈവം നല്കിയിരിക്കയാണ്. കർത്താവ് അബ്രഹാമിനോട് അരുളിച്ചെയ്തു, നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ടു ഞാൻ കാണിച്ചുതരുന്ന നാട്ടിലേയ്ക്ക് പോകുക (ഉൽപ്പത്തി 12:1). പ്രസ്തുത വിളി അനുസരി



*ചാലിശ്ശേരി മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം*

ച്ചാണ് ഞാനും കുടുംബവും 2016 ജൂലൈ 14-ാം തീയതി മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ മുമ്പാകെ തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽവച്ച് പുനരൈക്യപ്പെട്ടത്. എന്തുകൊണ്ടും അത് ദൈവനിയോഗമാണെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

www.malankaralibrary.com



തൊഴിയൂർസഭ സ്ഥാപിതമായിട്ട് അതിന്റെ രണ്ടാം ശതവാർഷികം 1972 ൽ തൊഴിയൂർ ഭദ്രാസന ദേവാലയത്തിൽ വച്ച് അതിവിപുലമായ പരിപാടികളോടുകൂടി ആഘോഷിക്കുകയുണ്ടായി. പീലക്സിനോസ് തിരുമേനിയുടെ ഭരണകാലഘട്ടത്തിലായിരുന്നു പ്രസ്തുത പരിപാടികൾ നടന്നത്. തിരുമേനിയുടെ ദീർഘവീക്ഷണവും പ്രവർത്തനോന്മുഖതയും ഈ പരിപാടിയിൽ ദൃശ്യമായിരുന്നു. സഭാ സ്ഥാപകനായ അബ്രഹാം മാർ കൂറീലോസ് ബാവായുടെ നാമം എക്കാലവും സ്മരിക്കപ്പെടണം എന്ന ചിന്തയോടുകൂടെ രൂപം കൊടുത്ത പദ്ധതിയാണ് മാർ കൂറീലോസ് മിഷൻ ആശുപത്രി. അതോടനുബന്ധിച്ചുള്ള ചടങ്ങിലാണ് ബഹു. കെ.സി. വർഗ്ഗീസ് കശ്ശീശാ എഴുതിയ ചരിത്രപുസ്തകം ''മലബാർ സ്വതന്ത്ര സുറിയാനിസഭാ ചരിത്രം'' പ്രകാശനം ചെയ്തത്. ഈ കാലയളവിൽത്തന്നെയാണ് സഭാസ്ഥാപകനായ മാർ കൂറീലോസ് ബാവയെ പരിശുദ്ധനായി പ്രഖ്യാപിച്ചത്. കൂടാതെ സഭയ്ക്ക് സ്വന്തമായി ഒരു അച്ചടിശാല കുന്ദംകുളത്ത് സ്ഥാപിച്ചു. അനേകം പഴക്കം ചെന്ന പള്ളികൾ പുനരുദ്ധരിക്കുകയും പുതിയ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിക്കുകയും ചെയ്തതിലൂടെ സഭയുടെ ഭൗതികവും ആത്മീയവുമായ വികസനത്തിന് വഴിതെളിച്ചു. ഇത്തരം ദീർഘവീക്ഷണവും അതിന് സഹായകരമാകുന്ന പ്രവർത്തനങ്ങളും കാഴ്ചവച്ച പിതാവ് പുനരൈക്യപ്പെട്ടതിനുശേഷവും മലങ്കര കത്തോലിക്കാസഭയിൽ കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് ഞാൻ മനസിലാക്കുന്നു. അദ്ദേഹത്തിന്റെ സ്മരണ വരുതലമുറയ്ക്ക് ഒരു പ്രചോദനമാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

# പീലക്സിനോസ് പിതാവും അഞ്ഞൂർ പള്ളിയും

റവ. ഫാ. റോബിൻ പുത്തൻപുരയ്ക്കൽ
(അഞ്ഞൂർ വികാരി & ഡയറക്ടർ, ദിവ്യദർശൻ)

1977 ആഗസ്റ്റ് 28 ന് അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുന്നതിനുമുമ്പ് ഒരു വീടിന്റെ മാതൃകയിൽ പണികഴിപ്പിച്ചതാണ് അഞ്ഞൂരുള്ള ദേവാലയം. പുനരൈക്യപ്പെട്ടതിനുശേഷം മുകളിൽ ഒരു കുരിശു വച്ച് പേരുനല്കി ദൈവാലയമായി രൂപപ്പെടുത്തുകയും ചെയ്തു. ഈ ദേവാലയത്തിൽ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ അനുജന്മാരും പിതാവിന്റെ കൂടെ പുനരൈക്യപ്പെട്ട ജോർജ്ജ് വടക്കൻ കോറെപ്പിസ്ക്കോപ്പായുടെ കുടുംബവുമാണ് ആദ്യം ഉണ്ടായിരുന്നത്.



www.malankaralibrary.com



1994– ൽ ഒരു മൂന്ന് നിലക്കെട്ടിടം പണിയുവാനും, അതോടൊപ്പം ഈ ദേവാലയം പുതുക്കി പണിയാനും തീരുമാനിച്ചിരുന്നു. എന്നാൽ പിതാവിന് ശാരീരിക ബുദ്ധിമുട്ട് ഉണ്ടായതിനാൽ ദേവാലയ നിർമ്മാണം നിർത്തിവച്ചു. ദേവാലയം നിർമ്മിക്കാൻ പിതാവ് വളരെയധികം ആഗ്രഹിച്ചെങ്കിലും അത് പ്രായോഗികമാക്കാൻ കഴിഞ്ഞില്ല. എന്നാൽ 22 വർഷങ്ങൾക്കുശേഷം ദൈവകൃപയാൽ ദൈവാലയം പുതുക്കിപ്പണിയാൻ ഇടയായി. 2016 – ൽ ദേവാലയ പുനർനിർമ്മാണം ബഹു. തോമസ് പുല്ലുകാലായിലച്ചന്റെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. 2016 നവംബർ 5 ന് പീലക്സിനോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് മൂവാറ്റുപുഴ രൂപതയുടെ മുൻ അദ്ധ്യക്ഷൻ അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ തൃക്കരങ്ങളാൽ കൂദാശ ചെയ്യപ്പെട്ടു. ഈ ദേവാലയം ദൈവസഹായത്താൽ വെറും 125 ദിവസങ്ങൾകൊണ്ടാണ് പൂർത്തീകരിച്ചത്. ഇപ്പോൾ ഈ ദേവാലയത്തിൽ 7 കുടുംബങ്ങൾ മാത്രമാണുള്ളത്.

## ദിവ്യദർശൻ ഓൾഡ് എയ്ജ് ഹോം

1994 –ൽ അഭിവന്ദ്യ പൗലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്ത അഞ്ഞൂരിൽ ഒരു മൂന്നുനില കെട്ടിടം പണിതു. അദ്ദേഹം നല്ല ഒരു കവികൂടി ആയിരുന്നതിനാൽ ഈ കെട്ടിടം ഒരു ലൈബ്രറിയാക്കണം എന്നതായിരുന്നു ആഗ്രഹം. 2004 ൽ മുവാറ്റുപുഴ രൂപത സ്ഥാപിതമായ



www.malankaralibrary.com



പ്പോൾ ആദ്യത്തെ മൈനർ സെമിനാരി ആരംഭിച്ചത് ഇവിടെ ആയിരുന്നു. ഒരു വർഷത്തിനുശേഷം മൈനർ സെമിനാരി ഇവിടെനിന്നും വെങ്ങോലയിലേക്ക് മാറ്റി. 2006 ൽ ആണ് ഈ കെട്ടിടം പിതാവിന്റെ ഓർമ്മയ്ക്കായി ഒരു ഓൾഡ് ഏയ്ജ് ഹോം ആക്കണം എന്ന തീരുമാനമായത്. പിന്നീട് കുന്നുകുരുടി ബഥനി സിസ്റ്റേഴ്സിന്റെ മാനസിക രോഗികളെ താമസിപ്പിക്കുന്ന സ്ഥലത്തുനിന്നും അവിടുത്തെ പുരുഷ



ന്മാരെ ഇവിടേയ്ക്ക് മാറ്റുകയുണ്ടായി. ആദ്യ വർഷങ്ങളിൽ ഈ സ്ഥാപനം നോക്കുവാനായി മൈസൂരിൽ നിന്നുള്ള ബ്രദേഴ്സിനെ അഭിവന്ദ്യ തോമസ് മാർ കൂറീലോസ് മെത്രാപ്പോലീത്ത ചുമതലപ്പെടുത്തി. പിന്നീടാണ് മൂവാറ്റുപുഴ രൂപതയിലെ വൈദികർ ഈ സ്ഥാപനത്തിന്റെ ചുമതല ഏറ്റെടുത്തത്. ഓരോ വർഷവും റീജൻസി ശെമ്മാശന്മാരും മറ്റ് ബ്രദേഴ്സും ഈ സ്ഥാപനത്തിൽ ശുശ്രൂഷ ചെയ്യാൻ വന്നു തുടങ്ങി. FDSHJ Sisters കുറച്ചുനാൾ ഈ സ്ഥാപനത്തിൽ ശുശ്രൂഷ നിർവ്വഹിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിൽ 40 ആളുകളെ താമസിപ്പിക്കാനുള്ള അനുവാദം കിട്ടിയിട്ടുണ്ട്. ജാതിമത വ്യത്യാസമില്ലാതെ അർഹരായവരെ ഈ സ്ഥാപനത്തിൽ താമസിപ്പിച്ചുവരുന്നു. ചുറ്റുപാടുമുള്ള നല്ലവരായ ആളുകളുടെ ഔദാര്യത്തോടെയും സഹായത്തോടെയും ഈ സ്ഥാപനം നടന്നുപോകുന്നു. ഇന്ന് ഈ സ്ഥാപനം മൂവാറ്റുപുഴ രൂപതയിലെ കാരുണ്യപ്രവർത്തനം നടത്തുന്ന ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമാണ്.

www.malankaralibrary.com

# ഒരിക്കലും മായാത്ത സ്മരണകളോടെ

സണ്ണി ലോനപ്പൻ ചിറ്റിലപ്പള്ളി
(9 വർഷത്തോളം പീലക്സിനോസ് പിതാവിനോ
ടൊപ്പമുണ്ടായിരുന്ന ഡ്രൈവർ)


1989 ആഗസ്റ്റ് മാസത്തിലാണ് അഭിവന്ദ്യ പിതാവിന്റെ ഡ്രൈവറായി ഞാൻ ചുമതലയേൽക്കുന്നത്. നീണ്ട 9 വർഷത്തോളം പിതാവിനു വേണ്ടി സേവനം അനുഷ്ഠിക്കാനുള്ള മഹാഭാഗ്യം എനിക്ക് ലഭിച്ചു. എല്ലാ കാര്യങ്ങളിലും വ്യക്തമായ കാഴ്ചപ്പാടുകൾ ഉള്ള ഒരു മഹത് വ്യക്തിയായിരുന്നു അദ്ദേഹം. നിശ്ചയദാർഢ്യമായിരുന്നു അദ്ദേഹ ത്തിന്റെ മുഖമുദ്ര. തന്റെ രോഗപീഢകൾക്കിടയിലും ലക്ഷ്യപ്രാപ്തി ക്കായി കഠിനമായി പ്രയത്നിക്കുമായിരുന്നു.

തിരുവല്ല പുഷ്പഗിരി ഹോസ്പിറ്റലിലായിരുന്നു പ്രധാനമായും അദ്ദേഹത്തിന്റെ ചികിത്സ. മാസത്തിൽ ഒന്നോ രണ്ടോ തവണയെങ്കിലും ചികിത്സയ്ക്കായി തിരുവല്ലയിലേക്ക് പോകുമായിരുന്നു. ഒരിക്കൽ യാത്രയിൽ പിതാവ് ബോധരഹിതനായി. വിളിച്ചിട്ട് യാതൊരു അനക്കവുമില്ല. പകുതിയിലേറെ ദൂരം പിന്നിട്ടിരുന്നു. എന്ത് ചെയ്യണ മെന്നറിയാത്ത നിമിഷം. ഞാൻ ജീവിതത്തിൽ ഏറ്റവും ഭയപ്പെട്ട നിമിഷ മായിരുന്നു അത്. എന്നാൽ ദൈവാനുഗ്രഹത്താൽ കുറച്ചു സമയത്തിനു ശേഷം അദ്ദേഹം വീണ്ടും സംസാരിച്ചു തുടങ്ങി. പിതാവിന് വെള്ളം നൽകി. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം വീണ്ടും യാത്ര തുടർന്നു.

പിതാവിന്റെ അവസാന കാലഘട്ടത്തിൽ തുടർച്ചയായി 9 മാസ ത്തോളം ആശുപത്രി വാസമായിരുന്നു. ഞാനും പിതാവിനോടൊപ്പ

www.malankaralibrary.com






മായിരുന്നു. മാസത്തിൽ മൂന്നോ നാലോ ദിവസം മാത്രമാണ് വീട്ടിലേക്ക് പോകാനും കുടുംബത്തെ കാണാനും അവധി ലഭിച്ചിരുന്നത്. എന്നാൽ അവസാന മാസം ഒരു ആഴ്ച അവധി നൽകിയെങ്കിലും 3–ാം ദിവസം ഉടനടി എത്തണമെന്ന് പിതാവിന്റെ അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് വീണ്ടും ആശുപത്രിയിലെത്തി. പിതാവിന്റെ ആരോഗ്യനില കൂടുതൽ മോശമായിക്കൊണ്ടിരിക്കുകയായിരുന്നു. ആശുപത്രി കട്ടിലിൽ നിന്നും എണീറ്റ അദ്ദേഹം എന്റെ കൈകളിലേക്ക് കുഴഞ്ഞു വീഴുകയായിരുന്നു. ഉടനെ ICU വിലേക്ക് മാറ്റി. അങ്ങനെ പിതാവിന്റെ അവസാന നിമിഷങ്ങളിലും കൂടെയായിരിക്കാനുള്ള അനുഗ്രഹം എനിക്ക് ലഭിച്ചു. അതിനുവേണ്ടിത്തന്നെയാകും അദ്ദേഹം എന്നെ വിളിപ്പിച്ചത്. അത് എന്റെ നിയോഗമായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു.

ഒന്നും ആവശ്യപ്പെടാതെതന്നെ എനിക്കും കുടുംബത്തിനും എല്ലാ ആവശ്യങ്ങളും പിതാവ് നിറവേറ്റി തന്നിട്ടുണ്ട്. ഏറ്റവും വലിയ അനുഗ്രഹം എന്റെ ഭാര്യക്ക് മങ്ങാട് സ്കൂളിൽ നൽകിയ ജോലിയാണ്. ഇന്നും പിതാവിന്റെ അളവില്ലാത്ത അനുഗ്രഹം എനിക്കും കുടുംബത്തിനും ലഭിച്ചുകൊണ്ടിരിക്കുന്നു.

www.malankaralibrary.com

# പോൾ ആറാമൻ മാർപ്പാപ്പായുടെ ബൂളാ

**അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയെ ചായൽ സ്ഥാനിക രൂപതയുടെ മെത്രാനായി നിയമിച്ചുകൊണ്ട് പുറപ്പെടുവിച്ചത്**


Paulus Episcopus Servus Servorum Dei

### പരിഭാഷ

**ദൈവദാസന്മാരുടെ ദാസനായ പൗലോസ്**
**എപ്പിസ്കോപ്പായിൽനിന്ന്**

ചായൽ രൂപതയുടെ സ്ഥാനിക മെത്രാനായ നമ്മുടെ അഭിവന്ദ്യ സഹോദരൻ പൗലോസ് മാർ പീലക്സിനോസ് അയ്യംകുളങ്ങരയ്ക്ക്, അഭിവാദനവും ശ്ലൈഹികാശീർവാദവും.

www.malankaralibrary.com



തന്റെ ശിഷ്യർ പൂർണ ഐക്യത്തിലായിരിക്കണമെന്നും തദ്വാര ലോകം വിശ്വസിക്കണമെന്നു (യോഹ. 17:21) മായിരുന്നു തന്റെ പിതാവിനോട് ക്രിസ്തുവിന്റെ പരമോന്നത പ്രാർത്ഥന. എല്ലാവരുടെയും പിതാവും ഇടയനുമാക്കപ്പെട്ട നമ്മുടെയും അഭിലാഷം അതുതന്നെയാണ്. ഇക്കാരണത്താലാണ്, അഭിവന്ദ്യ സഹോദരാ, കത്തോലിക്കാ തിരുസഭയുമായുള്ള പൂർണ ഐക്യത്തിലേക്ക് സ്വീകരിക്കപ്പെട്ട താങ്കളെ സ്നേഹപൂർവം ആശ്ലേഷിക്കുന്നതോടൊപ്പം തിരുസഭയുടെ പാരമ്പര്യാനുസരണം താങ്കളുടെ അന്തസ്സിനും സ്ഥാനത്തിനും അനുരൂപമായ മെത്രാൻപദവിയുടെ ബഹുമതി നൽകുകവഴി താങ്കളോടുള്ള ആഴമായ സന്മനസ്സ് പ്രസ്പഷ്ടമാക്കുവാൻ നാം ഏറെ താത്പര്യപ്പെടുന്നത്.

ദൈവത്തിന്റെ നിഗൂഢപദ്ധതിയിൻപ്രകാരം നമ്മിൽ നിഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് നാം താങ്കളെ ചായൽ രൂപതയുടെ സ്ഥാനിക മെത്രാനായി നിയമിക്കുന്നു. നിയമാനുസാരം മെത്രാൻ സ്ഥാനത്തിന്റെ എല്ലാ അവകാശങ്ങളും സകല പ്രതിബന്ധങ്ങൾക്കും അതീതമായി താങ്കൾക്ക് ഉണ്ടായിരിക്കുന്നതാണ്. അതോടൊപ്പം ഈ സ്ഥാനത്തിന് അനുയോജ്യമായ എല്ലാ കടമകൾക്കും താങ്കൾ വിധേയനായിരിക്കും. വിജാതീയരുടെ അപ്പസ്തോലന്റെ മാതൃകയും ഉപദേശവും അനുസരിച്ച് (2 കോറി.12:15) താങ്കളെത്തന്നെയും താങ്കൾക്കുള്ള സർവസ്വവും ആത്മാക്കളുടെ ആദ്ധ്യാത്മികവും നിത്യവുമായ രക്ഷയ്ക്കായി ചെലവഴിക്കണമെന്ന്, അഭിവന്ദ്യ സഹോദരാ താങ്കളെ നാം ഉദ്ബോധിപ്പിക്കുന്നു.

ആദ്ധ്യാത്മിക ഇടയന്മാരുടെ ദൈവിക ഇടയനായ ക്രിസ്തു, തന്റെ ശക്തിയാൽ താങ്കളെ ശക്തനാക്കുകയും കൃപയാൽ സന്തുഷ്ടനാക്കുകയും ചെയ്യട്ടെ എന്ന് തീക്ഷ്ണമായി നാം പ്രാർത്ഥിക്കുന്നു.

റോമിൽ വി. പത്രോസിന്റെ ആസ്ഥാനത്തുനിന്ന്, നമ്മുടെ സ്ഥാനാരോഹണശേഷം 15-ാം വർഷമായ 1977- മാണ്ട് ഒക്ടോബർ മാസം പതിനൊന്നാം തീയതി നല്കപ്പെട്ടത്.

**ജോൺ കർദ്ദിനാൾ വിയ്യോ**
*(സ്റ്റേറ്റ് സെക്രട്ടറി)*

**എവുജേനിയസ് സേവി**
*(പ്രോട്ടോ നോട്ടറി അപ്പസ്തോലിക്)*

www.malankaralibrary.com

# പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ തിരഞ്ഞെടുക്കപ്പെട്ട ലേഖനങ്ങളും കവിതകളും

നമ്മുടെ ആരാധനക്രമം വിദേശീയമോ?
കൂദാശകളുടെ ദൈവശാസ്ത്രം
പുനരൈക്യം എന്തുകൊണ്ട്?
സപ്തതി കൃതജ്ഞതാ പ്രകടനം
സ്മരണാഞ്ജലി
സ്നേഹപൂർവം കോച്ചേരിൽ കത്തനാർക്ക്
ആയിരമായിരം സ്നേഹാശംസകൾ



www.malankaralibrary.com

## നമ്മുടെ ആരാധനക്രമം വിദേശീയമോ?

നമ്മുടെ കർത്താവിന്റെ ജന്മദേശവും തന്റെ രക്ഷാകരപദ്ധതിയുടെ പ്രവർത്തനരംഗവുമായ പലസ്തീൻനാട്ടിലും അതിന്റെ കേന്ദ്രമായ ജറുസലേമിലും, യേശുവിന്റെ അനുയായികൾക്ക് ക്രിസ്ത്യാനികൾ എന്ന് പേരു ലഭിച്ച സ്ഥലമായ അന്ത്യോക്യായിലും ഉരുത്തിരിഞ്ഞ് രൂപം പ്രാപിച്ചിട്ടുള്ളതാണ് നമ്മുടെ ആരാധനക്രമം. യേശുവിന്റെ ഉപദേശങ്ങളെ അതിന്റെ തനിമയിൽത്തന്നെ ഉൾക്കൊണ്ട് കരുപ്പിടിപ്പിച്ചതാണത്. ആരാധനക്രമം ഭാരതീയമാക്കണമെന്നും ഭാരതസംസ്കാരത്തിന് അനുസൃതമാക്കണമെന്നും പറയുമ്പോൾ ഭാരതസംസ്കാരത്തെക്കുറിച്ച് നമുക്ക് ഒരു ധാരണയുണ്ടാകണം.

ഭാരതമെന്നു പറയുമ്പോൾ ഭൂമിശാസ്ത്രപരമായ അതിർത്തികളെക്കുറിച്ചും പരിധികളെക്കുറിച്ചും നാം മനസ്സിലാക്കണം. ഇന്നു നാം കാണുന്ന വടക്ക് കാശ്മീർതൊട്ട് തെക്ക് കന്യാകുമാരി വരെയും, പടിഞ്ഞാറ് പഞ്ചാബ് തൊട്ട് കിഴക്ക് പശ്ചിമബംഗാൾ വരെയും വ്യാപിച്ചു കിടക്കുന്ന ഭൂവിഭാഗമാണ് അത് എന്ന് തോന്നിപ്പോകും. എന്നാൽ പൗരാണിക കാലത്ത് വടക്കോട്ടും പടിഞ്ഞാറോട്ടും കിഴക്കോട്ടും അതിന് കൂടുതൽ വ്യാപ്തിയുണ്ടായിരുന്നു. ഭാരതസംസ്കാരത്തിലെ ചില കാര്യങ്ങൾ നാം ശ്രദ്ധിക്കുക. ഒന്ന്, മദ്ധ്യേഷ്യയിൽനിന്നു വന്ന ആര്യന്മാരുടെ മതവും സംസ്കാരവും; രണ്ട്, ആര്യന്മാരുടെ ഭാരതപ്രവേശനത്തിനുമുമ്പ് മെഡിറ്ററേനിയൻ പ്രദേശങ്ങളിൽനിന്ന് വന്ന ദ്രാവിഡരുടെ മതവും സംസ്കാരവും; മുന്ന്, മേല്പറഞ്ഞ രണ്ടു കൂട്ടരും ഭാരതത്തിൽ എത്തുന്നതിനു മുമ്പ് ഇന്നാട്ടിലുണ്ടായിരുന്ന മണ്ണിന്റെ മക്കളായ ആദിമവാസികളുടെ മതവും സംസ്

www.malankaralibrary.com



കാരവും. ആര്യന്മാരുടെയും ദ്രാവിഡരുടെയും വരവിനുമുമ്പ് ഈ കേരളഭൂമിയിലെ ആദിമവാസികൾ ആരൊക്കെയായിരുന്നു എന്ന് നോക്കാം.

ആരാണ് കേരളത്തിലെ ആദിമവാസികൾ? അടിസ്ഥാനപരമായ ഈ ചോദ്യത്തിന് നമ്മുടെ പഠനത്തിന്റെ ആരംഭത്തിൽതന്നെ ഉത്തരം കണ്ടുപിടിക്കേണ്ടതുണ്ട്. നരവർഗ വിഭാഗങ്ങളുടെ കാര്യത്തിൽ കേരളം ഒരു ചെറിയ ഇൻഡ്യതന്നെയാണ്. കേരളീയ ജനങ്ങളുടെ തലമുറകളിലൂടെയുള്ള വർഗസംഗ്രഥനത്തെക്കുറിച്ച് നരവംശ ശാസ്ത്രജ്ഞന്മാർ പഠനം നടത്തുകയും ഊഹാധിഷ്ഠിതമാണെങ്കിലും കൗതുകപ്രദമായ ചില സിദ്ധാന്തങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുവേ ദക്ഷിണേന്ത്യയിലെന്നപോലെ കേരളത്തിലെയും ആദിമവർഗക്കാർ നെഗ്രിറ്റോ വംശജരാണെന്ന് പറയപ്പെടുന്നു. ഇന്നും കേരളത്തിലെ വനപ്രദേശങ്ങളിൽ വസിക്കുന്ന കാടർ, കാണിക്കാർ, മലമ്പണ്ടാരങ്ങൾ, മുതുവാന്മാർ, ഉള്ളാടന്മാർ തുടങ്ങിയവർ അവരുടെ സ്വദേശം വിടുകയും തേക്കേ ഇന്ത്യയിലെ സ്വവർഗക്കാരോട് ചേരുകയും ചെയ്യുന്നുണ്ട്. വെള്ളാളന്മാർ, ഈഴവർ തുടങ്ങിയവർ കേരളീയജനതയിലെ ദ്രാവിഡ ഘടകത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നു. പുലയർ, പറയർ, കുറവർ തുടങ്ങിയ പട്ടികജാതിക്കാരും ഇക്കൂട്ടത്തിൽപ്പെടും. ക്രിസ്തുവർഷാരംഭത്തിന് രണ്ടോ മൂന്നോ നൂറ്റാണ്ടുകൾ മുമ്പ് കേരളത്തിലെത്തിത്തുടങ്ങിയ ആര്യന്മാർ കേരളത്തിലെ ഇന്നത്തെ ജനസംഖ്യയുടെ വർഗഘടന പൂർണമാക്കി. കേരളത്തിലൊടുക്കം വന്ന ആര്യന്മാരാണ് നമ്പൂതിരി ബ്രാഹ്മണർ. ഇന്ന് കേരളത്തിന്റെ വനങ്ങളിൽ അഭയം തേടിയിരിക്കുന്ന ഗിരിവർഗക്കാരുടെയും സമതങ്ങളിൽ കഴിയുന്ന ചില പട്ടികജാതിക്കാരുടെയും പൂർവികരായിരുന്നു ഈ ഭൂമിയിലെ ആദിവാസികളെന്ന് പ്രാചീന കേരളത്തിന്റെ വർഗചരിത്രത്തെക്കുറിച്ചുള്ള പഠനം തെളിയിക്കുന്നു.'' (എ. ശ്രീധരമേനോൻ, കേരളചരിത്രം, പേജ് 55, 56)

'ഏതെങ്കിലും ഒരു പ്രത്യേക മതസിദ്ധാന്തത്തിൽ അധിഷ്ഠിതമല്ലാത്ത ദ്രാവിഡാചാരങ്ങളായിരുന്നു പ്രാചീന കേരളീയർ പിന്തുടർന്നിരുന്നത്. പ്രാകൃതമായ ആരാധനാനുഷ്ഠാനങ്ങളാൽ വ്യാമിശ്രമായിരുന്നു അവരുടെ ജീവിതരീതി. കുലദൈവങ്ങളെയും, നദികളിലും വൃക്ഷങ്ങളിലും മലകളിലും മറ്റും കുടികൊള്ളുന്ന ശക്തികളെയും അവർ ആരാധിച്ചുപോന്നു. ഗ്രാമങ്ങൾക്ക് കാവൽ നിൽ

www.malankaralibrary.com



ക്കുന്ന മറ്റു ദൈവങ്ങളും, രോഗം കൊണ്ടുവരുന്ന പിശാചുക്കളും അവർക്കുണ്ടായിരുന്നു. ആട്ടവും പാട്ടുമായി നിവേദ്യം നല്കിയാണ് അവർ ഈ ദേവന്മാരെയും ദേവിമാരെയും പൂജിച്ചിരുന്നത്.'' (എ. ശ്രീധര മേനോൻ, കേരളചരിത്രം, പേജ് 85)

**ഇനി ആര്യസംസ്കാരം:** ഹൈന്ദവസംസ്കാരം ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധങ്ങളായ ആചാരാനുഷ്ഠാനങ്ങളോടുകൂടി വൈവിധ്യമാർന്നതാണ്. ബംഗാളി സന്യാസിയായിരുന്ന സ്വാമി വിവേകാനന്ദൻ ഒരു പ്രത്യേകതരം കാവി വസ്ത്രവും കാവി തലപ്പാവും അണിഞ്ഞിരുന്നു; മുഖം നന്നായി ക്ഷൗരം ചെയ്തിരുന്നു. അതേസമയം ബംഗാളിതന്നെയായിരുന്ന മഹാകവി രവീന്ദ്രനാഥ ടാഗോർ താടിയും മുടിയും വളർത്തിയിരുന്നു; ഒരു അങ്കി അണിയുകയും ചെയ്തിരുന്നു. ഗുജറാത്തിയായിരുന്ന രാഷ്ട്രപിതാവ് മഹാത്മഗാന്ധിയെ നോക്കു. മഹാരാഷ്ട്രക്കാരനായ ആചാര്യ വിനോബഭാവയെ നോക്കുക. തമിഴ് നാട്ടുകാരായ ശ്രീ. രാജാജിയെയും, ശ്രീ കാമരാജിനെയും നോക്കൂ. അവരെല്ലാംതന്നെ വ്യത്യസ്ത രീതിയിൽ വസ്ത്രധാരണം ചെയ്യുന്ന വരായിരുന്നു. അവരെല്ലാംതന്നെ ഭാരതസംസ്കാരത്തിന്റെ പ്രതീക ങ്ങളാണ്. പഞ്ചാബികളും ഗുജറാത്തികളും മദ്ധ്യപ്രദേശുകാരും ഉത്തർ പ്രദേശുകാരും വടക്കുകിഴക്കൻ പ്രവിശ്യകളിലുള്ളവരും മഹാരാഷ്ട്ര ക്കാരും തെലുങ്കരും കർണ്ണാടകക്കാരും തമിഴരും കേരളീയരും വിവിധ ഭാഷകൾ സംസാരിക്കുന്നവരും വിവിധ തരത്തിൽ വസ്ത്രധാരണം നടത്തുന്നവരും വിവിധ ആചാരാനുഷ്ഠാനങ്ങൾ ഉള്ളവരുമാണ്. ആരുടെ സംസ്കാരമാണ് – വേഷഭാഷാചാരാനുഷ്ഠാനങ്ങളാണ് നാം ഉൾക്കൊള്ളേണ്ടത്? ഏതാണ് മാതൃകയാക്കിയെടുക്കേണ്ടത്?

സുറിയാനി ഒരു വിദേശഭാഷ, വേഷം അറബികളുടേത്. യേശുക്രിസ്തു ഒരു വിദേശീയനാണെങ്കിൽ അദ്ദേഹത്തിന്റെ ഭാഷയും വിദേശീയമാകണമല്ലോ. നാം ഇപ്പോൾ മലയാള ഭാഷയാണ് ആരാധന യ്ക്ക് ഉപയോഗിക്കുന്നത്. എന്നാൽ അവയിലധികവും സുറിയാനി ആരാധനക്രമത്തിന്റെ തർജ്ജിമകളാണ്. അറമായ ഭാഷ (സുറിയാനി) പുരാതനകാലത്ത് ഭാരതത്തിന്റെ ചില ഭാഗങ്ങളിലെങ്കിലും ഉണ്ടായി രുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു.

ക്രിസ്തുവിന് മുമ്പ് 3-ാം നൂറ്റാണ്ടിൽ ഭാരത ചക്രവർത്തിയായ അശോകൻ തന്റെ ശാസനങ്ങൾ ശിലാസ്തംഭങ്ങളിൽ കൊത്തിച്ച്

www.malankaralibrary.com



സാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സ്ഥാപിച്ചിരുന്നുവെന്ന് നാം ഇൻഡ്യാ ചരിത്രത്തിൽ വായിക്കുന്നുണ്ടല്ലോ. തന്റെ സാമ്രാജ്യത്തിന്റെ വടക്കും പടിഞ്ഞാറും ഉള്ള പ്രദേശങ്ങളിൽനിന്നു കണ്ടെടുത്ത ചില ശിലാശാസനങ്ങൾ അറമായ (സുറിയാനി) ഭാഷയിലായിരുന്നു വെന്നു നാം അറിയുമ്പോൾ അത്ഭുതം തോന്നിയേക്കാം. എന്നാൽ അതൊരു വാസ്തവം മാത്രമാണ്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇറക്കി യിട്ടുള്ള 'അശോക ചക്രവർത്തിയുടെ ശിലാശാസനങ്ങൾ' എന്ന പുസ്തകത്തിൽ അതു പറയുന്നുണ്ട്. പുരാതന ഭാരതത്തിന്റെ ഭാഗമാ യിരുന്ന കണ്ടഹാർ, അഫ്ഗാനിസ്ഥാൻ, ബലൂജിസ്ഥാൻ, ആദിയായ പ്രദേശങ്ങളിൽനിന്നു കിട്ടിയ അശോക മിലാസ്തംഭങ്ങളിലാണ് അറമായ ഭാഷയിലുള്ള ശാസനങ്ങൾ ഉള്ളത്. അതായത് അശോക ചക്രവർത്തിയുടെ കാലത്ത് ഭാരത സാമ്രാജ്യത്തിന്റെ ഏതാനും ഭാഗങ്ങളിൽ അറമായ (സുറിയാനി?) ഭാഷ ഉപയോഗിച്ചിരുന്നവരുണ്ടാ യിരുന്നു എന്നല്ലേ മനസ്സിലാക്കേണ്ടത്. ജനങ്ങൾക്ക് അറിയാവുന്ന ഭാഷയിലാണല്ലോ രാജശാസനങ്ങൾ എഴുതുക. അങ്ങനെയെങ്കിൽ ആർക്കാണ് സുറിയാനി ഒരു വിദേശഭാഷയാണെന്നും ഭാരതീയമല്ലെന്നും പറയാൻ കഴിയുക?

ഇനി നമ്മുടെ വൈദികരുടെ വേഷം അറബികളുടേത് എന്ന ആക്ഷേപം ഉണ്ട്. എന്തിന് അറബികളുടേതെന്ന് പറയണം? പുരാതന യഹൂദന്മാരുടേതെന്ന് പറഞ്ഞുകൂടേ? കർത്താവും ശിഷ്യന്മാരുമൊക്കെ നമ്മുടെ വൈദികരുടെ ഉടുപ്പിനോട് സാമ്യമുള്ള വസ്ത്രം ധരിച്ചിരുന്നു വെന്ന് സുവിശേഷങ്ങളിൽനിന്ന് മനസ്സിലാകുന്നു. അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ് മേലങ്കി മാറ്റി (യോഹ. 13:4). അത് കർത്താവാണെന്ന് കേട്ടപ്പോൾ പത്രോസ്, താൻ നഗ്നനായിരുന്നതുകൊണ്ട് പുറംകുപ്പായം എടുത്ത് ധരിച്ച് കടലിലേക്കു ചാടി. (യോഹ. 21:7). മേലങ്കിക്കും പുറംകുപ്പാ യത്തിനുമൊക്കെ നമ്മുടെ വൈദികരുടെ വേഷങ്ങളോട് രൂപസാ ദൃശ്യമുണ്ട്.

നമ്മുടെ വൈദികരുടേത് അറബിവേഷമാണെന്ന് പറഞ്ഞ് തനി ഭാരതീയമെന്നോണം ചില അച്ചന്മാർ ധരിക്കുന്നതോ പാന്റും ഷർട്ടും. അത് ഭാരതീയമാണോ? സ്വന്തം മണ്ണിന്റെ മണമുള്ള കേരളീയമാണോ? അത് സായിപ്പിന്റേതല്ലേ? വിദേശീയമല്ലേ? പാശ്ചാത്യമല്ലെ? വസ്ത്ര ത്തിന്റെ നിറം കാവിയായാൽ ഭാരതീയമാകുമോ, കാവി നിറത്തി

www.malankaralibrary.com



ലുള്ള സിൽക്, പോളിസ്റ്റർ എന്നിവകൊണ്ട് പാശ്ചാത്യമായ രീതിയിൽ വെട്ടി കാസക്ക് (കുപ്പായം) തയ്പിച്ചാൽ ഭാരതീയമാകുമോ? നിറം ഭാരതീയവും രൂപവും തയ്യലുമൊക്കെ പാശ്ചാത്യവും; അതിനാൽ വൈദേശികവും. പുരാതന ഭാരത ഋഷിമാർ മരവുരി (വൃക്ഷങ്ങളുടെ തൊലി വെട്ടിയെടുത്ത് ചതച്ച് ഉണക്കിയത്) യാണ് ധരിച്ചിരുന്നത്. ഭാരതീയത്തിന്റെ പേരിൽ അതാണോ നാം അനുകരിക്കേണ്ടത്? തികച്ചും കേരള സംസ്കാരത്തിനനുസൃതമായ, ശബരിമല അയ്യപ്പന്മാർ ധരിക്കുന്ന കറുത്ത മുണ്ടും രണ്ടാംമുണ്ടും നമുക്ക് സ്വീകരിക്കാമോ?

*(അഭിവന്ദ്യ പീലക്സീനോസ് തിരുമേനി 1995 നവംബർ മാസത്തിലെ ഐക്യദീപത്തിൽ എഴുതിയ ലേഖനം.)*

www.malankaralibrary.com

# കൂദാശകളുടെ ദൈവശാസ്ത്രം

## 1. മാമ്മോദീസ

മാമ്മോദീസ എന്ന സുറിയാനി വാക്കിന്റെ അർത്ഥം മുങ്ങൽ അഥവാ സ്നാനം എന്നാണ്. മാമ്മോദീസായുടെ ക്രമം അന്ത്യോക്യായിലെ വിശുദ്ധ സേവേറിയോസ് (എ.ഡി. 538-ൽ) ഗ്രീക്കിൽ എഴുതുകയും പില്ക്കാലത്ത് എഡേസായിലെ വി. യാക്കോബ് (എ.ഡി. 708-ൽ) സുറിയാനിയിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തു. 13-ാം നൂറ്റാണ്ടിൽ മാർ എബ്രായാ എന്ന സഭാപിതാവ് നടപ്പാക്കിയ ചില ഭേദഗതികളോടെയാണ് ഈ ക്രമം മലങ്കരയിൽ പ്രചരിച്ചത്.

ദൈവാലയത്തിന്റെ തെക്കുവശത്തായി സജ്ജീകരിച്ചിരിക്കുന്ന മാമ്മോദീസാത്തൊട്ടി സുപ്രധാനമായ ഒരു പ്രതീകമാണ്. ദൈവമാതാവിന്റെ പ്രതിരൂപമായി സഭാപിതാക്കന്മാർ ഇതിനെ ചിത്രീകരിക്കുന്നു. മാമ്മോദീസാത്തൊട്ടി പള്ളിയുടെ തെക്കു ഭാഗത്ത് സ്ഥാപിക്കുന്നതിന് വലിയ അർത്ഥമുണ്ട്. ജറുസലേമിനും അന്ത്യോക്യായ്ക്കും തെക്കുള്ള ജോർദ്ദാൻനദിയുടെ ത്രിവേണി സംഗമത്തിൽവച്ചാണ് കർത്താവ് മാമ്മോദീസാ സ്വീകരിച്ചത്.

മാമ്മോദീസായെ കുറിക്കുവാൻ പൗരസ്ത്യസഭ ഉപയോഗിക്കുന്ന വാക്ക് 'മനഹറോനൂസോ' എന്ന വാക്കാണ്. ഇതിന്റെ അർത്ഥം പ്രകാശിപ്പിക്കുക എന്നാണ്. അതിനാൽ പ്രകാശത്തിന്റെ കൂദാശ എന്ന് ഇതിനെ വിളിക്കുന്നു. മാമ്മോദീസായിൽ ഓരോ വ്യക്തിയും പരിശുദ്ധാത്മാവിന്റെ മുദ്ര പ്രാപിക്കുന്നു. മാമ്മോദീസായുടെ ശുശ്രൂഷാക്രമത്തിൽ ജീവന്റെ മുദ്ര പ്രാപിക്കുവാൻ അടുത്തു വന്നിരിക്കുന്ന

www.malankaralibrary.com



ഇവനെ എന്ന് ചൊല്ലുന്നു. മുദ്ര കുത്തുന്നതുവഴി ഒരുവൻ ദൈവത്തിന്റെ വകയാണ് എന്നു കാണിക്കുന്നു. മുദ്ര സംരക്ഷണത്തെ കാണിക്കുന്നു. മാമ്മോദീസ ഏല്ക്കുന്ന ആൾ വിശ്വാസം ഏറ്റുപറയുന്നതിനാൽ ഇതിനെ വിശ്വാസത്തിന്റെ കൂദാശ എന്നും വിളിക്കുന്നു.

## 2. മൂറോനഭിഷേകം

മൂറോൻ മിശിഹായുടെ പരിമളവാസനയും സത്യവിശ്വാസത്തിന്റെ അടയാളവും മുദ്രയും പരിശുദ്ധാത്മ നല്വരത്തിന്റെ പൂർത്തീകരണവുമാണ്. മലങ്കര അന്ത്യോക്യൻ സഭാപാരമ്പര്യത്തിൽ മാമ്മോദീസാ പൂർണമാകുന്നത് മൂറോനഭിഷേകത്തോടു കൂടിയാണ്. അതിനാൽ മാമ്മോദീസായും മൂറോനും ഒന്നിച്ചു നല്കുന്നു.

തൈലാഭിഷേക ശുശ്രൂഷ പഴയനിയമകാലം മുതൽ തുടർന്നു വരുന്ന പാരമ്പര്യമാണ്. പഴയനിയമകാലത്ത് ആചാര്യന്മാരെ അഭിഷേകം ചെയ്യുന്നതിനും സമാഗമകൂടാരം, കാഴ്ചയർപ്പണമേശ, കൂടാര ഉപകരണങ്ങൾ, ഹോമയാഗപീഠം ഇവയുടെമേൽ വിശുദ്ധ അഭിഷേക തൈലം പൂശിയതായും വേദപുസ്തകത്തിൽ നാം വായിക്കുന്നു (1 സാമു. 10:3, ലേവ്യ 6:20, പുറ. 29:7).

മൂറോനഭിഷേകം എന്ന കൂദാശയിലൂടെ പരിശുദ്ധാത്മാവിനെ നാം പ്രാപിക്കുന്നു. പൗരസ്ത്യസഭയുടെ ദർശനപ്രകാരം വി. കുർബാനയിൽ യേശുവിന്റെ സാന്നിദ്ധ്യമുള്ളതുപോലെ വി. മൂറോനിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമുണ്ട്. ജറുസലേമിലെ മാർ കൂറിലോസ് പറയുന്നു; 'ഈ അഭിഷേകത്തെ വെടിപ്പായി സൂക്ഷിക്കുക. അത് നിങ്ങളിൽ സ്ഥിതി ചെയ്താൽ സർവ്വവും നിങ്ങളെ പഠിപ്പിക്കും. പരിശുദ്ധ റൂഹാ ശരീരത്തിന് കോട്ടയും ആത്മാവിന് രക്ഷയുമാകുന്നു.'

പരിശുദ്ധ മൂറോൻ പൂർണതയുടെ കൂദാശയാണ്. പരിശുദ്ധാത്മാവിന്റെ ദാനവും രഹസ്യത്തിനടുത്ത അഭിഷേകവുമായി ഈ കൂദാശ ഒരിക്കൽ മാത്രമേ ഒരു വിശ്വാസിക്ക് നല്കപ്പെടുന്നുള്ളു.

## 3. കുമ്പസാരം

പാപമോചനാധികാരം കർത്താവ് ശ്ലീഹന്മാർക്കും അവരുടെ പിൻഗാമികൾക്കും നല്കി (മത്താ. 16:18–19,18:18, യോഹ. 20:21). ഒരു ക്രിസ്ത്യാനി മാമ്മോദീസായ്ക്കുശേഷം ചെയ്യപ്പെടുന്ന പാപങ്ങൾ കുമ്പസാരമെന്ന കൂദാശയിലൂടെ മോചിക്കപ്പെടുന്നു. പാപം മോചി

www.malankaralibrary.com



ക്കുക എന്നത് ആചാര്യത്വത്തിന്റെ സ്വാഭാവികമായ ഘടകമാണ്. കുമ്പസാരത്തിന് ദൃശ്യവും അദൃശ്യവുമായ ഫലങ്ങൾ ഉണ്ട്.

ദൃശ്യഫലം അനുതാപി തന്റെ ആത്മീയ പിതാവിന്റെ മുമ്പിൽ പാപങ്ങൾ ഏറ്റുപറയുന്നു. ആത്മീയപിതാവ് അവന് പാപമോചനം നൽകുന്നു.

അദൃശ്യഫലം – ഏറ്റുപറച്ചിൽ മൂലം പാപമോചനം ലഭിക്കുന്നു, ദൈവത്തോട് നിരപ്പാകുന്നു. പാപത്തിന്റെ നിത്യശിക്ഷയിൽ നിന്നുള്ള സ്വാതന്ത്ര്യവും നിത്യജീവനിലേക്കുള്ള പ്രവേശനവും ലഭിക്കുന്നു. പൗരസ്ത്യസഭയുടെ കാഴ്ചപ്പാടിൽ മനുഷ്യജീവിതത്തിന്റെ ഓരോ നിമിഷവും അനുതാപത്തിന് പ്രാധാന്യം നല്കുകയും അന്ത്യശ്വാസം വരെയും തുടരുകയും ചെയ്യുന്നു. ദൈവത്തെ സ്തുതിക്കുന്നതോടൊപ്പം മനുഷ്യന്റെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു.

എന്താണ് അനുതാപം ? ഭൂതകാലത്തെപ്പറ്റിയുള്ള സങ്കടത്തോടും ഭാവിയെപ്പറ്റിയുള്ള പ്രത്യാശയോടുംകൂടെ ഒരുവൻ ദൈവസന്നിധിയിലേക്ക് തിരിയുന്നതാണ് അനുതാപം. അനുതാപത്തിൽ പ്രത്യാശയ്ക്കും കുമ്പസാരത്തിനും അതുല്യമായ സ്ഥാനമുണ്ട്. ദൈവത്തിന്റെ കരുണയിലാണ് മനുഷ്യൻ ആശ്രയിക്കുന്നത്. മനുഷ്യന്റെ പാപാവസ്ഥ കണക്കിലെടുക്കാതെ മനുഷ്യനെ അവനായിരിക്കുന്ന അവസ്ഥയിൽ അംഗീകരിക്കുന്ന ദൈവത്തെയാണ് നാം ഇവിടെ കാണുന്നത്.

### 4. വി. കുർബാന

ക്രൈസ്തവ ആരാധനയുടെയും ആദ്ധ്യാത്മികതയുടെയും കേന്ദ്രമാണ് വി. കുർബാന. കുർബാന എന്ന പദം കൂറോബോ എന്ന സുറിയാനി വാക്കിൽനിന്നാണ് വരുന്നത്. കൂറോബോ എന്നാൽ യാഗം എന്നർത്ഥം. അന്ത്യോക്യൻ ആരാധനാ പാരമ്പര്യത്തിൽ ഏഴു കൂദാശകളിൽ ഒന്നായി മാത്രമല്ല, മറിച്ച് കൂദാശകളുടെ കൂദാശയായിട്ടാണ് വി. കുർബാന അറിയപ്പെടുന്നത്.

നമ്മുടെ കർത്താവിന്റെ പെസഹാരഹസ്യത്തിന്റെ ഓർമ്മയും ആഘോഷവുമാണ് വി. കുർബാന. വി. കുർബാനയിൽനിന്നുള്ള ശക്തി ജീവിതമാകുന്ന ബലിക്ക് അത്യന്താപേക്ഷിതമാണ്. വി. കുർബാന ബലി മാത്രമല്ല, അത് സ്വർഗീയമായ വിരുന്നും കൃതജ്ഞതാ സ്തോത്രവുമാണ്. ഒരേ കാസായിൽനിന്നും പീലാസായിൽനിന്നും നാം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതുവഴി ഒരു സമൂഹമായി മാറുന്നു.

www.malankaralibrary.com



കൂട്ടായ്മയുടെ ഉദാത്തമായ വെളിപ്പെടുത്തൽ വി. കുർബാനയിൽ സംഭവിക്കുന്നു.

വി. കുർബാനയ്ക്ക് വിവിധ നാമങ്ങളുണ്ട്. വി. കുർബാന കർത്താവുമായി സംസർഗം ഉണ്ടാക്കുന്നതിനാൽ ശൗത്തോപ്പൂസോ (സംസർഗ്ഗം) എന്നും, സ്വർഗ്ഗീയരും ഭൗമികരും ഒന്നു ചേരുന്നതിനാൽ കൂറോബോ എന്നും, പാപപരിഹാരം നല്കുന്നതിനാൽ ദെബഹോ (യാഗം) എന്നും, മാളികയിൽവച്ച് രഹസ്യമായി ശിഷ്യന്മാരെ ഏല്പിച്ചതിനാൽ റോസോ (രഹസ്യം) എന്നും, സ്തുതിയും സ്തോത്രവും അർപ്പിക്കുന്നതിനാൽ എവുക്കരിസ്ത്യാ (കൃതജ്ഞതാ സ്തോത്രം) എന്നും അറിയപ്പെടുന്നു. വി. കുർബാന വിരുന്നും ഭക്ഷണവുമാണ്. സ്വർഗീയ ജറുസലേമിനെ ലക്ഷ്യമാക്കിയുള്ള യാത്രയായതിനാൽ വി. കുർബാനയെ യാത്രാഭക്ഷണം എന്നു വിളിക്കുന്നു.

പെസഹായുടെ സെദറായിൽ നാം വായിക്കുന്നു. വിനയമാകുന്ന അരക്കച്ച കെട്ടിയും സമാധാനമാകുന്ന ചെരിപ്പു ധരിച്ചും ജയമുള്ള സ്ലീബായാകുന്ന വടി ഏന്തിയും പെസഹാ ആഘോഷിക്കണം. പഴയനിയമത്തിൽ പെസഹാ ഭക്ഷിക്കുന്നതെങ്ങനെയെന്ന് വേദപുസ്തകത്തിൽ നാം വായിക്കുന്നു. അര കെട്ടി (പ്രത്യേകം ഒരുക്കത്തെയും തയ്യാറെടുപ്പിനെയും സൂചിപ്പിക്കുന്നു). ചെരുപ്പ് ഇട്ട്, കൈയ്യിൽ വടി പിടിച്ച് (വഴിയാത്രയെ സൂചിപ്പിക്കുന്നു). തിടുക്കത്തോടെ (ദീർഘയാത്രയെ സൂചിപ്പിക്കുന്നു).

### 5. രോഗീലേപനം

യാക്കോബ്ശ്ലീഹാ തന്റെ ലേഖനത്തിൽ (5:13-15) രോഗികളുടെ തൈലാഭിഷേകത്തെപ്പറ്റി പറയുന്നുണ്ട്. പ്രധാനാചാര്യനാൽ കൂദാശ ചെയ്യപ്പെട്ട വി. തൈലംകൊണ്ട് രോഗികളുടെ ശരീരത്തിൽ പുരോഹിതൻ നടത്തുന്ന അഭിഷേകമാണ് രോഗീലേപനം. സ്വാഭാവാതീതമായ കൃപയുടെ പ്രവർത്തനത്താൽ അതിലൂടെ ആ വ്യക്തിക്ക് പാപമോചനം ലഭിക്കുന്നു. തൈലാഭിഷേക ശുശ്രൂഷയുടെ അഞ്ച് ഘടകങ്ങൾ:

1. സഭയുടെ പുരോഹിതന്മാരെ വിളിക്കണം
2. തൈലംകൊണ്ട് രോഗിയെ പൂശണം
3. വിശ്വാസത്തോടെ പ്രാർത്ഥിക്കണം
4. രോഗിക്ക് ശരീരസൗഖ്യം ലഭിക്കുന്നു.
5. പാപമോചനം ലഭിക്കുന്നു.

www.malankaralibrary.com



## 6. തിരുപ്പട്ടം

പട്ടക്കാർ, ഭൗമികരെ സ്വർഗീയരും മൃഗസ്വഭാവികളെ ദൈവിക ഭാവികളും ആക്കിതീർക്കുന്നതിനുള്ള വഴികാട്ടികളാണ്. അവർ അദൃശ്യനായ ദൈവത്തിന്റെ സ്ഥാനപതികളാണ്. പുരോഹിതൻ എന്ന സംജ്ഞ വേദപുസ്തകത്തിൽ ആദ്യമായി കാണുന്നത് മല്ക്കിസദേക്കിലാണ് (ഉല്പത്തി 16:18). ഇസ്രായേലിലെ പുരോഹിതന്മാരെപ്പറ്റി പുറപ്പാട് പുസ്തകത്തിൽ (28:1) സൂചിപ്പിക്കുന്നു. യഹോവ ലേവിഗോത്രത്തിനു പൗരോഹിത്യം നൽകി. പുതിയ നിയമത്തിൽ ക്രിസ്തുവിനെപ്പറ്റി, മല്ക്കിസദേക്കിന്റെ ക്രമപ്രകാരം എന്നന്നേക്കും പുരോഹിതൻ എന്ന് പറഞ്ഞിരിക്കുന്നു.

ആചാര്യൻ ദൈവികശുശ്രൂഷകനും ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള മദ്ധ്യസ്ഥനുമാകുന്നു. സകല ജാതികളെയും പഠിപ്പിക്കുന്നതിനും വി. കൂദാശകൾ അനുഷ്ഠിക്കുന്നതിനും രക്ഷയിലേക്ക് വിശ്വാസികളെ നയിക്കുന്നതിനും അവർക്ക് അധികാരം ഉണ്ട്. പുതിയ നിയമ പൗരോഹിത്യത്തിൽ 3 ധർമ്മങ്ങളുണ്ട്. 1. പാപം മോചിക്കുക 2. ബലിയർപ്പിക്കുക 3. പഠിപ്പിക്കുക.

1. പൗരോഹിത്യശുശ്രൂഷ നിർവഹിക്കുവാൻ കർത്താവ് അപ്പസ്തോലന്മാരെ അധികാരപ്പെടുത്തുന്നു (മത്തായി 18:19).
2. ആ നടപടി ഇന്നും സഭയിൽ നിലനില്ക്കുന്നു (1 കോറി. 11:23).
3. എപ്പിസ്കോപ്പാമാർ ആദിമസഭയിൽ (1 തിമോ. 3:1).
4. ശുശ്രൂഷകന്മാർ (ഫില. 1:1).

**ക്രിസ്തീയ സഭയിലെ പുരോഹിതന്മാരുടെ ജോലികൾ:**

1. അവർ ഇടയന്മാരാകുന്നു (യോഹ. 21:15).
2. ഭരണകർത്താക്കന്മാരാകുന്നു (1 തിമോ. 5:17).
3. ക്രിസ്തുവിന്റെ സ്ഥാനപതികളാകുന്നു (2 കോറി. 5:18).
4. ദൈവത്തിന്റെ കൂട്ടുവേലക്കാർ ആകുന്നു (1 കോറി. 3:9).
5. ഗൃഹവിചാരകന്മാരാകുന്നു (1 കോറി. 4:1).
6. പിതാക്കന്മാരാകുന്നു (1 കോറി. 4:15).
7. ദൈവത്തിന്റെ ദൂതന്മാരാകുന്നു (വെളി. 1:11).

## 7. വിവാഹം

വിവാഹം ദൈവത്താൽ സ്ഥാപിതമായിരിക്കുന്ന കൂദാശയാണ്. അത് പരസ്പരസ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും ജീവിതമാണ്.

www.malankaralibrary.com



ദൈവവും, തന്റെ ജനമായ ഇസ്രായേൽമക്കളും തമ്മിലുള്ള ഉടമ്പടിയുടെ അടയാളമായിരുന്നു വിവാഹം. ഇസ്രായേലിന്റെ ദൈവാനുഭവത്തെ മുഴുവൻ മാറ്റിമറിച്ചത് സീനായ് ഉടമ്പടിയാണ്. ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവും എന്നതായിരുന്നു ഉടമ്പടിയുടെ വാചകം. പരസ്പര വിശ്വാസത്തിന്റേതും പരസ്പര അംഗീകാരത്തിന്റേതും സമർപ്പണത്തിന്റേതുമായിരുന്നു ഈ ഉടമ്പടി ബന്ധം.

വിവാഹജീവിതവും ഒരു ഉടമ്പടിയാണ്. ദമ്പതികൾ പരസ്പരവും, ദമ്പതികളും ദൈവവുമായും ഉള്ള ഉടമ്പടി. സഭയെ സംബന്ധിച്ചിടത്തോളം ഇത് ഒരു കൂദാശയാണ്. യേശു തന്റെ ശരീരവും രക്തവും സഭയ്ക്ക് മോതിരമായി നല്കി. മോതിരമേകി തിരുസഭയെ മിശിഹാ വധുവാക്കി, പരിപാവന തനുരുധിരങ്ങൾ കൈക്കൊണ്ടാളവളും. മണവാളനായ ക്രിസ്തുവും മണവാട്ടിയായ സഭയും തമ്മിലുള്ള ബന്ധമാണ് വിവാഹ ശുശ്രൂഷയിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും നാം കാണുന്നത്. മോതിരം ഉടമ്പടിയുടെ അടയാളം മാത്രമല്ല, വിശ്വസ്തതയുടെ പ്രതീകവുമാണ്. വിവാഹജീവിതം വിശ്വസ്തതയുടെ ജീവിതമാണ്, ദൈവത്തോടും ജീവിതപങ്കാളിയോടുമുള്ള വിശ്വസ്തത.

മിശിഹാ എന്ന രാജാവും സഭയെന്ന രാജ്ഞിയും തമ്മിലുള്ള ബന്ധമാണ് ക്രൈസ്തവ വിവാഹത്തിന്റെ അടിസ്ഥാനം. മണവാളൻ സൂര്യനു തുല്യനും, മണവാട്ടി പകൽപോലെ പ്രകാശിക്കുന്ന ആളുമാണെന്ന് ആരാധനയിൽ നാം കാണുന്നു. കൗദാശിക കൃപാവരത്തിന്റെ അടയാളമാണ് കിരീടം വാഴ്വ്. മണവാളന്റെ കിരീടം മിശിഹായുടെ മുൾമുടിക്ക് സദൃശ്യവും, മണവാട്ടിയുടെ കിരീടം ഉത്തമ സ്ത്രീകളുടെ കിരീടത്തിന് സദൃശ്യവുമാണ്.

വിവാഹം ഒരു കൂദാശയാകയാൽ ക്രിസ്തുവിന്റെ പ്രതിനിധിയായ പട്ടക്കാരനെ കൂടാതെ ആ കൂദാശ പൂർണമല്ല. അതിനാൽ വൈദികൻ തന്നെയാണ് കൂദാശയുടെ കാർമ്മികൻ.

*(തന്റെ പ്രസംഗങ്ങളിലൂടെ അഭിവന്ദ്യ പീലക്സിനോസ് തിരുമേനി അവതരിപ്പിച്ച കൂദാശകളുടെ ദൈവശാസ്ത്രം അവതരിപ്പിച്ചിരിക്കുന്നത് ഫാ. മാത്യു കളരിക്കാലായിൽ)*

www.malankaralibrary.com

# പുനരൈക്യം എന്തുകൊണ്ട്?

*(തൊഴിയൂർസഭയിൽനിന്ന് കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുന്നതിന് 12 ദിവസം മുമ്പ് 16.8.1977 ൽ പുനരൈക്യ തീരുമാനം അറിയിച്ചുകൊണ്ട് പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ സഭാംഗങ്ങൾക്ക് അയച്ച സർക്കുലറിന്റെ പൂർണരൂപം)*

നമ്മുക്ക് പ്രിയപ്പെട്ട നമ്മുടെ സഭയിലെ പട്ടക്കാരും ശെമ്മാശന്മാരും ഇടവക കൈക്കാരന്മാരും കമ്മറ്റി അംഗങ്ങളും സഭാ കൗൺസിൽ അംഗങ്ങളും, ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

***കർത്താവിൽ പ്രിയരേ,***

1967 ഡിസംബർ 16-ന് നാം മേല്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതു മുതൽ ഇന്നുവരെയും സഭയുടെ കാര്യങ്ങൾ മുമ്പോട്ടു കൊണ്ടുപോകുന്നതിന് നിങ്ങൾ നല്കിയിട്ടുള്ള സഹായസഹകരണങ്ങൾക്കെല്ലാം നമുക്കുള്ള സന്തോഷവും നന്ദിയും കൃതജ്ഞതയും നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ അഞ്ഞൂർ അങ്ങാടിയിൽ പ. മാർ കൂറില്ലോസ് ബാവാ വന്ന് കുടിൽ മറച്ചു താമസിച്ചിരുന്ന സ്ഥലത്തെ കുരിശുപള്ളി പൊളിച്ചു വലുതാക്കി പണിയിച്ചു. പോർക്കുളം പള്ളിയുടെ മദ്ബഹാ പുതുക്കി പണിചെയ്തു. കരിക്കാടും കൊരട്ടിക്കരയും പുതിയ പള്ളികൾ സ്ഥാപിച്ചു. കുന്നംകുളത്ത് ഒരച്ചടിശാല സ്ഥാപിച്ചു. എല്ലാത്തിനുമുപരിയായി അഞ്ഞൂർ മാർ കൂറിലോസ് മിഷൻ ആശുപത്രി സ്ഥാപിച്ച് നടത്തിവരുന്നു. ഇവയെല്ലാം നിങ്ങളുടെ നിർലോഭമായ സഹായസഹകരണത്തോടുകൂടി ഉണ്ടായിട്ടുള്ളവയത്രേ.

തന്റെ ഇടവകയിലെ ആടുകളെ ആത്മീയവും ലൗകികവുമായ കാര്യങ്ങളിൽ നേരായ വഴിയിൽ നയിക്കാൻ ചുമതലപ്പെട്ട ഒരു എളിയ ഇടയൻ എന്ന നിലയിൽ നിങ്ങളോട് ചില കാര്യങ്ങൾ അറിയിക്കുന്ന

www.malankaralibrary.com



തിന് ഞാൻ ആഗ്രഹിക്കുന്നു. സ്ഥാനം ഏറ്റ കാലം മുതൽ നമ്മുടെ സഭയെക്കുറിച്ചുമാത്രമല്ല, മറ്റു സഭകളെക്കുറിച്ചും കുറെയൊക്കെ പഠിക്കുന്നതിനു എനിക്കു സാധിച്ചു. അതുകൊണ്ട് നമ്മുടെ സഭയുടെ യഥാർത്ഥ സ്ഥിതി എന്താണെന്നും, മറ്റു സഭകളുടെ ഇടയിൽ അതിനുള്ള സ്ഥാനം എന്താണെന്നും ഏറെക്കുറെ മനസ്സിലായി. 205 കൊല്ലം പ്രായമുള്ള നമ്മുടെ സഭയുടെ വളർച്ചയും പുരോഗതിയും വളരെ മന്ദഗതിയിലാണെന്ന് എല്ലാവരും സമ്മതിക്കും. 6 ഇടവകകളും 7 പട്ടക്കാരുമാണ് നമുക്കുള്ളത്. പട്ടക്കാരിൽ ഒറ്റ ആൾക്കും വ്യവസ്ഥാപിതമായ വൈദിക വിദ്യാഭ്യാസം നല്കുന്നതിന് നമുക്ക് സാധിച്ചിട്ടില്ല. നമുക്ക് വൈദിക സെമിനാരിയോ കോളേജോ ഇല്ല. നമ്മുടെ പട്ടക്കാരുടെ വൈദികപഠനത്തിനുവേണ്ടി മറ്റു സഭകളുടെ സെമിനാരികളെ ആശ്രയിക്കുകയല്ലാതെ ഗത്യന്തരമില്ല. മറ്റു സഭകളെന്നു പറയുമ്പോൾ പ്രോട്ടസ്റ്റന്റ് സഭകളിലേതൊഴികെ മറ്റൊരിടത്തും നമുക്ക് പ്രവേശനം കിട്ടുകയുമില്ല. പരിശീലനമില്ലാത്ത പട്ടക്കാരെക്കൊണ്ട് സഭയ്ക്ക് എന്തു പുരോഗതിയുണ്ടാകും? ഇപ്പോഴത്തെ നമ്മുടെ പട്ടത്വത്തിലും പൗരോഹിത്യത്തിലും ന്യൂനതയുണ്ട്. മറ്റുള്ളവർ നമ്മെ കാണുന്നതുപോലെ നാം നമ്മെ കാണണം. പൊള്ളയായ അഭിമാനത്തിലും മിഥ്യയായ പൊങ്ങച്ചത്തിലും ഊറ്റം കൊള്ളാതെ യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കി തദനുസരണം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**നമ്മുടെ സഭയുടെ ചരിത്രത്തെ 3 ഘട്ടങ്ങളായി തിരിക്കാം.**

1. ക്രിസ്താബ്ദം 1772 മുതൽ 1856 വരെ
2. 1857 മുതൽ 1935 വരെ
3. 1936 മുതൽ ഇന്നുവരെ.

## ഒന്നാം ഘട്ടം

ക്രിസ്താബ്ദം 1772 കാട്ടുമങ്ങാട്ട് മാർ കൂറില്ലോസ് ബാവാ തൊഴിയുരിൽ വന്ന് ഒരു പള്ളി സ്ഥാപിക്കുന്നതോടുകൂടിയാണ് നമ്മുടെ സഭയുടെ ആരംഭം. മലങ്കരയിൽ വന്ന യരുശലേമിന്റെ മെത്രാപ്പോലീത്തായായ മാർ ഗ്രീഗോറിയോസിൽ നിന്നാണ് മാർ കൂറിലോസ് പട്ടമേറ്റത്. അന്ത്യോക്യാ പാത്രിയാർക്കീസിന്റെ ആജ്ഞാനുസരണമാണ് മാർ ഗ്രീഗോറിയോസ് മലങ്കരയിൽ വന്നത്. അന്നത്തെ മലങ്കര സഭയുടെ മെത്രാപ്പോലീത്തായായിരുന്ന മാർത്തോമാ ആറാമനുമായുണ്ടായ അഭിപ്രായവ്യത്യാസം മൂലമാണ് മാർ കൂറിലോസ് ഇവിടെ

www.malankaralibrary.com



വന്നത്. ഈ കൂറിലോസ് തന്റെ അനുജനെ 1794-ൽ മാർ കൂറിലോസ് എന്ന പേരിൽതന്നെ മെത്രാനായി വാഴിച്ചു. ഈ കൂറിലോസ് രണ്ടാമൻ, തന്റെ പിൻഗാമിയായി പെങ്ങാമുക്ക് ചീരൻ സ്കറിയാ മാർ പീലക്സി നോസിനെ 1807-ൽ വാഴിച്ചു. ചീരൻ സ്കറിയ മാർ പീലക്സിനോസ്, കുന്നംകുളത്തെ കിടങ്ങൻ സ്കറിയാ മാർ പീലക്സിനോസിനെ പിൻഗാമിയായി വാഴിച്ചു. അത് 1811-ൽ ആയിരുന്നു. ഈ പീലക്സി നോസ് രണ്ടാമനാണ് മലങ്കരയിൽ മെത്രാന്മാരില്ലാതെ വന്നപ്പോൾ മലങ്കരസഭയ്ക്ക് കുന്നംകുളം പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് (1815) കോട്ടയം പുന്നത്ര മാർ ദിവന്നാസ്യോസ് (1817) ചേപ്പാട്ട് പീലിപ്പോസ് മാർ ദിവന്നാസ്യോസ് (1825) എന്നീ 3 മലങ്കര മെത്രാന്മാരെ ഒന്നിന്റെ പുറകിൽ ഒന്നായി വാഴിച്ചത്. ഈ 3 പേരിൽ ആദ്യത്തെ ആളായ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസാണ് കോട്ടയത്തെ പഴയ സെമിനാരി സ്ഥാപിച്ചത്. പിലക്സിനോസ് രണ്ടാമൻ ഒരു പിൻഗാമിയെ വാഴിക്കാതെ പെട്ടെന്നു കാലം ചെയ്തു. അപ്പോൾ ചേപ്പാട്ട് മാർ ദിവ ന്നാസ്യോസ് തൊഴിയൂർ വന്ന് കുന്നംകുളം കുത്തൂർ ഗീവറുഗീസ് മാർ കൂറില്ലോസിനെ 1829-ൽ വാഴിച്ചു. ചേപ്പാട്ട് മാർ ദിവന്നാസ്യോസും കുത്തൂർ ഗീവറുഗീസ് മാർ കൂറില്ലോസുമാണ് മലങ്കരസഭയിൽ മിഷ്യനറി സായിപ്പന്മാരുടെ നവീകരണ പ്രവർത്തനങ്ങളെ എതിർ ത്തതും, 1836 ജനുവരി 16-നു മാവേലിക്കര പുതിയകാവുപള്ളിയിൽ സുനഹദോസോടുകൂടി മിഷനറിമാരുടെ നവീകരണ ഉപദേശങ്ങളെ തിരസ്കരിച്ചതും. ആ സുന്നഹദോസിന്റെ തീരുമാനങ്ങളാണ് സഭാ ചരിത്രത്തിൽ മാവേലിക്കര പടിയോല എന്നറിയപ്പെടുന്നത്. അതിന്റെ ആരംഭത്തിൽ പറയുന്നത് ഇപ്രകാരമാണ്. ബാവായും പുത്രനും റൂഹാദ്ക്കുദിശായുമായ പട്ടാങ്ങപ്പെട്ട ഒരുവൻ തമ്പുരാന്റെ തിരുനാമ ത്താലെ... അന്ത്യോക്യായുടെ പത്രോസിനടുത്ത സിംഹാസനത്തിൽ മുഷ്കരപ്പെട്ടിരിക്കുന്ന... മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ കൈവാഴ്ചക്കീഴ് മലങ്കര യാക്കോബായ സുറിയാനിപള്ളി ഇടവക യുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും അനന്തരവൻ മാർ കൂറില്ലോസ് മെത്രാപ്പോലീത്തായും... എന്ന് (പി. ഏ. ഉമ്മൻ, ചേപ്പാട്ട് മാർ ദിവന്നാസ്യോസ്, പേജ്, 54). ഇതിൽനിന്നും മനസ്സിലാ കുന്നത് നമ്മുടെ സഭയുടെ ആരംഭകാലമായ 1772 മുതൽ 1856-ൽ കുത്തൂർ ഗീവർഗീസ് മാർ കൂറിലോസ് കാലം ചെയ്യുന്നതുവരെ നമ്മുടെ സഭ അന്ത്യോക്യാ പാത്രിയർക്കീസിന്റെ അധീശത്വം

www.malankaralibrary.com



സ്വീകരിച്ചിരുന്നു എന്നാണ്. അത്രയും കാലം അന്ത്യോക്യായ്ക്ക ടുത്ത പൗരോഹിത്യ പിന്തുടർച്ചയാണ് നമുക്കുള്ളത്.

## രണ്ടാം ഘട്ടം

ക്രിസ്താബ്ദം 1857 മുതൽ നാം ഒരു പുതിയ ഘട്ടത്തിലേയ്ക്കു കടക്കുന്നു. മാർത്തോമ്മാസഭയോടുള്ള ബന്ധത്തിലേക്ക് പ്രവേശി ക്കുകയും പൗരോഹിത്യത്തിന് ന്യൂനത ഭവിക്കുകയും ചെയ്യുന്നു. നവീകരണ മാർത്തോമ്മാസഭയുടെ പ്രഥമ മെത്രാപ്പോലീത്തായായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസിയോസ് 1843ൽ അന്ത്യോ ക്യായിൽനിന്ന് മേൽപ്പട്ടസ്ഥാനം പ്രാപിച്ച് വരികയും അബ്രഹാം മല്പാന്റെ നവീകരണ സിദ്ധാന്തങ്ങളിൽനിന്ന് പ്രചോദനം ഉൾക്കൊ ണ്ട് പ്രവർത്തിപ്പാൻ തുടങ്ങുകയും ചെയ്യുന്നു. അക്കാലത്താണ് അതായത് 1856-ൽ നമ്മുടെ കുത്തൂർ ഗീവറുഗീസ് മാർ കുറിലോസ് പിൻഗാമിയായി മറ്റൊരാളെ വാഴിക്കാൻ ഇടയാകാതെ കാലം ചെയ്തത്.

തദവസരത്തിൽ പ്രബലനായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസ്യോസ് കുന്നംകുളത്ത് നവീകരണ അനുകൂലികളായി രുന്ന പാറമേൽ കുടുംബക്കാരുടെ പിൻബലത്തോടും സതീർത്ഥ്യ നായിരുന്ന ചാവക്കാട് മുൻസിഫ് മജിസ്ട്രേട്ട് ആലുംമൂട്ടിൽ ജോർ ജിന്റെ സഹായത്തോടും അഞ്ഞൂരുവന്ന് ആർത്താറ്റു പള്ളിയിലെ വികാരിയായിരുന്ന ആലത്തൂർ പനയ്ക്കൽ യൗസേഫ് കത്തനാരെ മാർ കൂറിലോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. മാത്യൂസ് മാർ അത്തനാസിയോസിനെ, തൊഴിയൂർവന്ന് മെത്രാൻപട്ടം കൊടുക്കുന്ന തിന് അധികാരപ്പെടുത്തികൊണ്ട് ഒരു മരണപത്രവും പട്ടമേല്ക്കുന്ന ആർത്താറ്റുപള്ളി വികാരി പനയ്ക്കൽ യൗസേഫ് കത്തനാർക്കു മാത്യൂസ് മാർ അത്തനാസിയോസിൽനിന്ന് പട്ടമേൽക്കണമെന്നു കാണിച്ച് ഒരെഴുത്തും കുത്തൂർ ഗീവറുഗീസ് മാർ കൂറിലോസിന്റേതായി സൃഷ്ടിക്കപ്പെട്ടിരുന്നു. ഈ രണ്ടു രേഖകളും കേവലം കൃത്രിമങ്ങളാ ണെന്നാണ് പറയപ്പെടുന്നത്. അത് വിശ്വസിക്കുന്നതിന് മേൽ പ്രസ്താ വിച്ച മാവേലിക്കര പടിയോലയുടെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ന്യായം കാണുന്നുമുണ്ട്.

1855-ൽ ചേപ്പാട്ടു മാർ ദിവന്നാസ്യോസ് കാലം ചെയ്തു. കാലം ചെയ്യുന്നതിനുമുമ്പ് തന്റെ അധികാരങ്ങളെല്ലാം മാർ യൂയാക്കിം

www.malankaralibrary.com



കൂറില്ലോസിന് ഒഴിഞ്ഞു കൊടുത്തിരുന്നു. ഈ യുയാക്കിം മാർ കൂറില്ലോസ് അന്ത്യോക്യാ പാത്രിയർക്കീസിന്റെ പ്രതിനിധിയും പൂർവിക സത്യവിശ്വാസത്തിൽനിന്ന് വ്യതിചലിച്ചുപോകുന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസിയോസിനോട് എതിരിടുന്നതിന് പാത്രിയർക്കീസിനാൽ അയക്കപ്പെട്ട ആളുമായിരുന്നു. 1846-ൽ ആണ് അദ്ദേഹം മലങ്കരയിലെത്തിയത്. അദ്ദേഹവും തൊഴിയൂരിൽ മറ്റൊരാളെ വാഴിക്കുവാൻ ശ്രമിച്ചു. പക്ഷേ അതിനു സാധിച്ചില്ല. അതിനെതുടർന്ന് കേസ് ഉണ്ടായി. കോഴിക്കോട്ടു ജില്ലാ കോടതിയിൽനിന്നു തുടങ്ങി മദ്രാസ് ഹൈക്കോടതിയിൽ അവസാനിച്ച ആ കേസിന്റെ വിധിയിൽ തൊഴിയൂർ ഇടവക ഒരു സ്വതന്ത്ര ഇടവകയാണെന്നു പറഞ്ഞു. ആയത് 1863 മെയ് മാസത്തിലായിരുന്നു. മാത്യൂസ് മാർ അത്തനാസ്യോസും അനുയായികളുമാണ് നമ്മുടെ പുറകിൽനിന്ന് കേസ് നടത്തിച്ചിരുന്നത്. നവീകരണസഭയായ മാർത്തോമ്മാസഭയോട് ശത്രുതയിൽ വർത്തിച്ചിരുന്ന യാക്കോബായ സഭയ്ക്കു പുറമേ ഒരു സ്വത്രന്തസഭകൂടി നിലനിർത്തേണ്ടത് മാർത്തോമ്മാസഭയുടെ ഒരാവശ്യമായിരുന്നു എന്നു പറയപ്പെടുന്നു. കേസ് നടത്തിപ്പിൽ നമ്മെ സഹായിക്കുന്നതിന് അത് ഒരു പ്രേരകശക്തിയായിരുന്നു. മാത്യൂസ് മാർ അത്തനാസ്യോസിൽനിന്ന് നാം പട്ടം സ്വീകരിച്ചെങ്കിലും നവീകരണ ഉപദേശങ്ങൾ ഒന്നുംതന്നെ സ്വീകരിക്കുകയോ, പൂർവിക വിശ്വാസത്തിൽനിന്ന് വ്യതിചലിക്കുകയോ ചെയ്തിരുന്നില്ല. പാത്രിയർക്കീസിൽനിന്നുള്ള മുടക്കും പൂർവിക സത്യവിശ്വാസത്തിൽനിന്നുള്ള വ്യതിയാനവും സ്വീകരിച്ച പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസിയോസിൽനിന്ന് മേല്പട്ടസ്ഥാനം സ്വീകരിച്ചെങ്കിലും തന്റെ പട്ടത്ത്വത്തിന്റെ ന്യൂനതയെയും അപര്യാപ്തതയെയുംകുറിച്ച് ആലത്തൂർ യൗസേഫ് മാർ കൂറിലോസ് തിരുമേനി ബോധവാനായിരുന്നു. ഇനി പറയുന്ന സംഭവത്തിൽനിന്ന് അത് വ്യക്തമാകുന്നു.

തൊഴിയൂർ ഇടവക ഒരു സ്വതന്ത്ര ഇടവകയാണെന്ന് മദ്രാസ് ഹൈക്കോടതി വിധി കല്പിച്ചിട്ട് 13 വർഷം കഴിഞ്ഞാണ് ഈ സംഭവം നടന്നത്.

അന്ത്യോഖ്യാ പാത്രിയർക്കീസ് പത്രോസ് തൃതീയൻ ബാവ 1876-ൽ കുന്നംകുളത്ത് ചിറളയം പള്ളിയിൽ എഴുന്നള്ളി താമസിക്കുമ്പോൾ നമ്മുടെ ആലത്തൂർ തിരുമേനി തിരുമുൽകാഴ്ചകളോടു

www.malankaralibrary.com



കൂടി സഭാപുനരൈക്യത്തിന് അദ്ദേഹത്തെ സമീപിച്ചു. കാഴ്ചവസ്തുക്കളായി പൊന്നുകൊണ്ടുള്ള ഒരു മസ്നപ്സായും ഒരു പൊൻകുരിശും മാലയും ആയിരുന്നു കൊണ്ടുപോയിരുന്നത്. പക്ഷേ കുന്നംകുളത്തെ ചില നേതാക്കന്മാരുടെ കുതന്ത്രം നിമിത്തം ബാവ കൂടിക്കാഴ്ച അനുവദിച്ചില്ല. അങ്ങനെ യാക്കോബായ സഭയുമായുള്ള ഒന്നാമത്തെ ഐക്യശ്രമം പരാജയപ്പെട്ടു.

ആലത്തൂർ തിരുമേനി 1888-ൽ ആണ് കാലം ചെയ്യുന്നത്. എന്നാൽ, 1883-ൽ തന്നെ തന്റെ പിൻഗാമിയായി തൊഴിയൂർ മാളിയേക്കൽ ഓസേഫ് മാർ അത്തനാസിയോസിനെ വാഴിച്ചിരുന്നു. ഈ മാളിയേക്കൽ തിരുമേനി തന്റെ പിൻഗാമിയായി പഴഞ്ഞി കരുമാങ്കുഴി ഗീവറുഗീസ് മാർ കൂറിലോസിനെ 1892-ൽ വാഴിച്ചു. കരുമാങ്കുഴി മാർ കൂറിലോസ് തന്റെ പിൻഗാമിയായി ആലത്തൂർ പൗലോസ് മാർ അത്തനാസിയോസിനെ 1917-ൽ വാഴിച്ചു. എങ്കിലും അദ്ദേഹം 1927-ൽ തന്റെ മുൻഗാമി ജീവിച്ചിരിക്കെത്തന്നെ കാലം ചെയ്തു. കരുമാങ്കുഴി മാർ കൂറിലോസ് 1935-ൽ കാലം ചെയ്യുന്നതുവരെ വീണ്ടും മറ്റൊരാളെ പിൻഗാമിയായി വാഴിക്കുവാൻ സാധിച്ചില്ല. ഇദ്ദേഹവും യാക്കോബായ സഭയുമായി ഐക്യപ്പെടുന്നതിനും, പട്ടത്വന്യൂനത പരിഹരിക്കുന്നതിനും പരിശ്രമിച്ചു. 1902-ൽ കുന്നംകുളം പഴയപള്ളിയിൽവച്ച് പുലിക്കോട്ടിൽ യൗസേഫ് മാർ ദിവന്നാസിയോസുമായി ഒരു കൂടിക്കാഴ്ച നടത്തി, സഭൈക്യത്തെപ്പറ്റി ആലോചിച്ചു. കുന്നംകുളത്തെ ചില പ്രമാണികൾ ഈ കൂടിക്കാഴ്ച നടത്തുന്നത് തടസ്സപ്പെടുത്തുവാൻ ശ്രമിച്ചു എങ്കിലും കൂടിക്കാഴ്ച നടന്നു. ചില കാരണങ്ങളാൽ ഐക്യശ്രമം വിജയിച്ചില്ല.

മാർത്തോമ്മാസഭയുടെ മാത്യൂസ് മാർ അത്തനാസിയോസ് തന്റെ പിൻഗാമിയായി തോമസ് മാർ അത്തനാസിയോസിനെ 1868-ൽ വാഴിച്ചു. 1877-ൽ അദ്ദേഹം കാലം ചെയ്യുകയും ചെയ്തു. തോമസ് മാർ അത്തനാസിയോസ് ഒരു പിൻഗാമിയെ വാഴിക്കുവാൻ കഴിയാതെ 1893-ൽ കാലം ചെയ്യുകയാണുണ്ടായത്. അങ്ങനെ നവീകരണക്കാർ എന്നറിയപ്പെട്ടിരുന്ന മാർത്തോമ്മാസഭയ്ക്ക് ഒരു തലവനില്ലാതെ വന്നു. ആ സന്ദർഭത്തിൽ ആ സഭയിലെ നേതാക്കന്മാർ തൊഴിയുർ വന്ന് മാളിയേക്കൽ യൗസേഫ് മാർ അത്തനാസിയോസിനെയും സഫ്രഗൻ കരുമാങ്കുഴി ഗീവറുഗീസ് മാർ കൂറിലോസിനെയും സമീപിച്ചു. നവീകരണ ആശയങ്ങളിൽ താത്പര്യമില്ലാതിരുന്ന മാളി

www.malankaralibrary.com



യേക്കൽ തിരുമേനിയും കരുമാങ്കുഴി തിരുമേനിയും മാർത്തോമ്മാ സഭയിൽ പോയി ഒരാളെ വാഴിക്കുന്നതിന് ആദ്യം വിസമ്മതം പ്രകടിപ്പിച്ചു. അവസാനം കുന്നംകുളത്തെ ചില നവീകരണ പ്രമാണികളുടെ ഭീഷണിക്കു വഴങ്ങി അവിടെപോയി പട്ടം കൊടുത്തു. അങ്ങനെ കോട്ടയത്തു ചെന്ന് 1069 മകരത്തിൽ അതായത് 1893-ൽ തീത്തൂസ് ഒന്നാമൻ തിരുമേനിയെ വാഴിച്ചു. തീത്തൂസ് ഒന്നാമൻ തീത്തൂസ് രണ്ടാമനെയും, തീത്തൂസ് രണ്ടാമൻ അബ്രഹാം മാർത്തോമ്മായെയും, യൂഹാനോൻ മാർത്തോമായെയും വാഴിച്ചു.

## മൂന്നാം ഘട്ടം

1935 മുതൽ നാം ആധുനിക ഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. 1935-ൽ കരുമാങ്കുഴി ഗീവറുഗീസ് മാർ കൂറിലോസ് കാലം ചെയ്തു. നമുക്ക് ഒരു ഇടയനില്ലാതെയായി. അപ്പോൾ മാർത്തോമാസഭയിലെ തീത്തൂസ് രണ്ടാമൻ തിരുമേനി ഇവിടെ വരികയും കോട്ടപ്പടി കുത്തൂർ കുറിയാക്കോസ് മാർ കൂറിലോസിനെ വാഴിക്കുകയും ചെയ്തു. കോട്ടപ്പടി തിരുമേനിയും ഒരു പിൻഗാമിയെ വാഴിക്കാതെ 1947-ൽ കാലം ചെയ്തു. മാർത്തോമ്മാസഭയിൽനിന്ന് യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ വരികയും ഒരു എഴുതപ്പെട്ട ഭരണക്രമം ഉണ്ടാക്കി പാസ്സാക്കിക്കുകയും അതിനുശേഷം അഞ്ഞൂർ ചീരൻ ഗീവറുഗീസ് മാർ കൂറിലോസിനെ 1948-ൽ വാഴിക്കുകയും ചെയ്തു. അദ്ദേഹം 1950 -ാം കാലത്ത് ഓർത്തഡോക്സ് സഭയുമായി ഐക്യപ്പെടുന്നതിന് ആലോചന നടത്തി. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവ കുന്നംകുളം പഴയപള്ളിയിൽ എഴുന്നെള്ളിയിരിക്കുമ്പോൾ ഇവിടെനിന്ന് മാർ കൂറിലോസ് തിരുമേനി പോയിക്കണ്ട് ചർച്ചകൾ നടത്തി. അതും വിജയിക്കുകയുണ്ടായില്ല. 1967 ജൂണിൽ മാർ കൂറിലോസ് കാലം ചെയ്തു. അതേ കൊല്ലം ഡിസംബർമാസം ഞാൻ യൂഹാനോൻ തിരുമേനിയിൽനിന്ന് പട്ടമേറ്റു.

ഒരു കാര്യം വ്യക്തമാണ്. അപ്പസ്തോലിക പിന്തുടർച്ചയ്ക്ക് ന്യൂനതയില്ലാത്ത ഒരു സഭയുമായിട്ട് ഐക്യപ്പെടണമെന്ന് നമ്മുടെ പൂർവപിതാക്കന്മാർ എല്ലാവരും, പ്രത്യേകമായി ആലത്തൂർ വലിയ മെത്രാച്ചൻ, കരുമാങ്കുഴി മെത്രാച്ചൻ, അടുത്ത് കാലം ചെയ്ത ചീരൻ മെത്രാച്ചൻ എന്നിവരൊക്കെ ആഗ്രഹിച്ചിരുന്നതാണ്.

www.malankaralibrary.com



യാക്കോബായ ഓർത്തഡോക്സ് സഭയുമായിട്ട് ഐക്യപ്പെടുന്നതിനല്ലേ അവരെല്ലാം പരിശ്രമിച്ചത്? അതിനാൽ അവരുമായിട്ടുള്ള ഐക്യത്തിൽ വന്നാൽ പോരേ എന്ന് സ്വഭാവികമായും ഒരു ചോദ്യം ഉന്നയിക്കാം. അതിനു മറുപടി ഒന്നേയുള്ളൂ. നൂറ്റാണ്ടുകളായി അവർ ഛിദ്രത്തിലും വഴക്കിലും തമ്മിൽതല്ലിലും കേസുകളിലും മുഴുകിയിരിക്കുകയാണ്. നമ്മെ ഏതെങ്കിലും വിധത്തിൽ സഹായിക്കുന്നതിനോ ഉദ്ധരിക്കുന്നതിനോ അവർക്ക് കഴിവില്ല. നാം അവർക്ക് ഒരു ഭാരം ആയിരിക്കുകയും ചെയ്യും.

യാക്കോബായ-ഓർത്തഡോക്സ് സഭയുമായിട്ട് വിശ്വാസാചാരങ്ങളിൽ നമുക്ക് ഐക്യമുണ്ട്. പക്ഷേ നമ്മുടെ പട്ടത്വം അവർ അംഗീകരിക്കുന്നില്ല. ഈ സഭയിൽ 30 കൊല്ലം ഒരു പട്ടക്കാരനായിരുന്ന മുളന്തുരുത്തി വെട്ടിക്കൽ ഓലിയിൽ അബ്രഹാം കത്തനാർ യാക്കോബായസഭയിൽ ചേർന്നത് വീണ്ടും പട്ടമേറ്റു കൊണ്ടായിരുന്നു. അടുത്ത കാലത്ത് ആർത്താറ്റ് സിംഹാസനപള്ളി വികാരിയായിരുന്ന നിര്യാതനായ വെട്ടിക്കുന്നേലച്ചനും ചാലിശ്ശേരി യാക്കോബായ പള്ളിയിലെ വികാരിയായിരിക്കെ നിര്യാതനായ മേക്കാട്ടുകുളം ജോസഫ് കശ്ശീശായും നമ്മുടെ സഭയിലെ പട്ടക്കാരായിരുന്നു. അവരും യാക്കോബായ സഭയിൽ ചേർന്നപ്പോൾ വീണ്ടും പട്ടമേൽക്കുകയുണ്ടായി. നമ്മുടെ സഭയിൽ ഒരു ശെമ്മാശനായിരുന്ന പോർകുളത്ത് കുത്തൂർ ഇ.റ്റി. മാണി മകൻ സൈമൺ ഓർത്തഡോക്സ് സഭയിൽചേർന്നു. കുന്നംകുളത്ത് പഴയപള്ളിയിൽവച്ച് ഔഗേൻ മാർ തിമോത്തിയോസ് മെത്രാച്ചനാണ് അദ്ദേഹത്തെ ഒരു അല്മായക്കാരനെപ്പോലെ നിർത്തി കോറൂയോ മുതൽക്കുള്ള പട്ടം കൊടുത്ത് അച്ചനാക്കിയത്. ഇത് 1953-ലോ 1954-ലോ നടത്തിയെന്നാണ് ഓർമ്മ. ആ അച്ചനിപ്പോഴും ഓർത്തഡോക്സ് സഭയിലുണ്ടല്ലോ. അത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണല്ലോ.

നമ്മുടെ പെൺകുട്ടികളെ യാക്കോബായ-ഓർത്തഡോക്സ് ഇടവകകളിലേക്ക് വിവാഹം ചെയ്തു കൊടുക്കുമ്പോൾ അവർക്ക് മാമോദീസായുടെ പ്രാർത്ഥനകൾ നടത്തി മൂറോനഭിഷേകം ചെയ്തിട്ടാണ് അവരെ സ്വീകരിക്കുന്നത്. ഇതെല്ലാം കാണിക്കുന്നത് നമ്മുടെ പട്ടത്വത്തിന്റെ ന്യൂനതയെയും അപര്യാപ്തതയെയുമാണ്. നാം വലിയവരെന്നുള്ള മിഥ്യാബോധം വച്ചുപുലർത്തിയിട്ട് കാര്യമില്ല.

www.malankaralibrary.com



രണ്ടുമൂന്നു വർഷങ്ങൾക്കുമുമ്പ് നമ്മുടെ ആശുപത്രിപണിക്കുള്ള പിരിവിനുവേണ്ടി ഞാൻ മദ്രാസിൽ പോയി. ഒരു ഞായറാഴ്ച കുർബാന ചൊല്ലേണ്ടി വന്നപ്പോൾ ശുദ്ധഗതിക്കാരായ നമ്മുടെ സഭാംഗങ്ങളിൽ ചിലർ ഓർത്തഡോക്സ് പള്ളിയിൽചെന്ന് അച്ചനെ കണ്ടു. അവരുടെ കുർബാന കഴിഞ്ഞതിനുശേഷം, അവരുടെ പള്ളിയിൽ ഒരു കുർബാന ചൊല്ലാൻ അനുവദിക്കുമോയെന്ന് ചോദിച്ചു. അപ്പോൾ വികാരിയച്ചൻ പറഞ്ഞത് കാതോലിക്കാബാവായുടെ അനുമതി വേണമെന്നാണ്. അങ്ങനെ പള്ളി അനുവദിച്ചു തന്നില്ല. പിന്നീട് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് കാതോലിക്കാബാവാ പഴഞ്ഞിപള്ളിയിൽ എഴുന്നള്ളിയിരുന്നപ്പോൾ നാം ഇക്കാര്യം വീണ്ടും ഉന്നയിച്ചു. ഞങ്ങൾക്ക് പള്ളിയില്ലാത്ത ദിക്കുകളിൽ ഓർത്തഡോക്സ് പള്ളികളിൽ, അവിടുത്തെ കുർബാന കഴിഞ്ഞ് ഒഴിവു സമയത്ത് ഞങ്ങൾക്ക് കുർബാന ചൊല്ലുവാൻ അനുവദിക്കുമോ എന്ന് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞത് അതിന് മലങ്കര ഓർത്തഡോക്സ് സുന്നഹദോസിന്റെ അനുമതി വേണമെന്നാണ്. പട്ടത്വവും പൗരോഹിത്യവുമില്ലാത്ത നാലാംതരം ക്രിസ്ത്യാനികളായിട്ടുതന്നെയാണ് യാക്കോബായ ഓർത്തഡോക്സ് സഭകൾ നമ്മെ വീക്ഷിക്കുന്നതെന്നുള്ള നഗ്നമായ വസ്തുത നാം ഓർക്കുന്നത് നന്ന്.

മാർത്തോമാക്കാരും നമ്മെ കാണുന്നത് അന്യ ഇടവകക്കാരും ശരിയായ വിശ്വാസത്തിന് ഇണങ്ങാത്തവരുമായി തന്നെയാണ്. 1063 കർക്കിടകം 16- ാം തീയതി പുത്തൂർ പാറമേൽ ഇയ്യു ഉട്ടുപ്പു അവർകൾ കുന്നംകുളത്ത് പള്ളി അനുവദിച്ചു കിട്ടാൻ ഗവൺമെന്റിലേക്ക് ഒരു ഹർജ്ജി സമർപ്പിച്ചിരുന്നു. അതിൽ ഇപ്രകാരം പറയുന്നു. 'എന്റെ ജ്യേഷ്ഠൻ രോഗത്തിൽപെട്ടു മരിക്കാറായ സമയം ക്രിസ്ത്യാനിക്കടുത്ത കർമ്മം കഴിക്കണമെന്നുള്ള ആശ നിവർത്തിപ്പാൻ വളരെ പ്രയാസപ്പെട്ട് ബുദ്ധിമുട്ടിയെങ്കിലും അന്യ ഇടവകയായ അഞ്ഞൂരുനിന്നും ശരിയായ വിശ്വാസത്തിനിണങ്ങാത്ത കർമ്മികളെ വരുത്തി കർമ്മം അനുഭവിപ്പാൻ സംഗതിയായിയെന്നേ പറവാനുള്ളു?'

നാം മരിച്ചവർക്കുവേണ്ടി കുർബാന ചൊല്ലുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പ. ദൈവമാതാവിനോടും പരിശുദ്ധന്മാരോടും നാം മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. പ. കുർബാന ബലിയാണെന്നും അത് അർപ്പിക്കുന്നവർക്കു യഥാർത്ഥ പൗരോഹിത്യം വേണമെന്നും

www.malankaralibrary.com



നാം വിശ്വസിക്കുന്നു. എന്നാൽ മാർത്തോമാസഭയ്ക്ക് അങ്ങനെയുള്ള വിശ്വാസങ്ങളൊന്നുമില്ല.

ഈ വക കാര്യങ്ങളൊക്കെ മുൻകൂട്ടി അറിഞ്ഞിരുന്നെങ്കിൽ പിന്നെ പത്തുകൊല്ലം മുമ്പ് നാം എന്തിനാണ് വിശ്വാസവിപരീതികളിൽ നിന്നു പട്ടമേറ്റതെന്നു ചോദിക്കുമായിരിക്കും. അതിനുള്ള മറുപടി വളരെ ലളിതമാണ്. ഒന്നാം മാർത്തോമ്മാ തൊട്ടു മലങ്കര സഭയിലെയും നമ്മുടെ സഭയിലെയും എല്ലാ പിതാക്കന്മാർക്കുമുണ്ടായിരുന്ന ചിന്താഗതി ഒന്നുതന്നെയായിരുന്നു. വിപരീത സാഹചര്യങ്ങളിൽ സഭയുടെ അഖണ്ഡത പാലിക്കാനും, വിശ്വാസികളെ ഏകോപിപ്പിച്ചു നിർത്തുവാനും അനുകൂല സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ യഥാർത്ഥ കൈവെയ്പു സ്വീകരിച്ച് പട്ടത്വന്യൂനത പരിഹരിക്കുവാനും ഇതാവശ്യമായിരുന്നു. നമ്മുടെ പ്രാർത്ഥനാപൂർവമായ ചിന്തയും പഠനവും സത്യസഭയും വഴിയും ഏതെന്നു നമുക്കു ബോദ്ധ്യപ്പെടുത്തിത്തന്നു. അത് നിങ്ങളെ അറിയിക്കുന്നു.

സാർവത്രികസഭയിലെ കൂട്ടായ്മയുടെ ഫലം യേശുമിശിഹാ സഭയെ ഭരമേല്പിച്ച രക്ഷാകര സമ്പത്തിലുള്ള ഭാഗഭാഗിത്വമാണ്. അതുകൊണ്ട് ഈ കൂട്ടായ്മ ഏതൊരു ക്രിസ്തീയ സമൂഹത്തിനും ജീവന്റെയും വളർച്ചയുടെയും അടിസ്ഥാനമാണ്. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം സാർവ്രതിക കത്തോലിക്കാസഭയുമായുള്ള ഐക്യത്തിൽ പ്രവേശിക്കുകയാണെങ്കിൽ നമ്മുടെ പൂർവികാചാരങ്ങളോ സഭാനടപടികളോ ആദ്ധ്യാത്മിക സമ്പത്തോ ആരാധനക്രമങ്ങളോ കൂദാശാനുഷ്ഠാനങ്ങളോ ഒന്നുംതന്നെ നഷ്ടമാകുന്നില്ല. ആകയാൽ ഈ കൂട്ടായ്മയിലേക്കു പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന സഭാംഗങ്ങൾക്ക് ആശങ്കയ്ക്ക് സ്ഥാനമില്ല.

നമ്മുടെ സ്വതന്ത്രസഭയുടെ ചരിത്രം ആരംഭിക്കുന്നത് 1772 ലാണെന്ന് നാം ആദ്യമേ പറഞ്ഞല്ലോ. എന്നാൽ കേരളത്തിലെ ക്രിസ്തീയ സഭാചരിത്രം ആരംഭിക്കുന്നത് ക്രിസ്തുവർഷം 52-ൽ, 12 അപ്പസ്തോലന്മാരിൽ ഒരുവനായ മാർത്തോമാശ്ലീഹ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയതോടെയാണ്. ശ്ലീഹാ ഇവിടെ അറമായ സുറിയാനി ഭാഷയിലാണ് ആരാധനക്രമങ്ങൾ നടപ്പാക്കിയത്. അതുകൊണ്ട് നാം സുറിയാനിക്കാർ എന്ന് അറിയപ്പെടുന്നു. സുറിയാനിസഭ ഒരു പ്രാദേശികസഭയായി ഉത്തരോത്തരം വളർന്നു വന്നു. 17-ാം നൂറ്റാണ്ടുവരെ ഈ സഭ

www.malankaralibrary.com



ഏകയോഗമായി സമ്പൂർണ്ണ ഐക്യത്തിൽ, റീശുപാത്രിയർക്കീസായ റോമായിലെ മാർപ്പാപ്പായുടെ അധികാരത്തിനു വിധേയമായി, ബാബേലിൽനിന്നു വന്നിരുന്ന മെത്രാന്മാരാൽ ഭരിക്കപ്പെട്ടുപോന്നു.

17-ാം നൂറ്റാണ്ടിൽ നമ്മുടെ രാജ്യം പോർട്ടുഗീസ് മേധാവിത്വത്തിൽ കഴിഞ്ഞുകൂടിയിരുന്നപ്പോൾ വിദേശ മിഷനറിമാർ ഇവിടെവന്ന് സുവിശേഷവേല ചെയ്തു. അവർ നമ്മുടെ ആരാധനക്രമത്തിലും സഭാഭരണ ക്രമീകരണങ്ങളിലും കൈ കടത്തുകയാൽ സഭാപരമായി നമ്മുടെ പിതാക്കന്മാർക്ക് അവരെ എതിർക്കേണ്ടതായിവന്നു. സഭാഭരണം അർക്കദിയാക്കോന്മാരെ നിയമിച്ചുകൊണ്ടാണ് നടത്തിപ്പോന്നിരുന്നത്. ഇത് പ്രത്യേകിച്ച് പോർട്ടുഗീസ് മിഷനറിമാരുടെ മേധാവിത്വത്തിന് വിലങ്ങുതടിയുമായിരുന്നു. ഈ വക കാര്യങ്ങളിൽ പ്രതിഷേധിച്ച് നമ്മുടെ പിതാക്കന്മാർ 1653-ൽ മട്ടാഞ്ചേരിയിലെ കൂനൻ കുരിശിൽ ഒരു ആലാത്തുകെട്ടി, അതിൽ പിടിച്ചുകൊണ്ട് പോർട്ടുഗീസ് മിഷനറിമാരെ തള്ളിപ്പറഞ്ഞ് സത്യം ചെയ്തു. പ്രസ്തുത സത്യം മാർപ്പാപ്പയ്ക്ക് എതിരായിട്ടല്ലായിരുന്നുവെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്.

കുനൻകുരിശുസത്യത്തോടുകൂടി കേരള സുറിയാനിസഭയിൽ പിളർപ്പുണ്ടായി. പഴയകൂറ്റുകാരെന്നും പുത്തൻകൂറ്റുകാരെന്നും രണ്ടു വിഭാഗം സുറിയാനിക്കാർ ഇവിടെ നിലവിൽവന്നു. പഴയകൂറ്റുകാരാണ് കേരളത്തിലെ മലബാർ സുറിയാനി കത്തോലിക്കർ. പുത്തൻ കൂറ്റുകാർ പില്ക്കാലത്ത് യാക്കോബായക്കാരായിത്തീർന്നു. യാക്കോബായസഭയിൽ പിന്നീടുണ്ടായ ഭിന്നതകളാലാണ് നമ്മുടെ സ്വതന്ത്ര സഭയും മാർത്തോമ്മാസഭയും മറ്റും ഇവിടെ ആവിർഭവിച്ചത്.

ഭിന്നത ക്രിസ്തുനാഥന്റെ അഭിലാഷത്തിന് വിപരീതമാണെന്ന് നമ്മുടെ പിതാക്കന്മാർക്ക് നല്ലതുപോലെ അറിയാമായിരുന്നു. ആകയാൽ ആദിമുതൽതന്നെ പുനരൈക്യശ്രമങ്ങൾ കാലാകാലങ്ങളിൽ ഇവിടെ നടന്നിട്ടുണ്ട്. എന്റെ കാഴ്ചപ്പാടിൽ താദൃശ്യ പുനരൈക്യ പരിശ്രമങ്ങൾ വിജയം വരിച്ചത് 1930-ൽ യാക്കോബായ സഭയിലെ സമുന്നത മേലദ്ധ്യക്ഷന്മാരായിരുന്ന കാലം ചെയ്ത മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും കാലം ചെയ്ത മാർ തെയോഫിലോസ് തിരുമേനിയും അനുയായികളും പുനരൈക്യപ്പെട്ട് കത്തോലിക്കാ സഭയിൽ പ്രവേശിച്ചതോടുകൂടിയാണ്.

www.malankaralibrary.com



ആ പുനരൈക്യശ്രമം നടത്തുവാൻ യാക്കോബായ ഓർത്ത ഡോക്സ് സഭയിലെ മെത്രാപ്പോലീത്താമാർ 1926-ൽ പരുമല സെമി നാരിയിൽ യോഗം ചേർന്ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തിയതായിരുന്നു. എന്നാൽ പുനരൈക്യ ക്രമീകരണ ങ്ങൾ പൂർത്തിയാക്കി റോമാ മാർപ്പാപ്പായിൽനിന്ന് കല്പന വന്നപ്പോൾ പ്രതികൂല സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ മറ്റു മെത്രാപ്പോലീ ത്താമാർ പിൻവാങ്ങുകയാണ് ചെയ്തത്. പിന്നീട് രണ്ടു മെത്രാ പ്പോലീത്താമാർകൂടി പുനരൈക്യപ്പെട്ട് കത്തോലിക്കാ സഭയിൽ പ്രവേശിച്ചിട്ടുണ്ട്. അതുപോലെ അനേകം വൈദികരും, സന്യാസി സന്യാസിനിമാരും ബഹുശതം അല്മായ സഹോദരങ്ങളും പുനരൈ ക്യപ്പെട്ടിട്ടുണ്ട്. അവരിൽ പണ്ഡിതരും പ്രബലന്മാരും ഉന്നത ബിരുദ ധാരികളും പുണ്യശ്ലോകരുമായ അനേകരെ കാണുവാൻ കഴിയും.

പുനരൈക്യത്തോടുകൂടി മെത്രാന്മാർക്കും പട്ടക്കാർക്കും അല് മേനികൾക്കും ആത്മീയമായി യാതൊന്നും നഷ്ടപ്പെടുവാനുണ്ടായി രുന്നില്ല. അവർക്ക് വലിയ സ്വാഗതമാണ് കത്തോലിക്കാസഭയിൽ ലഭിച്ചത്. അവരുടെ വിശ്വാസാചാരങ്ങളും ആരാധനക്രമങ്ങളും അതേപടി അംഗീകരിക്കപ്പെട്ടു. മെത്രാപ്പോലീത്താമാരെയും പട്ടക്കാ രെയും അവരവരുടെ സ്ഥാനത്തിലും ഭരണത്തിലും സ്വീകരിച്ചു. വിവാ ഹിതരായ വൈദികർ അവരുടെ കുടുംബജീവിതം തുടർന്നുകൊണ്ടു പോകണമെന്നാണ് നിർദ്ദേശിക്കപ്പെട്ടത്. ആകമാനസഭയുടെ പരമാദ്ധ്യ ക്ഷനായി യാക്കോബായ-ഓർത്തഡോക്സ് സഭ അംഗീകരിക്കുന്ന ഹൂദായ കാനോനിൽ പറയുംപോലെ, റീശ് പാത്രിയർക്കീസായ റോമാ യിലെ മാർപ്പാപ്പായെ പുനരൈക്യപ്പെടുന്നവർ സ്വീകരിച്ച് വിധേയത്വം ഏറ്റുപറയണമെന്ന് മാത്രമേ ഉണ്ടായിരുന്നുള്ളു. മാർപ്പാപ്പാ സഭയുടെ പരമാദ്ധ്യക്ഷനാണെങ്കിലും പ്രാദേശിക സഭയുടെ ഉൾഭരണത്തിൽ അവിടുന്ന് ഇടപെടുന്നില്ല.

120 കോടിയോളം വരുന്ന ഒരു ജനസഞ്ചയമാണ് ഇന്ന് കത്തോ ലിക്കരായി മാർപ്പാപ്പായുടെ കീഴിലുള്ളത്. ഓരോ റീത്തും അവരവ രുടെ ഭാഷയിലും പ്രത്യേകമായ ആചാരവിശേഷങ്ങളോടു കൂടിയും കൂദാശകൾ അനുഷ്ഠിക്കുകയും വി. കുർബാന അർപ്പിക്കുകയും പ്രാർ ത്ഥന നടത്തുകയും ചെയ്യുന്നു. ഓരോ വിഭാഗക്കാർക്കും പ്രത്യേകം പ്രത്യേകം വേഷഭൂഷണങ്ങളും കർമ്മാനുഷ്ഠാന വിധികളുമുണ്ട്.

www.malankaralibrary.com



കേരളത്തിൽതന്നെ സീറോമലബാർ, സീറോമലങ്കര, ലത്തീൻ എന്നീ മൂന്നു റീത്തുകളുണ്ട്. എല്ലാറ്റിലും വിശ്വാസം ഒന്നാണ്. എല്ലാവരുടെയും പരമാദ്ധ്യക്ഷൻ റോമാ മാർപ്പാപ്പായാണ്. ഓരോ റീത്തിനും തലവനായി പാത്രിയർക്കീസോ മെത്രാപ്പോലീത്തായോ ഉണ്ടായിരിക്കും. അവരുടെ കീഴിൽ ആവശ്യാനുസരണം മെത്രാന്മാരുമുണ്ട്. ഓരോ റീത്തിലും പ്രാദേശികസഭയെന്ന നിലയിൽ സ്വയംഭരണ സമ്പ്രദായവും നിലനില്ക്കുന്നു. എന്നാൽ റീത്തുകളുടെ വിവിധത്വം സഭയുടെ ഐക്യത്തെ നശിപ്പിക്കുന്നില്ല. ഇത് എത്രയോ സുന്ദരമായ ഒരു കാഴ്ചപ്പാടാണ്. ദൈവിക ശക്തിയാലാണ് ഈ കൂട്ടായ്മ നിലനിർത്തികൊണ്ട് പോകുവാൻ മാർപ്പാപ്പായ്ക്ക് സാധിക്കുന്നത് എന്നല്ലാതെ മറ്റൊന്നും പറയുവാനില്ല. നരകവാതിലുകൾ സഭയ്ക്കെതിരായി പ്രബലപ്പെടുകയില്ല. മിശിഹായുടെ വികാരിയായി അപ്പസ്തോലന്മാരുടെ തലവനായ മാർ പത്രോസിന്റെ പിൻഗാമിയായി, ദൃശ്യസഭയിൽ പരമാദ്ധ്യക്ഷനായി, വിരാജിക്കുന്നത് റോമായിലെ മാർപ്പാപ്പതന്നെയാണ്. ഈ കാഴ്ചപ്പാടിലാണ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും അനുയായികളും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടത്. അങ്ങനെ 16-ാം നൂറ്റാണ്ടിൽ നമ്മുടെ പൂർവിക സഭയിലുണ്ടായ മുറിവ് സൗഖ്യമാക്കുവാൻ പര്യാപ്തമായ ചികിത്സാ സമ്പ്രദായമാണ് കേരളത്തിലെ പുനരൈക്യപ്രസ്ഥാനം.

മലബാർ സ്വതന്ത്രസഭയെന്ന് നമ്മുടെ സഭ അറിയപ്പെടുന്നുവെങ്കിലും ഇന്ന് നാം യഥാർത്ഥത്തിൽ ഒരു സ്വത്രന്തസഭയല്ല എന്ന് നമ്മുടെ ഭരണക്രമം നോക്കിയാൽ കാണാവുന്നതാണ്. 14.5.1948-ൽ പാസ്സാക്കിയ നമ്മുടെ സഭാ ഭരണക്രമം അനുസരിച്ച് നമ്മുടെ സ്വാതന്ത്ര്യം മാർത്തോമ്മാസഭയുമായുള്ള കൂട്ടുകെട്ടിൽ പരിമിതപ്പെട്ടിരിക്കുന്നു. ഭരണക്രമം രണ്ടിൽ ഇപ്രകാരം പറയുന്നു. എക്കാലവും തൊഴിയൂർസഭ പൂർണ സ്വതന്ത്രസഭയായിരുന്നിട്ടുള്ളതും, ദുർഘടഘട്ടത്തിൽ സഹോദരീസഭയായ മലങ്കര മാർത്തോമ്മാസഭയുടെ സഹകരണവും ഉപദേശവും സ്വീകരിക്കുന്നതല്ലാതെ ഇതര സഭകളുമായി യാതൊരു വേഴ്ചയും ഈ സഭയ്ക്കില്ലാത്തതും ഉണ്ടാകുവാൻ പാടില്ലാത്തതുമാകുന്നു.

ഇതനുസരിച്ച് നമ്മുടെ സഭയ്ക്ക് മാർത്തോമാസഭയോടല്ലാതെ യാതൊരു സഭയുമായിട്ടും കൂട്ടു കൂടുവാൻ പാടില്ലാത്തതാകുന്നു.

www.malankaralibrary.com



എക്യുമെനിസത്തിന്റെ ഈ കാലയളവിൽ ഈ വ്യവസ്ഥ നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണ്. അവസാനത്തെ നിയമം 21-ൽ ഇപ്രകാരം പറയുന്നു. 'ഈ ഭരണഘടന സംബന്ധിച്ചോ മറ്റു കാര്യങ്ങൾ സംബന്ധിച്ചോ സഭാകാര്യങ്ങൾ കുഴപ്പത്തിലായാൽ സഭയിലെ പൂർവ പിതാക്കന്മാർ ചെയ്തിരുന്നതുപോലെയും നടപ്പനുസരിച്ചും സഹോദരീസഭയായ മാർത്തോമാസഭയിലെ മേലദ്ധ്യക്ഷന്മാരെ സമീപിച്ച് അവരുടെ ആലോചനയോടുകൂടി കുഴപ്പങ്ങൾ തീർക്കേണ്ടതാകുന്നു.'

പട്ടത്വത്തിനല്ലാതെ മറ്റു യാതൊരു കാര്യങ്ങൾക്കും നമ്മുടെ സഭ മാർത്തോമാസഭയെ സമീപിച്ചിട്ടില്ല. ഈ നിയമം ഉൾഭരണ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുകയാണ്. നമ്മുടെ സഭാസംബന്ധമായി നടന്ന കേസിൽ 1863 മേയ് മാസത്തിൽ മദ്രാസ് ഹൈക്കോടതിയിൽ നിന്നുണ്ടായ വിധിയിൽ പ്രഖ്യാപിക്കപ്പെട്ടത് തൊഴിയൂർ ഇടവക ഒരു സ്വതന്ത്ര ഇടവകയാണെന്നാണ്. ഈ വസ്തുത ഇത്തരുണത്തിൽ പ്രത്യേകം ചിന്ത്യമാണ്.

നമ്മുടെ സഭയിൽ ഒരു മെത്രാപ്പോലീത്താ ഇല്ലാതിരുന്ന അവസരത്തിലാണ് ഈ ഭരണക്രമം പാസ്സാക്കപ്പെട്ടതെന്ന് നാം ഓരോരുത്തരും ഓർക്കേണ്ടതുണ്ട്. കത്തോലിക്കാസഭയുമായുള്ള ഐക്യത്തിൽ പ്രവേശിക്കുന്നതുകൊണ്ട് നമ്മുടെ സ്വാതന്ത്ര്യത്തിനോ വിശ്വാസാചാരങ്ങൾക്കോ ആരാധനക്രമങ്ങൾക്കോ കുറവൊന്നും സംഭവിക്കുകയില്ലെന്ന് മാത്രമല്ല, അവയെല്ലാം അവയുടെ പൂർണതയിൽ പരിരക്ഷിക്കപ്പെടുന്നതിനും വളർത്തുന്നതിനുമുള്ള സാദ്ധ്യത വർദ്ധിക്കുകകൂടിയാണ് ചെയ്യുന്നത്.

നിഖ്യാവിശ്വാസപ്രമാണത്തിൽ നാം ഏറ്റുചൊല്ലുന്ന കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിൽ ഞാൻ വിശ്വസിക്കുന്നു എന്നതനുസരിച്ച് കർത്താവിന്റെ ഏകസഭയിൽ നാം വിശ്വസിക്കുകയും പൂർണമായി ഐക്യപ്പെട്ടിരിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. എല്ലാ പ്രാദേശിക സഭകളുടെയും ഐക്യത്തിന് നിദാനമായിരിക്കുന്ന ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെ പിൻഗാമിയും റീശ് പാത്രിയർക്കീസുമായ റോമാ മാർപ്പാപ്പായുടെ പരമാധികാരം അംഗീകരിക്കാതെ ഈ കടമ നിർവഹിക്കുവാൻ സാദ്ധ്യമല്ല. ഇതേ ചിന്തകളാൽ പ്രേരിതമായിട്ടാണ് മലങ്കരസഭയിലെ പൂർവപിതാക്കന്മാർ കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിന്

www.malankaralibrary.com



പരിശ്രമിച്ചിട്ടുള്ളതും. ആ പരിശ്രമങ്ങൾ വിജയത്തിലെത്തിച്ച പുനരൈക്യപ്രസ്ഥാനംവഴി മലങ്കരസഭയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ ശ്രദ്ധേയമാണ്.

വിശുദ്ധന്മാരും പണ്ഡിതന്മാരുമായ ഈ പിതാക്കന്മാരുടെ മാതൃക പിൻചെന്ന് മലങ്കരസഭയ്ക്ക് ഒരു പ്രാദേശികസഭയെന്ന നിലയിൽ സാർവത്രിക സഭയിലുള്ള സ്ഥാനം സുനിശ്ചിതമാക്കുകയും നിലനിർത്തുകയും ചെയ്യേണ്ടത് നമ്മുടെ ചുമതലയല്ലേ? നമ്മെപറ്റിയുള്ള ദൈവത്തിന്റെ ഈ തിരുമനസ്സ് നിറവേറുന്നതിനും ആദ്ധ്യാത്മികവും ഭൗതികവുമായ നമ്മുടെ വളർച്ചയ്ക്ക് വഴിയൊരുക്കുന്നതിനും ഇതല്ലാതെ മറ്റൊരു മാർഗവുമില്ലെന്ന് എനിക്ക് ബോദ്ധ്യമായിട്ടുണ്ട്. അതുകൊണ്ടാണ് നാം കത്തോലിക്കാസഭയുടെ ഐക്യത്തിലേക്ക് പ്രവേശിക്കുവാൻ തീരുമാനിച്ചിരിക്കുന്നതും പ്രിയ മക്കളായ നിങ്ങളെ സ്നേഹപൂർവം അതിനായി ആഹ്വാനം ചെയ്യുന്നതും.

മേൽപറഞ്ഞ വസ്തുകളുടെ വെളിച്ചത്തിൽ നമ്മുടെ കൊച്ചു സഭ ഒന്നായി നമ്മോടുകൂടെനിന്ന് പുനരൈക്യപ്രസ്ഥാനത്തിൽ സഹകരിക്കുന്നുവെങ്കിൽ ഏറ്റവും ഉത്തമമായിരിക്കും. സഭ മുഴുവനായി എന്നോടു സഹകരിക്കാത്തപക്ഷം വിശ്വാസികൾക്ക് ആരംഭത്തിൽ അല്പസ്വല്പ ബുദ്ധിമുട്ടുകളുണ്ടാകാം. എങ്കിൽതന്നെയും എന്നോടുകൂടെ സഹകരിച്ചു നില്ക്കുന്ന വൈദികർക്കും വിശ്വാസികൾക്കും ആത്മീയവും ലൗകികവുമായ എല്ലാ കാര്യങ്ങളിലും നമ്മുടെ പൈതൃകമായ സേവനം നാം വാഗ്ദാനം ചെയ്യുന്നു. വിശ്വാസത്തിൽ മുന്നോട്ടുപോകാൻ നിങ്ങൾ സഭയായിട്ടും വ്യക്തികളായിട്ടും എന്നോട് പരിപൂർണ്ണമായി സഹകരിക്കുമെന്ന് നാം കർത്താവിൽ ആശിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരി. കന്യകാമറിയാമിന്റെയും സകല വിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ.

തൊഴിയൂർ
16.8.1977

**പൗലോസ് മാർ പീലക്സിനോസ്**
*മെത്രാപ്പോലീത്താ*

www.malankaralibrary.com



NB: നമ്മുടെ പ്രിയ മക്കളായ നിങ്ങളേവർക്കുവേണ്ടിയും, കത്തോലിക്കാതിരുസഭയുമായുള്ള എന്റെ ഐക്യം മുൻനിർത്തി പ്രാർത്ഥിക്കുന്നതിനും ഒരാഴ്ചയോളം ധ്യാനദിനങ്ങളായി ചെലവഴിക്കുന്നതിനും ഞാൻ യാത്രയാവുകയാണ്. എന്റെ ധ്യാനവും മറ്റും കഴിഞ്ഞ് മടങ്ങിവരുമ്പോൾ നിങ്ങളേവരെയും സന്ദർശിക്കുന്നതിന് ആഗ്രഹിക്കുന്നുവെന്ന വസ്തുതയും ഞാൻ നിങ്ങളെ സ്നേഹപൂർവം ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

www.malankaralibrary.com



കവിത

# സപ്തതി കൃതജ്ഞതാപ്രകടനം

*(1998 ഏപ്രിൽമാസത്തിൽ നടത്തിയ തന്റെ സപ്തതി ആഘോഷത്തിന് കൃതജ്ഞതാസൂചകമായി മാർ പീലക്സിനോസ് പിതാവ് രചിച്ചത്*

നിത്യവും വൻകൃപയെന്നിൽ ചൊരിയുന്ന
നിത്യനാം ദൈവത്തെ സ്തോത്രം ചെയ്യുന്നു ഞാൻ
എഴുപതാണ്ടുകൾ കൈക്കു പിടിച്ചുകൊ-
ണ്ടേഴയാമെന്നെ മുന്നോട്ടു നയിച്ചു താൻ
രോഗിയാമെന്നിൽ തൻ ശക്തിതന്നെന്നെയാ-
രോഗ്യവാനാക്കി നടത്തിയതത്ഭുതം
എൻ ബലഹീനാവസ്ഥയിലാണല്ലോ
തൻ ശക്തിയെന്നിൽ പ്രകടമാകുന്നത്
എന്നെ ശക്തിപ്പെടുത്തുന്നവനാലെ ഞാ-
നെല്ലാറ്റിനും മതിയായവനാകുന്നു
പാപിയാമെന്നെയെടുത്തു തൃക്കൈകളിൽ
പാകപ്പെടുത്തി പൗരോഹിത്യമേകിതാൻ
മേല്പട്ടക്കാരനായി മുപ്പത്തൊന്നാമാണ്ടു-
മേറ്റം വിനീതനായ് സേവനം ചെയ്യുന്നു.
ആണ്ടുകൾ പത്തു ജനിച്ച സഭയിലു-
മാണ്ടിരുപത്തൊന്ന് കാത്തലിക് ചർച്ചിലും
രണ്ടിടത്തും ജനം കോരിച്ചൊരിഞ്ഞെന്നിൽ
വേണ്ടുവോളം ബഹുമാനവും സ്നേഹവും
നന്ദിയും മോദവുമുണ്ടെനിക്കായതി-
നെന്നുമവർക്കായി പ്രാർത്ഥിക്കും നിശ്ചയം
ഇന്നു മലങ്കര രൂപതാ നാലിലു-
മൊന്നുപോലെന്റെ വിനീതമാം സേവനം
ഏറ്റം പരിമിത തോതിലാണെങ്കിലു-
മറ്റം വരുവോളം ചെയ്യുന്നതാണു ഞാൻ
പൂജ്യ സോദരാം മേല്പട്ടക്കാരോടും
വന്ദ്യ വൈദികരാം സോദരന്മാരോടും
സ്നേഹ സമ്പന്നരാം സന്യസ്തർ തന്നോടും

www.malankaralibrary.com



സ്നേഹനിധികളാം ദൈവജനത്തോടും
എന്നുടെ നന്ദിയറിയിച്ചുകൊള്ളുന്നു
എന്നോടു കാണിച്ച സ്നേഹാദരങ്ങൾക്കായ്
എല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ചിടുന്നു ഞാ-
നെല്ലാവരുമെനിക്കായ് പ്രാർത്ഥിക്കുവിൻ.
സപ്തതി പൂർത്തിയാകുന്നയീ വേളയിൽ
തപ്തഹൃദയനായ് വാഴ്ത്തുന്നു താതനെ
നന്ദി നിറഞ്ഞുള്ള ഹൃത്തോടെ സാമോദം
വന്ദനം ചെയ്യുന്നു പുത്രനാമേശുവെ
എന്നുമദൃശ്യനായെന്നെ നയിക്കുമാ
പാവനാത്മാവിനെയും നമിച്ചിടുന്നേൻ

www.malankaralibrary.com



കവിത

# സ്മരണാഞ്ജലി

*(ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസിന്റെ നിര്യാണത്തോടനുബന്ധിച്ച് 11-10-1994-ൽ രചിച്ചത്)*

അങ്ങേ വിയോഗത്തിലെൻ മനമിന്നിതാ
വിങ്ങി വിങ്ങി കരയുന്നു
മൂന്നുമിരുപതും വർഷങ്ങൾക്കപ്പുറം
വന്നു ഞാനീ ഭവനത്തിൽ
അന്നു ഞാനീ ഭവനത്തിലതിഥിയായ്
വന്നെന്നുള്ളതുമോർമ്മിപ്പൂ
സാന്ത്വനമേകുന്നോരങ്ങേ വലംകര-
മയ്യോ! നിശ്ചലമായല്ലോ.
ആ കരവല്ലി വലയത്താലന്നെന്നെ
ആശ്ലേഷിച്ചാദരിച്ചില്ലേ ?
പാവങ്ങൾതൻ മിഴിനീരൊപ്പിയാ കൈക-
ളിന്നിതാ നിഷ്ക്രിയമായി.
എന്നാലുമക്കൈകൾ ചൈതന്യപൂർണമാ-
യെന്നും ചലിക്കും സ്വർലോകെ
പുഞ്ചിരി തൂകുമാ പൊന്മുഖമാത്മീയ-
പ്പൊന്നൊളിയെന്നുള്ളിലേകി
സ്നേഹത്തിൻ മാസ്മരകാന്തി സ്ഫുരിക്കുമാ-
കൺകൾ പ്രഭയറ്റിരുണ്ടു
ദൈവതിരുസന്നിധിയിലവ വീണ്ടു-
മെന്നത്തേക്കാൾ പ്രഭ നേടും
ഏറെ നരച്ചു വെളുത്തുള്ള താടിയും
കാഷായ ളോഹയുമെല്ലാം
വിസ്മരിക്കാനെനിക്കാവതില്ല മുഖ-
പത്മമൊരിക്കലും മേലിൽ
വേദനയേറെ സഹിക്കുമീ നാളൊന്നി-
ലെൻ കൈകൾ മെല്ലെ ഗ്രഹിച്ചു.
തൻ ശിരസ്സിലവ വെപ്പിച്ചു കൊണ്ടശ്രു-

www.malankaralibrary.com



തൂകിയിട്ടെന്നെ പുണർന്നു.
സങ്കടമേറെയടക്കാനാവാതെ ഞാ-
നെൻ മുഖം പൊത്തിക്കരഞ്ഞു
അങ്ങേയനുഗ്രഹം പ്രാപിക്കേണ്ടുന്ന ഞാ-
നെങ്ങനെയീവിധം ചെയ്‌വൂ.
എന്നു ഞാൻ ഗദ്ഗദത്തോടോതിയെങ്കിലു-
മാരംഗം മൗനത്തിലാണ്ടു
കർത്തൃ സവിധേ ഗമിച്ചന്നു രാവിലെ
മെല്ലെയെന്നോടിതിയോതി
വേർപെട്ടുപോയ സഭകളുടെ പുന-
രൈക്യത്തിന്നായി ശ്രമിക്കു.
എൻ കഴിവിനൊത്തപോലെ ഞാൻ ചെയ്യാമെ-
ന്നെൻ തലയാട്ടി പറഞ്ഞു.
അന്ത്യത്തിലെന്നോടറിയിച്ച കാര്യമെ-
ന്നന്ത്യം വരെയും ഞാനോർക്കും
അങ്ങുകാട്ടിത്തന്ന പന്ഥാവിലൂടെ മു-
ന്നേറുവാനാശിർവദിക്കൂ.
അഞ്ജലി കൂപ്പിയെൻ കണ്ണുനീർ മഞ്ജരി-
യർപ്പിപ്പൂയങ്ങേ സവിധേ.

www.malankaralibrary.com



കവിത

# സ്നേഹപൂർവം കോച്ചേരിൽ കത്തനാർക്ക്

*(അമേരിക്കയിലുള്ള പീറ്റർ കോച്ചേരിലച്ചന് 1998 മാർച്ച് 5-ാം തീയതി അയച്ച കവിത)*

ഏറ്റം പ്രിയമുള്ളയെൻ കോച്ചേരിലച്ചാ,

ഇത്രയും നാളുകൾ നീട്ടി നീട്ടിവെച്ചി-
ട്ടെത്ര വിഷമിച്ചു കത്തെഴുതീടുവാൻ
നീട്ടിവെച്ചാണേലും വിസ്മരിച്ചാണേലും
കിട്ടിയപ്പോൾ 'പാസ്റ്റർ' കോച്ചേരിതൻ 'ലെറ്റർ'
എത്രയും സന്തോഷത്തോടതു പൊട്ടിച്ചി-
ട്ടത്രയും വേഗത്തിൽ വായിച്ചു ഞാനതു
'ജാന്വരി' മുപ്പതാം നാളിലെഴുതിയ
ലേഖനമാണെന്നതിൽ നിന്നറിഞ്ഞു ഞാൻ
പണ്ടുകാലത്തൊരു കോച്ചേരിൽ കത്തനാ-
രുണ്ടായിരുന്നതായോർക്കുന്നു ഞാനിപ്പോൾ
അഞ്ചൽപെട്ടിയെന്ന ദിക്കിലെ പള്ളിയിൽ
അഞ്ചിതനായൊരു ശുദ്ധ പുരോഹിതൻ
'പ്രെയ്സ് ദ ലോർഡ് പ്രെയ്സ് ദ ലോർഡ്'
എന്നു പലവുരു
പ്രെയ്സു ചെയ്തിങ്ങനെ വാഴുന്ന കാലത്തു
പൗരസ്ത്യ രീതിയിൽ ദീക്ഷ വളർത്തിയും
പൗരസ്ത്യ പൈതൃകം കാത്തുസൂക്ഷിച്ചുതാൻ
വല്ലപ്പോഴുമഞ്ചൽപെട്ടിയിൽ ഞാൻ ചെന്നാൽ
വല്യ സ്നേഹത്തോടെൻ ചാരത്തണഞ്ഞീടും
ആരോഗ്യകാര്യവും നാട്ടുകാര്യങ്ങളു-
മാരാഞ്ഞുകൊണ്ടെന്നെ സ്വാഗതം ചെയ്തിടും
'പാരീഷ്' ഭരണത്തിലുത്സുകനായി താൻ
പാരമുല്ലാസമായ് മുന്നോട്ടു പോകവെ
സന്തുഷ്ടനായ് തന്നിൽ രൂപതാദ്ധ്യക്ഷൻ താൻ

www.malankaralibrary.com



സന്തോഷത്തോടുപരിപഠനത്തിനു
വിട്ടു കോച്ചേരിയെ കാനഡ നാടതി-
ലൊട്ടും സമയം കളയാതെ തൽക്ഷണം
അല്ലലെന്യേ പൂകി ടോറന്റൊ പട്ടണം
ഇല്ല പിന്നെ വിവരങ്ങൾ യാതൊന്നുമേ
കൊല്ലങ്ങളിങ്ങനെയേറെ കഴിയവെ
കൊച്ചി 'നെയർപോർട്ടിൽ' കണ്ടൊരു 'പാസ്റ്ററെ'
ചോദിച്ചപ്പോളാരോ ചൊല്ലിയന്നെന്നോടു
കോച്ചേരിൽ പത്രോസു കത്തനാരാണെന്ന്
പത്രോസു കത്തനാരാണെന്നറിഞ്ഞപ്പോ-
ളെത്രയും വേഗം വിളിപ്പിച്ചേനച്ചനെ
ചാരത്തണഞ്ഞ് എൻ മോതിരം മുത്തിക്കൊ-
ണ്ടാരാഞ്ഞു എൻ സുഖവാർത്തകളോരോന്നും
താടിയും മീശയുമെല്ലാമെവിടെപ്പോയ്
താടി സ്പർശിച്ചുകൊണ്ടാരാഞ്ഞു ഞാനപ്പോൾ
'ചേരയെ തിന്നുന്ന നാട്ടിൽ ചെന്നീടുകിൽ
ചേരയെ തിന്നുകതന്നെ വേണ'മെന്ന
ന്യായേന ദീക്ഷ വടിച്ചു കളഞ്ഞഹോ
പൈതൃകമെല്ലാം തത്ക്കാലമുപേക്ഷിച്ചു
മൈനർ സെമിനാരി റെക്ടറായിട്ടെന്നെ
മെത്രാപ്പോലീത്ത നിയമിച്ചിരിക്കുന്നു
എന്നുള്ള കാര്യമറിയിച്ചിട്ടെന്നോടു
മേരിഗിരി വെച്ചു കാണാമെന്നോതിനാൻ
സെമിനാരി തന്നിൽ റെക്ടറായീടവെ
വീണ്ടും വളർത്തി താൻ പൗരസ്ത്യ പൈതൃകം
മേരിഗിരിയിൽ വസിക്കുന്ന കാലത്തു
സൗഹൃദം പണ്ടേ പോൽ വീണ്ടുമാരംഭിച്ചു
പുഷ്പഗിരിയിൽ കിടക്കുന്ന വേളയിൽ
വന്നു കണ്ടിട്ടാശ്വസിപ്പിക്കാറുണ്ടെന്നെ
മേരിഗിരിയിൽ ഞാനെത്തുന്ന നേരത്തു
വേഗമടുത്തെത്തി ക്ഷേമമാരായുന്നു
ഡാളസ്സിലെ ഗാറുലൻണ്ടിലെത്തിയപ്പോൾ
നാടൻ കുഞ്ഞാടുകളെ മേയിച്ചീടുവാൻ
നാടൻ കുഞ്ഞാടുകളങ്ങു ചെന്നീടിലും

www.malankaralibrary.com



രാഷ്ട്രീയ ശല്യമാണെന്നു വായിച്ചു ഞാൻ
കുഞ്ഞാടുകൾ തമ്മിൽ കുത്തു കൂടീടായ്‌വാൻ
കുഞ്ഞാടുകൾ തന്നിടയൻ നോക്കീടേണം
യേശുവിലാശ്രയം പൂർണമായ് വെക്കുകി-
ലാശുഗമിച്ചീടുമെല്ലാ ശല്യങ്ങളും
എന്റെ വിശേഷങ്ങളേറെയൊന്നുമില്ല
എങ്കിലുമുള്ളവ ഞാനിതാ ചൊല്ലുന്നു
രണ്ടാഴ്ചയോളം കിടന്നു തൃശൂരിലെ
ജൂബിലി മിഷനാശുപത്രി തന്നിൽ ഞാൻ
അന്നവിടെവച്ചെഴുതിയ പദ്യം ഞാ-
നൊന്നിതാ കത്തിനോടൊപ്പമയയ്ക്കുന്നു.
അച്ചനിൽ ദൈവകൃപകൾ വർഷിക്കുവാ-
നച്ചനുവേണ്ടി ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു.
ദൈവപിതാവിന്റെ നിത്യമാം സ്നേഹവും
പുത്രനാമേശുതൻ വാഴ്‌വും കൃപകളും
പാവനാത്മാവിന്നുദാത്ത കൂട്ടായ്മയും
ഉണ്ടായിരിക്കട്ടെയച്ചനിലെന്നെന്നും.

യേശുവിലച്ചന്റെ,

**സ്നേഹ ഫീലൊക്സിനോസ്**

www.malankaralibrary.com



കവിത

# ആയിരമായിരം സ്നേഹാശംസകൾ!

*(തോമസ് മാർ കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേകത്തോടനുബന്ധിച്ച് 1997 ൽ അദ്ദേഹത്തെ അനുമോദിച്ച് പീലക്സിനോസ് പിതാവ് രചിച്ച കവിത.)*

തിരുവല്ലായുടെ സഹമെത്രാനായി
തിരുസിംഹാസനം നിയമിച്ച
ഇടയപണ്ഡിത വത്സലതാതാ
വരിക സമാധാനത്താലേ.
തിരുവല്ലായിലെ മക്കളോടൊപ്പം
അഖിലമലങ്കര ദൈവജനം.
സന്തോഷത്തോടാഘോഷത്താൽ
സ്വാഗതമങ്ങേക്കോതുന്നു.
സീനായ്മലയിലിറങ്ങി വസിച്ചി-
ട്ടതിനു വിശുദ്ധി വരുത്തിയവൻ
അങ്ങയിൽ വന്നു വസിച്ചിട്ടെന്നും
അങ്ങയെ പാവനനാക്കട്ടെ.
മാളികമുറിയിൽ തീനാവുസമം
ശ്ലീഹരിൽ ആവാസം ചെയ്തി-
ട്ടവരെ ജ്ഞാനികളാക്കിത്തീർത്ത
പരിശുദ്ധാത്മാവാം ദൈവം
അങ്ങേ ശിരസിൽ നിപതിച്ചുംകൊ-
ണ്ടങ്ങയെ ജ്ഞാനിയുമാക്കട്ടെ.
ആടുകൾക്കായി ജീവൻവച്ച നല്ലിടയന്നുടെ മാതൃകയിൽ
അങ്ങേയാട്ടിൻകൂട്ടത്തിന്നായങ്ങും സേവനമർപ്പിപ്പാൻ
നല്ലാരോഗ്യവും ദീർഘായുസ്സും നല്ലിടയൻ നൽകീടട്ടെ.
ആയിരമായിരം സ്നേഹാശംസകളങ്ങേക്കർപ്പിച്ചീടുന്നു.

www.malankaralibrary.com




**കത്തോലിക്കാസഭയിലേയ്ക്ക് പുനരൈക്യപ്പെട്ട പീലക്സിനോസ് പിതാവിനാൽ പ്രചോദനം ഉൾക്കൊണ്ട് തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭയിൽനിന്ന് അടുത്ത കാലത്ത് കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടവർ**



**ഫാ. ജോബ് കുഴുപ്പുള്ളി**
മുൻ വികാരിജനറാൾ, തൊഴിയൂർസഭ



**ഫാ. ബാബു മാത്യൂസ്**
**മണ്ടുമ്പാൽ**



**ഡോ. എം. സി. മാത്തുക്കുട്ടി**
മുൻ അല്മായ ട്രസ്റ്റി, തൊഴിയൂർസഭ

www.malankaralibrary.com



## പൗലോസ് മാർ പീലക്സിനോസ് – സ്മരണീയ ദിനങ്ങൾ

| | | |
|---|---|---|
| ജനനം | – | 1928 ഏപ്രിൽ 28 |
| കശ്ശീശാപട്ടം | – | 1961 ഡിസംബർ 24 |
| റമ്പാൻപട്ടം | – | 1967 ഡിസംബർ 9 |
| മെത്രാഭിഷേകം | – | 1967 ഡിസംബർ 16 |
| പുനരൈക്യം | – | 1977 ഓഗസ്റ്റ് 28 |
| ചായൽ രൂപതയുടെ സ്ഥാനിക മെത്രാനായി നിയമനം | – | 1977 ഒക്ടോബർ 11 |
| ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുമായുള്ള കൂടിക്കാഴ്ച | – | 1979 ഒക്ടോബർ 7 |
| മരണം | – | 1998 നവംബർ 3 |
| കബറടക്കം | – | 1998 നവംബർ 5 (സെന്റ് ജോൺസ് കത്തീഡ്രൽ, തിരുവല്ല) |


## മാതാപിതാക്കളും സഹോദരന്മാരും

| | | |
|---|---|---|
| പിതാവ് | – | എ. പി. തോമസ് അയ്യംകുളങ്ങര (മരണം – 1964 ഓഗസ്റ്റ് 11) |
| മാതാവ് | – | താണ്ടക്കുട്ടി തോമസ് (മരണം – 1980 ഓഗസ്റ്റ് 20) |
| സഹോദരങ്ങൾ | – | എ. റ്റി. ജോബ്, എ. റ്റി. ജോർജ്, എ. റ്റി. ജോസ്, സൈമൺ തോമസ് എ., ബേബി തോമസ്. (6 മക്കളിൽ ഏറ്റവും മൂത്തത് തിരുമേനിയായിരുന്നു) |

www.malankaralibrary.com


# പൗലോസ് മാർ പീലക്സിനോസ്
## സഭൈക്യത്തിന്റെ അപ്പസ്തോലൻ

ഫാ. ഡോ. ഐസക് പറപ്പള്ളിൽ
(എഡിറ്റർ)



അഭിവന്ദ്യ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത സഭാജീവിതത്തിലും വ്യക്തിജീവിതത്തിലും ശ്രദ്ധേയവും ശ്രേഷ്ഠവുമായ നിഷ്ഠകൾ പുലർത്തിയ ജീവിതത്തിനുടമയാണ്. താൻ അംഗമായിരുന്ന മലബാർ സ്വതന്ത്ര സുറിയാനി സഭയോടുള്ള പ്രതിബദ്ധതയും, സുറിയാനിഭാഷയോടുള്ള അനന്യമായ മമതയും, അന്ത്യോക്യൻ ആരാധനാക്രമത്തോടുള്ള ഹൃദയപൂർവമായ താത്പര്യവും ജീവിതത്തിലുടനീളം കാത്തുസൂക്ഷിക്കുകയും പ്രകടമാക്കുകയും അതുവഴി സഭാജീവിതത്തിലും സാമൂഹ്യജീവിതത്തിലും അനേകർക്ക് പ്രചോദനമേകുകയും ചെയ്ത ശ്രേഷ്ഠാചാര്യനാണ് അഭിവന്ദ്യ തിരുമേനി.

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**
*മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ*
*മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്*



അഭിവന്ദ്യ പീലക്സിനോസ് പിതാവിനെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ മനസ്സിൽ ഓടിയെത്തുന്ന ചിന്തകളിൽ ഒന്നാമത്തേത്, അദ്ദേഹം ഒരു സുറിയാനി പണ്ഡിതനും, അന്ത്യോക്യൻ പാരമ്പര്യത്തെ നിറഞ്ഞ ഹൃദയത്തോടെ സ്നേഹിച്ച ആത്മീയാചാര്യനുമായിരുന്നു എന്നതാണ്. വൈദികരും വൈദിക വിദ്യാർത്ഥികളും നിർബന്ധമായി സുറിയാനി പഠിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. നമ്മുടെ കർത്താവ് സംസാരിച്ച ഭാഷ എന്ന നിലയിൽ സുറിയാനി ഭാഷയുടെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്നതിന് അദ്ദേഹം അത്യധികം ആഗ്രഹിച്ചു. രണ്ടാമതായി, അദ്ദേഹത്തിന്റെ സ്വരമാധുര്യം. ആരെയും ആകർഷിക്കാൻ തക്ക ഇമ്പകരമായ സ്വരമായിരുന്നു അദ്ദേഹത്തിന്റേത്.

**ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത**
*തിരുവല്ല അതിഭദ്രാസനാധ്യക്ഷൻ*